Government of Tamilnadu

# മലയാള പാഠാവലി

## MALAYALAM READER

എട്ടാം സ്റ്റാൻഡേർഡ്

STANDARD VIII

Untouchability
Inhuman - Crime

Department of School Education

© Government of Tamilnadu

**First Edition - 2011**
**Reprint - 2012**
(Published under Uniform System of School Education Scheme)

**CHAIRPERSON**

**Dr.V.JAYAPRASAD**
Associate Prof. in Malayalam
University of Madras,
Marina Campus, Chennai – 600 005

**REVIEWER**

**Mr. P.N.VENKATTARAMAN**
PG.Asst. in Malayalam
Govt. Hr. Sec. School
Valparai, Coimbatore Dist.

**AUTHORS**

**Mrs.A.C.SUHASINI,**
PG Asst. in Malayalam
Kerala Vidyalayam Hr.Sec.School
Chennai – 600 084

**Mr. K.THULASIDHARAN**
PG Asst. in Malayalam
Govt. Hr. Sec School
Ezhudesappattu,
Kanniyakumay - Dist.

**Dr.K.J.AJAYAKUMAR**
Malayalam Pandit
Kerala Vidyalaya HS School
Chennai – 600 084

Laser Typeset , Layout & Illustrations: M. Vijayasarathy, T. Raghu & R.Raja

Drawings & Book Wrapper: Aras

Textbook Printing

Tamilnadu Textbook Corporation,
College Road, Chennai - 600 006

Price : Rs.

This book has been printed on 80 G.S.M.Maplitho Paper

Printed by offset at:

# ദേശീയ ഗാനം

ജനഗണമന അധിനായക ജയ ഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല വംഗാ
വിന്ധ്യ ഹിമാചല യമുനാ ഗംഗ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഗേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയ ഹേ!

– മഹാകവി രവീന്ദ്രനാഥ ടാഗോർ

# ദേശീയഗാനം - സാരം

ഭാരത ഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠാ, ദ്രാവിഡം, ഉത്ക്കൽ, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യ ഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ!

# തമിഴ്തായ് സ്തുതി

നീരാറും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാറും വദനമെനത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറെന്ത തിരാവിട നൽതിരുനാടും
തക്കചിറു പിറൈനുതലും തരിത്തനറും തിലകമുമേ
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണക്ക ഇരുന്തപെരും തമിഴണങ്കേ! തമിഴണങ്കേ!
ഉൻ ശീരിളമൈ തിറം വിയന്തു
ചെയൽ മറന്തു   വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മനോൻമണീയം പി.സുന്ദരം പിള്ള

# ദേശീയോദ്ഗ്രഥനപ്രതിജ്ഞ

രാജ്യത്തിന്റെ സ്വാതന്ത്ര്യവും സമന്വയവും സംരക്ഷിക്കുന്നതിനും സുശക്തമാക്കുന്നതിനും ഞാൻ ആത്മാർപ്പണത്തോടെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

കൂടാതെ ഞാൻ ഒരിക്കലും അക്രമം അവലംബിക്കുകയില്ലെന്നും മതം, ഭാഷ, പ്രാന്തം, രാഷ്ട്രീയമോ, സാമ്പത്തികമോ ആയ അസ്വസ്ഥതകൾ എന്നിവ സംബന്ധിച്ച എല്ലാ അഭിപ്രായ വ്യത്യാസങ്ങളും വിവാദങ്ങളും സമാധാനപരവും ഭരണഘടനാനുസൃതവുമായ മാർഗ്ഗങ്ങളിലൂടെ തീരുമാനിക്കുന്നതാണെന്നും ഞാൻ ഉറപ്പിച്ചു പറയുന്നു.

# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീ സഹോദരൻമാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞാൻ എന്റെ മാതാപിതാക്കളേയും ഗുരുക്കൻമാരേയും മുതിർന്നവരേയും ബഹുമാനിക്കും. ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം 1** | | |
| ധൃതരാഷ്ട്രാലിംഗനം | (പദ്യം) | 1 * |
| കേരളീയ സംസ്കാരത്തിലെ മതസൗഹൃദ മുദ്രകൾ | (ഗദ്യം) | 5 |
| സമ്മാനം | (കഥ) | 11 |
| **ഭാഗം 2** | | |
| കർമ്മഭൂമി | (പദ്യം) | 16 |
| ഉപവസന്തം | (ഗദ്യം) | 18 |
| ചാക്കുസഞ്ചി | (കഥ) | 22 |
| **ഭാഗം 3** | | |
| സതീർത്ഥ്യ സ്നേഹം | (പദ്യം) | 29 * |
| ടോൾസ്റ്റോയിയും ഗാന്ധിജിയും | (ഗദ്യം) | 31 |
| നീതിമാനായ ന്യായാധിപൻ | (കഥ) | 35 |
| **ഭാഗം 4** | | |
| പ്രേമസംഗീതം | (പദ്യം) | 41 * |
| തണ്ണീർത്തടങ്ങൾ | (ഗദ്യം) | 43 |
| പഞ്ചാരയുമ്മ | (കഥ) | 49 |
| **ഭാഗം 5** | | |
| മാണിക്യവീണ | (പദ്യം) | 54 |
| ലഡാക്കിന്റെ സ്പന്ദനങ്ങൾ | (ഗദ്യം) | 56 |
| വലിയൊരാൾവരുന്നു. | (കഥ) | 64 |
| **ഭാഗം 6** | | |
| മാതൃഹൃദയം | (പദ്യം) | 70 |
| സംഘസാഹിത്യം | (ഗദ്യം) | 73 |
| ആകാശത്തിൽ ഒരു വിടവ് | (കഥ) | 78 |
| **ഭാഗം 7** | | |
| മമ്മി | (പദ്യം) | 87 |
| കോഴിയും കുറുക്കനും | (ഗദ്യം) | 89 |
| ചൂണ്ടൽ | (കഥ) | 97 |
| **ഭാഗം 8** | | |
| പഞ്ചഭൂതങ്ങൾഎന്നെ പഠിപ്പിച്ചത് | (പദ്യം) | 102 |
| ഇന്ദുമതീസ്വയംവരം | (ഗദ്യം) | 104 |
| അഴിയാക്കുരുക്കുകൾ | (കഥ) | 109 |

# ധൃതരാഷ്ട്രാലിംഗനം

## എഴുത്തച്ഛൻ



[എഴുത്തച്ഛൻ : ആധുനിക മലയാള ഭാഷയുടെ പിതാവാണു തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ. കേരളത്തിൽ ഭക്തിപ്രസ്ഥാനത്തിന്റെ മുഖ്യ പ്രയോക്താവും എഴുത്തച്ഛനായിരുന്നു. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് തുടങ്ങിയവയാണ് പ്രധാനകൃതികൾ. കിളിയെക്കൊണ്ട് കഥ പറയിപ്പിക്കുന്ന രീതിയിൽ ഇവ രചിച്ചിരിക്കുന്നതിനാലാണ് കിളിപ്പാട്ടുകൾ എന്നറിയപ്പെടുന്നത്. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്നുകൂടി എഴുത്തച്ഛനെവിശേഷിപ്പിക്കുന്നു. ഹരിനാമകീർത്തനം, ചിന്താരത്നം, ഇരുപത്തിനാലു വൃത്തം എന്നീ കൃതികളുടെ കർത്താവും എഴുത്തച്ഛനാണെന്നു കരുതപ്പെടുന്നു.

കൊല്ലവർഷം 700 നും 800 നും (എ.ഡി. 16 ാം ശതകം) ഇടയ്ക്കാണ് എഴുത്തച്ഛന്റെ ജീവിതകാലം. മഹാഭാരതം കിളിപ്പാട്ടിലെ പ്രസിദ്ധമായൊരു ഭാഗമാണ് ധൃതരാഷ്ട്രാലിംഗനം. മഹാഭാരതയുദ്ധാനന്തരം ശ്രീകൃഷ്ണന്റെ അഭ്യർത്ഥനപ്രകാരം പാണ്ഡവാദികൾ ധൃതരാഷ്ട്രരെക്കണ്ട് വന്ദിക്കാനായി പോകുന്നു. ധൃതരാഷ്ട്രർ ഭീമനെആലിംഗനം ചെയ്യാനൊരുങ്ങിയപ്പോൾ, നേരത്തെകരുതിയിരുന്ന ഭീമപ്രതിമ ശ്രീകൃഷ്ണൻ അദ്ദേഹത്തിന്റെ മുന്നിൽ വെച്ചു കൊടുത്തു. ധൃതരാഷ്ട്രാലിംഗനത്തിൽ പൊടിഞ്ഞുപോയത് യഥാർഥ ഭീമനാണെന്ന് ധരിച്ച് വിലപിക്കുന്ന ധൃതരാഷ്ട്രരോട് ശ്രീകൃഷ്ണൻ പറയുന്നു, "ഖേദിക്കവേണ്ട, ഞാനാർക്കും ഖേദം വരുത്തുകയില്ലെ" ന്ന്. മഹാഭാരതം സ്ത്രീപർവത്തിലുള്ളതാണ് ഈ കാവ്യഭാഗം.]

ആയതലോചനനാകിയ മാധവൻ
ആയസമായൊരു ഭീമരൂപത്തേയും
ന്യായമുണ്ടെന്നരുൾ ചെയ്തെടുപ്പിച്ചുകൊ-
ണ്ടായിതെഴുന്നള്ളത്തെന്തതിൻ കാരണം।
മായാമയനായ നാരായണനുടെ
മായാവിലാസങ്ങളാർക്കറിഞ്ഞീടാവു।
ഭീതിയും പ്രീതിയും ഭക്തിയും ദുഃഖവും
നീതിയും നാണവും കൈക്കൊണ്ടു ധർമ്മജൻ
പാദസരോജത്തിൽ വീണു നമസ്കരി-
ച്ചാതുരനായെഴുന്നേറ്റു നില്ക്കും വിധൗ
മന്ദമന്ദം കരംകൊണ്ടുതപ്പിപ്പിടി-

ച്ചുണ്ണീ! വരിക വരികെന്നുരചെയ്തു
ഗാഢഗാഢം പുണർന്നൂഢമോദം നൃപൻ
കൂടത്തലയിൽ മുകർന്നു മുകർന്നുടൻ
ആയുഷ്മാനാകെന്നു  പിന്നെയും പിന്നെയു-
മാശിസ്സുകളുരചെയ്തു നിർത്തീടിനാൻ,
പിന്നെ വൃകോദരൻ വന്ദിപ്പതിന്നായി
നിന്നതു കണ്ടിട്ടു ദേവകീനന്ദനൻ
മെല്ലെച്ചൊറുകി നീ നില്ലു നില്ലിങ്ങെന്നു
ചൊല്ലാതെ ചൊല്ലിനാൻ വല്ലവീവല്ലഭൻ.
നല്ലോരിരുമ്പുകൊണ്ടുള്ളോരു ഭീമനെ
മെല്ലവേ മുമ്പിലാമ്മാറു നിർത്തീടിനാൻ.



ഭീമനിതല്ലോ തിരുമുമ്പിലെന്നവ-
രാമോദമോടടുപ്പിച്ചാരതുനേരം.
ഉണ്ണീ മകനേ!വരിക വൃകോദര!
കണ്ണു കാണാത്തതു നീയറിഞ്ഞീലയോ?

എന്നു പറഞ്ഞോരു മന്നവൻതന്നുടെ
മുന്നിലെടുത്തു നിർത്തീടിനാരായസം.
ചിക്കെനപ്പുല്കിനാൻ ഗാഢം നരപതി-
യൊക്കെപ്പൊടിഞ്ഞിതു ഭീമപ്രതിമയും.
നിന്നിൽ വളർന്നോരു സന്തോഷമോടു ഞാൻ
നന്നായ് മുറുകപ്പുണർന്നേനതുമൂലം
എല്ലുനുറുങ്ങി മരിച്ചിതോ പൈതലേ!
മെല്ലവേയൊന്നു ഞരങ്ങീതുമില്ല നീ.
ദുഃഖങ്ങളുണ്ടായതൊക്കെക്കളഞ്ഞു ഞാ-
നിക്കാലമിങ്ങനെസൗഖ്യം കലർന്നിനി
മക്കളുമായിരിപ്പാൻ നിനച്ചേനതു-
മൊക്കെയരുതെന്നോ തോന്നീതു ദൈവമേ!
ആപത്തു വന്നാലതിൽപ്പരമീശ്വരൻ
ആപത്തുതന്നെ വരുത്തുമേ മേല്ക്കുമേൽ
ആലിംഗനത്തിങ്കലാശു മരിക്കുമെ-
ന്നാരാനുമുണ്ടോ നിരൂപിച്ചിതീശ്വരാ!
കീചകനാലിംഗനേനമരിച്ചുപോൽ
നാശം നിനക്കുമതുമൂലമാകയോ?
ചിത്തമഴിഞ്ഞു ധൃതരാഷ്ട്രരാകുലാൽ
മിഥ്യാവിലാപങ്ങൾ ചെയ്താൻ ബഹുവിധം.
ഭീമസേനൻ മരിച്ചാനെന്നു കല്പിച്ചു
ഭീമനാം മന്നൻ വിലാപം തുടങ്ങിനാൻ.
ഇത്ഥം പ്രലാപം കലർന്നോരു നേരത്തു
തത്ത്വസ്വരൂപനഖിലലോകാത്മകൻ
സർവ്വഭൂതാന്തഃസ്ഥിതനാകുമീശ്വരൻ
ദുർവ്വിലാപം ചെയ്ത മന്നവൻതന്നോടു
മന്ദസ്മിതംചെയ്തു മന്ദമരുൾ ചെയ്തു
മന്ദമതിമതാം ബോധത്തിനായ് മുദാ:
വൈചിത്രവീര്യനായുള്ള മഹീപതേ!
വൈചിത്ര്യമെത്രയുമിത്തൊഴിൽ താവകം.
മന്നവ! നീയിതു ചെയ്യുമെന്നുള്ളതു
മുന്നമേയുള്ളിലറിഞ്ഞിതു ഞാനെടോ,
ഭീമനല്ല പൊടിയായതു ഭൂപതേ !
ഭീമപ്രതിമയായോരിരുമ്പായതും.
ഖേദിക്കവേണ്ടാ, മരിച്ചീല മാരുതി,
ഖേദം വരുത്തുകയില്ല ഞാനാർക്കുമേ.

## അഭ്യാസം

### I. പദപരിചയം :

ലോചനം, ആയതം, മാധ വൻ, ആയസം, മായാമയൻ, ഭീതി, പ്രീതി, ധർമജൻ, സരോജം, ആതുരൻ, വിധൗ, ഊഢമോദം,നൃപൻ, വൃകോദരൻ, ഉരചെയ്യുക, ദേവകീനന്ദനൻ, വല്ലവീവല്ലഭൻ, ആമോദം, മന്നവൻ,ചിക്കെന, ആലിംഗനം, ആശു, നിരൂപിക്കുക, ചിത്തം, ബഹുവിധം, പ്രലാപം, തത്ത്വസ്വരൂപൻ, സർവഭൂതാന്ത : സ്ഥിതൻ, ദുർവിലാപം, മന്ദമതിമതാം, വൈചിത്രവീരൻ,താവകം.

### II. സൂചന :

കീചകനാലിംഗനേനമരിച്ചുപോൽ.........

പാണ്ഡവന്മാരും പാഞ്ചാലിയും അജ്ഞാതവാസത്തിനുവേണ്ടി വിരാടരാജധാനിയിൽ വേഷപ്രച്ഛന്നരായി കഴിയുമ്പോൾ ഒരിക്കൽ കീചകൻ പാഞ്ചാലിയെ കാണാനിടയായി.അവളിൽ അനുരക്തനായ കീചകൻ പലതരത്തിലുള്ള പ്രേമയാചനകൾ നടത്തി പരാജയപ്പെട്ടു.ഒരു നാൾ കീചകൻ പാഞ്ചാലിയെ പിടികൂടി. അവൾ ഓടി രക്ഷപ്പെട്ടു. ഭീമനെസമീപിച്ച്വിവരങ്ങളെല്ലാം ധരിപ്പിച്ചു. ഭീമൻ കീചകനെവധിക്കാൻ തീരുമാനിച്ചു. അതനുസരിച്ച്പാഞ്ചാലി കീചകനെരഹസ്യമായി സമീപിക്കുകയും അന്നു രാത്രി നൃത്തശാലയിലേക്ക്വരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. രാത്രിയിൽ സങ്കേതസ്ഥാനമായ നൃത്തശാലയിൽ ഭീമൻ ഏകാകിയായി പതിയിരുന്നു. കീചകൻ പാഞ്ചാലി സംഗമത്തിനുവേണ്ടി അണിഞ്ഞൊരുങ്ങി നൃത്തശാലയിൽ വന്നുചേർന്നു. കട്ടിലിൽകിടക്കുന്ന ഭീമനെപാഞ്ചാലിയെന്നു തെറ്റിദ്ധരിച്ച് കീചകൻ വീണ്ടും വീണ്ടും ആലിംഗനം ചെയ്തു. ഭീമനാകട്ടെ, തന്റെ ഊക്കേറിയ കരവലയത്തിനുള്ളിൽ കീചകനെചേർത്തുഞെരിച്ചു കൊന്നു.

### III. ഉത്തരമെഴുതുക :

1.. ധൃതരാഷ്ട്രരെ കാണാൻ ആരെല്ലാമാണ് പോയത്?
2. ധൃതരാഷ്ട്രർ ധർമജനെആലിംഗനം ചെയ്തതെങ്ങനെയായിരുന്നു?
3. വൃകോദരൻ ധൃതരാഷ്ട്രരെ വണങ്ങാനൊരുങ്ങിയപ്പോൾ ശ്രീകൃഷ്ണൻ ചെയ്തതെന്തായിരുന്നു?
4. ധൃതരാഷ്ട്രർ വൃകോദരനെആലിംഗനം ചെയ്തതെങ്ങനെയായിരുന്നു?
5. ധൃതരാഷ്ട്രർ എങ്ങിനെയൊക്കെയാണ് മിഥ്യാവിലാപം ചെയ്തത്?
6. ദുർവിലാപം ചെയ്യുന്ന ധൃതരാഷ്ട്രരോട് ശ്രീകൃഷ്ണൻ പറഞ്ഞതെന്ത്?
7. ധൃതരാഷ്ട്രാലിംഗനം എന്ന കാവ്യഭാഗത്തിലെ പ്രമേയം സ്വന്തം വാക്യങ്ങളിലെഴുതുക

### IV. മനഃപാഠമാക്കുക.

ഉണ്ണീ മകനേ! ............ മൂലമാകയോ?

# കേരളീയ സംസ്കാരത്തിലെ മതസൗഹൃദ മുദ്രകൾ

ഡോ. എൻ. വി. പി. ഉണിത്തിരി



[ഡോ. എൻ. വി. പി. ഉണിത്തിരി 1945 – ൽ ജനിച്ചു. കേരള യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ, പി.എച്ച്. ഡി ബിരുദങ്ങൾ നേടി. കേരള, കോഴിക്കോട് സർവ്വകലാശാലകളിൽ സംസ്കൃതം അധ്യാപകൻ, കാലടി ശ്രീ ശങ്കരസംസ്കൃത സർവ്വകലാശാലയിൽ പ്രോ. വൈസ്ചാൻസലർ,കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, കേരള സർക്കാർ സാംസ്കാരിക വകുപ്പ് ഉപദേശക സമിതി ചെയർമാൻ എന്നീ നിലകളിലെല്ലാം സേവനമനുഷ്ഠിച്ചു.'സംസ്കൃത സാഹിത്യ വിമർശനം,' 'പ്രാചീനഭാരതീയ ദർശനം,' 'ശബ്ദാർത്ഥസിദ്ധാന്തങ്ങൾസംസ്കൃതത്തിൽ' 'ബഷീർ മുതൽ ഒ.എൻ.വി.വരെ,' 'ശ്രീനാരായണ ഗുരു,' 'സംസ്കാര പഠനങ്ങൾ,'' സ്വാമി വിവേകാനന്ദൻ' എന്നിവയാണ് പ്രധാനകൃതികൾ. അബുദാബി ശക്തി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, പുത്തേഴൻ അവാർഡ്, കടവല്ലൂർഅന്യോന്യപരിഷത്'വാചസ്പതി അവാർഡ് എന്നിവ ലഭിച്ചു.

ജാതിമതവർഗ്ഗഭേദങ്ങൾക്കതീതമായി, മതസംസ്കാരങ്ങളുടേയും മതനിരപേക്ഷസംസ്കാരങ്ങളുടെയും ആകെത്തുകയാണ് കേരളീയസംസ്കാരം. അത് കാത്തുസൂക്ഷിക്കേത് നമ്മുടെ കടമയാണ് എന്ന് ഓർമ്മിപ്പിക്കുന്ന ഈ ലേഖനം 'കേരളസംസ്കാരത്തിലെ ആദാനപ്രദാനങ്ങൾ' (എഡി: ജമാൽ കൊച്ചങ്ങാടി) എന്ന കൃതിയിൽ നിന്നെടുത്തതാണ്.]







കേരളത്തിൽ ആയിരത്താണ്ടുകൾക്കു മുമ്പ് ജീവിതം നയിച്ച ആദിമനിവാസികളാണ് ഈനാടിന്റെ സംസ്കാരത്തിന്റെ പ്രഥമ പിതാക്കൾ. അതിനുശേഷം പല കാലങ്ങളിലായി കേരളത്തിലേക്കുവരികയും ഇവിടത്തെ ജീവിതത്തെ കാര്യമായി സ്വാധീനിക്കുകയും ചെയ്ത ആര്യ – ദ്രാവിഡ – ബൗദ്ധ – ജൈന-ജൂത – ക്രൈസ്തവ – ഇസ്ലാമികമതങ്ങളുടെ വൈവിദ്ധ്യ പൂർണ്ണമായ സംസ്കാര ധാരകളുടെ ആകെത്തുകയാണ് കേരളീയമത

സംസ്കാരം. പതിനെട്ടാം നൂറ്റാണ്ടോടുകൂടി ഇന്ത്യയിലേക്കു കടന്നുവന്ന തൊഴിലാളിവർഗ ദർശനത്തിന്റെയും മതനിരപേക്ഷസംസ്കാരങ്ങൾ കേരളീയസംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. അതു തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഭാരതീയ സംസ്കാരമെന്നപോലെ കേരളീയ സംസ്കാരവും ഭാരതീയവും വൈദേശികവുമായ വിവിധ മത സംസ്കാരങ്ങളുടേയും മതനിരപേക്ഷ സംസ്കാരങ്ങളുടേയും സംയുക്ത സങ്കരസംസ്കാരമാണെന്നു ചുരുക്കം.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതൽ കേരളത്തിൽ വിവിധമതങ്ങളുടെ സഹകരണാത്മകവും സൗഹൃദപൂർവ്വവുമായ സഹവർത്തിത്വം ദൃശ്യമാണ്. അതിനു പ്രധാനകാരണം ചരിത്രപരമാണെന്നും തോന്നുന്നു. കേരളീയ ഹിന്ദുസമൂഹത്തിലെ ചാതുർവർണ്യത്തെ പൂർത്തീകരിച്ചത് അന്യമതങ്ങളാണെന്നു പറഞ്ഞാൽപോലും അതിശയോക്തിയാവില്ല. നമ്പൂതിരിമാർ ബ്രാഹ്മണവൃത്തിയും നായന്മാർ തൊട്ടുള്ള കീഴ്ജാതിക്കാർ ശൂദ്രവൃത്തിയും രാജാക്കന്മാർ പൊതുവിൽ ക്ഷത്രിയവൃത്തിയും നിർവഹിച്ചപ്പോൾ വ്യാപാരകാര്യങ്ങളിലേർപ്പെട്ടുകെണ്ട് ഇവിടെ വൈശ്യവൃത്തി നിർവഹിച്ചത് ആദ്യകാലത്ത് ബൗദ്ധ – ജൈനമതസ്ഥരും പിന്നീട് ജൂതന്മാരും ക്രൈസ്തവരും മുസ്ലീങ്ങളുമാണ്. കേരളേതര ബ്രാഹ്മണരും ഇവിടെ വ്യാപാരകാര്യങ്ങൾ നിർവഹിച്ചിരുന്നുവെങ്കിലും ആരംഗത്തെ കുത്തക കൈയടക്കി വാണത് ഹൈന്ദവേതര മതാനുയായികളായിരുന്നു. ഹിന്ദുക്കളുടെ ചാതുർവർണ്യത്തെ പൂർത്തീകരിച്ചത് ഇതരമതങ്ങളായിരുന്നുവെന്നു പറഞ്ഞത് ഈ അർത്ഥത്തിലാണ്.

വ്യാപാരം മുഖേനനാട്ടിൻപുറങ്ങളിലും നഗരങ്ങളിലുമുള്ളഹിന്ദു ജനവിഭാഗങ്ങളുമായിഗാഢബന്ധം പുലർത്തിയിരുന്ന ഇതരമതസ്ഥർക്ക് ഇവിടത്തെ സംസ്കാരത്തിന്റെ സമസ്തഘടകങ്ങളിലും പലതരത്തിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞത് സ്വാഭാവികം. വേഷഭൂഷകളിലും ഭാഷയിലും ആചാരവിചാരങ്ങളിലും അനുഷ്ഠാനകർമ്മങ്ങളിലുമെല്ലാം ഈ സ്വാധീനം സുസ്പഷ്ടമാണ്.

ഹൈന്ദവക്ഷേത്രങ്ങളിലെ ഉൽസവങ്ങളിലും മറ്റാചാരാനുഷ്ഠാനങ്ങളിലും ബൗദ്ധ – ജൈനമതങ്ങളുടെ സ്വാധീനം പൊതുവിൽ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ക്ഷേത്രങ്ങളിലെ പുരാണപാരായണവും ചാക്യാർകൂത്തും മറ്റും ബുദ്ധവിഹാരങ്ങളിലെ പഴയ പാരമ്പര്യത്തിന്റെ ഈഷദ്ഭേദങ്ങളോടെയുള്ള തുടർച്ച മാത്രം. ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട പലതും ബുദ്ധമത സ്വാധീനം വ്യക്തമാക്കുന്നവയാണെന്ന് പ്രസിദ്ധം. അവിടത്തെ വാവരുടെ സാന്നിധ്യം ഹിന്ദുമുസ്ലിം മൈത്രിയുടെ ചേതോഹരമായ സൂചകമായി ഏവർക്കും അനുഭവപ്പെടുന്നു. ഹിന്ദുക്കളുടെ കളിയാട്ട മഹോൽസവങ്ങളിലും മറ്റു ദേവാലയാടിയന്തിരങ്ങളിലും ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും ചില തറവാട്ടുകാർ പല അവകാശങ്ങളും കടമകളും നിർവഹിച്ചു പോരുന്നതായി നാട്ടിൻപുറങ്ങളിൽ ഇപ്പോഴും കാണപ്പെടുന്നുണ്ട്.

പള്ളികളും അമ്പലങ്ങളും ചർച്ചുകളും ഒരേവളപ്പിൽ അടുത്തടുത്ത് സ്ഥിതി ചെയ്യുന്നതായും അൽപം പോലും അസ്വാരസ്യമില്ലാതെ അവയിലെല്ലായിടത്തും അനുഷ്ഠാനകർമ്മങ്ങളും ഉൽസവങ്ങളും ഭംഗിയായി നടന്നുപോരുന്നതായും നമുക്ക് അനുഭവമുള്ളതാണ്. ഹിന്ദുദേവാലയങ്ങളിൽ മുസ്ലീങ്ങളും, മുസ്ലീം ദേവാലയങ്ങളിൽ ദർഗ്ഗകളിൽ ഹിന്ദുക്കളും നേർച്ചകൾ നേരുന്നതിനും മറ്റു ആരാധനകൾ അനുഷ്ഠിക്കുന്നതിനും സാധാരണക്കാരുടെ ഇടയിൽ ഒട്ടേറെ ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. ക്രിസ്തുമതദേവാലയങ്ങളിലും ഇത്തരം അനുഭവങ്ങൾ വിരളമല്ല. വിവിധമത ദേവാലയങ്ങൾ സങ്കുചിതത്വത്തിന്റെയും സംഘർഷത്തിന്റെയും മേഖലകളായല്ല, സൗഹാർദ്ദത്തിന്റെയും സമന്വയത്തിന്റെയും സംഗമവേദികളായാണ് പൊതുവിൽ കാണപ്പെട്ടു വരുന്നത്.



വേഷഭൂഷകളുടെ കാര്യത്തിൽ കേരളീയരുടെയിടയിൽ ജാതിയും മതപരവുമായ സവിശേഷതകൾ കുറേക്കാലം മുമ്പുവരെ കാണപ്പെട്ടിരുന്നു. അപ്പോൾപോലും അന്യോന്യം ആദാനപ്രദാനങ്ങളും നടന്നിരുന്നുവെന്നതിന് അനേകം ഉദാഹരണങ്ങൾ ലഭ്യമാണ്. ഇപ്പോഴാകട്ടെ പ്രായേണ ജാതീയവും മതപരവുമായ വ്യത്യസ്തതകൾ കുറഞ്ഞു വരികയാണ്. ലുങ്കി ഇന്ന് കേരളീയരുടെ വീട്ടുവേഷമായി മാറിയിരിക്കുന്നു. വെള്ളവസ്ത്രം മുസ്ലീംകൾക്കു മാത്രമല്ല പൊതുവേ എല്ലാ മതസ്ഥർക്കിടയിലും ശുഭസൂചകമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ആധുനിക പരിഷ്കൃതിയുടെ സംഭാവനകളായ ശരീരപ്രസാധനവും വേഷധാരണവും യുവാക്കൾക്കിടയിൽ വിശേഷിച്ചും ജാതീയവും മതപരവുമായ വ്യത്യസ്തതകളെ മായ്ച്ചുകളഞ്ഞിരിക്കുന്നു.

വിവിധ മതസ്ഥർക്കിടയിൽ പ്രത്യേകമായി നിലവിലിരുന്ന പല ആഹാരസാധനങ്ങളും ഇപ്പോൾ എല്ലാ മതക്കാർക്കും ഒരുപോലെ പഥ്യമായി മാറിക്കഴിഞ്ഞു.

കേരളത്തിൽ ഇപ്പോൾ ഓണവും ക്രിസ്മസും ബക്രീദും മറ്റും മതസൗഹൃദം പുതുക്കാനുള്ള പൊതുവിശേഷ സന്ദർഭങ്ങളായി കാണുന്നവരാണ് മിക്കവരും. ഈ വിശേഷാവസരങ്ങൾ മതസൗഹാർദ്ദ പ്രദർശനപരമായ സാംസ്കാരിക സമ്മേളനങ്ങൾകൊണ്ട് ശ്രദ്ധേയമായി മാറാറുണ്ട് പലപ്പോഴും.

ഭാഷയുടെ കാര്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. സവർണ്ണ ഹൈന്ദവ സംസ്കാരത്തിന്റെ വാഹകമെന്ന് പരക്കെ അറിയപ്പെടുന്ന സംസ്കൃതഭാഷപോലും കേരളത്തിൽമതസൗഹാർദ്ദത്തിന്റെയും മതനിരപേക്ഷതയുടേയും മനോഹരമുഖം പ്രദർശിപ്പിക്കുന്നതായി ചരിത്രം തെളിയിക്കുന്നു. വേദപഠനം മാത്രമാണിവിടെ ബ്രാഹ്മണരായ നമ്പൂതിരിമാരിൽ ഒതുങ്ങി നിന്നത്; മറ്റു ജാതിക്കാർക്കും മതക്കാർക്കും നിഷിദ്ധമായ് കണക്കാക്കപ്പെട്ട

ത്. സംസ്കൃത സാഹിത്യം മറ്റു ജാതിക്കാർക്കും മതക്കാർക്കും കൈകാര്യം ചെയ്യാമായിരുന്നു. ഇതിന് ഉദാഹരണങ്ങൾ ധാരാളം. ആയുർവേദം കൈകാര്യം ചെയ്തിരുന്നവർ ഈഴവർക്കിടയിലും മുസ്ലീങ്ങൾക്കിടയിലും ഒട്ടേറെയുണ്ട്. തച്ചുശാസ്ത്രം ആശാരിമാരുടേയും ജ്യോതിഷം കണിയാന്മാരുടേയും കുത്തകയായിരുന്നുവെന്നുതന്നെ പറയാം. താഴ്ന്ന ജാതിക്കാരും ക്രൈസ്തവരും മുസ്ലീങ്ങളുമായ സംസ്കൃത പണ്ഡിതന്മാരും പണ്ഡിതകളും അടുത്ത കാലത്തും കേരളത്തിൽ ധാരാളം ഉണ്ടായിരുന്നു. ഇപ്പോഴും ഈ പ്രവണത കൂടിവരികയാണ്.

ഇതുപോലെ മുസ്ലീം ഭാഷകളെന്നു പറയപ്പെടുന്ന ഉറുദു–അറബിഭാഷാപഠനരംഗത്ത് അമുസ്ലീങ്ങളുടെ സംഖ്യ വർദ്ധിച്ചു വരികയാണ്. കേരളത്തിലെ ക്രിസ്ത്യാനികളും മുസ്ലീംകളും മലയാളത്തെത്തന്നെയാണ് പണ്ടു മുതൽക്കേ മാതൃഭാഷയായി സ്വീകരിച്ചത്. മതപരമായ ആവശ്യങ്ങൾക്കു പോലും മലയാളം ഒരളവുവരെ എല്ലാ മതക്കാരും ഉപയോഗിച്ചു പോരുന്നു. അതുകൊണ്ടു തന്നെ മലയാളഭാഷ വിവിധ മതഭാഷകളിൽ നിന്നും മതേതര ഭാഷകളിൽനിന്നും പദങ്ങളും ശൈലികളും സുലഭമായി കടംകൊണ്ടു സമ്പന്നമായിത്തീർന്നു. അറബിപദങ്ങൾ പലതും സിറിയക് ഭാഷയിലൂടെയാണ് മലയാളത്തിലേക്കു കടന്നുവന്നതെന്ന് ചില ഗവേഷകന്മാർ ചൂണ്ടിക്കാട്ടുന്നു. മതസൗഹാർദ്ദത്തിനു തെളിവായി അങ്ങനെ, മലയാളഭാഷ മുമ്പിൽ നിലകൊള്ളുന്നു. വിവിധ മതവിഷയകങ്ങളായ മലയാള കൃതികൾ എത്രയെത്രഇവയിൽ പലതും അന്യ മതസ്ഥർ വിരചിച്ചതാണെന്നുമോർക്കുക. വിവിധ മതാനുയായികളായഎഴുത്തുകാർ മലയാളഭാഷയെ സ്വസേവനം കൊണ്ട് സമ്പുഷ്ടമാക്കിയിരിക്കുന്നു. ഇന്നും അത് പൂർവ്വാധികം ഊർജ്ജസ്വലതയോടെ തുടരുന്നു. എല്ലാ പ്രധാനമതഗ്രന്ഥങ്ങളുടെയും പരിഭാഷകൾ മലയാളത്തിൽ ലഭ്യമാണ്. ഇവയിൽ ചിലത് അന്യമതാനുയായികളായ പണ്ഡിതന്മാരുടെ കൃതികളാണെന്നത് ശ്രദ്ധേയം. വിവിധ മതവിജ്ഞാനശാഖകൾക്ക് മലയാളം നൽകിയ സംഭാവനവിലപ്പെട്ടതത്രേ.



രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരും വിഭാഗീയതവെടിഞ്ഞ് കൈകോർത്തു പ്രവർത്തിക്കുന്നതിന് ഒട്ടേറെ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും. കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ വർഗ്ഗബഹുജനസംഘടനകളിൽ മിക്കതും നാനാജാതിമതസ്ഥർ അംഗങ്ങളായിട്ടുള്ളവയാണ്. രാഷ്ട്രീയ കക്ഷികളെ സംബന്ധിച്ചും ഇത് ശരിയാണ്. മതപരമോ, ജാതീയമോ ആയ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങൾ പോലും പലപ്പോഴും മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെ വ്യാപകമായ സ്വാധീനത്തിന്റെ ഫലമായി മതേതരവും ജാത്യതീതവുമായ സ്വഭാവം കൈക്കൊണ്ടുവരികയാണെന്ന് സൂക്ഷ്മപരിശോധനയിൽ

ആർക്കും മനസ്സിലാകും.

ഇതിന്നൊരു മറുവശമുള്ളതും നാം കാണാതിരുന്നുകൂടാ. മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ തീവ്രവാദവും ഭീകരവാദവും മതമൗലികതയും വർഗ്ഗീയതയും ആളിക്കത്തിക്കുന്നതിനുവേണ്ടി എല്ലാ മതങ്ങളിലുമുള്ള നിക്ഷിപ്ത താൽപര്യക്കാർ കൊണ്ടുപിടിച്ച് ശ്രമിക്കുന്നുണ്ട്.. കേരളത്തിലും ഈ കറുത്ത ശക്തികളുടെ പ്രവർത്തനങ്ങൾ ആപത്തു വിതയ്ക്കാൻ തുടങ്ങിയിരിക്കുന്നു. സമകാലികസംഭവങ്ങൾ സൂചിപ്പിക്കുന്നതിതാണ്. ഇത് മതസൗഹാർദ്ദത്തിനു കേളികേട്ട കേരളത്തിന്റെ സംസ്കാരത്തിന് ഒട്ടും നിരക്കുന്നതല്ല. 'മതമേതായാലും മനുഷ്യൻ നന്നായാൽമതി'

'ജാതി ഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേനവാഴുന്ന
മാതൃകാസ്ഥാനമാണിത്.'

കേരളീയ നവോത്ഥാനനായകരിൽ പ്രമുഖനായ ശ്രീനാരായണഗുരുദേവന്റെ ഈ ആദർശവാക്യങ്ങളെ പ്രാവർത്തികമാക്കിക്കൊണ്ടു മാത്രമേ നമുക്ക് മേൽപ്പറഞ്ഞ ദുഷ്ടശക്തികളെ ഒറ്റപ്പെടുത്തുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും കഴിയുകയുള്ളു. അതിനുവേണ്ടി നാനാജാതി മതസ്ഥരും ജാതിവിരുദ്ധമതനിരപേക്ഷവാദികളുമായ ജനാധിപത്യവിശ്വാസികളുമെല്ലാം ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെകേരളീയ സംസ്കാരത്തിന്റെ മതസൗഹൃദമുദ്രകളേയും മതനിരപേക്ഷസ്വഭാവത്തേയും വീണ്ടെടുക്കുക എന്നത് നമ്മുടെ അടിയന്തിരകടമകളിൽ പ്രധാനമാണ്.

## അഭ്യാസം

### I. പദപരിചയം :

ദശകം, മതനിരപേക്ഷം, നിർണ്ണായകം, വൈദേശികം, സംയുക്തം, സഹവർത്തിത്വം, ചാതുർവർണ്യം, അനുഷ്ഠാനം, ഈഷദ്, മൈത്രി, അസ്വാരസ്യം, സങ്കുചിതത്വം, ആദാനം, പ്രദാനം, നിഷിദ്ധം, നവോത്ഥാനം.

### II. വിപരീതപദങ്ങൾ :

സ്വാഭാവികം, സാന്നിധ്യം, ആധുനികം, സുലഭം, പ്രധാനം.

### III. വാക്യത്തിൽപ്രയോഗിക്കുക :

നിർണ്ണായകം, സംഗമവേദി, നിഷിദ്ധം, നിർമ്മാർജനംചെയ്യുക.

## IV. ഉത്തരമെഴുതുക :

1. എന്തിന്റെ ആകത്തുകയാണ് കേരളീയമതസംസ്കാരം?
2. കേരളീയസംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചത് എന്താണ്?
3. ഹിന്ദുക്കളുടെ ചാതുർവർണ്യത്തെ പൂർത്തീകരിച്ചത് ഇതരമത ങ്ങളായിരുന്നു വെന്ന് പറയുന്നത് ഏതർത്ഥത്തിലാണ്?
4. സംസ്കൃതഭാഷ മതസൗഹാർദ്ദത്തിന്റെയും മതനിരപേക്ഷതയുടേയും മനോഹരമുഖം പ്രദർശിപ്പിക്കുന്നതെങ്ങനെ?
5. മതസൗഹാർദ്ദത്തിനു തെളിവായി മലയാളഭാഷ നിലകൊള്ളുന്നതെങ്ങനെ?
6. മതസൗഹാർദ്ദത്തിനുകേളികേട്ട കേരളത്തിന്റെ സംസ്കാരത്തിന് ഒട്ടും നിരക്കാത്തതായി ലേഖകൻ പറയുന്നതെന്താണ്?
7. കേരളീയ സംസ്കാരത്തിലെ മതസൗഹൃദമുദ്രകളെക്കുറിച്ച് ചുരുക്കിയെഴുതുക.

# സമ്മാനം

## കാരൂർ നീലകണ്ഠപ്പിള്ള



[കാരൂർ നീലകണ്ഠപ്പിള്ള – (1898 – 1975) സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെസ്ഥാപക സെക്രട്ടറിയായ കാരൂർ നീലകണ്ഠ പ്പിള്ള 1932 – ലാണ് സാഹിത്യരംഗത്തുപ്രവർത്തിച്ചുതുടങ്ങിയത്. അഞ്ഞൂറില ധികം കഥകളും ബാലസാഹിത്യഗ്രന്ഥങ്ങളും മൂന്നുനോവലുകളും ഒരു നാട കവുമാണ് കൃതികൾ.]

"ഞാൻ കുട്ടിയോടു പിണക്കമാ,"

"കുട്ടി പിണങ്ങിയാൽ എന്റെ അരി വേവുകയില്ലായിരിക്കും."

"എങ്കിലും എന്നെ ആ പാഠപുസ്തകം ഒന്നു കാണിച്ചില്ലല്ലോ. നാളെ സ്കൂളിൽ പോകുമ്പം ഞാൻ കുട്ടിയെ വിളിക്കുകയില്ല. കുട്ടി കാണാതെ ഞാൻപോകും."

"നാളെ ഞാൻ നേരത്തെ വഴിയിൽ ഇറങ്ങി നിൽക്കും. അപ്പഴോ?"

"എന്നെ ഒന്നു കാണിക്കേ,"

"ഇന്നാ നോക്കിയേച്ചു വേഗം തരണം. അതേലപ്പിടി ചെളി പറ്റിക്കരുത്.

മാധവി സരസുവിനു പുസ്തകം നീട്ടിക്കൊടുത്തു. സരസു അതു വാങ്ങുന്നതിനിട യിൽ പറഞ്ഞു: " ഒരു സമ്മാനം കിട്ടിയപ്പോഴത്തെ പവ്വര്!" " കുട്ടിയുടെ പുസ്തകത്തിൽ മുഴുവൻ എണ്ണയും ചെളിയും തേച്ചിട്ടല്ലേ  സമ്മാനം കിട്ടാതിരുന്നത്?"

"എന്താ, നിങ്ങൾവഴിവക്കിൽനിന്നു കാര്യവിചാരം നടത്തുന്നത്?" എന്നു മാധവിയുടെ അമ്മ വിളിച്ചു ചോദിച്ചു. പുസ്തകം മറിച്ചുനോക്കാനുള്ള താല്പര്യത്തിൽ സരസുവും അവൾ പുസ്തകവും കൊണ്ടു പൊയ്ക്കളഞ്ഞെങ്കിലോ എന്ന ഭയത്താൽ മാധവിയും അമ്മയുടെ അന്വേഷണം ശ്രദ്ധിച്ചില്ല. മാധവിയുടെ അമ്മ പടിക്കലേക്കു ചെന്നു. "എനിക്കൊരു സമ്മാനം കിട്ടി അമ്മേ " എന്നു പറഞ്ഞ് അവൾ സരസുവിന്റെ കൈയിൽനിന്നും ആ ഭംഗിയുള്ള പുസ്തകം പിടിച്ചു വാങ്ങിച്ച് അമ്മയെ കാണിച്ചു.  അമ്മയും തന്നെ അവഗണിക്കുന്നെന്നു കണ്ടു സരസു അവളുടെ വീട്ടിലേക്കു നടന്നു. അവളുടെ മുഖം മങ്ങിയിരുന്നു "ഈ പുസ്തകം എനിക്കു സമ്മാനം കിട്ടിയതാ " എന്നു പറഞ്ഞു  മാധവി പുസ്തകം നിവർത്തി അമ്മയെ കാണിക്കുവാൻ തുടങ്ങി. "  ഈ പടിക്കൽനിന്നോണ്ടു വേണോ കാണാൻ? " എന്നുചോദിച്ചു കൊണ്ട്  അമ്മ  വീട്ടിലേക്കു നടന്നു. " ഞങ്ങളുടെ ക്ലാസ്സിൽ നാല്പത്തിര ണ്ടുപേരുള്ളതിൽ രണ്ടുപേർക്കേ കിട്ടിയൊള്ളു സമ്മാനം." അമ്മ ചോദിച്ചു:  "പുളിഞ്ചൻ മാങ്ങാ കൂടുതൽ തിന്നുന്നതിനുള്ള സമ്മാന മാണോ?"

"ഞാൻ എന്തു പറഞ്ഞാലും അമ്മയ്ക്ക് ആക്ഷേപമാ. അമ്മ ഇതൊന്നു നോക്കിക്കേ ഇതെത്ര രസികനാണെന്ന്. അമ്മ കണ്ടിട്ടുണ്ടോ കാണ്ടാമൃഗത്തിനെ? ഈ പുസ്തകത്തിലുണ്ട്." "നീയതവിടെ കൊണ്ടുവെച്ചേച്ച് അടുക്കളയിലേക്കു വാ. കാപ്പി കുടിച്ചേച്ചു സമ്മാനത്തിന്റെ വിശേഷം പറയാം." അടുക്കളയിലേക്ക് അമ്മയുടെ പുറകെ സമ്മാനം കിട്ടിയ പുസ്തകവുമായി മാധവി നടന്നു. "കാപ്പി കുടിച്ചേച്ചു വേണോ പറയാൻ. കുടിക്കുമ്പോൾ പറഞ്ഞാലെന്താ?"

"കാപ്പി കുടിക്കുമ്പോൾവർത്തമാനം പറഞ്ഞാൽ വിക്കും."
"എന്നാൽകേൾക്കട്ടെ നിന്റെസമ്മാനത്തിന്റെ കാര്യം."
"അമ്മയ്ക്കു സ്കൂളിൽനിന്നു വല്ല സമ്മാനവും കിട്ടിയിട്ടുണ്ടോ?"
"അമ്മയോടു സമ്മാനം മേടിക്കുന്ന ലക്ഷണമൊക്കെയൊണ്ടു മകൾക്ക്."
"ഈ സമ്മാനം ജാനമ്മ ടീച്ചർ തന്നതാ. അമ്മേം തരണം ഒരു സമ്മാനം."
"അമ്മ വടികൊണ്ടാണു തരാൻ പോണത്."
"ജാനമ്മടീച്ചറാ അമ്മയെക്കാൾ നല്ലത്. എനിക്കു സമ്മാനം കിട്ടിയ കാര്യം കേൾക്കാനുമമ്മയ്ക്കു സന്തോഷമില്ല. ടീച്ചർ സമ്മാനം തന്നല്ലോ!"

"എന്റെ മോൾക്കു സമ്മാനം കിട്ടിയാൽ അമ്മയ്ക്കു സന്തോഷമാണ്. കിട്ടിയ സമ്മാനം കാണാൻ സന്തോഷമാണ്. സമ്മാനം കിട്ടിയ കഥ കേൾക്കാൻ സന്തോഷമാണ്. അതിനൊക്കെ മീതെ വിശക്കാതെ മോളു കാപ്പി കുടിക്കുന്നതു കാണാനാണു സന്തോഷം."

മാധവി കാപ്പി കുടിച്ചു. എന്നിട്ടു സമ്മാനംകിട്ടിയ പുസ്തകത്തിന്റെ എല്ലാ പുറങ്ങളും അമ്മയെ കാണിച്ചു. അതിലെ പടങ്ങളുടെ പേരുകൾ പറഞ്ഞു. ചിലത് എന്താണെന്നമ്മയോടു ചോദിച്ചു. "ഞാനിതു മുഴുവൻ വായിച്ചുകേൾപ്പിക്കട്ടേ?" അമ്മയോടു ചോദിച്ചു. "അയ്യടാ, എന്തുരസികൻ പുസ്തകം!" മകളുടെ ആഹ്ലാദം കണ്ട് അമ്മ പരമാനന്ദം പൂണ്ടു. "എന്തിനാ സമ്മാനം കിട്ടിയതെന്നു പറഞ്ഞില്ലല്ലോ?" "ജാനമ്മടീച്ചർ അങ്ങനെയാ. നാളെ പരീക്ഷ തുടങ്ങും. പരീക്ഷ കഴിഞ്ഞു ഞങ്ങൾ ജയിച്ചാൽ വേറെ ക്ലാസിൽ പോവുകയില്ലേ? അതുകൊണ്ടു ടീച്ചർ കുട്ടികൾക്കു സമ്മാനം കൊടുത്തു.



അമ്മ: "തലേലധികം പേനൊള്ളോർക്ക് ഒരു സമ്മാനം. നഖത്തിനിടയിൽ ചെളിയുള്ളവർക്കൊരു സമ്മാനം. സന്ധ്യയ്ക്കു നാമംചൊല്ലാത്തവർക്കൊരു സമ്മാനം." "ഈ സമ്മാനമൊക്കെ അമ്മയ്ക്ക്. ഞാൻ പറയട്ടെ എന്തിനാ സമ്മാനം തന്നതെന്ന്. സ്കൂൾ തുറന്നപ്പോൾ ടീച്ചർ പറഞ്ഞു നിങ്ങൾക്കൊക്കെ

ആണ്ടവസാനപ്പരീക്ഷ തുടങ്ങുന്നതിനുമുമ്പ്, ഒരു സമ്മാനം തരാം. അപ്പോൾ അങ്ങേ വീട്ടിലെ അപ്പുക്കുട്ടൻ പറഞ്ഞു: 'തോൽക്കുന്നോർക്കല്ലാതെ ജയിക്കുന്നോർക്കുമുണ്ടോ സമ്മാനം? നല്ലയടിയായിരിക്കും' എന്ന്. ടീച്ചറുംകുട്ടികളുമെല്ലാവരും ചിരിച്ചു. അപ്പുക്കുട്ടൻ അന്നു ബ്ലീച്ചായിപ്പോയി.

അമ്മ പറഞ്ഞു: "നിന്റെ വർത്തമാനം കേട്ടിട്ടു ഞാൻ ചിരിക്കാത്തതു നീ ബ്ലീച്ചായെങ്കിലോ എന്നു പേടിച്ചാ."

"ഞാൻ പറയട്ടെ, ടീച്ചർ പറഞ്ഞു: 'അന്നു ഞാൻ എല്ലാവരുടെയും രണ്ടാംപാഠപുസ്തകം നോക്കും. പുസ്തകം വൃത്തിയായി സൂക്ഷിച്ചിട്ടുള്ളവർക്കു നല്ല ഭംഗിയുള്ള ഒരു ചിത്ര പുസ്തകം സമ്മാനംകൊടുക്കും.' അപ്പോഴും അപ്പുക്കുട്ടൻ ചോദിച്ചു: 'എല്ലാവർക്കും കൊടുക്കുമോ? എന്റെ വീട്ടിൽ ഒരുപാടു ചിത്രപുസ്തകമുണ്ട്. എന്റെ വല്യേട്ടൻ ചിത്രമെഴുത്തുകാരനാണ്.' അവന്റെ പ്രസംഗം കേട്ടു ടീച്ചർ ചിരിച്ചു. എല്ലാ കുട്ടികളും ചിരിച്ചു. ചിരി കഴിഞ്ഞപ്പോൾ അവൻ പറയുകയാണ്, 'എല്ലാവർക്കും സമ്മാനം കൊടുക്കുകയാണെങ്കിൽ എനിക്ക് ഇല്ലേലും വേണ്ടുകില്ല. ഒരാൾക്കേ കൊടുക്കുകയുള്ളെങ്കിൽ അതെനിക്കു വേണം.' എന്നു പറഞ്ഞപ്പോൾ ടീച്ചർ പറഞ്ഞു: 'പുസ്തകം നല്ലതുപോലെ സൂക്ഷിക്കുന്നവർക്കാർക്കായാലും സമ്മാനം കിട്ടും. ഒരാൾക്കോ പത്തുപേർക്കോ എല്ലാർക്കുമോ!' അപ്പോൾ അപ്പുക്കുട്ടൻ പറയുകയാണ്: 'ഈ സമ്മാനം മേടിക്കാൻ ഒരു പ്രയാസവുമില്ല. ഞാൻ പറയട്ടെ എങ്ങനെയാണെന്ന്. ഒരു പുസ്തകം വാങ്ങിയിട്ടു പെട്ടിയിൽവച്ചു പൂട്ടും. സമ്മാനം കൊടുക്കുന്ന അന്ന് എടുത്തുകൊണ്ടുവരും.' ടീച്ചർ ചിരിച്ചു. എല്ലാ കുട്ടികളും ചിരിച്ചു. അപ്പോൾ ആ കുളത്തുംകര ഒരു വീടില്ലേ? അവിടെ താമസിക്കുന്ന അംബുജം പറയുകയാണ്; അതോ അംബുജമല്ലായിരിക്കുമോ? അല്ല. വേറൊരുകുട്ടിയാ. അയ്യോ, അതിന്റെ പേര്- എന്താ അമ്മേ അതിന്റെ പേര്?"

അമ്മ: "അതിന്റെ പേരു ഞാനെങ്ങനെയാ അറിയുന്നത്? മഠയത്തരമാണു പറഞ്ഞതെങ്കിൽ ആ കുട്ടിയുടെ പേരു മാധവി എന്നായിരിക്കും." "ഓ - ഈ അമ്മ പറയാൻ സമ്മതിക്കുകയുമില്ല." അപ്പോളൊരു കുട്ടി പറയുകയാണ്: 'അപ്പുക്കുട്ടനു സമ്മാനം കിട്ടിയാൽമതി, ജയിക്കണ്ടോ. ഞാനെന്തു ചെയ്യുമെന്നോ? രണ്ടു പുസ്തകം വാങ്ങിക്കും. ഒരെണ്ണം വായിച്ചു പഠിക്കും. ഒരുപാടു വായിക്കുമ്പോൾ ചെളിയൊക്കെ പറ്റുകില്ലേ? സമ്മാനം കിട്ടാൻസമയത്തു ചെളിപറ്റാത്ത പുസ്തകം കൊണ്ടുവരും.' അപ്പോൾ ടീച്ചർ പറഞ്ഞു: 'ഇനി ആരും ഒന്നും പറയണ്ട. എല്ലാവരും പഠിക്കാൻ ഉപയോഗിക്കുന്ന പുസ്തകം വൃത്തിയായി സൂക്ഷിക്കണം. നല്ലതുപോലെ സൂക്ഷിക്കുന്നവർക്കു സമ്മാനം കിട്ടും.' അതു പണ്ടു പറഞ്ഞതല്ലേ? ഞങ്ങളൊക്കെ മറന്നുപോയിരുന്നു. നാളെ പരീക്ഷ തുടങ്ങുകയാ. ഇന്ന് ഉച്ചയ്ക്കു മൂന്നാമത്തെ പീരിയേഡിൽ ടീച്ചർ പറഞ്ഞു, എല്ലാവരും രണ്ടാം പാഠപുസ്തകം കൈയിൽ എടുക്കാൻ. കുട്ടികൾപറഞ്ഞു, ഇപ്പോൾ ഭാഷയല്ല മനക്കണക്കാണെന്ന്.

'സ്കൂൾ തുറന്നകാലത്തു നിങ്ങൾക്കൊരുകൂട്ടം തരാം എന്നു പറഞ്ഞിരുന്ന തോർക്കുന്നുണ്ടോ?' കുട്ടികൾ അങ്ങോട്ടും ഇങ്ങോട്ടും നോക്കി. എന്റെ അടുത്തിരുന്ന കുട്ടി ചോദിച്ചു: 'ടീച്ചർ എന്താ പറഞ്ഞിരുന്നത്?' അപ്പുക്കുട്ടൻ പറഞ്ഞു: 'ടീച്ചർ മൂന്നാററിൽ പോയേച്ചു വരുമ്പോൾ പച്ച ഏലക്കാ കൊണ്ടത്തരാമെന്നു പറഞ്ഞിരുന്നു.' അപ്പോൾ ടീച്ചർ പറഞ്ഞു: 'അങ്ങനെയല്ല, ഒരിക്കൽ ഞാൻ പച്ച ഏലക്ക നിങ്ങളെ കാണിച്ചു.' അപ്പോൾ അപ്പു ക്കുട്ടൻ പറയുകയാണ്: 'അതു വായിലിട്ടു കടിച്ചപ്പോൾ നല്ല സ്വാദായിരുന്നു. ടീച്ചറിനിയും കൊണ്ടെത്തരുമെന്നു ഞാൻ വിചാരിച്ചു.' അപ്പോൾ ഒരു കുട്ടി പറഞ്ഞു: 'അതൊന്നുമല്ല. പാഠപ്പുസ്തകം തരാം എന്നു പറഞ്ഞിട്ടുണ്ട്. അതിന്നാണു തരേണ്ടത്.'

''എല്ലാവരും പുസ്തകം എടുത്തുകൊണ്ട് എഴുന്നേറ്റുനില്ക്കാൻ ടീച്ചർ പറഞ്ഞു. പുസ്തകം ഇല്ലാത്തവരോടിരിക്കാൻ പറഞ്ഞു. പുസ്തകത്തിന്റെ പുറന്താളു പോയവ രെയും ഇരുത്തി. ചിലരുടെ പുസ്തകത്തിന്റെ വക്കു ചിരവനാക്കുപോലെയിരുന്നു. അവ രോടും ഇരുന്നോളാൻ പറഞ്ഞു. ഒരു കുട്ടിയുടെ പുസ്തകം മറിച്ചുനോക്കി. അകം മുഴു വൻ മണ്ണെണ്ണ. അതിന്റെ അനിയൻ പുസ്തകം എടുത്തു മണ്ണെണ്ണപ്പാട്ടയുടെ മുക ളിൽകൊണ്ടുചെന്നു വച്ചു. അങ്ങനെവരണം അതിന്. അറിയാൻമേലാത്ത കുഞ്ഞുങ്ങളേ ക്കൊണ്ടു പുസ്തകം എടുപ്പിക്കാമോ! എന്നിട്ടുപറഞ്ഞില്ലല്ലോ? അപ്പുക്കുട്ടന്റെ പുസ്തക ത്തിനകത്ത് എല്ലാവശത്തും രാജാവ്., മന്ത്രി, കള്ളൻ, ഗുലാൻ, പോലീസുകാരൻ - ഇങ്ങനെ യൊക്കെ എഴുതിവച്ചു കുറെ പടോം വരച്ചു വച്ചിട്ടുണ്ട്. എല്ലാവരുടെ പുസ്തകവും നോക്കി യിട്ട് ഓരോ കുറ്റം പറഞ്ഞു തള്ളി. അവസാനം മേരിക്കുട്ടിയുടേയും എന്റെയും പുസ്തകം വൃത്തിയായിരിക്കുന്നു എന്നു ടീച്ചർ പറഞ്ഞു. എന്നിട്ട് എല്ലാ കുട്ടികളെക്കൊണ്ടും നോക്കി ച്ചു. അപ്പോളപ്പുക്കുട്ടൻ പറയുകയാണ്: 'മാധവിക്കും മേരിക്കുട്ടിക്കും സമ്മാനം കൊടുക്ക ണം. രണ്ടുപേർക്കും ഓരോ പുസ്തകം കൊടുക്കണം. ഞാൻ കൊടുക്കാം. മേരിക്കുട്ടി യുടെ പുസ്തകം വാങ്ങിച്ചു മാധവിക്കും മാധവിയുടെ വാങ്ങി മേരിക്കുട്ടിക്കും കൊടു ത്താൽ മതിയല്ലോ? ആർക്കും നഷ്ടവുമില്ല ലാഭവുമില്ല. അല്ലെങ്കിൽ സമ്മാനം കിട്ടി എന്നും പറഞ്ഞ് നെകളിച്ച് ഈ കൊച്ചുങ്ങളീ പള്ളിക്കൂടം വച്ചേക്കുകയില്ല.' അപ്പോഴും എല്ലാവരും ചിരിച്ചു. ടീച്ചർ ഈ നല്ല പുസ്തകം എനിക്കും തന്നു, ഇതുപോലെ ഒരെണ്ണം മേരിക്കുട്ടിക്കും കൊടുത്തു. ടീച്ചർ പറഞ്ഞു: 'അപ്പുക്കുട്ടനും സമ്മാനം കിട്ടാതിരിക്കുകയില്ല!' അപ്പോൾ ആ കുട്ടി പറയുകയാണ്: 'ഞാൻ അധികപ്രസംഗിയാണെന്നു കുട്ടികൾ കുശുമ്പു പറയുന്ന താണ്.' അധിക പ്രസംഗത്തിനും കുശുമ്പിനുമല്ല ചിത്രം വരയ്ക്കുന്നതിനുള്ള സമ്മാനമാണു കിട്ടാൻപോവുന്നത്. അത് ഇനി ഒരിക്കൽ കിട്ടും!''

അമ്മയുടെ പേർക്കും ഒരു സമ്മാനം തരാം എന്നു പറഞ്ഞ് അമ്മ മാധവിയുടെ ആഹ്ലാദം തുള്ളി സുന്ദരമായ മുഖത്ത് ഒരു ഓമനയുമ്മ കൊടുത്തു.

## വ്യാകരണം

**I. താഴെ പറയുന്നവ എന്താണെന്നു പറയുക :**

1. ശബ്ദ വിഭാഗം
2. വാചകം
3. ദ്യോതകം
4. നാമം, ക്രിയ, വിശേഷണം.
5. നാമവിഭാഗങ്ങൾ.

**II. ഉത്തരമെഴുതുക :**

1. ദ്രവ്യ നാമം എന്നാൽ എന്ത്?
2. ഗുണ നാമം എന്നാൽ എന്ത്?
3. ക്രിയാനാമം എന്നാൽ എന്ത്?
4. ദ്രവ്യ നാമത്തിന്റെപിരിവുകളെഴുതി ഉദാഹരിക്കുക?
5. സർവ്വനാമം എന്നാൽഎന്ത്? എത്ര വിധം? ഉദാഹരണമെഴുതുക ?

**രചന :** അവധാരണം

# കർമ്മഭൂമി

## പൂന്താനം

[മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്തിനടുത്ത് പൂന്താനത്തില്ലത്ത് ജനനം. 17-ാം നൂറ്റാണ്ടിലാണ് പൂന്താനം ജീവിച്ചിരുന്നത്. പൂന്താനത്തു നമ്പൂതിരിയുടെ ശരിയായ പേരെന്തെന്നു വ്യക്തമല്ല. ബ്രഹ്മദത്തൻ എന്നായിരുന്നു കവിയുടെ പേരെന്ന് ഒരഭിപ്രായമുണ്ട്.

സന്താനഗോപാലം, ജ്ഞാനപ്പാന, ശ്രീകൃഷ്ണകർണാമൃതം തുടങ്ങിയവയാണ് പ്രധാനകൃതികൾ. ഈ ഭൂമിയുടെ പ്രാധാന്യത്തെക്കുറിച്ചു പറയുന്നതാണ് കാവ്യഭാഗം.]

കർമ്മങ്ങൾക്കു വിളഭൂമിയാകിയ
ജന്മ ദേശമീ ബ്ഭൂമിയറിഞ്ഞാലും
കർമ്മനാശം വരുത്തേണമെങ്കിലോ
ചെമ്മേ മറ്റെങ്ങും സാധിയാ നിർണയം
ഭക്തന്മാർക്കും മുമുക്ഷു ജനങ്ങൾക്കും
സക്തരായ വിഷയീ ജനങ്ങൾക്കും
ഇച്ഛിച്ചീടുന്നതൊക്കെക്കൊടുത്തിടും
വിശ്വമാതാവു ഭൂമി ശിവ ! ശിവ !
വിശ്വനാഥൻെറ മൂല പ്രകൃതിതാൻ
പ്രത്യക്ഷേണ വിളങ്ങുന്നു ഭൂമിയായ്
അവനീതല പാലനത്തിന്നല്ലോ
അവതാരങ്ങളും പലതോർക്കുമ്പോൾ



അതുകൊണ്ടും വിശേഷിച്ചും ഭൂലോകം
പതിന്നാലിലുമുത്തമമെന്നല്ലോ
വേദവാദികളായ മുനികളും
വേദവും ബഹുമാനിച്ചു ചൊല്ലുന്നു
ലവണാംബുധി മധ്യേ വിളങ്ങുന്ന
ജംബുദ്വീപൊരു യോജനലക്ഷവും
സപ്തദ്വീപുകളുണ്ടതിലെത്രയും
ഉത്തമമെന്നു വാഴ്ത്തുന്നു പിന്നെയും
ഭൂപത്മത്തിന്നു കർണികയായിട്ടു
ഭൂധരേന്ദ്രനതിലല്ലോ നിൽക്കുന്നു
ഇതിലൊമ്പതു ഖണ്ഡങ്ങളുണ്ടല്ലോ
അതിലുത്തമം ഭാരതഭൂതലം



സന്മതരായ മാമുനിശ്രേഷ്ഠന്മാർ
കർമ്മക്ഷേത്രമെന്നല്ലോ പറയുന്നു
കർമ്മബീജമതിന്നു മുളക്കേണ്ടു
ബ്രഹ്മലോകത്തിരിക്കുന്നവർകൾക്കും
കർമ്മബീജം വരട്ടിക്കളഞ്ഞുടൻ
ജൻമനാശം വരുത്തേണമെങ്കിലോ
ഭാരതമായ ഖണ്ഡമൊഴിഞ്ഞുള്ള
പാരിലെങ്ങുമെളുതല്ല നിർണയം
അത്രമാഹാത്മ്യമുള്ളൊരു ഭാരത
മി പ്രദേശമെന്നെല്ലാരുമോർക്കണം.




## അഭ്യാസം

### I. പദപരിചയം:

കർമ്മങ്ങൾ, സാധിയാ, നിർണയം, മുമുക്ഷു, സക്തർ, വിഷയിജനങ്ങൾ, ഇച്ഛ, വിശ്വമാതാവ്, വിശ്വനാഥൻ, മൂലപ്രകൃതി, പ്രത്യക്ഷേണ, അവനീതലം, പാലനം, അവതാരങ്ങൾ, ഉത്തമം, വേദവാദികൾ, ലവണാംബുധി, ജംബുദ്വീപ്, യോജന, സപ്തദ്വീപ്, ഭൂപദ്മം, കർണിക, ഭൂധരേന്ദ്രൻ, ഖണ്ഡം, ഭൂതലം, കർമ്മബീജം, എളുതല്ല

### II. സൂചനകൾ :

**പതിനാലുലോകം:**

അതലം, വിതലം, നിതലം, സുതലം, തലാതലം, മഹാതലം, രസാതലം, ഭൂലോകം, ഭൂവർലോകം, സ്വർല്ലോകം, മഹർല്ലോകം, ജനലോകം, തപോലോകം, സത്യലോകം.

**സപ്തദ്വീപുകൾ:**

ജംബൂദ്വീപം(ഏഷ്യ), പ്ലക്ഷദ്വീപം(തെക്കേ അമേരിക്ക) പുഷ്കരദ്വീപം(വടക്കേ അമേരിക്ക), ക്രൗഞ്ചദ്വീപം(ആഫ്രിക്ക), ശാകദ്വീപം(യൂറോപ്പ്), ശാല്മലദ്വീപം(ആസ്ട്രേലിയ), കുശദ്വീപ(ഓഷ്യാനിയ), മനുപുത്രനായ പ്രിയവ്രതൻ ഭൂമിയെ ഇങ്ങനെവിഭജിച്ചുവെന്നു പുരാണം .

### III. ഉത്തരമെഴുതുക :

1. ഈ ഭൂമിയുടെ പ്രത്യേകത എന്ത്?
2. അവതാരങ്ങളെക്കുറിച്ച് കവി പറയുന്നതെന്ത്?
3. മുനികളും വേദവും ബഹുമാനത്തോടെ ചൊല്ലുന്നത് എന്തൊക്കെയാണ്?
4. ഭാരതത്തിന്റെ പ്രാധാന്യമെന്തൊക്കെയാണ്?

# ഉപവസന്തം

## എ.പി.ഉദയഭാനു

[എ.പി.ഉദയഭാനു 1915 – ൽ ഹരിപ്പാട്ടെ നങ്ങ്യാർകുളങ്ങരയിൽ ജനിച്ചു. സ്വാതന്ത്ര്യ സമരസേനാനി, പത്രപ്രവർത്തകൻ, സാഹിത്യകാരൻ എന്നീ നിലകളിൽപ്രസിദ്ധൻ. നർമോപന്യാസകാരനാണ്. അർത്ഥവും അനർത്ഥവും, സംസാരിക്കുന്ന ദൈവം, കൊച്ചുചക്കരച്ചി, എന്റെ മനോരാജ്യങ്ങൾ, ഒന്നാകുംകൊച്ചുതുമ്പി തുടങ്ങിയവ യാണ് പ്രധാനകൃതികൾ. 1993 – ൽ സമഗ്ര സംഭാവനക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

പ്രകൃതിയുടെ വരദാനമായ ഋതുക്കളേയും പൂക്കളേയും കുറിക്കുന്ന മനോഹരമായ ഈ പാഠം 'എന്റെമനോരാജ്യങ്ങൾ' എന്ന കൃതിയിൽ നിന്നെടുത്തതാണ്.]



ഋതുക്കളെക്കുറിച്ച് ഒരഭിപ്രായം കേട്ടിട്ടുണ്ട്. ഉത്തരേന്ത്യയിൽ, അവകിറുകൃത്യമായി, ഈരണ്ടു മാസം ചേർന്ന ആറെണ്ണമായി അളന്നു മുറിച്ചിട്ടിരിക്കുകയാണെന്ന്: ചൈത്രവും വൈശാഖവും ചേർന്ന വസന്തം , ജ്യേഷ്ഠവും ആഷാഢവും ചേർന്ന ഗ്രീഷ്മം എന്നിങ്ങനെ. തെക്കേ ഇന്ത്യയിലാവട്ടെ രണ്ട് ഋതുക്കളേയുള്ളൂ എന്നു പറയാറുണ്ട്. ഉഷ്ണകാലവും അത്യുഷ്ണകാലവും.

നമുക്ക് ഒരേ ഋതുതന്നെ ഒരേ വർഷത്തിൽ രണ്ടല്ലേ? രണ്ടു മഴക്കാലങ്ങൾ? ഇടവപ്പാതിയും തുലാവർഷവും. വേനലും രണ്ടില്ലേ? മേടച്ചൂടും കന്നിവറവും. മഞ്ഞ്കാലം ഒന്നേയുള്ളൂ. മഞ്ഞ് ഇല്ലാത്തതും തണുപ്പ് ഉള്ളതുമായ ധനുവും മകരവും. വൃശ്ചികമാസവും തണുപ്പിന്റെ അവകാശിതന്നെ. വസന്തമോ? അവ രണ്ടില്ലേ? അതു മഞ്ഞും വേനലുമായി ഇടകലർന്നു കിടക്കുകയല്ലേ? ധനു മകരമാവുമ്പോഴേക്കു മാവുകളും പറങ്കിമാവുകളും പൂവിട്ടുതുടങ്ങും. കുംഭം മീനം എന്നീ മാസങ്ങളിലേക്ക് അതു കവർന്നുകടക്കും. മീനം അവസാനം,മേടം, ഇടവം, മിഥുനം എന്നിങ്ങനെമാമ്പഴങ്ങളുടെയും ചക്കയുടെയും കാലം നീണ്ടു കിടക്കും. ഇക്കൊല്ലം മിഥുനത്തിലാണ് ചക്ക ഏറെ കാണുന്നത്. അപൂർവം മാങ്ങയും ഉണ്ട്. മഴ പെയ്യുന്നെങ്കിലും ഇടവവും, മിഥുനവും വേനലിന്റെ കാലമാണ്. ഇതു വേനൽക്കാലവർഷമാണ്. തങ്കത്താലികൾകൊണ്ടു മേനി



മുഴുവനും കണിക്കൊന്ന മൂടുന്നതോടു കൂടെയാണോ മീനാവസാനവും മേടാരംഭവും കുറിക്കുന്ന കാലത്ത് ഔപചാരികമായ പൂക്കാലം ഉദ്ഘാടനം ചെയ്യപ്പെടുന്നത്? വാകമരങ്ങൾ ഗ്രീഷ്മത്തിൽപൂക്കും എന്നുള്ള കവിവചനമനുസരിച്ചാവണം, നമ്മുടെ വേനൽ ക്കാലമായ മേടം മുതൽ ഇടവം വരെ അവ തകർത്തുവച്ചു പൂക്കുന്നു. ഇടവത്തിലെ മഴയിൽ അവയുടെപൂക്കൾ നിലംപറ്റിക്കിടക്കുന്ന കാഴ്ച ദയനീയമാണ്. മുള്ളുമുരിക്കും പ്ലാശും മീനം മേടങ്ങളിൽപൂക്കുന്നു. ധനു മകരം മാസങ്ങളിലല്ലേ "പാലപൂത്തു പരിമളം ചുമന്നെങ്ങും ശുദ്ധ കുളിർ വായു" പരക്കുന്നത്? മത്തുപിടിപ്പിക്കുന്ന മണമാണ്, കണ്ണഞ്ചിപ്പിക്കുന്ന നിറപ്പകിട്ടല്ല, അതിനെഅനുഗ്രഹിച്ചിരിക്കുന്നത്. പാവം പ്ലാവ്, അതു പൂക്കുന്നത് 'മാളോര് അറിയില്ല. എന്നാൽ ചക്ക പിടിച്ചാൽ ലോകം എല്ലാം അറിയും. ചക്ക പഴുത്താൽ പാലപ്പൂവിൻെറ മണവും കീഴ്വഴങ്ങണം.

നമ്മുടെ പൊന്നിൻ ചിങ്ങമാസം ഏത് ഋതുവാണ്? പെരുമാരിയിൽമുങ്ങിമാഴ്കിടുന്ന ഭൂമിക്ക് അത്, ശരത് ആണ്. കഴുകിത്തുടച്ച ആകാശവും കലങ്ങിയ വെള്ളം കുത്തിയൊലിച്ച് തെളിഞ്ഞു നിറഞ്ഞതായി ത്തീർന്ന നദികളും ഇടവപ്പാതിയുടെ തേയ്പും പിഴിച്ചിലും കഴിഞ്ഞ് വർധിത ഓജസ്സുകളായ വൃക്ഷലതാദികളും ചിങ്ങത്തിനു പ്രത്യേക കുളിർമയും ഭംഗിയും നൽകുന്നു: മറ്റേതു മാസത്തേക്കാളും കന്നിക്കൊയ്ത്തിൻെറ പാടങ്ങൾ തങ്കക്കതിരുകൾ തിങ്ങിനിറഞ്ഞ് സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്നുണ്ടാവും. കർക്കിടകക്കൊയ്ത്തു കഴിഞ്ഞേടത്ത്, പുതിയതായി നട്ട നെൽച്ചെടികൾ കരിനാമ്പേറ്റ് പുതിയതായി കിട്ടിയ ചൈതന്യവും ജീവനും കൊണ്ട് മരതകപ്രഭ പ്രസരിച്ചുകൊണ്ടാവും പ്രഭാതങ്ങളെ സ്വാഗതം ചെയ്യുന്നത്.

എന്നാൽ, ഈ ചിങ്ങം ശരത് മാത്രമാണോ? അതൊരു ചെറിയ വസന്ത ഋതു കൂടെയല്ലേ? ഒരു ഉപവസന്തം? കവി സങ്കൽപ്പത്തിൽ ഓരോ ഋതുവിലും കടന്നു പുഷ്പിക്കുന്ന ഓരോന്നുണ്ട്. ഗ്രീഷ്മത്തിൽ വാകയും വർഷത്തിൽകടമ്പും ശരത്തിൽ താമരയും ഹേമന്തത്തിൽമുല്ലയും ശിശിരത്തിൽ പാച്ചോററിയും .ചിങ്ങത്തിൻെറ ശരത്കാലത്ത് പൂക്കുന്നത് താമര മാത്രമല്ല. താമര നമ്മുടെ ഹേമന്തത്തിലും വസന്തത്തിലും ഗ്രീഷ്മത്തിലും പൂക്കും. ചിങ്ങത്തെ വസന്തമാക്കാൻ, എല്ലാ ഋതുക്കളേയും വസന്തമാക്കുന്ന





ചെമ്പരുത്തിയും തെച്ചിയും മന്ദാരവും കൊങ്ങിണിപ്പൂവും ഉണ്ടായിരിക്കും. എന്നാൽ, കുയിൽകൂവുന്ന നമ്മുടെ വസന്തത്തിൽ മീനച്ചൂടിൽ കരിഞ്ഞു പോകുന്ന മുക്കുറ്റിയും തുമ്പയും ഓണത്തുമ്പയും അവയുടെ ചെറിയ ധാരാളിത്തത്തോടെ പൂക്കുന്നത് ഓണക്കാലത്താണ്. ഇടവപ്പാതി വിട്ടിട്ടു പോയ ഈർപ്പം ഇടമഴ കൾകൊണ്ടു നിലനിർത്തപ്പെടുന്ന ചിങ്ങത്തിലാണ് വളരാനും പൂക്കാനും അവയ്ക്ക് യോഗമുണ്ടാകുന്നത്. തുമ്പപ്പൂവിൻെറ വെണ്മ കണ്ടാവണം, അത് അമ്പിളിയോടൊപ്പം ജടയിൽചൂടാൻ ശിവൻ തിരഞ്ഞെടുത്തത്. ഓണത്തുമ്പയുടെ കടുകോളമുള്ള പൂവ് സൂക്ഷിച്ചു നോക്കിയാലേ കാണൂ നോക്കിയാൽ കാണുന്നതോ, വെള്ളിനക്ഷത്രങ്ങളെയായിരിക്കും. തങ്കദീപങ്ങൾകൊണ്ടുള്ള ലക്ഷദ്ദീപം മുക്കുറ്റിആഘോഷിക്കുന്നത് നിങ്ങൾകണ്ടിട്ടുണ്ടോ? എൻെറ മനസ്സിൽ, അതിൽ ഒരു ലക്ഷദ്ദീപോൽസവം നിറഞ്ഞുനിൽക്കുന്നു. കോഴിക്കോട്, പന്നിയങ്കര ഭഗവതിക്ഷേത്രത്തിലേക്കു പോകും വഴിയിലുള്ള പറമ്പുകളിലൊന്നിൻെറ പാർശ്വത്തിലായി, ഒറ്റയിഴയിട്ടു കത്തിച്ച ചെറിയ ദീപനാളങ്ങൾ കനകപ്രഭ ചിന്നിച്ചു നിന്നതു മറക്കാനാവാത്ത മനോഹരമായ കാഴ്ചയാണ്. മറക്കാൻ കഴിയാത്തതിനു മറ്റൊരു കാരണം കൂടിയുണ്ട് – ഓണത്തിനു മഹാബലിയെ സ്വാഗതം ചെയ്യുന്നതിന് എല്ലായിടവുമുള്ള പുല്ലുകൾ ചെത്തിവാരി മോടിപിടിപ്പിക്കു ന്നവരുണ്ട്. തുമ്പയുടെ സർവസംഹാരിയായ വരവ് അറിയാതെയാണ് ആ പാവങ്ങൾ അങ്ങനെഅണിഞ്ഞുനിന്നിരുന്നത്. എനിക്കത് തടുക്കാൻ കഴിയുമോ? ശുദ്ധഭ്രാന്തനെന്ന് എന്നെ വിധിക്കില്ലേ? ഭംഗിപിടിപ്പിക്കലിൽ നാം എത്ര ഭംഗികൾ നശിപ്പിക്കുന്നു!

ഗ്രാമങ്ങളിൽ ഓണത്തുമ്പിതുള്ളുന്ന കന്യകമാരും നാട്ടിൻപുറത്തു കടുവാകെട്ടുന്ന കിശോരന്മാരും ഓണത്തുമ്പയെയാണ് ആശ്രയിക്കുന്നത്. അതിന് ആകക്കൂടെ ഹൃദ്യമായ ഒരു സുഗന്ധമുണ്ട്.



പൂവിളിയുമായി അത്തപ്പൂവിടാൻ പൂക്കൾശേഖരിക്കുന്ന നിഷ്കാമന്മാരായ ചെറിയ കാമദേവന്മാരുണ്ടല്ലോ. ആ കിശോരന്മാർ സസൂക്ഷ്മം നുള്ളിയെടുക്കുന്നത് മുക്കുറ്റിയുടേയും തുമ്പയുടേയും

പൂക്കളാണ്. ഓണത്തുമ്പയുടെ പൂവ് അവരുടെ ചെറിയ വിരലുകൾക്കു പോലും നുള്ളിയെടുക്കാൻ കഴിയില്ല. ഓണം ഈ എളിയ ചെടികളുടെയും പുല്ലുകളുടെയും വസന്താഘോഷം കൂടെയല്ലേ? നമ്മുടെ "ഉപവസന്ത"മാണ് അത്.

## അഭ്യാസം:

### I. പദപരിചയം :

ഋതു, കിറുകൃത്യം, കണ്ണഞ്ചുക, നിറപ്പകിട്ട്, വർധിതം, ഈർപ്പം, കിശോരൻ, നിഷ്കാമൻ, ഔപചാരികം.

### II. പര്യായപദങ്ങൾ :

ആകാശം, സൂര്യൻ, പൂവ്,

### III. വിപരീതപദങ്ങൾ :

പ്രഭാതം, ഗ്രാമം, സുഗന്ധം.

### IV. വാക്യത്തിൽപ്രയോഗിക്കുക :

അപൂർവം, ഉദ്ഘാടനം, കണ്ണഞ്ചുക

### V. സൂചനകൾ :

**ഋതു**

പ്രാകൃതികമായ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംവത്സരത്തിനു കല്പിക്കപ്പെടുന്ന വിഭാഗം ,മേടം മുതൽ ഈരണ്ടു മാസം കൂടുമ്പോൾ യഥാക്രമം വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിങ്ങനെയാണ് ഋതുക്കൾ.

ചേമന്തിപ്പൂ വസന്തത്തിൻെറയും, വാകപ്പൂ ഗ്രീഷ്മത്തിൻെറയും, കടമ്പിൻപൂ വർഷത്തിൻെറയും, താമരപ്പൂ ശരത്തിൻെറയും, മുല്ലപ്പൂ ഹേമന്തത്തിൻെറയും, പാച്ചോറ്റിപ്പൂ ശിശിരത്തിൻെറയും സംഭാവനയാണെന്നു കവിമതം.

### VI. ഉത്തരമെഴുതുക :

1. ഋതുക്കളെക്കുറിച്ച് ലേഖകൻ കേട്ട അഭിപ്രായമെന്ത്?
2. ഔപചാരികമായ പൂക്കാലം ഉദ്ഘാടനം ചെയ്യുന്നതെപ്പോൾ
3. ചിങ്ങത്തിന് കുളിർമയും ഭംഗിയും നൽകുന്നതെന്താണ്?
4. കവി സങ്കല്പമനുസരിച്ച് ഓരോ ഋതുവിലേയും പൂക്കൾ ഏതാണ്?
5. 'ഭംഗി പിടിപ്പിക്കലിൽ നാം ഭംഗികൾ നശിപ്പിക്കുന്നു!' ലേഖകൻ ഇങ്ങനെപറയാൻ കാരണമെന്ത്?

   ഈ അഭിപ്രായത്തോട് നിങ്ങൾയോജിക്കുന്നുണ്ടോ?

   മറ്റേതെങ്കിലും ഉദാഹരണത്തിലൂടെ വിശദീകരിക്കുക

# ചാക്കുസഞ്ചി

ചെറുകാട് ഗോവിന്ദപ്പിഷാരടി

[ചെറുകാട് ഗോവിന്ദപ്പിഷാരടി (1914 - 1976) നാടകകൃത്ത്, നോവലിസ്റ്റ്, ചെറുകഥാകൃത്ത് എന്നീ നിലകളിൽ മലയാളത്തിന് ശ്രദ്ധാർഹമായ സംഭാവനകൾ നൽകി. പുരോഗമനസാഹിത്യത്തിന്റെ വക്താവും പ്രയോക്താവുമായിരുന്നു. 1976ൽ'ജീവിതപ്പാത' എന്ന ആത്മകഥയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 'നമ്മളൊന്ന്,''ജന്മഭൂമി','തറവാടിത്തം'(നാടകങ്ങൾ)'മണ്ണിന്റെമാറിൽ','മുത്തശ്ശി','ശനിദശ'(നോവലുകൾ) 'ചൂട്ടൻമൂരി', 'ചെറുകാടിന്റെകഥകൾ','മുദ്രമോതിരം'(കഥകൾ) എന്നിവയാണ് പ്രധാനപ്പെട്ടകൃതികൾ. 1976ൽഅന്തരിച്ചു. മികച്ച സാഹിത്യ കൃതിക്ക് ചെറുകാടിന്റെ പേരിൽ വർഷംതോറും നൽകി വരുന്ന പുരസ്കാരമാണ്'ശക്തി' അവാർഡ്.]



"പത്മനാഭാ!"
പാലക്കാവിൽ ചെറോട്ടിയമ്മ വിളിച്ചു ചോദിച്ചു:
"ആരാ ആ പോണത്? പത്മനാഭനല്ലേ?"

ചെറോട്ടിയമ്മ അയ്യപ്പൻകാവിന്റെ നടയ്ക്കലുളള ആൽത്തറയിൽ ഇരിക്കുകയാണ്. അടുത്ത് ഒരു വലിയ ചാക്കുസഞ്ചിയുമുണ്ട്. വക്കീൽ പത്മനാഭമേനോൻ കോടതിവിട്ട് വീട്ടിലേക്കു പോവുകയാണ്. ചെറോട്ടിയമ്മയുടെ വിളികേട്ടു തിരിഞ്ഞുനോക്കി.

"ഞാൻ കാത്തിരിക്കുകയാണ്. ഇവിടെയൊന്നു വരൂ." ചെറോട്ടിയമ്മ അപേക്ഷിച്ചു.
പത്മനാഭമേനോൻ ആൽത്തറയുടെ അടുത്തേയ്ക്കു ചെന്നു ചോദിച്ചു;
"എന്താ ഇവിടെ ഇരിക്കുന്നത്?"

"നിങ്ങളൊക്കെക്കൂടി എന്നെക്കൊണ്ടെന്തൊ ചെയ്യാൻ കണ്ടക്കണത്?"ചെറോട്ടിയമ്മ അങ്ങോട്ടും ചോദിച്ചു: "എന്നെ ഒന്നു കൊന്നുകുഴിച്ചിട്ടു തര്വോ?"

"അങ്ങനെചെയ്യാൻ പാടില്ലല്ലോ. ഗവർമ്മേന്റ് ഞങ്ങളെ തൂക്കിക്കൊല്ലില്ലേ? ചെറോട്ടിച്ചെറിയമ്മ എന്താ ഇവിടെ ഇരിക്കണത്? അതു പറയൂ."

" ഞാനിനി എന്താ വേണ്ടത്?"
"എന്താ?"
"എന്നെക്കൊണ്ടാവില്ല, കൈലാസത്തിൽ താമസിക്കാൻ."

“എന്നാൽദ്വാരകയിൽ താമസിച്ചോളൂ.”

“അതേ ഇപ്പോൾനന്നായത്. ആ മുറിമീശക്കാരൻ അവിടെയുള്ള കാലത്തോളം ഞാനങ്ങോട്ടു പോവില്ല. ഞാനിനി എന്താവേണ്ടത്?”

“എന്നാൽ ചെറോട്ടിച്ചെറിയമ്മ എന്റെകൂടെ മുല്ലയ്ക്കൽ താമസിച്ചോളൂ. പോരൂ; നമുക്കു പോവാം.”

“അങ്ങനെചെയ്താൽ നാട്ടുകാർ പറയില്ലേ പത്മനാഭാ.എനിക്കു രണ്ടു മക്കളേയുള്ളൂ, കുഞ്ഞിക്കൃഷ്ണനും കുഞ്ഞിമാളുവും. രണ്ടു മക്കളുടെ അടുത്തും ചേരാതെ ഒരു പെറ്റതള്ള വേറൊരു ദിക്കിൽപോയി താമസിക്കുന്നതു നന്നോ?”

“നന്നല്ലാത്തതാണ്. പക്ഷേ അങ്ങിനെവേണ്ടി വന്നാൽ, അതു ചെയ്യാതെ കഴിയോ? ചെറിയമ്മ അവിടെ താമസിച്ചോളൂ. മരിക്കുന്നതുവരെ അവിടെ താമസിക്കാം. ഇങ്ങനെപിച്ചക്കാരികളെപ്പോലെ കെട്ടും ഭാണ്ഡവുമായി പെരുവഴിയിൽ വന്നിരിക്കരുത്. പാലക്കാവിലെ ചെറോട്ടിയമ്മ. വക്കീൽ കുഞ്ഞികൃഷ്ണമേനോൻെറ പെറ്റമ്മ പെരുവഴിയിലാണെന്നു പറയണതുകേൾക്കാൻ നന്നോ?”

“അതു തന്നെയാണ് എനിക്കും പറയാനുള്ളത്. എന്നെ ഇങ്ങനെപെരുവഴിയിൽക്കൂടെ നടത്തണോ ആ ധൂമകേതുവിന്? വേണോ? പത്മനാഭൻ പറയൂ.”

“ആ ധൂമകേതു നടത്തുകയാണോ? ചെറിയമ്മ നടക്കുകയല്ലേ?”

“ഇതാണു ഞാൻ പറഞ്ഞത്. നിങ്ങളൊക്കെ ഒന്നാണ്.” ചെറോട്ടിയമ്മയുടെ കണ്ണുനിറഞ്ഞു: എൻെറ അയ്യപ്പാ! എന്നെ ഒന്നു വേഗം കൊന്നു തരണേ. എല്ലാവരും സുഖമായികഴിയട്ടെ. ഞാനാണ് എല്ലാവർക്കും ഉപദ്രവം.”അവർ തേങ്ങിത്തേങ്ങിക്കരഞ്ഞു.

“ആയി,ആയി! ചെറിയമ്മേ ! ഈ പെരുവഴിയിലിരുന്ന് ഇങ്ങനെകരയുന്നതു വല്ലവരും കാണില്ലേ? പോരൂ,എൻെറ കൂടെപോരൂ.”പത്മനാഭമേനോൻ ചാക്കുസഞ്ചിയെ ടുത്തുകൊണ്ടു പറഞ്ഞു. “അല്ലാ, എന്താ ഇതിനിത്ര കനം? എന്തൊക്കെയാണ് ഇതിൽ?”

“എൻെറ മുതലൊക്കെയുണ്ട് അതിൽ.”ചൊറോട്ടിയമ്മ തുടർന്നു:

“നെയ്യുരുളി, കാരോല്, പിച്ചളത്തമല, കിണ്ടി, കൂട്ടുറുളി, കുഞ്ഞിച്ചരക്ക്, കരിമ്പടം, ചകലാസ്, ചെല്ലം– ഒക്കെയുണ്ട്.”

“അപ്പോൾകൈലാസത്തിൽനിന്നു തെറ്റിപ്പിരിഞ്ഞുപോന്നു? വല്ലാത്തൊരു കഷ്ടാണ് ഈ ചെറിയമ്മ കാണിക്കണത്.”

ഒരു കഷ്ടവും ഇല്ല .എനിക്കു പത്തറുപത്തഞ്ചു വയസ്സായി. ഞാൻ ഈ വയസ്സിനകത്ത് ഒരാളുടെ കറുത്ത മുഖം കണ്ടിട്ടില്ല. അവരുടെ അച്ഛനല്ലേ മുൻസിപ്പ്? അവരും എന്നോട് ഇത്തിരി അങ്ങട്ടു നിൽക്ക് എന്നു പറഞ്ഞിട്ടില്ല. ഇനി ഈ ഭദ്രകാളിയുടെ ചവിട്ടും കുത്തും കൊളളാൻ എന്നെക്കൊണ്ടാവില്ല.''

"ഇങ്ങനെകെട്ടും ഭാണ്ഡവുമായി ഇറങ്ങിപ്പോരാൻ എന്തേ കൈലാസത്തിലുണ്ടായത്? അതു പറയൂ.''



“എന്തേ ഉണ്ടായതെന്ന്! ഇന്നു പൂരമാണ് അല്ലേ? കുഞ്ഞികൃഷ്ണൻെറ പിറന്നാളാണ്. കുളിച്ചിട്ടു വേണം ചായ കഴിക്കാനെന്നു ഞാൻ പറഞ്ഞു. ഞാൻ പറഞ്ഞാലാർക്കാ വില? അവള് ചായയുണ്ടാക്കി കൊടുത്തു. അവൻ കുടിക്കുകയും ചെയ്തു. ഇപ്പോൾകുറച്ചുകാലമായിട്ട് ഞാൻ പറയണതൊന്നും എൻെറ മകൻ കേൾക്കില്ല. അവളു പറയണതേ അവനുള്ളൂ. എനിക്കതല്ല സംശയം. വല്ല മരുന്നും പെട്ടിട്ടുണ്ടോ അവൻെറ അകത്ത്? അവളതൊക്കെ ചെയ്യും. ഏതു കേമിയാ അവളെന്നാ പത്മനാഭൻ വിചാരിക്ക ണത്?”

“അതൊന്നുമുണ്ടാവില്ല. ചെറിയമ്മ പോരൂ.” വക്കീൽ സഞ്ചിയുമെടുത്ത് മുമ്പേ നടന്നു. ചൊറോട്ടിയമ്മ കൂടെയും.

“കുളിച്ചിട്ടേ ചായ കഴിക്കാവൂ എന്നു ഞാൻ പറഞ്ഞാൽ? അവൻ കൂട്ടാക്കേണ്ടേ? വേണ്ടേ?പത്മനാഭൻ പറയൂ. ഞാനവൻെറ ആരാ? പെറ്റ തള്ളയല്ലേ? ഞാൻ പറഞ്ഞാൽ അവനിപ്പോൾ ഒരു വിലയും ഇല്ല. അവളു പറയണതാ വേദവാക്യം. എന്നെ ഇത്ര വിലയില്ലാത്ത ദിക്കിൽ എനിക്കു താമസിക്കാൻ വയ്യ.”

“ഇത്ര നിസ്സാര കാരണത്തിനൊക്കെ ചെറിയമ്മ ഇങ്ങനെവഴക്കുകൂട്ടുന്നതു മോശമാണ്.” “ആ സഞ്ചി അവിടെ വെച്ചളാ.”ചൊറോട്ടിയമ്മ നിന്നുകൊണ്ടു പറഞ്ഞു: “നീയും അവരുടെ ഭാഗത്താണെങ്കിൽ ഞാൻ എൻെറ പാടുനോക്കിക്കൊള്ളാം. വല്ല വഴിക്കും കടന്നുപൊയ്ക്കൊള്ളാം. എത്ര പിച്ചക്കാരു കഴിയുണു? അതുപോലെ കഴി ഞ്ഞോളാം.”

“ഞാൻ ആരുടേയും ഭാഗത്തല്ല. ചെറിയമ്മ പോരൂ”വക്കീൽ തുടർന്നു. “ഒരാൾക്ക് ഒരു ദിവസം കുളിക്കാൻ വയ്യാ.അല്ലെങ്കിൽ ഇഷ്ടമില്ലാ. അതിനൊക്കെ ഇങ്ങനെശുണ്ഠി എടു ത്താലോ?”

“പിറന്നാളാണ്; കുളിച്ചിട്ടു ചായ കുടിച്ചാൽമതി എന്നു ഞാൻ. അതൊന്നും സാരമില്ലാ, ഞാനിതുണ്ടാക്കി, കുടിച്ചോളൂ എന്ന് ആ ഉർവ്വശി. നിയമപ്രകാരം അവനാരു പറഞ്ഞതാ കേൾക്കേണ്ടത്? നീയ്യ് പറ. നീയൊരു വക്കീലല്ലേ?” ചൊറോട്ടിയമ്മ മേനോനെ അനുഗമിച്ചു.

“ചെറിയമ്മ പറഞ്ഞതാണ്.”

“അതെ, അല്ലേ?അങ്ങനെപറ. പക്ഷേ, അവനാ ഉർവ്വശി പറഞ്ഞതാണു ചെയ്തത്. ചായ വാങ്ങിക്കുടിച്ചു. അപ്പോ ആ ഉർവ്വശിയുടെ മോന്തയൊന്നു കാണേണ്ടതാണ്. പുഛോ പരിഹാസോ എന്തൊക്കെയായിരുന്നു ആ മുഖത്തെന്നു നിശ്ചല്ല. അപ്പോ ഒരു കയറെടുത്തു തൂങ്ങിച്ചാവാൻ തോന്നി എനിക്ക്. എൻെറ മകന് എന്നെ ഇത്ര വെലയില്ലാതായില്ലേ? ഇല്ലേ?

"ചാവാതിരുന്നത് ഏതായാലും നന്നായി!"

"ചാവ്വോ? ഞാൻ ചത്താലവൾക്കു നല്ല സുഖായി. ഞാൻ ചത്താലവളവനെ അങ്ങനെതന്നെ അണ്ണാക്കുതൊടാതെ വിഴുങ്ങും. ഇപ്പോൾ എന്നെ പേടിച്ചിട്ടാ ഇങ്ങനെ കഴിയണത്. അവൾക്കാവശ്യം ഞാൻ ചാവ്വാണ്. പക്ഷേ ആ പൂതി അവിടെ എടുത്തു വെച്ചോട്ടെ. ഞാൻ ചാവില്ല. എനിക്കു നന്നേ ദേഷ്യം വന്നു. എന്നിട്ട് ഞാനിന്നുണ്ടതും ഇല്ല."

"വല്ലവരോടും ദേഷ്യപ്പെട്ടിട്ട് ഈ വയസ്സുകാലത്ത് എന്തിനിങ്ങനെ ഉണ്ണാതിരിക്കുന്നു? ഇത്ര ചെറിയ കാരണത്തിനൊന്നും ഇങ്ങനെചെയ്യരുത്."

"ഇതൊന്നും ചെറിയ കാര്യങ്ങളല്ല. പത്മനാഭനതറിയാറായിട്ടില്ല. അവരവരുടെ മക്കള് അവരവരു പറഞ്ഞതു കൂട്ടാക്കില്ലെങ്കിൽ അപ്പോൾ കാണാം."

"ഞാൻ ശുണ്ഠിയെടുക്കില്ല. ഇത്ര നിസ്സാരകാരണങ്ങൾക്കൊക്കെ ഇങ്ങനെ ഇറങ്ങിപ്പോന്നാൽചെറിയമ്മയ്ക്കു മരിക്കുന്നതു വരെ കഴിഞ്ഞു കൂടണ്ടേ? വയസ്സുകാലത്തു കുറയൊക്കെ കണ്ടില്ലാ കേട്ടില്ലാ എന്നുവെച്ച് അടങ്ങിക്കഴിയണം .ഒരാഴ്ചയായില്ലല്ലോ ദ്വാരകയിൽനിന്നു തെറ്റി ഇറങ്ങിപ്പോന്നിട്ട്? ഉവ്വാ? ഒരാഴ്ച തികച്ചു താമസിച്ചില്ല കൈലാസത്തില്! ഇപ്പോൾഅവിടുന്നും ഇറങ്ങിപ്പോന്നു! ഇനി എന്താ ഭാവം?"

"ആവോ? അതാണെനിക്കു നിശ്ചയമില്ലാത്തത്." ചൊറോട്ടിയമ്മ തുടർന്നു:
"അതാണ് നീയ്യ് പറഞ്ഞുതരേണ്ടത്. ഞാനെന്താ വേണ്ടത്?"
"എന്നാൽകുഞ്ഞുമാളുവിൻെറ കൂടെ ദ്വാരകയിൽത്തന്നെ താമസിച്ചോളൂ; മകളല്ലേ?"

"മകളൊക്കെത്തന്നെയാണ്. പക്ഷേ, ആ കൊശവനില്ലേ? അവനെന്നെ പുല്ലിനു വിലയില്ല. കഴിഞ്ഞ ഏകാദശി ദിവസമാണല്ലോ ഞാനവിടുന്നിറങ്ങി പ്പോന്നത്. ഞാൻ പറഞ്ഞു, കുട്ടികളെയൊക്കെ ഏകാദശി നോൽപിക്കണം എന്ന്. അവനന്നാണ് ആട്ടിറച്ചി വെക്കേണ്ടത്. അവനും ഞാനും തമ്മിലൊരിക്കലും ചേരില്ല. പിന്നേയും ഭേദം കുഞ്ഞികൃ ഷ്ണനനാണ്."

"എന്നാൽ നാളെ കൈലാസത്തിലേക്ക് മടങ്ങിപ്പൊയ്ക്കോളൂ. ഇന്നെന്റെകൂടെ മുല്ലയ്ക്കൽ താമസിക്കാം. അല്ലെങ്കിൽ രണ്ടോ നാലോ ദിവസം. അതുകഴിഞ്ഞിട്ട് കൈലാസത്തിൽത്തന്നെ താമസിക്കൂ

"വയ്യ. ആ ഉർവ്വശിയവിടെ ഉള്ള കാലത്തോളം ഞാനാ പടിയങ്ങോട്ട് കടക്കില്ല."
"എന്നാൽ ദ്വാരകയിലേക്കു പോവൂ."
"അതത്രയും വയ്യാ."
"എന്നാലൊരു കാര്യം ചെയ്തോളൂ ഈ തണ്ണീർപ്പന്തലൊഴിഞ്ഞു കിടക്കുകയാണ്.

ഇതിൽ കടന്നിരുന്നോളൂ. ആളുകളെ ബുദ്ധിമുട്ടിക്കരുത്.''

"നിങ്ങൾക്കൊക്കെ എന്നെക്കൊണ്ടു ബുദ്ധിമുട്ടായി.?
"ബുദ്ധിമുട്ടായി."
" ഇനി ഞാനെന്താ വേണ്ടത്?''

"വേഗം മരിക്കുക".പത്മനാഭമേനോൻ തുടർന്നു: "അല്ലെങ്കിൽ കൈലാസത്തിലോ ദ്വാരകയിലോ പോയി അടങ്ങിയൊതുങ്ങി താമസിക്കുക. ഇനി എന്റെ അടുത്തു വന്ന് എന്താ വേണ്ടത് എന്നു ചോദിച്ചാൽ ഞാൻ''

പിന്നെ അയാളൊന്നും പറഞ്ഞില്ല. ചൊറോട്ടിയമ്മയെ ഒന്നമർത്തി നോക്കി.

"പത്മനാ.."

"മിണ്ടരുത്. അവനവന്റെ മകനും മകളും നന്നല്ലെങ്കിൽ ആ കാണുന്ന പൊട്ടക്കിണറ്റിൽ ചാടി മരിച്ചോളൂ! ഇതാ സഞ്ചി.''

ആ മദ്ധ്യസ്ഥൻ സഞ്ചി വഴിക്കുവെച്ച് കുതിച്ചു നടന്നു.

## വ്യാകരണം

**നാമവിശേഷണം :**

നാമത്തെ വിശേഷിപ്പിക്കുന്ന  പദത്തെ നാമവിശേഷണം എന്നു പറയുന്നു.

ഉദാ: വെളുത്ത ബാലൻ, കറുത്ത  ആന, ഉയർന്ന മല, വിടർന്ന പൂവ്, തുടങ്ങിയവ.
കൂടുതൽ നാമവിശേഷണങ്ങൾ കണ്ടെത്തി എഴുതുക.

1) താഴെ പറയുന്നവ എന്താണെന്നു പറയുക.
   1. മുറ്റുവിന
   2. പറ്റുവിന
   3. സകർമ്മക ക്രിയ
   4. അകർമ്മക ക്രിയ
   5. കേവല ക്രിയ
   6. പ്രയോജക ക്രിയ

2) പേരെച്ചം, വിനയെച്ചം, കാരിതം, അകാരിതം ഇവ എന്തെന്നെഴുതുക?

3) വിശേഷണം എത്ര വിധം ? വിവരിച്ച് ഉദാഹരണമെഴുതുക.

4) താഴെ പറയുന്നവ എന്തെന്നെഴുതി ഉദാഹരിക്കുക.
   1. നിപാതം    2. അവ്യയം.

5) ഗതി, ഘടകം, വ്യാക്ഷേപകം, കേവലം ഇവയ്ക്ക് ഉദാഹരണമെഴുതുക.

**രചന** : കത്ത്, ഉപന്യാസം

# സതീർത്ഥ്യസ്നേഹം

### രാമപുരത്തുവാരിയർ



[രാമപുരത്തുവാരിയർ - കുചേലവൃത്തം വഞ്ചിപ്പാട്ട്, ഭാഷാഷ്ടപദി എന്നീ രണ്ടു കൃതികൾകൊണ്ടു തന്നെ മലയാളകവിതാചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ കവി.

കുചേലകഥയെ ആസ്പദമാക്കി വഞ്ചിപ്പാട്ടിന്റെ താളത്തിൽ രാമപുരത്തു വാരിയർ രചിച്ചതാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. സാന്ദീപനി മഹർഷിയുടെ ശിക്ഷണത്തിൽ ഒരുമിച്ച് ഗുരുകുലവാസം ചെയ്തവരാണ് കൃഷ്ണനും കുചേലനും. കാലങ്ങൾക്കു ശേഷം തന്റെ ദാരിദ്ര്യദുഃഖത്തിനുള്ള ശമനത്തിനായി കുചേലപത്നിയുടെ നിർദേശപ്രകാരം കൃഷ്ണനെകാണാൻ പോയ കുചേലനെ കൃഷ്ണൻ എതിരേൽക്കുന്നതാണ് പദ്യഭാഗം.]

ആഴിമകളുമൊരുമിച്ചൊരുകട്ടിന്മേലന്നേര
മേഴാമ്മാളിക മുകളിലിരുന്നരുളും
ഏഴുരണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴെത്തന്റെവയസ്യനെദൂരത്തുകണ്ടു.
കണ്ടാലെത്ര കഷ്ടമെത്രയും മുഷിഞ്ഞ ജീർണവസ്ത്രം-
കൊണ്ടു തറ്റുടുത്തിട്ടുത്തരീയവുമിട്ടു
മുണ്ടിൽപൊതിഞ്ഞ പൊതിയും മുഖ്യമായ പുസ്തകവും
രണ്ടും കൂടെ കക്ഷത്തിങ്കലിടുക്കിക്കൊണ്ട്
ഭദ്രമായ ഭസ്മവും ധരിച്ചു നമസ്കാരകിണ-
മുദ്രയും മുഖരമായ പൊളിക്കുടയും,
രുദ്രാക്ഷമാലയുമേന്തി ; നാമകീർത്തനവും ചെയ്തു
ചിദ്രൂപത്തിങ്കലുറച്ചു ചെഞ്ചെമ്മേ ചെല്ലും
അന്തണനെക്കണ്ടിട്ടു സന്തോഷം കൊണ്ടോ ; തസ്യ ദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപം കൊണ്ടോ;
എന്തു കൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു, ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ?
പള്ളിമഞ്ചത്തീന്നു വെക്കമുത്ഥാനം ചെയ്തിട്ടുപക്കി-
ലുള്ള പരിജനത്തോടുകൂടി മുകുന്ദൻ
ഉള്ളഴിഞ്ഞു താഴത്തെഴുന്നള്ളി , പൗരവരന്മാരും
വെള്ളം പോലെ ചുറ്റും വന്നു വന്ദിച്ചു നിന്നു.



പാരാവാര കല്പപരിവാരത്തോടു കൂടി ഭക്ത
പാരായണനായ നാരായണനാശ്ചര്യം
പാരാതെചെന്നെതിരേറ്റു കുചേലനെ; ദീനദയാ
പാരവശ്യമേവം മറ്റൊരീശ്വരനുണ്ടോ?
മാറത്തെ വിയർപ്പുവെള്ളം കൊണ്ടു നാറും സതീർത്ഥ്യനെ
മാറത്തുണ്മയോടു ചേർത്തു ഗാഢം പുണർന്നു.
കൂറുമൂലം തൃക്കൈകൊണ്ടു കൈപിടിച്ചുകൊണ്ടുപരി-
കേറിക്കൊണ്ടു ലക്ഷ്മീതല്പത്തിൻമേലിരുത്തി.

## അഭ്യാസം

**I. പദപരിചയം :**

ആഴിമകൾ, ഏഴുരണ്ടുലക്, വയസ്യൻ, ജീർണ്ണവസ്ത്രം, ഉത്തരീയം, കിണം, മുഖരം, ചിദ്രൂപം, അന്തണൻ, തസ്യ, സന്താപം, ശൗരി, ചെന്താമരക്കണ്ണൻ, മഞ്ചം, വെക്കം, ഉത്ഥാനം ചെയ്യുക, പക്കിൽ,പരിജനം, മുകുന്ദൻ, ഉളള്, പൗരവരന്മാർ, പാരാവാരകല്പം, പാരാതെ, സതീർത്ഥ്യൻ, തല്പം .

**II. സൂചന :**

**ആഴിമകൾ**

ലക്ഷ്മീദേവി, പാലാഴിമഥനത്തിന്റെ അവസാനം പാൽക്കടലിൽനിന്ന് ഉയർന്നു വന്നവളാണ് ലക്ഷ്മീദേവി

**III. ഉത്തരമെഴുതുക :**

1. എപ്പോഴാണ് കൃഷ്ണൻ കുചേലനെകണ്ടത്?
2. എങ്ങനെയായിരുന്നു കുചേലന്റെ വരവ്?
3. കുചേലനെകണ്ടയുടനെ കൃഷ്ണൻ ചെയ്തതെന്തായിരുന്നു?
4. കൃഷ്ണൻ കുചേലനെ എതിരേറ്റത് എങ്ങനെയായിരുന്നു?

**IV. മനഃപാഠമാക്കുക :**

ആഴിമകളു ................................ കരഞ്ഞിട്ടുളളൂ

# ടോൾസ്റ്റോയിയും ഗാന്ധിജിയും

**ഉറൂബ്**



[ഉറൂബ് – പി.സി.കുട്ടികൃഷ്ണൻ 1915 – ൽ പൊന്നാനിയിൽ ജനിച്ചു. 1950–ൽ കോഴിക്കോട് ആകാശവാണിയിൽ ഉദ്യോഗസ്ഥനായി . അന്നുമുതൽ 'ഉറൂബ്' എന്ന തൂലികാനാമത്തിൽ എഴുതിത്തുടങ്ങി. കേരളസാഹിത്യ അക്കാദമി പ്രസിഡന്റായിരുന്നു. നോവൽ, ചെറുകഥ, കവിത, ബാലസാഹിത്യം തുടങ്ങി വിവിധ ശാഖകളിലായി 25 ലധികം കൃതികൾരചിച്ചിട്ടുണ്ട്. ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും, മിണ്ടാപ്പെണ്ണ്, തുറന്നിട്ട ജാലകം, ഗോപാലൻ നായരുടെ താടി, എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. കേരള സാഹിത്യ അക്കാദമി, കേന്ദ്രസാഹിത്യ അക്കാദമി അവാർഡുകൾ, എം.പി. പോൾ സമ്മാനം, ആശാൻ ജന്മശതാബ്ദി അവാർഡ് തുടങ്ങിയവ ലഭിച്ചു. 1979 – ൽ അന്തരിച്ചു.

ടോൾസ്റ്റോയിയും ഗാന്ധിജിയും തമ്മിലുള്ള മാനസിക ബന്ധത്തെ പരാമർശിക്കുന്ന ഈ പാഠം 'ഉറൂബിന്റെ' ലേഖനങ്ങളിൽ നിന്നെടുത്തതാണ്.]





അവർ രണ്ടു പേരും വളരെ വിഭിന്നമായ പരിതസ്ഥിതികളിലാണ് ജനിച്ചതും വളർന്നതും. ഗുജറാത്തിലെ പോർബന്തറിൽ ഒരു ഇടത്തരം കുടുംബത്തിലെ അംഗമായി ഗാന്ധിജി ജനിച്ചു. മോസ്കോയിൽനിന്ന് അധികം ദൂരെയല്ലാത്ത യാസ്നപോളിയാനയിൽ ഒരു പ്രഭുകുടുംബത്തിൽ ടോൾസ്റ്റോയിയും. ഒരാൾ ഹിന്ദു വൈഷ്ണവ കുടുംബത്തിലെ അംഗം; മറ്റെയാൾ ക്രിസ്തീയ വിശ്വാസമുള്ള ഒരു റഷ്യൻ കുടുംബത്തിലെയും. ഗാന്ധിജി

വളരെ ബുദ്ധിമുട്ടി ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്ററായി തിരിച്ചുവന്നു. പ്രഭുകുലജാതനായ ടോൾസ്റ്റോയിക്ക് ഒരു തൊഴിലും ചെയ്യേണ്ടആവശ്യമുണ്ടായിരുന്നില്ല. രസത്തിനുവേണ്ടിയാണ് സാഹിത്യരചനതുടങ്ങിയതെങ്കിലും പിന്നീട് അദ്ദേഹം തന്റെ ജീവിതത്തിലെ ഗൗരവമുള്ള പണിയായി അതെടുത്തു.




ടോൾസ്റ്റോയിയുടെ ഒരു കൊച്ചു പുസ്തകമാണത്രേ ഗാന്ധിജിയെ ആദ്യം ആകർഷിച്ചത്. 'ദൈവരാജ്യം നിന്നിൽ തന്നെയിരിക്കുന്നു' എന്ന ബൈബിൾ വചനമായിരുന്നു ആ പുസ്തകത്തിന്റെ തലക്കെട്ട്. താൻ അക്കാലത്ത് ഹിംസയിൽത്തന്നെ വിശ്വസിച്ചിരുന്നുവെന്നും ആ പുസ്തകത്തിന്റെ പഠനം തന്നെ ഉറച്ച അഹിംസാ വിശ്വാസിയാക്കിയെന്നും പിന്നീടു ഗാന്ധിജി പറഞ്ഞിട്ടു ണ്ട്.

അങ്ങനെഅവർ മനസ്സുകൊണ്ടടുത്തു. കത്തിടപാടുകൾ നടത്തി. 'റഷ്യയിലെ വിപ്ലവകാരിയായ പ്രഭു' തന്നെ ആകർഷിച്ച വിധം ഗാന്ധിജി ടോൾസ്റ്റോയി ക്കെഴുതി. ടോൾസ്റ്റോയി മറുപടിയിൽ എഴുതിയിട്ടുള്ളത് ഇങ്ങനെയാണ്.: നിങ്ങളുടെ ഏറ്റവും ശ്രദ്ധേയമായ കത്ത് എനിക്ക് ഇപ്പോഴാണ്കിട്ടിയത്. അതെന്നെ വളരെ ആഹ്ലാദിപ്പിച്ചു. ട്രാൻസ്വാളിലുള്ള നമ്മുടെ പ്രീയപ്പെട്ട സഹോദരന്മാരേയും സഹപ്രവർത്തകരേയും ദൈവം രക്ഷിക്കട്ടെ'.

അഹന്തയ്ക്കും ഹിംസയ്ക്കുമെതിരായി പ്രേമവും വിനയവും നടത്തുന്ന സമരങ്ങൾ അവിടെയും വർഷം തോറും കൂടിക്കൊണ്ടുവരുന്നുവെന്നും ടോൾസ്റ്റോയി എഴതിയിട്ടുണ്ട്. ട്രാൻസ്വാളിലെ(തെക്കേ ആഫ്രിക്ക) ഗാന്ധിജിയുടെ സമരത്തെ ടോൾസ്റ്റോയി അഭിനന്ദിക്കുന്നു. ഗാന്ധിജിയുമായി തുടർന്നു കത്തിടപാടുകൾ നടത്താൻ ആഗ്രഹിക്കുന്നു വെന്നും അറിയിച്ചിട്ടുണ്ട്.

ടോൾസ്റ്റോയ് തന്റെ ഭൂസ്വത്ത് കൃഷിക്കാർക്കായി വീതിച്ചു കൊടുത്തു. തന്റെ ഓഹരിയിൽ കലപ്പ പിടിച്ചു ജോലി ചെയ്യാനും ഒരുങ്ങി. ഭൗതികമായ ഈ സ്വത്തിനേക്കാൾ വലിയ ഒരു സ്വത്ത് – ചിന്തയുടെയും ഉൽകൃഷ്ട വികാരത്തി ന്റെയുമായ വലിയൊരു സാഹിത്യഭണ്ഡാരം–അദ്ദേഹം ലോകത്തിനു മുഴുവനു മായും നൽകി. അത് യൂറോപ്പിലും ഏഷ്യയിലും ഒരുപോലെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഗാന്ധിജിക്കു നൽകുവാൻ സ്വന്തം ജീവിതമേ ഉണ്ടാ യിരുന്നുള്ളൂ. അത് അദ്ദേഹം പ്രേമപൂർവം ലോകത്തിനു നൽകി. മരണം പോലും അദ്ദേഹം മനുഷ്യനു സേവനമാക്കി.




ടോൾസ്റ്റോയിയുടെ സമകാലികനായിരുന്ന ഗോർക്കി അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഉണ്ടായിരുന്നിട്ടും അദ്ദേഹത്തെ എത്രമേൽ ആദരിച്ചിരുന്നുവെന്ന് ടോൾസ്റ്റോയിയുടെ മരണത്തെത്തുടർന്ന് ഗോർക്കി എഴുതിയ ലേഖനത്തിൽനിന്നു മനസ്സിലാക്കാം. സ്നേഹനിധിയായ അച്ഛന്റെ മരണത്തിൽ, ധീരനും സത്യസന്ധനുമായ മകനുണ്ടാകുന്ന തീവ്രവേദനത്തിൽ ഉടനീളം തുടിച്ചു നിൽക്കുന്നു.

വൈക്കോൽ തൊപ്പിയും നീണ്ടതാടിയുമായി റഷ്യൻ കടലോരത്തെ ചിരപുരാതനമായ പാറക്കെട്ടുകളിലേക്കു ചാരിയിരുന്നുകൊണ്ടും, തുളച്ചുകയറുന്ന കണ്ണുകൾ അഗാധക്കടലിന്റെ അനന്തനീലിമയിൽ ഉറപ്പിച്ചുകൊണ്ടും ഇരിക്കുന്ന ടോൾസ്റ്റോയിയെ ആദ്യമായി കണ്ടഘട്ടം വിവരിക്കുമ്പോൾ ഗോർക്കി ടോൾസ്റ്റോയിയുടെ സവിശേഷതകളെ സാഹിത്യകാരനുചിതമായ വിധം, പ്രതീകാത്മകമായി വിവരിക്കുന്നതുപോലെ തോന്നും. ആ ലേഖനം വാഴ്ത്തലോ ഇകഴ്ത്തലോ അല്ല. വിലയിരുത്തലാണ്. ഒരിക്കൽ ഗോർക്കിയുടെ രണ്ടുകൈയും കൂട്ടിപ്പിടിച്ചു ടോൾസ്റ്റോയ് ചോദിച്ചു: " നിങ്ങൾഎന്തുകൊണ്ട് ഈശ്വരനിൽ വിശ്വസിക്കുന്നില്ല."?

ഗോർക്കി ടോൾസ്റ്റോയിയുടെ ശുണ്ഠിപിടിച്ച മുഖത്തേക്കു നോക്കി നിശ്ശബ്ദനായി നിന്നു. എന്നിട്ട് ഗോർക്കി എഴുതുകയാണ്.

അപ്പോൾ അദ്ദേഹം ദൈവത്തെപ്പോലെ തന്നെയായിരുന്നു!

കുഷ്ഠരോഗികളെയും മറ്റും ശുശ്രൂഷിക്കുന്നതിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച സുഹൃത്തും നിരീശ്വരനുമായ ക്രിസ്ത്യൻ ഡോക്ടറോടു ഗാന്ധിജി പറഞ്ഞു: "താങ്കളോരോ നിമിഷവും ഈശ്വരാരാധനയാണു നടത്തുന്നത്." ഇത്രയും ദൂരമേയുള്ളൂ ടോൾസ്റ്റോയിയും ഗാന്ധിജിയും തമ്മിൽ.

## അഭ്യാസം:

### I. പദപരിചയം :

വിഭിന്നം, പ്രഭുകുലജാതൻ, അഹന്ത, ഭൗതികം, കലപ്പ, ഉൽകൃഷ്ടം, സാഹിത്യഭണ്ഡാരം, സമകാലികൻ, തീവ്രവേദന, ഇകഴ്ത്തുക, ശുണ്ഠി, ശുശ്രൂഷ, ചിരപുരാതനം.

### II. പര്യായപദങ്ങൾ :

മനുഷ്യൻ, കണ്ണ്, കടൽ

### III. വിപരീതപദങ്ങൾ :

രസം, ആകർഷകം, ഹിംസ, വിശ്വാസം, വാഴ്ത്തുക

### IV. വാക്യത്തിൽപ്രയോഗിക്കുക :

വിഭിന്നം, ശ്രദ്ധേയം, സ്വാധീനം ചെലുത്തുക, തീവ്രവേദന

### V. ഉത്തരമെഴുതുക :

1. ടോൾസ്റ്റോയിയും ഗാന്ധിജിയും ജനിച്ചു വളർന്ന പരിതസ്ഥിതികൾ എങ്ങനെയുള്ളതായിരുന്നു?
2. ഗാന്ധിജിയെ അഹിംസാവിശ്വാസിയാക്കി തീർത്ത പുസ്തകമേതായിരുന്നു?
3 ടോൾസ്റ്റോയിയും ഗാന്ധിജിയും ലോകത്തിനു സമർപ്പിച്ച സ്വത്ത് എപ്രകാരമുള്ളതായിരുന്ന്?
4. മാക്സിം ഗോർക്കി ടോൾസ്റ്റോയിയെ ആദരിച്ചിരുന്നുവെന്ന് എങ്ങനെ മനസ്സിലാക്കാം?
5. "താങ്കളോരോ നിമിഷവും ഈശ്വരാരാധനയാണു നടത്തുന്നത്" ആരാണ് ഇപ്രകാരംപറഞ്ഞത് എന്തുകൊണ്ട്?
6. വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്ന ടോൾസ്റ്റോയിയും ഗാന്ധിജിയും തമ്മിൽ പുലർത്തിയിരുന്ന സ്നേഹബന്ധത്തെക്കുറിച്ച് ചുരുക്കിയെഴുതുക.

### VI. സൂചന:

**ട്രാൻസ്വാൾ:** ദക്ഷിണാഫ്രിക്കയുടെ വടക്കുകിഴക്കു ഭാഗത്തുള്ള പ്രവിശ്യ. ദക്ഷിണാഫ്രിക്കയിലെ ഏറ്റവും വലിയ നഗരമായ ജോഹന്നാസ്ബർഗ് ഈപ്രവിശ്യയിലാണ്. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ ഗാന്ധിജിക്ക് ഒരു ജർമ്മൻ സുഹൃത്തായ ഹെർമ്മൻ കല്ലൻബാക്ക് ജോഹന്നാസ്ബർഗിനടുത്ത് ആയിരം ഏക്കർ സ്ഥലം സമ്മാനിച്ചു. അവിടെയാണ് ഗാന്ധിജി ' ടോൾസ്റ്റോയ് ഫാം തുടങ്ങിയത്. ടോൾസ്റ്റോയിയുടെ ചിന്താഗതി മഹാത്മാഗാന്ധിയെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തതിന്റെ ഉത്തമോദാഹരണമാണ് ദക്ഷിണാഫ്രിക്കയിലെ തന്റെ നിവാസ സ്ഥാനത്തിന് ഗാന്ധിജി ' ടോൾസ്റ്റോയ്ഫാം' എന്നു പേരിട്ടത്.

കഥ – പരിഭാഷ

# നീതിമാനായ ന്യായാധിപൻ

## ലിയോ ടോൾസ്റ്റോയ്



[ലിയോ ടോൾസ്റ്റോയ് (1828 – 1910) റഷ്യൻ നോവലിസ്റ്റ്, സാമൂഹ്യപ്രവർത്തകൻ. പ്രധാനകൃതികൾ: യുദ്ധവും സമാധാനവും, അന്നാകരനീന, സ്വർഗരാജ്യം നിങ്ങളുടെ ഉള്ളിൽത്തന്നെയാകുന്നു, എന്റെ കുറ്റസമ്മതം.

ഓമനാ ഗോപാലകൃഷ്ണൻ (പരിഭാഷക) : 1936 ൽജനനം. 1963 ൽ ഡൽഹിയിലെ യു.എസ്. എസ്.ആർ എംബസിയുടെ ഇൻഫർമേഷൻ വിഭാഗത്തിൽ ചേർന്നു. 1969 – ൽ മോസ്കോയിലെ പ്രോഗ്രസ് പബ്ലിഷേഴ്സിൽ പരിഭാഷകയായി. 1983 – ൽ റാദുഗ പബ്ലിഷേഴ്സ് ആരംഭിച്ചപ്പോൾ അതിൽ മലയാളത്തിന്റെ ചുമതല ഏറ്റെടുത്തു. 56 റഷ്യൻ സാഹിത്യകൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. 2003–ൽ അന്തരിച്ചു.]

പണ്ടു പണ്ട് ബവകാസ് എന്ന ഭരണാധികാരിയുടെ കാലത്ത് അൾജീരിയയിലെ ഒരു ചെറുപട്ടണത്തിൽ നീതിമാനായ ഒരു ന്യായാധിപൻ ഉണ്ടായിരുന്നു. നേരും നുണയും തമ്മിൽ നിഷ്പ്രയാസം തിരിച്ചറിയാൻ കഴിഞ്ഞിരുന്ന അദ്ദേഹത്തെ പറ്റിക്കാൻ പഠിച്ച കള്ളൻമാർക്കു പോലും സാധ്യമല്ലെന്ന് ജനങ്ങൾ വിശ്വസിച്ചു. അദ്ദേഹത്തിന്റെ പ്രശസ്തി ബവകാസിന്റെ ചെവിയിലുമെത്തി. ആ ന്യായാധിപനെപറ്റി കേൾക്കുന്നതെല്ലാം സത്യമാണോ എന്ന് നേരിൽപരീക്ഷിക്കാൻ ബവകാസ് തീരുമാനിച്ചു. അദ്ദേഹം ഒരു കച്ചവടക്കാരന്റെ വേഷത്തിൽ ന്യായാധിപൻ താമസിച്ചിരുന്ന പട്ടണത്തിലേക്കു കുതിരയോടിച്ചു പോയി. പട്ടണത്തിന്റെ കവാടത്തിലെത്തിയപ്പോൾ ഒരു മുടന്തനായ യാചകൻ അദ്ദേഹത്തെ സമീപിച്ച് ഭിക്ഷ ചോദിച്ചു. ബവകാസ് യാചകന് കുറെ പണം കൊടുത്തിട്ട് യാത്ര തുടരാൻ ഭാവിച്ചു. പെട്ടെന്ന് യാചകൻ പിന്നിൽനിന്ന് അദ്ദേഹത്തിന്റെ കുപ്പായത്തിൽ പിടിച്ചു വലിച്ചു.'

'എന്തുവേണം?' ബവകാസ് അയാളോട് ചോദിച്ചു. 'ഞാൻ നിനക്ക് ഭിക്ഷ തന്നല്ലോ?' 'തന്നു'. മുടന്തൻ പറഞ്ഞു. 'അങ്ങ് എനിക്ക് ഒരു ഉപകാരം കൂടി ചെയ്താൽകൊള്ളാം. എന്നെ കുതിരപ്പുറത്തു കയറ്റി പട്ടണത്തിലെ കവലയിൽ ഇറക്കണം. അല്ലെങ്കിൽ കുതിരകളും ഒട്ടകങ്ങളും എന്നെ ചവിട്ടി മെതിക്കും.' ബവകാസ് മുടന്തനെ കുതിരപ്പുറത്തു കയറ്റി. കവലയിലെത്തിയപ്പോൾ. അദ്ദേഹം കുതിരയെ നിർത്തി. എന്നാൽ മുടന്തൻ ഇറങ്ങാൻ കൂട്ടാക്കിയില്ല.

'കവലയിലെത്തിയിട്ടും നീ ഇറങ്ങാത്തതെന്ത്?' ബവകാസ് ചോദിച്ചു.

യാചകൻ മറുപടി പറഞ്ഞത് ഇങ്ങനെയാണ്: 'ഞാൻ ഇറങ്ങുന്നതെന്തിന്? ഈ കുതിര

എന്റേതാണ്. നിങ്ങൾ സ്വമനസ്സാലെ കുതിരയെ വിട്ടുതരുന്നില്ലെങ്കിൽ ന്യായാധിപന്റെ അടുത്തേക്കുപോകേണ്ടി വരും.' തർക്കം മൂത്തപ്പോൾ ആളുകൾ ചുറ്റും കൂടി. അവർ വിളിച്ചു പറഞ്ഞു. 'ന്യായാധിപന്റെ അടുത്തേക്കുപോകാം. അദ്ദേഹം തർക്കം തീർക്കട്ടെ.'

ബവകാസും മുടന്തനും ന്യായാധിപന്റെ സന്നിധിയിലെത്തി അവിടെ വേറെയും കുറെ ആളുകൾ കാത്തുനിന്നിരുന്നു. ന്യായാധിപൻ, വന്ന മുറയനുസരിച്ച് പരാതിക്കാരെ വിളിച്ചു. ആദ്യം ഒരു പണ്ഡിതന്റേയും കൃഷിപ്പണിക്കാരന്റേയും പരാതിയാണ് അദ്ദേഹം കേട്ടത്. ഒരു സ്ത്രീയെ ചൊല്ലിയായിരുന്നു തർക്കം. അവൾ തന്റെ ഭാര്യയാണെന്ന് കൃഷിപ്പണിക്കാരനും അതല്ല തന്റെ ഭാര്യയാണെന്ന് പണ്ഡിതനും വീറോടെ വാദിച്ചു. ന്യായാധിപൻ അവർ പറഞ്ഞതു മുഴുവൻ ശ്രദ്ധിച്ചു കേട്ടിട്ട് അല്പനേരം മൗനം പൂണ്ടിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു: 'സ്ത്രീയെ ഇവിടെ നിർത്തിയിട്ട് നിങ്ങൾ രണ്ടുപേരും പൊയ്ക്കോളൂ. നാളെ വന്നാൽ തീർപ്പു പറയാം.



പിന്നീട് ഒരു ഇറച്ചിവെട്ടുകാരന്റേയും എണ്ണക്കച്ചവടക്കാരന്റേയും തർക്കമാണ് ന്യായാധിപൻ കേട്ടത്. ഇറച്ചിവെട്ടുകാരന്റെ വസ്ത്രങ്ങളിൽ ചോര തെറിച്ച പാടുകളുണ്ടായിരുന്നു. എണ്ണക്കച്ചവടക്കാരന്റെ വസ്ത്രങ്ങൾ എണ്ണയിൽ കുതിർന്നിരുന്നു. ഇറച്ചിവെട്ടുകാരൻ ഒരു കൈയിൽ കുറെ പണം മുറുകെ പിടിച്ചിരുന്നു. ആ കൈയിൽ എണ്ണക്കച്ചവടക്കാരൻ ബലമായി പിടിച്ചിട്ടുമുണ്ടായിരുന്നു. ഇറച്ചിവെട്ടുകാരൻ പറഞ്ഞു:

‘ഞാൻ ഈ മനുഷ്യന്റെയടുത്തുനിന്നു കുറച്ച് എണ്ണ വാങ്ങി . അതിന്റെവില കൊടുക്കാനായി പേഴ്സ് തുറന്നപ്പോൾ ഇയാൾ എന്റെ കൈയിൽ കടന്നു പിടിച്ച് പണം മുഴുവൻ തട്ടിയെടുക്കാൻ ശ്രമിച്ചു. ആ നിലയിലാണ് ഞങ്ങൾ ഇവിടെ എത്തിയിരിക്കുന്നത് – ഞാൻ പേഴ്സ് മുറുകെ പിടിച്ചിരിക്കുന്നു, എന്റെ കൈയിൽ ഇയാളും മുറുകെ പിടിച്ചിരിക്കുന്നു.’ എണ്ണക്കച്ചവടക്കാരൻ പറഞ്ഞ കഥ മറ്റൊന്നാണ്:

‘അതുനുണയാണ്. ഇറച്ചിവെട്ടുകാരൻ എണ്ണ മേടിക്കാൻ വന്നു. ഞാൻ അയാൾക്ക് ഒരു ഭരണി നിറയെ എണ്ണ കൊടുത്തു. ഒരു സ്വർണ്ണനാണയം മാറ്റി ചില്ലറ കൊടുക്കാൻ അയാൾ എന്നോടു പറഞ്ഞു. ഞാൻ പണം എടുത്തു മേശപ്പുറത്തു വച്ചയുടൻ അയാൾ അതെടുത്തും കൊണ്ട് ഓടാൻ തുടങ്ങി. ഞാൻ അയാളുടെ കൈക്കു കടന്നുപിടിച്ച് ബലമായി അയാളെ ഇങ്ങോട്ടു കൊണ്ടുവന്നതാണ്.’

കുറച്ചുനേരം മിണ്ടാതിരുന്നിട്ട് ന്യായാധിപൻ പറഞ്ഞു:
‘പണം ഇവിടെ വച്ചിട്ട് നിങ്ങൾ പൊയ്ക്കോളൂ. നാളെ വന്നാൽമതി.’

ബവകാസിന്റേയും മുടന്തന്റേയും ഊഴമായപ്പോൾ ബവകാസ് നടന്ന കാര്യങ്ങളൊക്കെ വിസ്തരിച്ചു പറഞ്ഞു. ന്യായാധിപൻ അതു മുഴുവൻ ശ്രദ്ധിച്ചു കേട്ടിട്ട് മുടന്തനെവിളിച്ചു. മുടന്തൻ ഇപ്രകാരംപറഞ്ഞു: ‘അയാൾ പറഞ്ഞതു സത്യമല്ല. ഞാൻ പട്ട ണത്തിലൂടെ കുതിരപ്പുറത്തു സഞ്ചരിക്കുമ്പോൾ അയാൾ ഒരിടത്ത് ഇരിക്കയായിരുന്നു. തന്നെ കുതിരപ്പുറത്തുകയറ്റികൊണ്ടുപോകണമെന്ന് അയാൾ എന്നോട് അപേക്ഷിച്ചു. ഞാൻഅയാളെ കുതിരപ്പുറത്തുകയറ്റി അയാൾ ആവശ്യപ്പെട്ടസ്ഥലത്തേക്കു കൊണ്ടുപോയി.എന്നാൽ അയാൾ അവിടെ ഇറങ്ങാൻ കൂട്ടാക്കിയില്ല.കുതിര അയാളുടേതാണെന്നാണ് അയാൾ ഇപ്പോൾ പറയുന്നത്.അതു നുണയാണ്.

ന്യായാധിപൻ ഒരുനിമിഷം ആലോചനാമഗ്നനായി ഇരുന്നിട്ട് പറഞ്ഞു:
‘കുതിരയെവിട്ടിട്ട് നിങ്ങൾ ഇപ്പോൾ പോവുക. നാളെ വന്നാൽമതി.’
പിറ്റേന്ന് ന്യായാധിപൻ വിധി പറയുന്നത് കേൾക്കാൻ അനേകം പേർ വന്നിരുന്നു. പണ്ഡിതനും കൃഷീവലനുമാണ് ആദ്യം എത്തിയത്.

'കൃഷീവലന് അമ്പത് അടി കൊടുക്കുകയും പണ്ഡിതൻ ഭാര്യയെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്യട്ടെ.' ന്യായാധിപൻ പറഞ്ഞു. പണ്ഡിതൻ ഭാര്യയെ കൂട്ടിക്കൊണ്ടുപോയി. കൃഷിക്കാരന് അമ്പത് അടിയുംകിട്ടി. പിന്നീട് ഇറച്ചിവെട്ടുകാരനെയാണ് ന്യായാധിപൻ വിളിച്ചത്.

'പണം നിങ്ങളുടേതാണ്,' അദ്ദേഹം അയാളോടു പറഞ്ഞു. എണ്ണക്കച്ചവടക്കാരനെചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം കല്പിച്ചു. 'അയാൾക്ക് അമ്പത് അടിയാണ് ശിക്ഷ.' ബവകാസും മുടന്തനും ന്യായാധിപന്റെ മുമ്പിൽ ഹാജരായി.

'ഇരുപതു കുതിരകളുടെ കൂട്ടത്തിൽനിന്ന് നിങ്ങളുടെ കുതിരയെ തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുമോ?'ന്യായാധിപൻ ബവകാസിനോട് ചോദിച്ചു.

'കഴിയും.' ബവകാസ് പറഞ്ഞു. 'നിങ്ങൾക്കോ?' 'എനിക്കും കഴിയും,' മുടന്തൻ പറഞ്ഞു.'എന്റെകൂടെ വരൂ,' ന്യായാധിപൻ ബവകാസിനോട് പറഞ്ഞു. അവർ കുതിരലായത്തിലെത്തി. തന്റെ കുതിര ഏതെന്ന് ഉടൻതന്നെ ചൂണ്ടിക്കാട്ടി. പിന്നീട് ന്യായാധിപൻ മുടന്തനെ ലായത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. മുടന്തനും കുതിരയെ തിരിച്ചറിഞ്ഞു. ന്യായാധിപൻ സ്വസ്ഥാനത്തു വന്നിരുന്നിട്ട് ബവകാസിനോട് പറഞ്ഞു.'കുതിര നിങ്ങളുടേതാണ്. മുടന്തനെഅമ്പത് അടിക്ക് ശിക്ഷിച്ചിരിക്കുന്നു.

വിധി പറഞ്ഞു കഴിഞ്ഞ് ന്യായാധിപൻ സ്വവസതിയിലേക്ക് പുറപ്പെട്ടപ്പോൾ ബവകാസ് അദ്ദേഹത്തിന്റെ അടുത്തെത്തി. 'കാര്യമെന്താണ്? നിങ്ങൾക്ക് എന്റെ തീരുമാനം ഇഷ്ടമായില്ലേ?'

ന്യായാധിപൻ ചോദിച്ചു. 'അക്കാര്യത്തിൽ എനിക്ക് പരാതിയൊന്നുമില്ല' ബവകാസ് പറഞ്ഞു. 'എന്നാൽ സ്ത്രീ പണ്ഡിതന്റെ ഭാര്യയാണെന്നും പണം ഇറച്ചിവെട്ടുകാരന്റേതാണെന്നും കുതിര എന്റേതാണെന്നും അങ്ങ് എങ്ങിനെ മനസ്സിലാക്കിയെന്ന് അറിയാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്.'

'അതുപറയാം. സ്ത്രീ ആരുടെ ഭാര്യയാണെന്ന് ഞാൻ കണ്ടുപിടിച്ചത് ഇങ്ങനെയാണ്: രാവിലെ ഞാൻ ആസ്ത്രീയെ അടുത്തേക്കു വിളിച്ച് എന്റെ മഷിക്കുപ്പിയിൽ മഷി നിറയ്ക്കാൻ ആവശ്യപ്പെട്ടു. അവൾ മഷിക്കുപ്പി മേശപ്പുറത്തു നിന്നെടുത്തു കഴുകി വെടിപ്പാക്കി അതിൽ മഷി നിറച്ചു. ആ ജോലി ചെയ്ത് അവൾക്ക് ശീലമുണ്ടെന്ന് എനിക്ക് മനസ്സിലായി. ഒരു കൃഷീവലന്റെ ഭാര്യയായിരുന്നെങ്കിൽ അവൾക്ക് അത്ര ഭംഗിയായി അതു ചെയ്യാൻ കഴിയുമായിരുന്നില്ല. അപ്പോൾ പണ്ഡിതൻ പറഞ്ഞതാണ് സത്യം...പണം ആരുടേതെന്നു തീരുമാനിച്ചത് ഇങ്ങനെയാണ് : ഞാൻ പണം വെള്ളം നിറച്ച ഒരു കപ്പിൽ ഇട്ടുവച്ചു. മുകളിൽഎണ്ണ പൊങ്ങിക്കിടക്കുന്നുണ്ടോ എന്ന് ഇന്നു രാവിലെ ഞാൻ പരിശോധിച്ചു.

എണ്ണക്കച്ചവടക്കാരന്റെ പണമായിരുന്നെങ്കിൽ തീർച്ചയായും അയാളുടെ കയ്യിൽനിന്ന് അതിൽ എണ്ണമയം പുരളുമായിരുന്നു.വെള്ളത്തിനുമീതെ എണ്ണ ഒട്ടും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഇറച്ചിവെട്ടുകാരൻ പറഞ്ഞതാണ് ശരിയെന്ന് ഞാൻ

തീരുമാനിച്ചു. കുതിര ആരുടേതെന്ന് തീരുമാനിക്കാൻ. ഇരുപതുകുതിരകളുടെ ഇടയിൽനിന്ന് താങ്കളും മുടന്തനും അതിനെ നിഷ്പ്രയാസം തിരിച്ചറിഞ്ഞു.എന്നാൽ നിങ്ങൾക്കു കുതിരയെ തിരിച്ചറിയാമോ എന്നുനോക്കാനല്ല, കുതിര നിങ്ങളിൽ ആരെയാണു തിരിച്ചറിയുന്നത് എന്നു നോക്കാനാണ് ഞാൻ ആ പരീക്ഷണം നടത്തിയത്. താങ്കൾ അടുത്തു ചെന്നയുടനെ കുതിര തലതിരിച്ച് താങ്കളുടെ അടുത്തേക്ക് നീങ്ങിനിന്നു. എന്നാൽ മുടന്തൻ കുതിരയെ തൊട്ടയുടൻ അതിന്റെ ഭാവം മാറി. അത് ചെവികൾ ദേഹത്തോടു ചേർത്തു പിടിക്കുകയും തൊഴിക്കാനായി കാലുപൊക്കുകയും ചെയ്തു.താങ്കളാണ് കുതിരയുടെ യഥാർത്ഥ അവകാശി എന്ന് ഉടൻ തന്നെ ഞാൻ മനസ്സിലാക്കി. ’ബവകാസ്പുഞ്ചിരിതൂകി ക്കൊണ്ട് പറഞ്ഞു:

‘ഞാൻ കച്ചവടക്കാരനല്ല, നാടുവാഴിയായ ബവകാസാണ്. താങ്കളെപ്പറ്റി കേൾക്കുന്നതെല്ലാം സത്യമാണോ എന്നറിയാനാണ് ഞാൻ ഈ വേഷത്തിൽ ഇവിടെ എത്തിയത്. താങ്കൾ ബുദ്ധിമാനായ ഒരു ന്യായാധിപനാണെന്ന് എനിക്ക് ബോദ്ധ്യമായി. പാരിതോഷികമായി എന്തു വേണമെങ്കിലും ചോദിച്ചോളൂ.’

‘എനിക്ക് പാരിതോഷികമൊന്നും വേണ്ട.’ ന്യായാധിപൻ പറഞ്ഞു.

# വ്യാകരണം

## യൂണിറ്റ് III :

### ക്രിയാവിശേഷണം :

ക്രിയയെ വിശേഷിപ്പിക്കുന്ന ശബ്ദത്തെ ക്രിയാവിശേഷണം എന്നു പറയുന്നു.

ഉദാ: വേഗത്തിൽഓടി, പതുക്കെ നടന്നു, പാടിപ്പറന്നു

കൂടുതൽ ക്രിയാവിശേഷണങ്ങൾ ശേഖരിച്ചെഴുതുക.

1) ഉദാഹരണങ്ങളെഴുതുക.

   1. പുല്ലിംഗം   2. സ്ത്രീലിംഗം   3. നപുംസക ലിംഗം

2) വർത്തമാനം, ഭൂതം, ഭാവി, ഇവയ്ക്ക് ഉദാഹരണങ്ങളെഴുതുക.

3) ഏകവചനം, ബഹുവചനം ഉദാഹരണങ്ങളെഴുതുക.

4) വിഭക്തി എന്നാൽഎന്ത്? മലയാളത്തിലെ വിഭക്തികളും പ്രത്യയങ്ങളുമെഴുതി ഉദാഹരണങ്ങൾ നൽകുക.

5) കർത്തരി പ്രയോഗം, കർമ്മണി പ്രയോഗം ഇവ വിവരിച്ച് ഉദാഹരണങ്ങളെഴുതുക.

രചന : ആശയവിപുലനം

# പ്രേമസംഗീതം

### ഉള്ളൂർ എസ്. പരമേശ്വരയ്യർ



[ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877–1949) ആധുനിക കവിത്രയത്തിൽ പ്രശസ്തനായ ഉള്ളൂർ എസ്. പരമേശ്വരയ്യർ ജനിച്ചത് ചങ്ങനാശ്ശേരിയിലാണ്. ഗവേഷണരംഗത്തും സാഹിത്യ ചരിത്ര നിർമ്മാണരംഗത്തും മഹത്തായ സംഭാവനനൽകി. ഉമാകേരളം (മഹാകാവ്യം), കർണഭൂഷണം, ചിത്രശാല, പിംഗള, ഭക്തിദീപിക (ഖണ്ഡകാവ്യങ്ങൾ), കിരണാവലി,മണിമഞ്ജുഷ, താരഹാരം, അമൃതധാര, കല്പശാഖി, രത്നമാല, തരംഗിണി (കവിതാസമാഹാരങ്ങൾ), അംബ(നാടകം), എന്നിവയാണ് പ്രധാനകൃതികൾ. ഗവേഷണ പ്രബന്ധങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാനദീപികയും കേരള സാഹിത്യ ചരിത്രവും ഭാഷയ്ക്കു ലഭിച്ച മഹത്തായ നേട്ടങ്ങളാണ്.]

മണിമഞ്ജൂഷയിലെ കവിതയായ പ്രേമസംഗീതത്തിലെ ഏതാനും വരികളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. പരസ്പരസ്നേഹമാണ് ഈലോകത്തിന്റെ തന്നെ ജീവനെന്നും നാം ലോകത്തിന് എന്തു നൽകുന്നുവോ അതുതന്നെ ലോകം നമുക്ക് തിരിച്ചു നൽകുന്നുവെന്നും മനസ്സിന്റെ നന്മയും വെൺമയും നമുക്കു ചുറ്റും പ്രകാശം പരത്തുന്നുവെന്നും കവി ഉദ്ഘോഷിക്കുന്നു.



ഒരൊറ്റ മതമുണ്ടുലകി,ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം.
ഭക്ത്യനുരാഗദയാദിവപുസ്സപ്പരാത്മചൈതന്യം
പലമട്ടേന്തി പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തിക്യംതാൻ ദ്വേഷം; ലോകത്തി
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.



പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം;
പ്രപഞ്ചമസ്മദ്ഭാവവിഡംബനപാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.

വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെൺമ മനസ്സിൽ വിളങ്ങിനഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ;
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം , നടുകിൽത്തിന്നാം, നൽകുകിൽ നേടീടാം;
നമുക്കുനാമേ പണിവതു നാകം നരകവുമതുപോലെ.

## അഭ്യാസം

### I. പദപരിചയം :

വപുസ്സ്, പാർവണം, തമസ്സ്, പ്രപഞ്ചം, മുകുരം, പ്രതിബിംബം, കുഹരം, പ്രതിധ്വനി, അസ്മദ്, വചനം, ആമ്രേഡനം, കീരം, വിഡംബനം, പാടവം, വിശ്വം, പേശലം, പ്രേക്ഷകൻ, ഇതരേതരം, നിരതൻ, നമിക്കുക, നാകം.

### II. ഉത്തരമെഴുതുക :

1. പ്രപഞ്ചത്തെ എന്തൊക്കെയായിട്ടാണ് കവി വിശേഷിപ്പിക്കുന്നത്?
2. പ്രേമം പാരിന് പ്രകാശമരുളുന്നത് എങ്ങനെ? വിശദീകരിക്കുക?
3. “പ്രേമസംഗീതം ” എന്ന പദ്യത്തിന് ആസ്വാദനം എഴുതുക?

### III. മനഃപാഠമാക്കുക.

വിളക്ക് കൈവശ .. .. .. .. .. .. .. .. നരകവുമതുപോലെ.

# തണ്ണീർത്തടങ്ങൾ

അജയകുമാർ.കെ



[അജയകുമാർ.കെ 1973-ൽ വടകരയിൽ ജനിച്ചു. സിവിൽഎഞ്ചിനീയറിങ്ങിൽ ബിരുദം, റെയിൽ ട്രാൻസ്പോർട്ടിലും പരിസ്ഥിതി ശാസ്ത്രത്തിലും ബിരുദാനന്തരയോഗ്യതകൾ. മലയാളത്തിലെ ആദ്യത്തെ പരസ്യവാരികയായ ടൈംസ് ആഡ്സിന്റെയും കളിചിരി മാസികയായ പാവക്കുട്ടിയുടെയും എഡിറ്റർ ഇൻചാർജ് ആയിരുന്നു. ഇപ്പോൾ രാജഗിരി സ്കൂൾഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിൽ അദ്ധ്യാപകൻ.

മനുഷ്യന്റെ ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട തണ്ണീർത്തടങ്ങളെക്കുറിച്ചും ജലത്തിൽ വളരുന്ന സസ്യങ്ങളെയും മറ്റു ജീവജാലങ്ങളേയും കുറിച്ചും ഹ്രസ്വമായി പ്രതിപാദിക്കുന്ന തണ്ണീർത്തടങ്ങൾ എന്ന സാമാന്യശാസ്ത്രഭാഗം 'വെള്ളം' എന്ന കൃതിയിലുള്ളതാണ്.]



വർഷത്തിൽ ആറുമാസമെങ്കിലും വെള്ളത്താൽ ചുറ്റപ്പെട്ടതോ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതോ വെള്ളം നിറഞ്ഞുനിൽക്കുന്നതോ ആയ ഭൂപ്രദേശങ്ങളെ യാണ് തണ്ണീർത്തടങ്ങൾ എന്നു പറയുന്നത്. ചെറുതും വലുതുമായ തടാകങ്ങൾ, അണക്കെട്ടുകൾ, ജലസംഭരണികൾ, നദികൾ, അരുവികൾ, അഴിമുഖങ്ങൾ, കൽപ്രദേശങ്ങൾ, ചതുപ്പുനിലങ്ങൾ, നെൽവയലുകൾ, വെള്ളത്തിനടിയിലാകുന്ന വനഭൂമികൾ തുടങ്ങിയവയൊക്കെ ഇതിൽപ്പെടും. ഭക്ഷ്യയോഗ്യമായ മത്സ്യങ്ങളുടെ തൊണ്ണൂറു ശതമാനവും തണ്ണീർത്തടങ്ങളിൽ നിന്നാണു ലഭിക്കുന്നത്.



ഇവ പ്രകൃതി നിർമ്മിച്ച സ്വഭാവികജലസംഭരണികളിലായി നിലനിന്ന് വെള്ളപ്പൊക്കം നിയന്ത്രിക്കുകയും ഭൂഗർഭജലത്തിന്റെ സ്രോതസ്സുകളായി വർത്തിക്കുകയും ചെയ്യുന്നു. ജലാശയങ്ങളുടെ തീരഭൂമി ബലപ്പെടുത്തുന്ന ജൈവമതിൽക്കെട്ടായി തണ്ണീർത്തടങ്ങളിലെ സസ്യങ്ങൾ നിലനിൽക്കുമ്പോൾ അലിഞ്ഞു ചേരുന്ന മാലിന്യങ്ങളെ നീക്കം ചെയ്യുന്ന ജൈവ അരിപ്പയായി ഇവയിലെ സസ്യജാലങ്ങൾ വർത്തിക്കുന്നു.

ഇന്ത്യയിൽ തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ മുൻപന്തിയിൽനിൽക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ മിക്ക തണ്ണീർത്തടങ്ങളും ഓരുവെള്ളം കയറുന്ന കായലുകളാണ്. വേമ്പനാട്, അഷ്ടമുടി തുടങ്ങിയവ ഉദാഹരണങ്ങൾ. വെള്ളായണി, ശാസ്താംകോട്ട, പൂക്കോട്, ഏനാമാക്കൽ, മനക്കൊടി, ഇരവികുളം, പെരിയാർ എന്നിവ ശുദ്ധജല തടാകങ്ങളാണ്.



കേരളത്തിന്റെ വിസ്തൃതിയിൽ 4660 ചതുരശ്രകിലോമീറ്റർ തണ്ണീർത്തടങ്ങളാണ്. ഇത് മൊത്തം വിസ്തൃതിയുടെ 12 ശതമാനം വരും. കേരളത്തിൽ ഇന്നുള്ള 236 അരുവികളും 995 കുളങ്ങളും ഉപയോഗശൂന്യമായിക്കൊണ്ടി രിക്കുകയാണ്. 34773 ഹെക്ടർ പ്രദേശത്തേ ഇന്നു കായലുള്ളു. തണ്ണീർത്തടങ്ങളുടെ അവിഭാജ്യഘടകമായിരുന്ന കണ്ടൽക്കാടുകൾ ഇന്ന് അപൂർവം സ്ഥലങ്ങളിലേ ഉള്ളു.

തണ്ണീർത്തടങ്ങൾ നികത്തി വികസനം നടപ്പാക്കുന്നതിന്റെ പരിണതഫല ങ്ങളിലൊന്നാണ് നഗരങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കം. കുളങ്ങളും തടാകങ്ങളും വയലുകളുമൊക്കെനികത്തുന്നത് തണ്ണീർത്തടങ്ങളുടെ നാശത്തിനും തദ്വാരാ നഗരങ്ങളുടെ നരകസമാനമായ അവസ്ഥയ്ക്കും കാരണമാവും.

ജലം എന്ന ആവാസവ്യവസ്ഥയിൽ തണ്ണീർത്തടങ്ങളാണ് മുഖ്യസ്ഥാനത്ത്. ഇവയിലെ അംഗങ്ങളേതൊക്കെയെന്നു പരിശോധിക്കാം.

**ജലസസ്യങ്ങൾ :**

ചതുപ്പിലോ ജലപൂരിതമായ കരയിലോ വെള്ളത്തിലോ ജീവിക്കുന്ന സസ്യങ്ങളെയാണ് ജലസസ്യങ്ങൾ എന്നു വിളിക്കുന്നത്. ജീവിതരീതിയിലെ വ്യത്യാസങ്ങളനുസരിച്ച് ഇവയെ പൊതുവെ മൂന്നായി തിരിച്ചിട്ടുണ്ട്.









വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന സസ്യങ്ങളാണ് ആദ്യവിഭാഗം. ഇവയെ പ്ലവ സസ്യങ്ങൾ എന്നു വിളി ക്കുന്നു. പൂർണമായും വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന സസ്യങ്ങളെ

പൂർണനിമഗ്നസസ്യങ്ങൾ എന്നുവിളിക്കും. ഭാഗികമായി മാത്രം മുങ്ങിക്കിടക്കുന്ന സസ്യങ്ങളാണ് ഭാഗികനിമഗ്നസസ്യങ്ങൾ.



ഏതാണ്ട് എല്ലാ ഭാഗത്തു കൂടിയും ജലവും വാതകങ്ങളും ആഗിരണം ചെയ്യാൻ കഴിയുന്ന തരത്തിലാണ് ഈ സസ്യങ്ങളുടെ ശരീരഘടന. അതുകൊണ്ടു തന്നെ കരയിൽജീവിക്കുന്ന സസ്യങ്ങളിലേതുപോലുള്ള യാന്ത്രികകലകളും സംവഹനകലകളും ഇവയിൽ വളരെ കുറവായിരിക്കും.

ജലപരിസ്ഥിതിക്ക് അനുയോജ്യമാകുന്ന തരത്തിൽ ഒട്ടേറെ അനുകൂലഘടകങ്ങൾ ഈ സസ്യങ്ങൾക്ക് ഉണ്ടാകാറുണ്ട്. വെള്ളത്തിൽനിന്നുള്ള വാതകലഭ്യത കുറവായതിനാൽ ഈ സസ്യങ്ങളുടെ ആന്തരിക കലകളിൽ വലിയ കോശാന്തര സ്ഥലങ്ങൾ കാണും. മാത്രമല്ല, സന്തുലനാവസ്ഥക്കുവേണ്ടിയുള്ള വേരുകൾ, കട്ടിയേറിയ ക്യൂട്ടിക്കിൾകൊണ്ടു പൊതിയപ്പെട്ട ഇലകൾ, കായികഭാഗങ്ങളിൽ വായുസഞ്ചികൾ, നീണ്ട പത്രവൃന്ദങ്ങൾ തുടങ്ങിയവയും കാണാം.

ആൽഗ, ഫംഗസ് തുടങ്ങി എല്ലാതരത്തിലും പെട്ട ജലസസ്യങ്ങൾ കണ്ടു വരാറുണ്ട്. വെള്ളത്തിൽ വളരുന്നതല്ലെങ്കിലും നീരുറവയുള്ള പ്രദേശങ്ങളിൽ സുലഭമായ സസ്യങ്ങളിലൊന്നാണ് നീർമാതളം. ക്രട്ടേവ റിലീജിയോസ എന്ന ശാസ്ത്ര നാമമുള്ള നീർമാതളത്തെ ഇലകൊഴിയും വൃക്ഷം എന്നും വിളിക്കാറുണ്ട്. മൈമോസ എലേറ്റ എന്ന ശാസ്ത്രനാമമുള്ള നീർവാക, നീർവാളം തുടങ്ങിയവയും ജലസാന്നിദ്ധ്യം അത്യാവശ്യമുള്ള സസ്യങ്ങൾ തന്നെ.

പുഴയോരനദീവനങ്ങളിൽ വളരുന്ന തമ്പകം, നീർമരുത്, മലമ്പുന്ന, മാവ് തുടങ്ങിയ മരങ്ങളും ആഞ്ഞിലി, അയിനി തുടങ്ങിയ ഉത്തരകമാനവൃക്ഷങ്ങളും ചൂരുളി, പൂത്തുലഞ്ഞി, ഞാവൽ, താന്നി, ആറ്റുനൊച്ചി തുടങ്ങിയ മധ്യകമാനവൃക്ഷങ്ങളും കുളമട്ടി, എടനാ തുടങ്ങിയ ചെറുവൃക്ഷങ്ങളും വഞ്ചി, പുഴവഞ്ചി, കല്ലൂർവഞ്ചി തുടങ്ങിയ കുറ്റിച്ചെടികളും ധാരാളം വെള്ളം ആവശ്യമുള്ളവയാണ്.



ആമ്പലും താമരയും ആഫ്രിക്കൻപായലും കുളവാഴയുമൊക്കെ വെള്ളത്തിൽ ത്തന്നെ  ജീവിക്കുന്ന വിവിധ വർഗ്ഗങ്ങളിൽപ്പെട്ട ജലസസ്യങ്ങളാണ്.

**ജലജീവികൾ :**

ജലജീവികളേയും മൂന്നായി തരം തിരിക്കാം: വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന ജീവികൾ, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ജീവികൾ, വെള്ളത്തിലും കരയിലും ജീവിക്കുന്ന ജീവികൾ എന്നിങ്ങനെ.വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ജീവികളെ പൊതുവെ ജന്തുപ്ലവകങ്ങൾ എന്നാണു വിളിക്കുന്നത്.



മുങ്ങിക്കിടക്കുന്ന ജീവികൾ പ്രധാനമായും മത്സ്യങ്ങളാണ്. ലോകത്തിലാകെ 20000 സ്പീഷീസിൽപെട്ട മത്സ്യങ്ങൾ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നവതന്നെ. ഇന്ത്യൻ ജല ങ്ങളിൽ ആയിരത്തിൽപരം സ്പീഷീസിൽപെട്ട മത്സ്യങ്ങളെ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ 45 കുടുംബത്തിൽപ്പെട്ട നൂറോളം സ്പീഷീസിലുള്ള മത്സ്യങ്ങളുണ്ട്.

മത്സ്യങ്ങളെ കടുപ്പമുള്ള അസ്ഥിയുള്ള മത്സ്യങ്ങൾഎന്നും തരുണാസ്ഥി മത്സ്യങ്ങൾ എന്നും രണ്ടായി തിരിക്കാം. കടലിൽ ജീവിക്കുന്ന മത്സ്യങ്ങൾ എന്നും ശുദ്ധജ ലത്തിൽജീവിക്കുന്നവ എന്നും തിരിക്കാം. കടൽമത്സ്യങ്ങളിൽ പ്രധാനപ്പെട്ടത് എണ്ണമത്തി, അയില, ചാള, നെയ്മീൻ, ആവോലി, സ്രാവ്, തിരണ്ടി തുടങ്ങിയവയാണ്. ജലാശയമത്സ്യങ്ങളിൽ രോഹു, കട്ല, മൃഗല, കാർപ്പ്, തിലോപ്പിയ, കൂരി തുടങ്ങിയവയാണ് പ്രധാനപ്പെട്ടത്. കരിമീൻ, ടൗട്ട്, ക്ലാരിയസ്, എന്നിവയുമുണ്ട്.

ചെമ്മീൻ, ഞണ്ട്, ചിപ്പികൾ, പവിഴച്ചിപ്പികൾ തുടങ്ങിയവ മറ്റു ജല ജീവികൾ.
ആമ,തവള തുടങ്ങി വെള്ളത്തിൽ നിന്നു കരയിലേക്കു കയറുന്ന ജീവികളുമണ്ട്. അതേസമയം നീലത്തിമിംഗലം പോലുള്ള വമ്പൻ കടൽജീവികൾവേറെയുമുണ്ട്।

നമ്മുടെ നാട്ടിലെ ജലജീവികളിൽ പ്രധാനിയാണ് പുളവൻ എന്നറിയപ്പെടുന്ന നീർക്കോലിപ്പാമ്പ്. നാട്രിക്സ്പിസ്കേറ്റർ എന്നറിയപ്പെടുന്ന ഈ വിഷമില്ലാപ്പാമ്പിന് ഒരു മീറ്റർ വരെ നീളം കാണും. വിഷമില്ലെങ്കിലും അത്താഴം മുടക്കാൻ നീർക്കോലി കടിച്ചാൽമതി എന്ന ചൊല്ല് ഓർക്കുന്നതു നന്ന്. നിരവധി ഇനത്തിൽപെട്ട കടൽപാമ്പുകളും ഉഗ്രവിഷമുള്ളവയായുണ്ട്.

**ജലപ്പക്ഷികൾ :**

കേരളത്തിൽ സാധാരണയായി കണ്ടുവരുന്നത് കൊക്കിന്റെയും താറാവിന്റെയും വർഗത്തിൽപ്പെട്ട ജലപ്പക്ഷികളെയാണ്. ഇവയിൽ ഏറ്റവും പ്രധാനി കുളക്കൊക്കുതന്നെ. പറക്കുമ്പോൾ തൂവെള്ളനിറത്തിലുള്ള ചിറകുകളും വാലും ശ്രദ്ധയി ൽപ്പെടുന്ന

തരത്തിലുള്ളതും പുറത്ത് കടും തവിട്ടുനിറമുള്ളതുമായ പക്ഷിയാണ് കുളക്കൊക്ക്. വെള്ളത്തിൽ മുങ്ങിത്തപ്പി മീൻപിടിക്കുന്നതിൽ വിരുതുള്ള പക്ഷിയാണ് മുങ്ങാംകോഴി. ഈ ദേശാടനപ്പക്ഷി ആണ്ടിൽ പകുതിയും കേരളത്തിൽ കഴിച്ചുകൂട്ടുന്നു.

കാക്കത്താറാവ് എന്നു വിളിക്കുന്ന ചെറിയ നീർക്കാക്കകളാണ് മറ്റൊരു കൗതുകം. തിളക്കം കൂടിയ കറുത്ത തൂവലുകളുള്ള ഈ പക്ഷികൾ ജലാശയങ്ങളിലെ മരക്കുറ്റികളിൽ വിശ്രമിക്കുന്നതു കാണാം.

അനാറ്റിഡേ കുടുംബത്തിൽപ്പെട്ട സുന്ദരിപ്പക്ഷിയാണ് അരയന്നം. കുറുകിയകാലും നീണ്ടുവളഞ്ഞ കഴുത്തുമാണ് ഇതിന്റെ പ്രത്യേകത. ജലസസ്യങ്ങളും ധാന്യങ്ങളുമാണ മുഖ്യാഹാരം. നീണ്ടകാലും നീണ്ട കഴുത്തും മെലിഞ്ഞ ഉടലുമുള്ള വെള്ളരി ക്കൊക്കുകൾ നമ്മുടെ ചതുപ്പുനിലങ്ങളിലും കായലോരങ്ങളിലും ധാരാളമായി കണ്ടുവരുന്നു. ചതുപ്പൻ കാടക്കൊക്കിനേയും ഇഷ്ടംപോലെ കാണാം. ചാരക്കോഴി (ഡാർട്ടർ), ചാരമുണ്ടി (ഗ്രേ ഹെറോൺ), ചായമുണ്ടി (പർപ്പിൾ ഹെറോൺ), ചിന്നമുണ്ടി, പെരുമുണ്ടി, ചെറുമുണ്ടി, കാലിമുണ്ടി, തിരമുണ്ടി തുടങ്ങിയവയും ഒരേ കുടുംബത്തിൽപ്പെട്ടവർ. കരുവാരക്കുരു എരണ്ടകൾ, പാതിരാക്കൊക്കുകൾ എന്നിവയും നമ്മുടെ നാട്ടിൽ കണ്ടുവരുന്ന ജലപക്ഷിക ളാണ്.



## അഭ്യാസം

### I. പദപരിചയം :

ഭൂപ്രദേശം, തണ്ണീർത്തടം, തടാകം, അണക്കെട്ട്, ജലസംഭരണി, അരുവി, അഴിമുഖം കണ്ടൽപ്രദേശം, ചതുപ്പുനിലം, നെൽവയൽ, വനഭൂമി, ഭക്ഷ്യയോഗ്യം, സ്വാഭാവികം, ഭൂഗർഭജലം, സ്രോതസ്, വർത്തിക്കുക, തീരഭൂമി, ജൈവമതിൽക്കെട്ട്, ഓരുവെള്ളം, കായൽവിസ്തൃതി, ഉപയോഗശൂന്യം, അവിഭാജ്യഘടകം, പരിണതഫലം, തദ്വാരാ, നരകസമാനം, ആവാസവ്യവസ്ഥ, ജലപൂരിതം, നിമഗ്നം, ആഗിരണംചെയ്യുക, യാന്ത്രികകല, സംവഹനകല, ആന്തരികകല, കോശാന്തരസ്ഥലം, സന്തുലനാവസ്ഥ, ക്യൂട്ടിക്കിൾ, പത്രവൃന്ദം, നീരുറവ, തരുണാസ്ഥി, ദേശാടനപ്പക്ഷി,വിരുത്.

### II. പര്യായപദങ്ങൾ :

വെള്ളം, ശരീരം, താമര

### III. വിപരീതപദങ്ങൾ :

യോഗ്യം, അനുകൂലം, ആന്തരികം, സുലഭം, ആവശ്യം

### IV. വാക്യത്തിൽപ്രയോഗിക്കുക:

ഭക്ഷ്യയോഗ്യം, മുൻപന്തി, ഉപയോഗശൂന്യം, അനുയോജ്യം

### V. ഉത്തരമെഴുതുക :

1. തണ്ണീർത്തടങ്ങൾ എന്നാലെന്ത്?
2. തണ്ണീർത്തടങ്ങളിൽഎന്തെല്ലാം ഉൾപ്പെടുന്നു?
3. തണ്ണീർത്തടങ്ങൾ എങ്ങനെയെല്ലാമാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ സഹായിക്കുന്നത്?
4. കേരളത്തിലെ പ്രധാനപ്പെട്ട കായലുകളും ശുദ്ധജലതടാകങ്ങളും ഏതെല്ലാമാണ്?
5 നഗരങ്ങളുടെ നരകസമാനമായ അവസ്ഥയ്ക്ക് കാരണമാവുന്നതെന്ത്?
6. ജലസസ്യങ്ങൾ എന്നാലെന്ത്?
7. ജലസസ്യങ്ങളെ എങ്ങനെയെല്ലാമാണ് തരംതിരിച്ചിരിക്കുന്നത്? വിശദീകരിക്കുക.
8. ജലജീവികളെ എങ്ങനെയെല്ലാമാണ് തരംതിരിച്ചിരിക്കുന്നത്? വിശദീകരിക്കുക.
9.. ജലപ്പക്ഷികളെക്കുറിച്ച് ചുരുക്കി എഴുതുക?
10. നമ്മുടെ തണ്ണീർത്തടങ്ങളെക്കുറിച്ച് സ്വന്തം വാക്യങ്ങളിൽ ചുരുക്കിയെഴുതുക.

# പഞ്ചാരയുമ്മ

ലളിതാംബിക അന്തർജനം



[ലളിതാംബിക അന്തർജനം 1909 – ൽ കൊട്ടാരക്കര കോട്ടവട്ടത്ത് ജനിച്ചു. ചെറുകഥാകൃത്ത്, നോവലിസ്റ്റ് എന്നീ നിലകളിൽ പ്രസിദ്ധി നേടി.ഗ്രാമീണബാലിക, തേൻതുള്ളികൾ, കുഞ്ഞോമന(കഥകൾ), അഗ്നിസാക്ഷി(നോവൽ), 'സീത മുതൽ സത്യവതിവരെ'(ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാനകൃതികൾ. കേരള സാഹിത്യഅക്കാദമി അവാർഡ്, വയലാർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. 1987 –ൽ അന്തരിച്ചു.]

കുഞ്ഞിക്കണ്ണുകൾ തെല്ലുതുറന്നു. വെളിച്ചത്തിൽ പുളിച്ചതുപോലെ പെട്ടെന്നതടച്ചുകളഞ്ഞു. ഒരുനീണ്ടമൂരി നിവർന്നു. ഉണർവ്വിന്റെയും ഉറക്കത്തിന്റെയും അതിരിൽ ഒരു നിമിഷം ഉറക്കം യാത്ര പറഞ്ഞു. ഉണർവ്വ് എത്തിയുമില്ല.

ചുരുൾ നിവരാത്ത ചെറുകൈകൾകൊണ്ട് തിരുമ്മിത്തിരുമ്മി വീണ്ടും കണ്ണു തുറന്നു. ചുറ്റുപാടും ശൂന്യത – മരവിച്ച മൗനം. മാഞ്ഞുപോയ ഒരു മധുരസ്വപ്നത്തിന്റെ ലഹരി ആ ദൃഷ്ടികളിൽ തങ്ങിനിന്നു. ഓർമ്മയും മറവിയും കൂടി ഓമനക്കവിളുകളിൽ നിഴലുണ്ടാക്കി. അവിചാരിതമായ പരിവർത്തനത്തിൽ അമ്പരന്ന മട്ട്.

ആരെയോ എന്തിനെയോ പ്രതീക്ഷിക്കുംവിധം അലസനായി അവൻ സ്വൽപം കിടന്നു. ചിരിപ്പിക്കുന്ന ഒരു മുഖം, മാധുര്യമൂറുന്ന സ്പർശനം – മൃദുലമായ താരാട്ട്, സ്വപ്നാനുഭൂതിയെക്കാൾ സുഖകരമായ ആ അനുഭവങ്ങൾ.. .. ഇല്ല – അതവിടെയില്ല.

മിഴി വിടർന്ന് നാലുപാടും നോക്കി – കൈകാലുകൾ നിലത്തിട്ടടിച്ചു. അക്ഷമയോടെ ചിലഒച്ചകൾ പുറപ്പെടുവിച്ചു. ഇത്ര നാളുകൾക്കിടയ്ക്ക് താൻ പഠിച്ച വിദ്യകളെല്ലാം എടുത്തു. എന്നിട്ടും ഫലമില്ല. ഉമ്മനിറഞ്ഞ ആ മുഖവും ഓമനിക്കുന്ന കൈകളും വിദൂരമായിത്തന്നെ ഇരുന്നു.

അവനു കരയുവാൻ അത്ര രസം തോന്നിയില്ല. അതും ധാരാളം പുഞ്ചിരികൾ വിരിഞ്ഞ ഒരു നല്ല ഉറക്കത്തിനുശേഷം. അലക്ഷ്യമായി ഒന്നു ഞെരിഞ്ഞു പിരിഞ്ഞു. പിന്നെ ഏതോ വാസനയാൽ പ്രേരിതനായിട്ടെന്നപോലെ കുരുന്നു വിരലുകൾ വായിൽവെച്ച് ഊറിനുണയാൻ തുടങ്ങി.

ശാന്തമായ പ്രസന്നത. അലസമായ ഏകാന്തത. പരിസരങ്ങളിലേക്ക് അവൻ ഒതുങ്ങി. ചില്ലി ചുളിച്ച് ഒരു തരം നിസ്സഹായ ഭാവത്തിൽ ചുറ്റുപാടും നോക്കിക്കൊണ്ടിരുന്നു.

ചുമരിലിരുന്ന മുഖക്കണ്ണാടിയിൽ വെളിച്ചം വീണ തെളിച്ചം കണ്ട് കുറെ നേരം കിടന്നു.അതിനടുത്ത് ഒരുനാഴികമണി 'ടിക്, ടിക്' എന്നാടുന്നു. ചലനമില്ലാത്തതിൽനിന്ന് ചലിക്കുന്നതിലേക്കായി ആ ദൃഷ്ടികൾ. അര നിമിഷം കഴിഞ്ഞില്ല. അയക്കോലിൽകിടന്ന ചുവപ്പു സാരിയുടെ കടും നിറം അവന്റെ കണ്ണിൽപതിഞ്ഞു. എല്ലാം പുതുമകൾ... എല്ലാം അത്ഭുതങ്ങൾ. ഒന്നിലും അവന്റെ കണ്ണ് ഉറയ്ക്കുന്നില്ല. ഒന്നും മനസ്സിലാവുന്നില്ല.



അവന്റെ മൂക്കിനുനേരേ ചെറിയ ചീറ്റലോടെ പൊൻനിറത്തിലുള്ള ഒരു തുമ്പി പാറി വന്നു.നേരിയവെളിച്ചത്തിൽ ഒരു പ്രകാശവലയം സൃഷ്ടിച്ചുകൊണ്ട് ചുറ്റിച്ചുറ്റി അതു മേലോട്ടുയർന്നു. വീണ്ടും തിരിഞ്ഞു താണ് അവന്റെ ചെവിക്കു ചുറ്റും വലയം വച്ച് പാളിപ്പൊങ്ങി, മച്ചിൽനിന്നു തൂങ്ങിയ ഒരു ചിലന്തിവലയിൽചെന്നുപറ്റി. നോക്കിനോക്കി കണ്ണുകൾ കഴച്ചപ്പോൾ ക്ഷീണിതനായി ഒന്നു നെടുവീർത്തു. അവൻ തലതിരിച്ചുകളഞ്ഞു.

സംഭവരഹിതമായ നാലഞ്ചു നിമിഷങ്ങൾ പിന്നേയും.

ചുവടെ ആ മുറിയുടെ മൂലയ്ക്ക് – ആ വലിയ കട്ടിലിനും പെട്ടിക്കുമിടയിലായി അസാധാരണമായ ഒരു പുതിയ ശബ്ദം. അവനെചിരിപ്പിക്കുന്ന അമ്മയുടെയോ, കരയിക്കുന്ന വേലക്കാരിയുടേയോ ശബ്ദത്തിനേക്കാൾ നേർത്തത്. അല്പം മുമ്പു പരിചയപ്പെട്ട ആ പൊൻതുമ്പിയുടെമൂളലിനേക്കാൾ കനത്തത്. അമ്പരപ്പോടെ അവൻ അങ്ങിങ്ങു തിരിഞ്ഞു ..ഒരു പൂച്ച...മിനുങ്ങുന്നകണ്ണുകളും കറുത്ത കഴുത്തിനു ചുറ്റും വയറിനടിഭാഗവും വെള്ളപ്പുള്ളികളുമുള്ള ഒരു തടിച്ച കണ്ടൻപൂച്ച. ആഹ്ലാദത്തള്ളലോടെ ഒരു ശബ്ദം പുറപ്പെടുവിച്ച് അവൻ കൈകാലിട്ടിളക്കി.താൻ കണ്ട വസ്തുക്കളിലേക്കും അവനു പിടിച്ചതതാണെന്നു തോന്നും. അതിനെപിടിക്കാനെന്നപോലെ ആകൊച്ചു കൈകൾ എത്തിവലിഞ്ഞു.

ചരിഞ്ഞ് ഉടൽപകുതി കമഴ്ന്ന്കാൽമുട്ടുകൾ ഊന്നി കുതിച്ചു – ആ ശ്രമത്തിൽ പുതപ്പു മുഴുവൻ നീങ്ങിപ്പോയി – തളിർമേനിതറയിലുരഞ്ഞ് വേദനയുണ്ടാക്കി. എന്നിട്ടും അവൻ കൂടുതൽഒച്ചവെച്ച് ചിരിച്ചുകൊണ്ടിരുന്നതേയുള്ളൂ. എത്ര കൗതുകകരമായ ഒരു കാഴ്ച.. ..എന്തൊരു ശബ്ദം.

പക്ഷേ, ആ പൂച്ച ഇതൊന്നും ഗൗനിച്ചതേയില്ല. ഇങ്ങനെയൊന്ന് അവിടെയുണ്ടെന്നഭാവമേയില്ലതിന്. ഒരു രസം പിടിച്ച കുറുങ്ങലോടെ വാൽചുഴറ്റി ചെവി കൂർപ്പിച്ച് ആപെട്ടിയുടെ ഇടയ്ക്കുള്ള ഒരു പാറ്റയിൽത്തന്നെ ലാക്കുറപ്പിച്ച അത് പെട്ടെന്നൊരു ചാട്ടം. ഒന്നുരണ്ടു കുപ്പികൾ ഉടഞ്ഞു.തകരപ്പാത്രം മറിഞ്ഞു. ഞൊടിയ്ക്കുള്ളിൽ പാറ്റയെ വായിലാക്കിക്കൊണ്ട് പൂച്ച പുറത്തേക്കൊരു പാച്ചിൽ.

അങ്ങനെആ  രംഗം കഴിഞ്ഞു. എങ്കിലും അവന് ആകെക്കൂടെ ഒരുന്മേഷം തോന്നി.തകരപ്പാത്രത്തിന്റെ പടപട ശബ്ദം – പൂച്ചയുടെ കരണം മറിച്ചിൽ  – അവസാനം മിന്നൽ വേഗത്തിലുള്ള ആ ഓട്ടം.

കഴുത്തു തിരിച്ച് നടുവു വളച്ച് ആവതു ശ്രമപ്പെട്ട് അവൻ ആ വാതിലിനു നേരേ വീണ്ടും വീണ്ടും നോക്കി. ഇല്ല.. ..അതിന്റെ നിഴൽപോലുമില്ല. പുതുതായി ഒന്നുമില്ല.

ആ കിടപ്പിൽ അവനു മുഷിവു തോന്നി തനിച്ച്. എത്ര സുഖകരമായാലും അരഭാഗംമുഴുവനും എങ്ങനെയോ നനഞ്ഞു കഴിഞ്ഞ ഈ വിരിപ്പിൽ ഇനി എന്താണു വേണ്ടത്? കരയുകയോ? ചുണ്ടുകൾ ചെറ്റു വിടർത്തി ഒരു നേരിയ ഞരക്കത്തിന്റെ മട്ടിൽ ആരംഭിച്ചു. വയ്യ, അതു സാധ്യമല്ല. ഇക്കാലത്തിനിടയ്ക്ക് അവൻ വളരെ വളരെ കരഞ്ഞുകഴിഞ്ഞു. ധാരാളം ചിരിക്കുകയും ചെയ്തു. ഇതുരണ്ടുമല്ലാതെ മറ്റൊരു വഴിയുമില്ലേ?

പൂച്ചയുടെ പരാക്രമങ്ങൾക്കിടയിൽ തിരിഞ്ഞുമറിഞ്ഞു താനറിയാതെ അവന്റെ പകുതിഭാഗം കമഴ്ന്നിരുന്നു. പുതിയ ഒരാശയം. ഇടത്ത്കൈമുട്ട് നിലത്തമർത്തി വലത്തുതോൾ വഴക്കി ആഞ്ഞുയർന്ന് എടുത്തൊരുമറിച്ചിൽ. അതേ, അതു ശരിയായി. കഴിഞ്ഞ ഒന്നു രണ്ടു മാസമായിഅവനിതു പഠിച്ചിട്ട്. മൂക്കു നിലത്തുമുട്ടാതെ കഴുത്തു ചായാതെ ഒരു പൂവൻകോഴിയെപ്പോലെഅവനിപ്പോൾ തല ഉയർത്തിപ്പിടിക്കാം. എന്തൊരഭിമാനം!

വിജയോല്ലാസത്തോടെ അവൻ ആർത്തു ചിരിച്ചു. തറയിലിട്ടു തല്ലിത്തല്ലി ചോരകൈകൾക്കുചുവപ്പിരട്ടിച്ചു. ഈ ആഹ്ലാദത്തിളപ്പിൽ താനറിയാതെ നെറ്റി രണ്ടുതവണ തറയിലിടിച്ചുപോയി. എന്നിട്ടും അവൻ കരഞ്ഞില്ല. കവിൾനിലത്തമരുമാറ് തലചെരിച്ച് ക്ഷീണിച്ച മട്ടിൽസ്വല്പം കിടന്നതേയുള്ളു .ആ കിടപ്പിലാണ് അതു കണ്ടു പിടിച്ചത്.

കുറച്ചുദൂരെ ഒരു മഷിക്കുപ്പി. ആ പൂച്ച തട്ടിമറിച്ചതാവാം. ചുവന്നു ചിതറിപ്പരന്ന

ഒരുതരം ദ്രാവകത്തിന്റെ നടുവിൽകിടക്കുന്ന അത് കടന്നെടുത്താൽ നല്ലൊരു തമാശയായിരിക്കും.അങ്ങനെകൈയെത്താത്ത ഒരു വസ്തുവിനു വേണ്ടി ആ ജീവിതത്തിലെ ആദ്യമായ പുരോഗമനം അവൻ ആരംഭിച്ചു.

കൈ നീട്ടി ആഞ്ഞുവലിഞ്ഞു നോക്കി, കാൽകുടഞ്ഞ് ഉന്തിച്ചു. കൈകാലുകൾ കൂട്ടിയിളക്കിതുഴഞ്ഞു. ഒരടി മുന്നോട്ടു നീങ്ങാൻ ശ്രമിക്കുന്തോറും രണ്ടടി പുറകോട്ടാണ്. തന്റെ കൊച്ചുകിടക്കയിൽനിന്നും ആ മഷിക്കുപ്പിയിൽനിന്നും അകന്നകന്ന് ചെളിയും വെള്ളവും കൂടിയ ആ വെറും നിലത്ത് അവൻ മൂന്നു തവണ വട്ടം ചുറ്റി. എന്നിട്ടു വരുന്നതു വരട്ടെയെന്ന വാശിയോടെ മഷിക്കുപ്പി മറഞ്ഞപ്പോൾ തകരപ്പാത്രമായി മുന്നിൽ. അതും മാറി. അവന്റെ ഒരു പഴയകളിപ്പാട്ടം.

ഇങ്ങനെവിതറിക്കിടക്കുന്ന പല സാധനങ്ങളിൽ ഒന്നിൽനിന്നു മറ്റൊന്നിലേക്ക് ഉന്നം വെച്ചവൻ നീങ്ങും . ഓരോന്നും കയ്ക്കലെത്തിയ ഭാവമാണ്.

സാഹസികമായ ഈ പരിശ്രമത്തിൽ പിഞ്ചുമെയ് തളർന്നുപോയി. കൈകാലുകൾകുഴഞ്ഞു. തല ഒരു വശത്തേക്കു ചരിച്ചു തറപറ്റി അവൻ കിടന്നു. ഇപ്പോൾ തന്റെ മുമ്പിൽലക്ഷ്യം ഒന്നുമില്ല. ആ പഴയ ഓർമ്മ പൂർവ്വാധികം ശക്തിയോടെ ഉയരുന്നു. ആരെയോ എന്തിനെയോ പ്രതീക്ഷിക്കുന്നവിധം അനല്പമായ ഈർഷ്യയോടെ കീഴ്ച്ചുണ്ട് നീട്ടി വിടർത്തി 'മ്മ' എന്നു തോന്നും പോലെ ഒരമർന്ന വിതുമ്പൽ.

അര പിമ്പോട്ടു ചുളിച്ചു കാൽമുട്ടുകൾ വഴക്കി അസ്വസ്ഥതയോടെ അവൻ ഒന്നു ഞെളിഞ്ഞു. അത്ഭുതം! നെഞ്ചും വയറും നിലത്തമരാത്ത ഒരു പുതിയതരം നില. നൂതനമായ കണ്ടുപിടിത്തത്തിന്റെ ആവേശം ആ കിടപ്പിൽ അവനുണ്ടായി. ഇടത്തു കൈപ്പടം നിവർത്തു കുത്തി ആദ്യം ഒന്നുയർന്നു നോക്കി. പിന്നെ വലതു കൈയും തലയും ഒപ്പം ഉയർത്തി... ആഹാ.. ആടിയാടി അലഞ്ഞലഞ്ഞാണെങ്കിലും ഒടുവിൽ അവനതു പറ്റിച്ചു.

പരീക്ഷണം, പരീക്ഷണം, നിരവധി പരീക്ഷണങ്ങളിലൂടെയാണല്ലോ ജീവിതത്തിന്റെ വളർച്ച.ഏതുപരാജയവും അവിടെ പരാജയമല്ല. ഏതു പിൻതിരിയലും പിന്മാറ്റമല്ല. ഏതു വിജയവുംപൂർണ്ണവുമല്ല. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക്. അതിൽനിന്ന് ഇനിയുമൊന്നിലേക്ക്. ഇങ്ങനെപരിവർത്തനങ്ങളുടെ ഒരു പരമ്പരയാണ് മനുഷ്യജീവിതം.

കൈ കുഴഞ്ഞു ചടഞ്ഞുവീണാലെന്ത്? കാൽവഴുതി നിലംപൊത്തിയാലെന്ത്? അവസാനം അവൻ ആ നില ഉറപ്പിച്ചു. പേടിച്ചു പേടിച്ചു നിവർന്ന്, ആടിയാടി പുറകോട്ടു ചാഞ്ഞ്, പൃഷ്ഠഭാഗം നിലത്തൂന്നി കുണ്ടൻ മാക്രിയെപ്പോലെ ഒരുതരം ഇരുപ്പിന്റെ പ്രാരംഭമട്ട്.

വിജയോന്മാദംകൊണ്ട് ആദ്യം അവൻ കിടുകിടെ ചിരിച്ചു.

വീഴ്ചയിലുള്ള ഭീതിയാൽപിന്നെയൊന്നു കരഞ്ഞു. തനിക്കു താങ്ങിനായോ, തന്നെ അഭിനന്ദിക്കുവാനോ ആരെയോ കാത്തുകൊണ്ട് ആ കണ്ണുകൾ വെമ്പിവിടർന്നു.... അതാ – ആ.... ആൾ അരികിൽത്തന്നെയുണ്ടല്ലോ.... അവന്റെ സാമർത്ഥ്യത്തിൽഅഭിമാനിച്ചു, ദൗർബ്ബല്യത്തിൽ കരുതി ഓരോ ചലനത്തിലും പുഞ്ചിരി തൂകുന്ന അവന്റെ സർവ്വാശ്രയമായ പ്രിയരൂപം.

അത്രനേരത്തേ ജയാപജയങ്ങളും അതിനിടക്കുണ്ടായ ശോകഹർഷങ്ങളും എല്ലാം മറന്നു നിസ്സഹായതയോടെ അവൻ കൈ നീട്ടി... 'മ്മ്മാ!' ആ ചെറു ശബ്ദത്തിൽ വിഷാദവും സന്തോഷവും പരാതിയും പരിഭവവും ലോകത്തുള്ള സമസ്ത വികാരങ്ങളും അടങ്ങിയിരുന്നു.

അമ്മയുടെ അഭിനന്ദനചുംബനങ്ങളിലമർന്ന് അമൃതം നിറഞ്ഞ ആ മാറിലേക്കൊതുങ്ങിയപ്പോൾ അവന് ഇത്രമാത്രമേ ഓർമ്മയുണ്ടായുള്ളു: ജീവിതം ഒരു പാൽപ്പുഴയാണ്. അതിലലിഞ്ഞുചേരുന്ന ഒരു പഞ്ചാരയുമ്മയാണവൻ.

## വ്യാകരണം

**യൂണിറ്റ് :**

### I. വിശേഷണവിശേഷണം :

വിശേഷണത്തെ വിശേഷിപ്പിക്കുന്ന ശബ്ദം വിശേഷണ വിശേഷണം.

ഉദാ: വളരെ വേഗം ഓടി,

അതിഭയങ്കരശബ്ദം,

ഏറ്റവും കൂടുതൽജനങ്ങൾ.

### II. പാഠഭാഗങ്ങളിൽനിന്ന് വിശേഷണവിശേഷണങ്ങൾ കണ്ടെത്തുക .

**രചന :** മൂന്നിലൊന്നായി സംഗ്രഹിക്കുക.

# മാണിക്യവീണ

## വെണ്ണിക്കുളം ഗോപാലക്കുറുപ്പ്



[വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (19021980) തിരുവല്ലയിലെ വെണ്ണിക്കുളത്ത് 1902 – ൽജനിച്ചു. സാഹിത്യനിപുണൻ, സാഹിത്യകലാനിധി എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. കേരളസാഹിത്യഅക്കാദമിയുടെയും (1966) കേന്ദ്രസാഹിത്യഅക്കാദമിയുടെയും(1974) അവാർഡുകൾ ലഭിച്ചു. സരോവരം, വെള്ളിത്താലം, വസന്തോൽസവം, അമൃതാഭിഷേകം, സൗന്ദര്യപൂജ, മാണിക്യവീണ, കദളീവനം എന്നിവയാണ് പ്രധാനകൃതികൾ. 1980 – ൽ അന്തരിച്ചു.

മലയാളാഷയുടെ മഹിമയെ പ്രകീർത്തിക്കുന്ന കവിതയാണ് മാണിക്യവീണ.]



വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്നു നൂതനോൻമേഷം പകർന്നിടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,
നിന്മുലപ്പാലിന്റെവീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ?
വശ്യമാം ശൈലിയിൽനിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ?

താളമിട്ടാടുന്നു തെങ്കടൽക്കല്ലോല–
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ;
താനമായ്ത്തീരുന്നു നാളികേരദ്രുമ–
താലപത്രാന്തര മർമ്മരങ്ങൾ;
ആനന്ദ രാഗങ്ങൾമൂളുന്നു നീളുന്ന
കാനനപ്പൊൽക്കുളിർച്ചോലയെല്ലാം.
ത്വൽകർമ്മമണ്ഡലം വിസ്തൃതമല്ലൊരു
കൈക്കുടവട്ടമാ, ണായിരിക്കാം;
എങ്കിലും നിൻ കീർത്തിയെത്താത്തതെങ്ങുവാൻ?
ശങ്കരദേശികദേശഭാഷേ!
അന്തരീക്ഷത്തിൽസുഗന്ധം പരക്കുവാ–
നെന്തിന്നു കസ്തൂരിയേറെയോർത്താൽ?

ചിത്രവർണ്ണോജ്ജ്വലേ , നിൻ പുഷ്പവാടിയി-
ലെത്ര വസന്തങ്ങൾ വന്നതില്ല?.
ഹൃത്തിലൊതുങ്ങാത്തൊരാവേകമാർന്നുകൊ-
ണ്ടെത്ര കുയിലുകൾ കൂകിയില്ല?
മട്ടോലും പൂക്കളെച്ചുറ്റിപ്പറന്നെത്ര
മത്തഭൃംഗങ്ങൾമുരണ്ടിതില്ല?
അമ്മധുമാസ വിഭൂതികളൊക്കെയും
രമ്യത ചേർത്തതില്ലെത്ര നിന്നിൽ?
ആവർത്തിച്ചീടട്ടെ പിന്നെയും പിന്നെയു-
മായിരം വട്ടമിശ്രീവികാസം.
കാണുന്നു കല്യാണനിക്ഷേപമെന്നപോൽ
കാമസുരഭിപോൽ നിന്നെ  ഞങ്ങൾ.
നിന്നെബ്ഭജിക്കുന്ന ഭാവന ധന്യമാം
നിന്നെപ്പുകഴ്ത്തുന്ന നാവു വന്ദ്യം.
കേരളത്തുമൊഴിയെന്നു കേട്ടാൽമതി,
കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം.
ഓജസ്സിൻ കാതലേ, നിന്നെയോർക്കുമ്പൊഴേ-
ക്കോരോ ഹൃദയവുമോടിയോടം.
കാണിക്കവെച്ചിടാം സർവ്വവും, ശോഭനേ
മാണിക്യവീണ നീ മീട്ടിയാലും!



## I. പദപരിചയം :

നന്ദിനി, ചിത്തം, ആമോദം, നൂതനം, വശ്യം,വിശ്വം,കല്ലോലം, താനം,ദ്രുമം, താലപത്രം, മർമരം, കാനനം, ദേശികൻ, പുഷ്പവാടി, ഹൃത്ത്, മത്തഭൃംഗം, വിഭൂതി, കാമസുരഭി,വന്ദ്യം, ഓജസ്സ്, കാണിക്ക, വാർമെത്തും.

## II. ഉത്തരമെഴുതുക :

1. കവി എങ്ങനെയാണ് ഭാഷയ്ക്ക് വന്ദനമർപ്പിക്കുന്നത് ?
2. ഭാഷയുടെ ഗാനങ്ങൾ കേൾക്കുമ്പോൾ പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങളെന്തൊക്കെയാണ്?
3. 'അന്തരീക്ഷത്തിൽസുഗന്ധം പരക്കുവാ നെന്തിനു കസ്തൂരിയേറെയോർത്താൽ? '
   ഈ വരികളിലൂടെ കവി ഉദ്ദേശിക്കുന്നതെന്ത്?
4. എന്താണ് വീണ്ടും വീണ്ടും ആവർത്തിക്കട്ടെയെന്ന് കവി ആഗ്രഹിക്കുന്നത്?
5. മലയാളഭാഷയുടെ മഹിമയെ കവി പ്രകീർത്തിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക?

ഗദ്യം

# ലഡാക്കിന്റെ സ്പന്ദനങ്ങൾ

## ശ്രീകാന്ത് കോട്ടക്കൽ



[1977 – ൽ കോഴിക്കോട് ജനിച്ചു. ഇപ്പോൾ മാതൃഭൂമി പീരിയോഡിക്കൽസിൽ സബ് എഡിറ്റർ. യാത്രാവിവരണങ്ങളും ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച ലേഖനങ്ങളും എഴുതുന്നു.

കാശ്മീരിലെ ഒരു ഗ്രാമമായ 'ലേ'യിലൂടെ കാർഗിലേക്കും ലഡാക്കിലേക്കും മറ്റും ലേഖകൻ നടത്തിയ യാത്രയുടെ വിവരണം അനുവാചകരെ അതിന്റെ എല്ലാ സ്പന്ദനങ്ങളോടെയും അനുഭവിപ്പിക്കുന്നു. 'ഇന്ത്യൻ യാത്രകൾ ' എന്ന യാത്രാവിവരണ ഗ്രന്ഥത്തിൽ നിന്നെടുത്തതാണ് ഈ പാഠഭാഗം.]




തണുത്ത പ്രഭാത മയക്കത്തിൽനിന്ന് തൊട്ടുണർത്തിയത് മഞ്ഞുപോലെ വെളുത്ത എയർഹോസ്റ്റസ്. പതിഞ്ഞസ്വരത്തിൽ അവർ പറഞ്ഞു: 'അല്പസമയത്തിനകം നമ്മൾ'ലേ'യിൽഇറങ്ങും. അതിനു മുൻപ് ആ ജാലകത്തിലൂടെ ഒന്ന് പുറത്തേക്ക് നോക്കൂ.' ആ നോട്ടത്തിൽ വിസ്മയത്താൽ ഇമകൾ വിടർന്നു. താണുപറക്കുന്ന വിമാനച്ചിറകിനു തൊട്ടുതാഴെ കൺനിറയെ ഹിമാലയം. കണ്ണെത്തും ദൂരത്തോളം ഹിമവനം. ആകാശനീലിമയിൽ ഉരുമ്മിനിന്നുകൊണ്ട് മനുഷ്യനു സാധ്യമാകുന്ന ഏറ്റവും അനശ്വരമായ കാഴ്ചകളിലൊന്ന്!

പുലരിയിലെ സരളമായ വെയിലിൽ നനഞ്ഞ ഹിമശിഖരങ്ങൾ. കൊടുമുടികളുടെ മധ്യത്തിലുള്ള ഗർത്തങ്ങളിൽ മഞ്ഞിന്റെ ഗാഢത. അവിടവിടെ അത് പിളർന്നു മാറി രൂപം കൊണ്ടുഭയാനകമായ കിടങ്ങുകൾ. ദൂരെ വെളുത്ത കൈക്കുമ്പിളിലെന്നപോലെ ലയിച്ചു കിടക്കുന്ന നീലപ്പൊയ്കകൾ. അവയ്ക്കപ്പുറം വീണ്ടും തുടരുന്ന മഞ്ഞുപാടങ്ങൾ. മുന്നോട്ടു മുന്നോട്ട് പറക്കുന്തോറും കാഴ്ചയുടെ നിറവും ഭാവവും മാറിത്തുടങ്ങി. മഞ്ഞിന്റെ ആട

അഴിഞ്ഞുപോയി. പകരം എങ്ങും ഇരുണ്ടപാറകൾ. നരച്ചതും ചുവന്നതുമായ കുന്നുകൾ.വരണ്ട ചുരങ്ങൾ. പൊടിമൺ നിലങ്ങൾ. വെയിലിൽക്കുളിച്ചു പറക്കുന്ന വിമാനം ആമരുനിലങ്ങളിൽ നിഴലിച്ചു.


ലഡാക്ക്

അവിടവിടെ പച്ചപ്പിൽ ജീവന്റെ തുടിപ്പുകൾ, ജലത്തിന്റെതിളക്കങ്ങൾ, കറുത്ത ബെൽട്ടുപോലെ റോഡുകൾ, കഴുതപ്പറ്റങ്ങൾ, ഏകാന്തബുദ്ധവിഹാരങ്ങളുടെ മകുടങ്ങൾ, വെളുത്ത സ്തൂപങ്ങൾ, വർണ്ണക്കൊടിക്കൂറകൾ, മഞ്ഞണിഞ്ഞ് പ്രണയാതുരമായ ഹിമാലയം പെട്ടെന്ന് കാരക്കോറം മലനിരകളുടെ കാഠിന്യത്തിലേക്കും പരുഷതകളിലേക്കും ചുവടുമാറി. മലഞ്ചുരങ്ങളുടെ നാടായ ലഡാക്ക് അതിന്റെ വാതിൽ മലർക്കെ തുറന്നു.

പർവതക്കാഴ്ചകളുടെ ഈ പകർന്നാട്ടം ക്യാമറയിൽ പകർത്താൻ ശ്രമിച്ചപ്പോൾ എയർഹോസ്റ്റസ് സൗമ്യമായി തടഞ്ഞു. ‘അരുത്.’ because of Security reasons നമ്മുടെയും നമ്മുടെ രാജ്യത്തിന്റെയും’. അപ്പോഴേക്കും ഇന്ത്യയുടെ തന്ത്രപ്രധാനസൈനികമേഖലയിലേക്ക് വിമാനം താണിറങ്ങിക്കഴിഞ്ഞിരുന്നു.

മലനിരകളുടെ വലയത്തിനകത്ത് വെട്ടിയുണ്ടാക്കിയ ആ കൊച്ചു വിമാനത്താവളത്തിന്റെവഴി നിറയെ പട്ടാളമായിരുന്നു. അവരുടെ തോക്കിൻ തുമ്പിൽ തോളുരസി പുറത്തേക്കുകടക്കുമ്പോൾ ലഡാക്ക് എത്രമേൽ ജാഗ്രത്താണ് എന്നു ബോധ്യമായി. ആ ജാഗ്രതയുടെ പാരമ്യമാണ് കാർഗിൽ. ഇന്ത്യയുടെ കുരുക്ഷേത്രം. യാത്ര അങ്ങോട്ടാണ്.

ലേയിൽനിന്ന് ഒരു പകലിന്റെ ദൂരമുണ്ട് ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള യുദ്ധഭൂമിയായ കാർഗിലേക്ക്. എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള നഗരത്തിന്റെ നിറപ്പകിട്ടാർന്ന വഴികളെക്കടന്ന് കാർഗിലിലേക്കുള്ള പ്രധാനപാതയിലേക്കു കയറുമ്പോൾ ആകാശവും പർവതങ്ങളും മുട്ടിയുരുമ്മി നില്ക്കുന്ന തുറസിലേക്ക് പെട്ടെന്ന് എടുത്തെറിയപ്പെട്ടപോലെ തോന്നും. മുന്നിലും പിന്നിലും ഇരുവശത്തും കോട്ടപോലെ കൊടുമുടികൾ. കഴുകിത്തുടച്ചതുപോലെയുള്ള ആകാശത്തു നിന്നും ചൊരിയുന്ന പുലർവെളിച്ചം ആ മൺതിട്ടകളിലും മലമുടികളിലും വ്യത്യസ്തമായ ചായങ്ങൾ പുരട്ടുന്നു. ഒരു തരി പോലും മഞ്ഞില്ല. ഒരു തുള്ളി പോലും തണുപ്പി


ലാമയുരു ബുദ്ധവിഹാർ

ല്ല. അതെ, ഉന്നതങ്ങളിൽ ഒരു മരുഭൂമി.


ബിയാസ് നദി

ഇന്ത്യൻ ആർമിയുടേയും എയർഫോഴ്സിന്റെയും ഇമ ചിമ്മാത്ത ചിട്ടയൊത്ത സങ്കേതങ്ങൾ കഴിഞ്ഞാൽ ലഡാക്ക് എന്ന അതിവിചിത്ര ഭൂപ്രദേശം അതിന്റെ വിശ്വരൂപം കാണിച്ചുതുടങ്ങുന്നു. വിസ്മയിപ്പിക്കുന്ന ഒരധ്യായമായി അത് മുന്നിൽ വിടരുന്നു. കാഴ്ചയിൽനിറയെ വരണ്ടപർവതങ്ങൾ. പക്ഷേ പർവതപാർശ്വങ്ങളിലും അതിന്റെ ഇടിഞ്ഞമർന്ന ചുവടുകളിലും ഏതോ കാലത്ത് ആ ഭൂപ്രദേശത്തെ ചുറ്റി നിന്നിരുന്ന ജലസാന്നിധ്യത്തെക്കുറിച്ച് വ്യക്തമായി കൊത്തിവെച്ചിരിക്കുന്നു. ഒഴുക്കിനടിയിലൂടെ ഉരുണ്ടുരുണ്ട് മിനുസപ്പെട്ട കല്ലുകളും ഓളങ്ങൾ ഉരസിയുരസി അകത്തേക്ക് കുഴിഞ്ഞ പാറകളും എങ്ങും.

മുന്നോട്ടു മുന്നോട്ട് പോകുന്തോറും പർവതച്ചുറ്റുകളുടെ മുറുക്കം കൂടുന്നു. താഴ്വരകൾ ഇല്ലാതായി പർവതപാർശ്വങ്ങൾ വഴിയിലേക്ക് തള്ളിനിൽക്കാൻ തുടങ്ങുന്നു.ചാരനിറത്തിലുള്ള കൽച്ചീളുകൾക്ക് കത്തിയുടെ മൂർച്ച. ഇടുങ്ങിയ വഴി പെട്ടെന്ന് ഒരു തുറസ്സിലേക്ക് പാഞ്ഞുകയറും. അമ്പരപ്പിച്ചുകൊണ്ട് ആകാശം താണുവരും.

വഴിയിലൊരിടത്ത് വാഹനം നിർത്തിയപ്പോഴാണ് ആ പർവതഭൂമിയിൽനിന്ന് ജീവനും ജലവും മാത്രമല്ല , ശബ്ദവും എന്നോ വാർന്നുപോയിരിക്കുന്നു എന്ന യഥാർഥ്യം ബോധ്യമാകുന്നത്. നേരിയകാറ്റ് കടന്നുപോകുന്നതിന്റെ മുഴക്കം പോലുമില്ല. ഒറ്റപ്പെട്ടുപോയാൽ മനുഷ്യനെഉന്മാദിയാക്കാൻ പോന്ന ഏകാന്തതയും നിശ്ശബ്ദതയും.

യാത്രയുടെ ആ നിശ്ശബ്ദതയിലേക്കും നിരാർദ്രതയിലേക്കുമാണ് എല്ലാവിധ പ്രൗഢിയോടെ സിന്ധുനദി ഒഴുകി വന്നത്. നേരിയ പാതയുടെ ഇടതുവശത്തായി അങ്ങു താഴെ മാനവചരിത്രത്തിലെ ആ മഹാനദി കലങ്ങി മറിഞ്ഞ് ഒഴുകി നീങ്ങുന്നു.


ഹനുപതാ നദി

തിബത്തിന്റെ തടങ്ങളിൽ തളിർത്ത്, കൈലാസപ്രദക്ഷിണം നടത്തി ഉരുകിയ ഹിമവുമായി ലഡാക്കിലെ തരിശുനിലങ്ങളിലൂടെ കലങ്ങിയൊഴുകി പഞ്ചനദി (ഝലം, ചിനാബ്, രവി, ബിയാസ്, സത്ലജ്,) കളുമായും കാബൂൾനദിയുമായും ചേർന്ന് ഒടുവിൽ അറബിക്കടലിൽ പതിക്കുന്ന സിന്ധു തന്റെ സഞ്ചാ

രത്തിനിടെ 1800 മൈൽ കടന്നുപോകുന്നു. കാലത്തിനും ചരിത്രത്തിനും കുറുകെയാണ് ഈ നദിയുടെ പ്രയാണം.

മനുഷ്യഗന്ധമറ്റ മലവഴികളിലൂടെ ഒരു മണിക്കൂറിലധികം നീണ്ട യാത്രയുടെ ഒടുവിൽദൂരെ ഒരു പച്ചപ്പിൽ മഞ്ഞപ്പൂക്കളുടെ ഉത്സവം . പോപ്ലാർ മരങ്ങളുടെ ശാന്തമായശിഖരങ്ങൾ.മിന്നിത്തിളങ്ങിയൊഴുകുന്ന അരുവികൾ. മനുഷ്യരുടെ അനക്കങ്ങളും ശബ്ദങ്ങളും. ആശ്വാസം. ഒരു ഗ്രാമം മുന്നിൽ– നിമ്മു.

ഉടഞ്ഞു തകർന്ന മലകളുടെ ഇടയിൽ ഇറുകിക്കിടക്കുന്ന ഒരു ജനപദമായിട്ടാണ് നിമ്മു അനുഭവപ്പെക. പൊട്ടിത്തകർന്ന റോഡും ഉരുളൻകല്ലുകൾപാകിയുണ്ടാക്കിയ അരമതിലുകളും കൊച്ചു കടുകുപാടങ്ങളും ബാർലി വയലുകളും പിന്നെ പോപ്ലാർതടിച്ചീളുകൾകൊണ്ടു തട്ടു മേഞ്ഞ കൊച്ചു വീടുകളും ലളിതമായ ഒരു അങ്ങാടിയും മാത്രമുള്ളതാണ് ആ ഗ്രാമം.




പൊടി പറന്ന് നരച്ച നിറമാണ് ആ അങ്ങാടിക്ക്. കടകളിൽ കലർപ്പില്ലാത്ത പച്ചക്കറികളുടെ പൊലിമ. കടത്തിണ്ണകളിൽവെയിലിലേക്കു നോക്കിയിരിക്കുന്ന വൃദ്ധർ. അവരുടെ മുഖം ചുറ്റുമുള്ള പർവതപാർശ്വങ്ങളെപ്പോലെതന്നെ വരണ്ടതായിരുന്നു.അവയിൽ ആഴത്തിൽവീണ വാർധക്യരേഖകൾ. പക്ഷേ, ഉറച്ച ശരീരം. കൊടുമുടികളോടും കൊടും കാലാവസ്ഥകളോടും നെഞ്ചോടുനെഞ്ച് ഇടിച്ചുനിന്ന് ആർജിച്ച കരുത്ത് ആ ശരീരങ്ങൾ അന്ത്യകാലത്തും പ്രസരിപ്പിക്കുന്നു.

വർഷത്തിൽ ആറുമാസം മാത്രമാണ് ലഡാക്കി ഗ്രാമങ്ങളിൽ ജീവിതം ചലിക്കുന്നത്. ഒക്ടോബർ മധ്യം മുതൽ അവരെ തണുപ്പ് വിഴുങ്ങാൻ തുടങ്ങുന്നു. അപ്പോൾ മനുഷ്യർ വീടുകളുടെ ചൂടിലേക്ക് പിൻവലിയും. പോപ്ലാറിന്റേയും വില്ലോയുടേയും മരത്തടികളും മലമ്പശുവിന്റെ ഉണങ്ങിയ ചാണകവും കത്തിച്ച് അടുപ്പിനരികെ കൂന്തിച്ചിരുന്ന് പകലുകൾ മുറിച്ചുകടക്കും. നവംബറിലേക്കും ഡിസംബറിലേക്കും പ്രവേശിക്കുമ്പോൾ എങ്ങും മഞ്ഞുപാടങ്ങളാകും. അനന്തമായ മരവിപ്പും നിശ്ശബ്ദതയും മാത്രം. ആറു മാസം കഴിഞ്ഞ് മലമുടികളിൽ വെയിലുദിക്കുമ്പോൾ ഉരുകിയ ഹിമക്കട്ടകൾക്കടിയിൽനിന്ന് ഒരിക്കൽക്കൂടി ജീവിതത്തിന്റെ പുൽത്തലപ്പുകൾ കിളിർക്കുന്നു. കാട്ടുചെടികൾകടന്ന് വസന്തം വരുന്നു. ലഡാക്കി ഗ്രാമവാസികൾക്ക് ആറു മാസത്തെ അധ്വാനജീവിതം, മരവിപ്പിന്റെ ആറുമാസത്തേക്കുള്ള കരുതലിനുവേണ്ടി മാത്രമുള്ളതാണ്. അവർക്ക് എങ്ങോട്ടും പോകാനില്ല. അവരുടെ മനസ്സിൽ അതുകൊണ്ടുതന്നെ ദുരയുമില്ല.. അവർ സംതൃപ്തരാണ്.

ഉരുളക്കിഴങ്ങു നിറച്ച വലിയ സമൂസകളും പലതരം വള്ളികളും പച്ചക്കറികളുമിട്ട് തിളപ്പിച്ച ആവി പാറുന്ന സൂപ്പും നിമ്മുവിന്റെ ആതിഥ്യങ്ങളാണ്. പിന്നെ മോമോ എന്ന കുഞ്ഞുപലഹാരം. വെണ്ണ പുരട്ടിയ ബ്രെഡ്സ്റ്റ്. ചുരുങ്ങിയ പൈസയ്ക്ക് വയറുനിറയെ വിഭവങ്ങൾ വിളമ്പുന്ന ആ അങ്ങാടിയിൽ അരമണിക്കൂർ ചെലവഴിച്ചാൽ നിമ്മുഗ്രാമത്തിലെ എല്ലാവരേയും പരിചയപ്പെടാം. അത്രയും മുഖങ്ങളേ അവിടുള്ളു.

നിമ്മുവിനെവിട്ട് വീണ്ടും മലമ്പാതകളിലേക്ക്. കൊടുമുടികാഴ്ചകളിലൂടെ വിശാലതയിലേക്കു മുന്നേറുമ്പോൾ, താഴെ ആഴത്തിൽ മനോഹരമായ ഒരു നദീസംഗമം. സിന്ധു സൻസ്കർ നദിയുമായിചേരുകയാണ്. ഇവിടം തൊട്ട് സൻസ്കർ താഴ്‌വര തുടങ്ങുകയാണ്.

സൻസ്കറിന്റെ ഓരത്തൂടെ മുന്നോട്ടുള്ള റോഡുകൾ നേരിയതും അരികുകൾ തെന്നിനീങ്ങിയതുമാണ്. ചുറ്റുമുള്ളപാറക്കൂട്ടങ്ങളിൽ പ്രകടമായ വ്യത്യാസം കണ്ടു തുടങ്ങുകയായി. കാലത്തിന്റെയോ ജലത്തിന്റെയോ കാറ്റിന്റെയോ എന്നറിയില്ല ഏതോ കരങ്ങൾ കൊത്തിയെടുത്തതുപോലെ പ്രതലങ്ങൾ മാറുന്നു. ഇടയ്ക്ക് സൻസ്കറും മറ്റു ചിലപ്പോൾ കൊടും ശൈത്യമുള്ള അരുവികളും വഴിയെ മുറിച്ചു പോകും. ജലത്തിനു മൂർച്ചയുള്ള ശൈത്യമാണെങ്കിലും ഏകാന്തമായ ഈ മലമടക്കുകൾ പകൽ വളരുന്നതിനനുസരിച്ച് ചുട്ടുപൊള്ളും. പാറക്കൂട്ടങ്ങൾ പഴുത്ത് ആവി തുപ്പും. ഹിമാലയത്തിന്റെ വിസ്മയകരമായ മറ്റൊരു മുഖം.




കാൽസി ഗ്രാമത്തിലെത്തുമ്പോൾ ഉച്ചിയിൽ ഉച്ചയുടെ പെരുക്കം. ഒരു പഞ്ചാബി ധാബയും പലചരക്ക് പച്ചക്കറി സ്റ്റേഷനറിക്കടകളും ഒരു മദ്യശാലയും ജമ്മു-കാശ്മീർ ബാങ്കിന്റെ ശാഖയുമുള്ള ഇടത്തരം അങ്ങാടിയാണ് കാൽസി. സൻസ്കറിന്റെ തടത്തിലെ പ്രധാനജനപദം.

കാൽസി കഴിഞ്ഞുള്ള വഴിയിൽ പർവതപാർശ്വങ്ങൾ വീണ്ടും മുഖപടം മാറ്റുന്നു.മൂൺലാൻഡിൽ ആ പകർന്നാട്ടത്തിന്റെ പാരമ്യമാണ്. ഒറ്റനിമിഷത്തിൽ പർവതങ്ങൾ മുഴുവൻ ഇളം മഞ്ഞ നിറത്തിലേക്ക് മാറുന്നു. ചേടിമണ്ണ് പതിഞ്ഞതുപോലെ നാലുപാടും മലയുടെ മസ്തകങ്ങൾ. അതിൽ നിറയെ നീണ്ടവരകൾ. കാലങ്ങളോളം ജലവലയത്തിലകപ്പെട്ടു നിന്നതിന്റെ രേഖപോലെ.

ദേശവിശ്വാസങ്ങളിൽ ഈ വരകൾക്കു പിന്നിൽ ഒരു കഥയുണ്ട്. ബുദ്ധന്റെ പ്രിയ




ശിഷ്യൻഅരാഹത് മധ്യാന്തക് ഒരിക്കൽഇവിടെവന്നു. അക്കാലം ഇവിടെ ഒരു തടാകമായിരുന്നു. അദ്ദേഹം തടാകമധ്യത്തിലെ മണൽത്തി ട്ടയിലിറങ്ങി. അത്ഭുത വിദ്യകൾകൊണ്ട് തടാകത്തെ മല കൾക്കു നടുവിൽ വിസ്തൃതമാക്കി. ഇവിടെ ഒരുവിഹാരമുണ്ടാകും എന്ന് പ്രവചിച്ചു. തുടർന്ന് ബാർലിയും വെള്ളവും കൊണ്ട് അർച്ചനചെയ്തു. അതിന്റെ ഫല മായി തടാകം മറ്റൊരു വഴിക്ക് തിരി ഞ്ഞൊഴുകി. അദ്ദേഹം പോയതിനു ശേഷം അത് തീർത്തും വറ്റിപ്പോയി. ആ തടാക സാന്നിധ്യത്തിന്റെ സ്മൃതിരേഖകളാണ് മൂൺലാൻഡിലെ പർവതപാർശ്വങ്ങളെ ചുറ്റിനില്ക്കുന്നത്.

മൂൺലാൻഡിന്റെ കാഴ്ചകൾ ചെന്നൊടുങ്ങുന്നത് ലഡാക്കിലെ ഏറ്റവും പുരാതന മായ ഒരുഗ്രാമത്തിലേക്കും ബുദ്ധവിഹാരത്തിലേക്കുമാണ്:ലാമയുരു. വളരെ ദൂരത്തുനിന്നു തന്നെ പാറക്കെട്ടുകൾക്കിടെ അടുക്കിവെച്ചതു പോലെയുള്ള ബുദ്ധവിഹാരങ്ങൾ കാണാം. പഴമയുടെ പൊടിക്കൂട്ടുകൾ അതിന്റെ മേൽക്കൂരയിലും ജനൽപ്പാളികളിലുമെല്ലാം ദൃശ്യമാണ്. വിഹാരത്തിനു താഴെ പരന്നുകിടക്കുന്നഗ്രാമത്തിനും പഴമയുടെ മുഖം. അവി ടുത്തെ വീടുകളാകട്ടെ പൊടി പിടിച്ചതും പലതും പാതി തകർന്നതുമാണ്. ഗ്രാമ മധ്യത്തിൽനിന്നും വിഹാരത്തിലേക്കുകയറുമ്പോൾ ഉപേക്ഷിക്കപ്പെട്ട ഗുഹകളും പാതി കൊത്തിയുപേക്ഷിച്ച ശില്പങ്ങളും കാണാം. അരാഹത് മധ്യാന്തക് തടാകമധ്യേ നിന്ന് പ്രവ ചിച്ച ആ വിഹാരം ലാമയുരു ആയി. അദ്ദേഹം ജലത്തിൽ അർപ്പിച്ച ധാന്യങ്ങൾ ഓളപ്പരപ്പിൽ കറങ്ങിത്തിരിഞ്ഞ് സ്വസ്തികരൂപത്തിലായി. ടിബറ്റൻ ഭാഷയിൽ ഇത് 'യുങ്ങ്തുങ്ങ് ഗോംപ' അഥവാ സ്വസ്തികവിഹാരം എന്നറിയപ്പെട്ടു.

വിഹാരത്തിന്റെ അകത്തുകൂടെ കറങ്ങിനടക്കുമ്പോൾ വീണ്ടും നിശ്ശബ്ദത നമ്മെ പിടികൂടും. ഏകാന്തമായ വഴികളും മുറികളും പ്രാർത്ഥനാചക്ര പ്പുരകളും നീണ്ടിരുണ്ടഇട നാഴികളും നിലവറകളും ചേർന്ന നിഗൂഢ കേന്ദ്രം. മറൂൺ അംഗവസ്ത്രം ധരിച്ച് തല മുണ്ഡനം ചെയ്ത കുഞ്ഞുബുദ്ധന്മാർ അതിന്റെ ചുറ്റുവഴികളിൽ ഓടിക്കളിക്കുന്ന ശബ്ദം മാത്രമാണ് ആ നിശ്ശബ്ദതയെ ഇടയ്ക്കെങ്കിലും ഭഞ്ജിക്കുന്നത്.അവിശ്വസനീയമായ ഒരു അഭയകേന്ദ്രം കൂടിയാണ് ലാമയൂരു ബുദ്ധവിഹാരം. വധശിക്ഷ വരെ വിധിക്കാവുന്ന കൊടും പാതകം ചെയ്ത കുറ്റവാളിയാണെങ്കിൽപ്പോലും ഈ വിഹാരത്തിന്റെ ഒരു മൈൽ വ്യാസത്തിനകത്തുകടന്നാൽ പിന്നെ അയാളെ അറസ്റ്റ് ചെയ്യാൻ പാടില്ല! അയാൾബുദ്ധപഥ ത്തിലെ അതിഥിയാണ്.

ലാമയൂരുവിനപ്പുറം ലഡാക്ക് തികഞ്ഞ ലാവണ്യവതിയായി മാറുന്നു. മിനുപ്പും മുഴുപ്പുമുള്ള പർവത പ്രതലങ്ങൾ. അവയിൽപറ്റിച്ചേർത്തതു പോലെയുള്ളപച്ചപ്പ്. ശിലകൾക്ക് സ്ത്രൈണപ്രകൃതിയാണെങ്ങും.

പർവതങ്ങളുടേയും പ്രകാശത്തിന്റെയും ലയം കണ്ടുനിൽക്കെ താഴെ വറ്റിപ്പോയ ഒരുനദിയുടെ തിട്ടയിലൂടെ എണ്ണമറ്റ ആട്ടിൻപറ്റങ്ങളുമായി നടന്നുപോകുന്ന ആട്ടിടയന്മാർ.മുകളിൽനിന്നുള്ള കാഴ്ചയിൽ ആട്ടിൻപറ്റങ്ങൾ ഏതോ രാജ്യത്തിന്റെ ഇരുണ്ട ഭൂപടം പോലെ തോന്നിച്ചു.




സന്ധ്യ തുടുത്തുതുടങ്ങിയപ്പോഴേക്കും യാത്ര ഈ വഴിയിലെ ഏറ്റവും ഹരിതമായ മണ്ണിലെത്തി. മൾബെക്ക് ഗ്രാമം. കൃഷിയും പൂപ്പാടങ്ങളും അരുവികളും ചോലകളും ആപ്രിക്കോട്ടും ആപ്പിളും പോപ്ലാറും വളരുന്ന ചെറുവനങ്ങളും ഹൃദ്യമായ നാട്ടുവഴികളും എപ്പോഴും ഈർപ്പം തങ്ങിനിൽക്കുന്ന തണൽ മരപ്പാതകളുമുള്ള ഗ്രാമം.ഇസ്ലാം മതവിശ്വാസികളാണ് ഈ പച്ചപ്പിന്റെ തുരുത്തിൽ നിറയെ. പോപ്ലാർമരക്കാടുകൾക്കു മധ്യേ പള്ളി മിന്നാരം. താടിനീട്ടി നെറ്റിയിൽ തെളിഞ്ഞ നിസ്കാരത്തഴമ്പുമായി നീളൻവസ്ത്രങ്ങൾ ധരിച്ചുനില്ക്കുന്ന സുന്ദരരായ യുവാക്കൾ. ബാർലി വയലുകളിൽ അതിസുന്ദരികളായ സ്ത്രീകൾ!

മരുനിലത്തിൽപച്ചപ്പുനിറച്ച് മൾബക്ക് ഏറെ നീളുന്നു. ഭൂമി പോലെ പ്രസന്നവും നീരോട്ടമുള്ളതുമാണ് ഇവിടുത്തെ ജീവിതവും. കാഴ്ചയിൽ നിന്നും മറഞ്ഞ് , നിലയ്ക്കാതെഒഴുകുന്ന അരുവികൾയാത്രയ്ക്ക് അനശ്വരമായ ഗീതം പകരുന്നു. മൾബെക്ക് വിട്ടു കഴിഞ്ഞാൽ പച്ചപ്പിന്റെ ഒരു ഇടനാഴിയിലൂടെയാണ് സഞ്ചാരം. വഴിയെപ്പൊതിഞ്ഞു നിൽക്കുന്ന വൃക്ഷങ്ങളും വയലുകളും . ആ വഴിയുടെ ഒടുവിൽ കൂറ്റൻ കൊടുമുടികളുടെ പശ്ചാത്തലത്തിൽ ദീപവിതാനത്താൽ അലംകൃതമായ ഒരു കൊച്ചുപട്ടണം. അരികെ നദിയുടെ ആരവം: കാർഗിൽ! സുരു നദിയുടെ താരാട്ടുകേട്ടുറങ്ങുകയും ബോഫോഴ്സ് ഗണ്ണുകളുടെ വെടിയൊച്ചകളാൽ വിളിച്ചുണർത്തപ്പെടുകയും ചെയ്യുന്ന ജനപദം.

## അഭ്യാസം

### I. പദപരിചയം :

അനശ്വരം, സരളം, ശിഖരം, ഹിമം, ഗർത്തം, ഗാഢത, കിടങ്ങ്, മകുടം, സ്തൂപം, ജാഗ്രത,പാരമ്യം, പാർശ്വം, പ്രയാണം, അരുവി, ശൈത്യം, നിലവറ, അംഗവസ്ത്രം, ഭഞ്ജിക്കുക, ഹരിതം, അലംകൃതം, ജനപദം.

### II. പര്യായപദങ്ങൾ :

ഭൂമി, പർവതം, കടൽ, ശരീരം.

### III. വിപരീതപദങ്ങൾ :

പ്രഭാതം, അനശ്വരം, വ്യക്തം, സംതൃപ്തം

### IV. വാക്യത്തിൽ പ്രയോഗിക്കുക :

അമ്പരപ്പിക്കുക, വിസ്മയകരം, കറങ്ങിനടക്കുക, അവിശ്വസനീയം

### V. ഉത്തരങ്ങൾ :

1. എയർഹോസ്റ്റസ് പറഞ്ഞതുപ്രകാരം ലേഖകൻ കണ്ടജാലകക്കാഴ്ച എന്തായിരുന്നു?
2. ലേയിൽ നിന്നു കാർഗിലിലേക്കുള്ള ലേഖകന്റെ യാത്രയെക്കുറിച്ചെഴുതുക.
3. കാലത്തിനും ചരിത്രത്തിനും കുറുകെയുള്ള സിന്ധു നദിയുടെ പ്രയാണത്തെക്കുറിച്ചെ ഴുതുക.
4. നിമ്മു ഗ്രാമത്തിന്റെസവിശേഷതകളെന്തൊക്കെയാണ്.?
5. ലഡാക്കി ഗ്രാമവാസികൾ സംതൃപ്തരാണെന്ന് പറയുന്നതെന്തുകൊണ്ട്?
6. കാൽസിക്കടുത്ത പർവതങ്ങളിലെ വരകൾക്കു പിന്നിലുള്ള കഥയെന്താണ്?
7. ലാമയുരു ബുദ്ധവിഹാരത്തിന്റെ സവിശേഷതകളെക്കുറിച്ചെഴുതുക.

# വലിയൊരാൾവരുന്നു

വി.കെ.എൻ

[വി.കെ.എൻ (1932) വടക്കേ കൂട്ടാല നാരായണൻകുട്ടി എന്നാണ് പൂർണമായപേര്. കഥാകൃത്തും നോവലിസ്റ്റുമാണ്. ആക്ഷേപഹാസ്യം നിറഞ്ഞ ആഖ്യാനമാണ് ഇദ്ദേഹത്തിന്റെകഥകളുടെ സവിശേഷത. ചിരിയോടൊപ്പം ചിന്തക്കും വക നൽകുന്ന ഒട്ടേറെ കഥകളും നോവലുകളും രചിച്ചു. ആരോഹണം എന്ന നോവൽ 1969 – ൽ കേരള സാഹിത്യഅക്കാദമി അവാർഡിനർഹമായി. 1982 ൽ പയ്യൻ കഥകൾക്ക് കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു.

പിതാമഹൻ, സിൻഡിക്കേറ്റ്, ചിത്രകേരളം, പെൺപട, ചാത്തൻസ്, പയ്യന്റെ യാത്രകൾ തുടങ്ങിയവ പ്രധാനകൃതികളാണ്. ചെർപ്പുളശ്ശേരിയിൽ നിന്നു പുറപ്പെട്ട ആ കൂറ്റൻ ബസ് നിറച്ചും ആൾക്കാരുണ്ടായിരുന്നു. ഡ്രൈവർ കണ്ടക്ടറടക്കം കൃത്യം മുപ്പത്തെട്ടുപേർ. ഒരാൾക്കു മാത്രമിരിക്കാവുന്ന മുൻ സീറ്റ് മുഴുക്കെ ഒഴിച്ചിട്ടിട്ടുണ്ട്.]

"ഇനി സീറ്റുണ്ടോ?" പുറപ്പെട്ട ഉടനെഡ്രൈവർ കണ്ടക്ടറോടു വിളിച്ചു ചോദിച്ചു.
"ഒരാൾക്കു കൂടിയുണ്ട്." കണ്ടക്ടർ പറഞ്ഞു.
"ഫ്രണ്ടിൽപറഞ്ഞുവെച്ചതല്ലേ?"
"അല്ല. വേറെ ഒന്നുകൂടി ഉണ്ടാക്കാം.

സ്റ്റാൻഡിൽ നിന്നു വിട്ട് ഫർലോങ് ഓടിയിട്ടുണ്ടാവില്ല, അപ്പോഴേക്കും വഴിക്ക് ഒരു ലോക്കൽസ്റ്റോപ്പിൽ ബസ് നിന്നു. കയറാൻ ആളുണ്ടായിരുന്നു. ഒരു നമ്പൂതിരിപ്പാട്. കരമുണ്ട്, കുടുമ, മുറുക്കാൻപൊതി എല്ലാമുണ്ട്.

അദ്ദേഹം മുൻസീറ്റിൽത്തന്നെ കയറിക്കൂടാൻ തുടങ്ങി. അപ്പോഴാണ് കണ്ടക്ടർ വിലക്കിയത്:

"അവിടെ വേറെ ആളുണ്ട്.
നമ്പൂതിരി സീറ്റിൽ കുനിഞ്ഞുനോക്കി പറഞ്ഞു:
"ആരേം കാണ്ണ്ല്ല്യല്ലോ. സീറ്റിന്റെ അടീലേരിക്കോ?

നർമ്മബോധം തീരെയുണ്ടായിരുന്നില്ല കണ്ടക്ടർക്ക്. അയാൾ ചോദിച്ചു: "വേണെങ്കിൽ വേഗം കയറണം.ദാ, ഇവിടെ." പിന്നെ ആരോടെന്നില്ലാതെ അയാൾപറഞ്ഞു: "ആ സെക്കൻഡ് സീറ്റിലുള്ളോരൊക്കെ ഒന്നടുത്തിരിക്കിൻ.

"എങ്ങന്യാ വേണ്ടത്ച്ചാൽ വന്നിരിത്ത്യാൽ മതി.

ഒരു സെക്കൻഡ് സീറ്റുകാരൻ പരാതി പറഞ്ഞു.

അപ്പോഴേക്കും നമ്പൂതിരിപ്പാട് അവിടെ വന്നു കയറി. ഒരറ്റത്തിരുന്നിരുന്ന രണ്ടാളുടെ മടിയിലായി അദ്ദേഹം കഷ്ടിച്ചിരുന്നു.

“പൂവ്വാ,” കണ്ടക്ടർ വിളിച്ചു കൂവി.

ബസ്സിളകി.

‘‘കുറച്ചുനേരം ഓടി ഒന്നു കുലുങ്ങിയാൽഇരിക്കാനുള്ള സ്ഥലം താനെഉണ്ടായിക്കൊള്ളും.” കണ്ടക്ടർ നമ്പൂതിരിപ്പാടിനെ സമാധാനപ്പെടുത്താനെ ന്നോണം പറഞ്ഞു. “ഇനിയൊന്നും കുലുങ്ങില്ല. കണ്ടക്ടർ അവിടെ കുലുങ്ങാതെ നിന്നാൽതന്നെ വലിയ കാര്യായി.”



നമ്പൂതിരിപ്പാട് ഒരു ചെറുചിരിയോടെ പറഞ്ഞു. നമ്പൂതിരിച്ചനോട് ഒന്നും മിണ്ടേണ്ടിയിരുന്നില്ലെന്ന് കണ്ടക്ടർക്കും തോന്നിയിരിക്കണം.

“ടിക്കറ്റു വാങ്ങാത്തോരൊക്കെ വാങ്ങിക്കോളിൻ.” അയാൾ ഡ്യൂട്ടിയിലേർപ്പെട്ടു.

“ഒരു പുഞ്ചപ്പാടം, രണ്ടു പാറശ്ശേരി, രണ്ടു കടമ്പഴിപ്പുറം, മൂന്ന് കോങ്ങാട്.” പലരും ഒന്നിച്ചും ഒറ്റക്കും പറഞ്ഞു.

“പാലക്കാട്ടേക്കുള്ളോരൊക്കെ ആദ്യം പറയിൻ” എന്നായി കണ്ടക്ടർ

“ഒരു പാലക്കാട്” മൂന്നാം സീറ്റിൽനിന്ന് ഒരാൾ വിളിച്ചു പറഞ്ഞു.

“പിന്നെ?”

“വേഗം പറഞ്ഞോളിൻ, ബസ് ആദ്യം പാലക്കാട്ടാണ് എത്ത്വാ. ഇപ്പോ എത്തും പാലക്കാട്ട്. നമ്പൂതിരിപ്പാട് തട്ടിവിട്ടു. “ഹെയ്! അതെങ്ങന്യാ? പുഞ്ചപ്പാടോം കടമ്പഴിപ്പുറോം പാറശ്ശേരീം ഒക്കെ കടന്നിട്ടു വേണ്ടേ പാലക്കാട്ടെത്താൻ? നമ്പൂതിരിപ്പാടിനെക്കൊണ്ട് കൂടുതൽ സംസാരിപ്പിക്കാൻ വെമ്പൽകൊണ്ട ഒരു രസികൻ ചോദിച്ചു .

“സ്വതേ അങ്ങനെയാണ്‘. നമ്പൂതിരിപ്പാട് സാവകാശം പറഞ്ഞു: “പക്ഷേ, ഇന്നങ്ങനെയല്ല. ആദ്യം പാലക്കാട്ടെത്തീട്ടേ പിന്നെ മറ്റു ദിക്കിലൊക്കെ എത്തൂ. കണ്ടില്ലേ, കണ്ടക്ടറുടെ ധൃതി? അദ്ദേഹം പറയ്വോ, ആദ്യം പാലക്കാട്ന്ന്? എനിക്കു തോന്നുന്നില്ല. ഞങ്ങൾ തുള്ളിച്ചിരിച്ചുപോയി.

“ത്രൂ ടിക്കറ്റ് ആദ്യം എഴുതണമെന്നാണ് കമ്പനി നിയമം.” അരസികനായ കണ്ടക്ടർ സ്വയം ന്യായീകരിക്കാൻ ഒരു വിഫലശ്രമം നടത്തി. നമ്പൂതിരിപ്പാട് വെറുതെ വിടുമോ? “നിയമംണ്ടാക്കീത് കമ്പനീലുള്ള കണ്ടക്ടറുടെ ബന്ധുക്കൾ വല്ലോരും തന്ന്യായിരിക്കും, അല്ലേ?” അദ്ദേഹം ചോദിച്ചു. ഗത്യന്തരമില്ലാതെ കണ്ടക്ടർ പുഞ്ചപ്പാടക്കാരുടേയും കടമ്പഴിപ്പുറക്കാരുടേയും ടിക്കറ്റുകൾ ആദ്യമെഴുതാൻ തുടങ്ങി. ഈ സമയത്തിനുള്ളിൽ ബസ്സ് ഒരു നാഴിക ഓടിയിട്ടുണ്ടായിരുന്നിരിക്കണം.അപ്പോഴേക്കും രണ്ടാമതും നിന്നു.

ഇത്തവണ ഒരു വീടിന്റെ പടിക്കലാണ് നിർത്തിയത്, പടിയോരം ചേർത്ത്. ഡ്രൈവർ ചക്രം വിട്ടു താഴെയിറങ്ങി ഒരു ബീഡി തീപിടിപ്പിച്ചു വലിച്ചുതുടങ്ങി. കണ്ടക്ടർ ധൃതിയായി ടിക്കറ്റെഴുതുക തന്നെയാണ്.

“ചെർപ്പുളശ്ശേരിയിൽ കിട്ടില്ലേ ചായ?” നമ്പൂതിരിപ്പാട് ചോദിക്കുകയാണ്.

“അതെന്താ?” എന്നായി വേറോരാൾ.

“അല്ല, ബസ്സ് വിസ്തരിച്ചു നിർത്തിയതു കണ്ടപ്പോൾ നിരീക്ക്യേ ചായ കുടിക്കാനോ റ്റേരിക്കോന്ന്.”

“അല്ല,” ബീഡി വലിക്കുന്നതിനിടയിൽ ഡ്രൈവർ പറഞ്ഞു:“ഒരാൾ വരാനുണ്ട്.”

“ആരാ?” നമ്പൂതിരിപ്പാട് ബഹുമാനസൂചകമായി സ്വരം താഴ്ത്തി ചോദിച്ചു.
“വലിയൊരാളാണ്.” ഡ്രൈവർ അലസമായി പറഞ്ഞു.
“എന്നാലും” എന്നായി നമ്പൂതിരിപ്പാട്.
“വന്നാൽകാണാം” നമ്പൂതിരിപ്പാടിനെഒരു വെപ്പുവെച്ചു എന്ന മട്ടിൽ കണ്ടക്ടർ പറഞ്ഞു.
“ഉവ്വ് ഇല്ല്യേ?” അത്ഭുതം നടിച്ചു.

അതിനു മറുപടി പറയാൻ നില്ക്കാതെ ടിക്കറ്റെഴുതുന്ന തിരക്കിൽ വ്യാപൃതനാണ് താനെന്നു നടിക്കാൻ മാത്രമുള്ള മനോധർമ്മം കണ്ടക്ടർക്കുണ്ടായി. പത്തു മിനിറ്റു കഴിഞ്ഞു. വലിയ ആൾ ഇനിയും വന്നില്ല. ഡ്രൈവർ ഒരു ബീഡികൂടി കത്തിച്ചു വലിച്ചു. കണ്ടക്ടറുടെ ടിക്കറ്റെഴുത്ത് കഴിയാറായപോലെ തോന്നി.

യാത്രക്കാർ അക്ഷമരാവുകയായിരുന്നു. ഇത്രയധികം ആളുകളെ കാത്തിരുത്താൻ മാത്രം പോന്ന ഈ വലിയ ആളാരാണ്? എല്ലാവരും നീരസത്തോടെ ഓർത്തു. നമ്പൂതിരിപ്പാട് കടലാസുപൊതിയഴിച്ചു വിശദമായൊന്നു മുറുക്കി, ഇരുന്ന ഇരിപ്പിൽനിന്ന് ഒരു ഭാഗത്തേക്ക് നീങ്ങി തല പുറത്തേക്കിട്ടു നീട്ടിയൊന്നു തുപ്പി. അദ്ദേഹം ഉറക്കെ ആത്മഗതം ചെയ്തു.

“ബസ്സിന്റെ ഉടമസ്ഥൻ തന്നേരിക്കും വരണ ആള്?”
“അങ്ങനെഊഹിക്കാൻ കാരണം?” ഒരാൾ ചോദിച്ചു നമുക്കൊക്കെ ആവ്വോ ഒരു ബസ്സോ കാറോ ത്ര നേരൊക്കെ നിർത്താൻ? ഉടമസ്ഥന് അതാവാം. അയാളുടേയല്ലേ സാധനം?”

“വരുന്നത് ഉടമസ്ഥനല്ല.” ഡ്രൈവർ ചിരിച്ചുകൊണ്ട് പറഞ്ഞു.
“എന്നാൽ അതു പോലെ വേറൊരാള്!”
നമ്പൂതിരിപ്പാടു പറഞ്ഞു.

“അയാൾ അടുത്ത ബസ്സിനു വന്നോട്ടെ.നമുക്കുപോകാം. അരമണിക്കൂറായി കെട്ടിക്കാത്തുകിടക്കുന്നു!” അക്ഷമനായ ഒരു യാത്രക്കാരൻ പറഞ്ഞു.

“ധൃതി കൂട്ടണ്ട. ഇപ്പവരും ആള്.” കണ്ടക്ടർ സാന്ത്വനപ്പെടുത്തി.
“ഇനി അഥവാ വന്നില്ലെങ്കിലും ബസ്സു പോവില്ല. പോരെ?” നമ്പൂതിരിപ്പാട് മറ്റൊരു ഫലിതം പറഞ്ഞു. അങ്ങനെയിരിക്കെ, അയാൾ പടികടന്നു വന്നു. യൂനീഫോറത്തിൽ ഒരു പോലീസ് സബ് ഇൻസ്പെക്ടർ!

ഡ്രൈവർ കുറ്റി ബീഡി വലിച്ചെറിഞ്ഞ് സീറ്റിൽ കയറിയിരുന്നു. കണ്ടക്ടർ ആ

‘വലിയ ആളെ’ സലാം വെച്ചു സ്വീകരിച്ചു മുൻ സീറ്റിൽ കൊണ്ടിരുത്തി.

ബസ്സു നീങ്ങി.

കുറച്ചു നിമിഷം നമ്പൂതിരിപ്പാട് എന്തോ ആലോചിച്ചിരുന്നു. സാവധാനത്തിൽ അദ്ദേഹം തനിക്കെതിരെ സീറ്റിലിരിക്കുന്ന എല്ലാവരുടെയും മുഖത്തു നോക്കി ഒന്നു മന്ദഹസിച്ചു.

പിന്നെ, സീറ്റിൽ പകുതി തിരിഞ്ഞിരുന്നു മുൻ സീറ്റിലിരിക്കുന്ന പോലീസുദ്യോഗസ്ഥന്റെ കാക്കി ഷർട്ടിന്റെ പിൻഭാഗം അദ്ദേഹം ഭക്തിപൂർവം പതുക്കെ തലോടി.

“എന്തു വേണം?”പോലീസുദ്യോഗസ്ഥൻ പെട്ടെന്നു തല ചെരിച്ചിരുന്നു ചോദിച്ചു. നമ്പൂതിരിപ്പാട് ഉറക്കെ ഒന്നു ചിരിച്ചു. എന്നിട്ട് ബസ്സിൽ എല്ലാവരും കേൾത്തക്കവണ്ണം ഉറക്കെ പറഞ്ഞു: “അതേ, അലോഗ്യാവരുത്, ട്ടൊ. ഡ്രൈവറും കണ്ടക്ടരൊക്കെ പറയ്ണ്ടായി , വലിയ ഒരാളാണ് വരണ്ന്ന്. ഒന്നു തൊട്ടു നോക്കീതാ. വലിയ ആളുകളെ കാണല്, ഒന്നു തൊടല് ഒക്കെ ഒരു ഭാഗ്യാണല്ലോ. അതോണ്ട് ചെയ്തതാ. സന്തോഷായി! വലിയ ആളന്ന്യാണേ!”

കാക്കിയുടുപ്പണിഞ്ഞ ആ നിയമ സമാധാനസംരക്ഷകൻ ചൂളിക്കുനിഞ്ഞിരുന്നപ്പോൾ ഞങ്ങൾ കരയുവോളം ചിരിച്ചുപോയി.

# വ്യാകരണം

## കർത്താവ്, കർമ്മം, ക്രിയ.

### I. കർത്താവ്:

ഒരു വ്യക്തിയാണ് കർത്താവ്.

ഉദാ:

1. അദ്ധ്യാപകൻ കുട്ടിയെ പഠിപ്പിച്ചു.
2. രാമു അനുജനെതല്ലി.
3. പൂച്ച എലിയെ പിടിച്ചു
4. സീത രാധയെ ഉപദേശിച്ചു.

### II. കർമ്മം:

പ്രവർത്തിയുടെ ഫലം അനുഭവിക്കുന്നതെന്താണോ അതാണ് കർമ്മം.

ഉദാ :

1. രാമൻ രാവണനെ കൊന്നു.
2. സീത രാധയെ ഉപദേശിച്ചു.
3. പൂച്ച എലിയെ പിടിച്ചു.

### III. ക്രിയ:

പ്രവർത്തിയെ കുറിക്കുന്ന ശബ്ദമാണ് ക്രിയ.

ഉദാ:

1. അമ്മ കുട്ടിയെ ലാളിച്ചു.
2. അദ്ധ്യാപകൻ കുട്ടിയെ പഠിപ്പിച്ചു.

രചന : ഉപന്യാസം

# മാതൃഹൃദയം

**ബാലാമണിയമ്മ**

[ബാലാമണിയമ്മ (1909 – 2004) – 1909 ൽ പൊന്നാനിയിൽ പുന്നയൂർക്കുളത്ത് ജനിച്ചു. കുട്ടിക്കാലം മുതൽ കവിതയെഴുതിത്തുടങ്ങി. മാതൃഭാവത്തെയും ശൈശവത്തിന്റെ നിഷ്കളങ്കതയെയും തന്മയീഭാവത്തോടെ ചിത്രീകരിക്കുന്നതാണ് അവരുടെ കവിതകൾ 'അമ്മ', 'കുപ്പുകൈ', 'കുടുംബിനി','സ്ത്രീഹൃദയം', 'സോപാനം', 'മുത്തശ്ശി', 'കളിക്കൊട്ട' തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ. കേരളസാഹിത്യ അക്കാദമി "കേന്ദ്രസാഹിത്യ അക്കാദമി അവാർഡുകൾ, പദ്മഭൂഷൻ ബഹുമതി, എഴുത്തച്ഛൻ പുരസ്കാരം എന്നിവയ്ക്കു പുറമെ രാജ്യത്തെ പരമോന്നത സാംസ്കാരിക പുരസ്കാരമായ സരസ്വതി സമ്മാനവും ലഭിച്ചു. 2004 – ൽ അന്തരിച്ചു. തൻെറ പൂച്ചക്കുട്ടിയെ ഉമ്മവെയ്ക്കാൻ അമ്മയ്ക്കു വയ്യെങ്കിൽ തൻെറ മുഖവും ഉമ്മവെയ്ക്കാൻ അമ്മയ്ക്കു കാട്ടിത്തരില്ലെന്ന മകളുടെ വാശിക്കുമുമ്പിൽ അമ്മ കീഴടങ്ങുന്നു. ഈ സംഭവം കവിയെ ചിന്തിപ്പിക്കുന്നു. ബാലാമണിയമ്മയുടെ കൃതികൾ എന്ന പുസ്തകത്തിൽ നിന്നെടുത്തതാണ് ഈ കവിത.]



"ഉമ്മവെക്കാൻ വയ്യിതിനെയുമെന്നാകി-
ലമ്മയ്ക്കു കാട്ടിത്തരില്ല ഞാനെൻമുഖം."
തൻചെറുപൂച്ചയെപ്പുൽകിനിന്നിങ്ങനെ
കൊഞ്ചിനാൾചെറ്റു കയർത്തുകൊണ്ടെൻ മകൾ
സ്വച്ഛതമങ്ങളാമക്കൺമുനകളി-
ലശ്രുക്കൾമിന്നിത്തിളങ്ങി പൊടുന്നനെ.
മന്ദം കുനിഞ്ഞു ഞാൻ ചുംബിച്ചുപൈതലിൻ
മാറിലിണങ്ങുമാ മല്ലികച്ചെണ്ടിനെ;
അസ്വസ്ഥ ഭാവേനച്ചൂളിസ്സരോമാഞ്ച-
മജ്ജന്തുവെന്നെത്തുറിച്ചുനോക്കീ, തദാ.
ചിത്തോന്മിഷൽസ്നേഹസംസ്പൃഷ്ടമല്ലെങ്കി-
ലെത്ര രസോജ്ഝിതമാകുന്നു ലാളനം!
പാരിലെപ്പാഴ്മൺതരിയെത്തലോടുവാൻ
ദൂരാൽത്തെളിഞ്ഞുകൈനീട്ടും പുലരൊളി,
ചോദിച്ചിതെങ്കൽപ്പതിയും സ്മിതത്തിനാൽ:
"മാതൃഹൃദയവും പ്രേമദരിദ്രമോ?"
വറ്റിക്കഴിഞ്ഞീല കണ്ണുനീരെങ്കിലും
പെട്ടെന്നു പുഞ്ചിരിക്കൊൾകയാമെൻമകൾ.

എന്നന്തരാത്മാവിലൂറുന്ന വാത്സല്യ-
വിൺനീരിനാലീയുലകം നനയ്ക്കുവാൻ
ശാശ്വതകർഷകൻ ശ്രദ്ധയാ നിർമ്മിച്ച
നീർച്ചാലുപോലെ സംശോഭിച്ചിതോമലാൾ.



പൂർണ്ണമായില്ലെൻ കടമ,മാതൃത്വമാം
പുണ്യാശ്രമത്തിൽക്കടന്നു കാൽവെക്കലാൽ-
ഇന്നിർമ്മലാത്മാവെ വെച്ചുപൂജിപ്പതി-
ന്നെന്നുൾത്തടത്തിനെശ്രീകോവിലാക്കലാൽ-
വിശ്വാത്മകൻെറയിത്തങ്കത്തിടമ്പിനെൻ-
വിശ്വസ്തജീവിതമർപ്പണംചെയ്യലാൽ;
ഞാനീപ്രപഞ്ചത്തിനമ്മയായെങ്കിലേ,
മാനിതമായ് വരൂ നിൻജന്മമോമനേ!
മന്നിൽപ്പരക്കും വെളിച്ചമെൻകണ്ണിനു
നിന്നിളംപുഞ്ചിരിത്തൂമതാനാകണം,
ഓരോ ദളമർമ്മരത്തിലും ഞാൻ  കേൾപ്പ-
തോടിയെത്തും നിൻെറ കാലൊച്ചയാവണം;
ഏതൊരു ദുർഭഗജീവിയിലും നിൻെറ
പൂതസൗന്ദര്യത്തെ ഞാനാസ്വദിക്കണം.

മണ്ണിലിഴഞ്ഞുനടക്കും പുഴുവെയു-
മൊന്നു ലാളിപ്പതിന്നെൻകൈകൾ വെമ്പവേ,
അല്പം ചതഞ്ഞൊരു പുൽക്കൊടി കാൺകിലു-
മക്ഷികളിൽദ്ദു:ഖബാഷ്പം നിറയവേ,
വാനിലേക്കാരാൽക്കുതിക്കുന്ന പാറ്റത-
ന്നാനന്ദവായ്പുമെന്നുൾക്കുളിർപ്പിക്കവേ,
കണ്മണി, നിന്നെക്കണക്കേ, കളിക്കുമി-
ക്കർമ്മപ്രപഞ്ചത്തെയെന്നു ഞാൻ നോക്കുമോ,
അന്നുതാൻ കൽപായുതങ്ങൾതൻകൈവേല
തീർന്നുമേ മാതൃഹൃദയം സുരൂപമാം.

## അഭ്യാസം

### I. പദപരിചയം :

സ്വച്ഛന്ദം, ചിത്തം, ഉന്മിഷദ്, സംസ്പൃഷ്ടം, ഉജ്ജ്വലിതം, സ്മിതം, അന്തരാത്മാവ്, വിൺനീര്,തൂമ, വിശ്വാത്മകൻ,ദളം,മർമ്മരം,ദുർഭഗ, പൂതം, അക്ഷി, ബാഷ്പം, കല്പായുതം.

### II. ഉത്തരമെഴുതുക :

1. കവിയോട് മകൾ കയർത്തുകൊണ്ട് പറഞ്ഞതെന്താണ്?
2. പുലരൊളി കവിയോട് ചോദിച്ചതെന്ത്?
3. മകളുടെ ജന്മം മാനിതമാകുന്നത് എപ്പോഴാണ്?
4. എപ്പോഴാണ് മാതൃഹൃദയം സുരൂപമായി തീരുന്നത്?

# സംഘസാഹിത്യം

(ക്രി.മു.500–ക്രി.പി.200)

മു.വരദരാജൻ.



[തമിഴ്നാട്ടിലെ വടക്ക്ആർക്കോട്ട് ജില്ലയിലെ തിരുപ്പത്തൂരിൽ 1912–ൽ ജനിച്ചു. മദ്രാസ് സർവ്വകലാശാലയുടെ തമിഴ് വിഭാഗം തലവനായിരുന്നു. കേരളം, മൈസൂർ, ഉസ്മാനിയ, ആന്ധ്ര, ബാംഗളൂർ, ന്യൂഡൽഹി, മധുരൈ, കേംബ്രിഡ്ജ് സർവ്വകലാശാലകളിൽ ഉന്നതവിദ്യാഭ്യാസ സമിതിയംഗമായിരുന്നു. അകൽവിളക്ക് (നോവൽ) എന്നഗ്രന്ഥത്തിന് കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. വാഴ്ക്കൈവിളക്കം, ഒവ്വാച്ചെയ്തി, മൊഴിനൂൽ, അരശിയൽ അലൈകൾ, മൺകുടിസൈ മുതലായവയാണ് പ്രധാന കൃതികൾ. 1974 – ൽ അന്തരിച്ചു.]

**അതിപ്രാചീനസാഹിത്യം :**

എത്രയോ ഭരണമാറ്റങ്ങളുണ്ടായിട്ടും നൂറ്റാണ്ടുകാലങ്ങളായി പ്രശസ്തിയോടെ നിലനിൽക്കുന്ന നഗരങ്ങളിൽ ഒന്നാണ് മധുര. ലോകമൊട്ടുക്കുള്ള പഴയ നഗരങ്ങളിൽ മധുരയും പെടുന്നു. ഒരു പ്രാചീനകവി മധുരയെക്കുറിച്ച് പാടുമ്പോൾ, വെള ളക്കുത്തിനല്ലാതെ ശത്രുവിനാൽ തൊടാൻ കഴിയാത്തകോട്ടയുള്ള നഗരം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.കവിതക്കനുയോജ്യമായ കൽപനാ ഭംഗി ഇതിൽ ഉണ്ടെങ്കിലും, വ്യത്യസ്ത ഭരണങ്ങൾക്കിടയിലും ശാന്തജീവിതം തുടർന്നിരുന്ന നഗരം,എന്ന യാഥാർത്ഥ്യമാണ് ഈ വർണ്ണനയിൽ ധ്വനിക്കുന്നത്. മധുരയ്ക്കുള്ള ഈ പ്രത്യേക സ്വഭാവം തമിഴ്നാട്ടിൻെറ പുരാതനമായ നാഗരിക ജീവിതത്തിനു യോജിക്കുന്നു എന്ന് പറയാം. ഇത് മനസ്സിലാക്കിയാൽ തമിഴ്ഭാഷ നൂററാണ്ടുകളിലൂടെ വളർന്നു വികസിച്ച വസ്തുതയും ബോദ്ധ്യപ്പെടും.

പൗരാണിക തമിഴ്നാട്ടിൽ ഉത്ഭവിച്ചു വളർന്ന തമിഴ്സാഹിത്യത്തിൻെറ ഒരു ഭാഗം ഇന്നും കാത്തുസൂക്ഷിക്കപ്പെട്ടുവരുന്നു. അതാണ് സംഘസാഹിത്യം എന്ന് അറിയപ്പെടുന്നത്. തൊൽകാപ്പിയർ എന്ന പൗരാണിക കവി അന്നത്തെ ഭാഷയും കൃതികളും പഠിച്ച് തൊൽക്കാപ്പിയമെന്ന വ്യാകരണഗ്രന്ഥം രചിച്ചു. സംഘസാഹിത്യവും തൊൽകാപ്പിയവുമാണ് പ്രാചീനതമിഴ്ഭാഷയെയും സാഹിത്യത്തെയും നമുക്ക് മനസ്സിലാക്കിത്തരുന്നത്. ഭാരതത്തിൽ ഇന്ന് ജനങ്ങൾ സംസാരിക്കുന്ന ഭാഷകളിൽ അതിപ്രാചീനമായ സാഹിത്യ സമ്പത്താകുന്നു ഇത്.

സംഘസാഹിത്യത്തിൽ വരുന്ന കാവ്യങ്ങളുടെ കാലം ക്രി.മു.500 മുതൽ ക്രി.പി.100 വരെ എന്ന് പറയപ്പെടുന്നു. തൊൽകാപ്പിയവും ഏതാണ്ട് ഈ കാലഘട്ടത്തിൽ പെടുന്നതാണ്.തന്മൂലം തമിഴ് ഭാഷയും സാഹിത്യവും ഈ കാലത്തിനുമുമ്പേ വളർന്നിരുന്നുവെന്നതിൽ സംശയമില്ല. ഒരു രാജ്യത്ത് എത്രയോ നൂററാണ്ടുകാലം വായ്മൊഴിസ്സാഹിത്യം (Folk Literature ഫോക്ക് ലിററേച്ചർ) ജനങ്ങൾക്കിടയിൽ പ്രചരിച്ചശേഷമാണ് കവികളിൽ ചിലർ അവയിൽ ചിലതിന് ലിഖിത രൂപം നൽകുന്നത്. അതിനും ശേഷമായിരിക്കും ഗ്രന്ഥങ്ങളുടെ ആവിർഭാവം. അപ്പോൾ, തമിഴ്നാട്ടിലും സംഘസാഹിത്യ കൃതികൾക്കുമുമ്പ് അവയ്ക്ക് ആധാരമായ നാടൻ പാട്ടുകൾ ജനതയ്ക്ക് ഇമ്പം പകർന്നുകൊണ്ട് നാടാകെ വ്യാപിച്ചിരിക്കണം. ഇവയുടെ സ്വാധീനം കവികൾ പിന്നീട് രചിച്ച കവിതകളിൽ കാണാവുന്നതാണ്.

ഇങ്ങനെജനിച്ച, സാഹിത്യത്തിന് അന്നുള്ള വിദ്വാന്മാർ ലക്ഷണനിർണ്ണയം ചെയ്തിരിക്കണം. അപ്പോൾ തൊൽകാപ്പിയർക്ക് മുമ്പുതന്നെ സാഹിത്യവും വ്യാകരണവും വളർച്ചയുടെ ഒരു ഘട്ടം കടന്നിട്ടുണ്ടാകുമെന്നത് സ്പഷ്ടം തന്നെ. തൊൽക്കാപ്പിയത്തിന് പനമ്പാരനാർ ആമുഖം രചിച്ചു. അതിൽ ഒക്കെ വേങ്കടമല (തിരുപ്പതി) മുതൽക്കു തെക്ക് കന്യാകുമാരി വരെ സംസാരിക്കുന്ന ഭാഷ തമിഴാണെന്നും ജനങ്ങളുടെ സംസാരഭാഷയേയും കവികളുടെ കാവ്യഭാഷ യേയും ആഴത്തിൽ പഠിച്ചറിഞ്ഞാണ് തൊൽകാപ്പിയർ ഗ്രന്ഥമെഴുതിയത് എന്നും, അതുവരെ നിലവിലുണ്ടായിരുന്ന വ്യാകരണകൃതികളെയും അദ്ദേഹം ഗവേഷണ വിഷയമാക്കിയിരുന്നെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നൊക്കെ വ്യക്തമാകുന്നത് രണ്ടുസഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ തമിഴിൽ കനപ്പെട്ട സാഹിത്യകൃതികളും വ്യാകരണഗ്രന്ഥങ്ങളും ഉണ്ടായിരുന്നുവത്രെ. സംഘം കൃതികളുടെ സമാഹാരങ്ങൾ പരിശോധിക്കുമ്പോഴും പൗരാണിക സാഹിത്യ സമ്പ്രദായം വെളിവാകുന്നുണ്ട്.

### സമാഹാരങ്ങൾ :

അന്നത്തെ കവികൾ നാടിൻെറ മുക്കിലും മൂലയിലും നാനാനഗരങ്ങളിലും ജീവിച്ചുകൊണ്ട് കവിത രചിച്ചിരുന്നു. അനേകായിരക്കണക്കിനുള്ള അവരുടെ രചനകൾ, അവരുടെ വീടുകളിലും കൊട്ടാരങ്ങളിലും സൂക്ഷിക്കപ്പെട്ടിരുന്നു. അല്ലാതെ നാട്ടിൽ അങ്ങിങ്ങ് ചിതറിക്കിടന്നിരുന്നവ മിക്കതും കാലഗതിയിൽ നശിച്ചു പോവുക സ്വാഭാവികം തന്നെ. പനയോലത്താളുകൾക്ക് എത്രകാലം നശിക്കാതെ നിൽക്കാനാവും? അങ്ങനെനശിച്ചതു കഴിച്ച് ബാക്കിയുള്ളവ സംരക്ഷിക്കേണ്ടത് എങ്ങിനെഎന്ന ചിന്ത ക്രി.പി. രണ്ടാം നൂറ്റാണ്ടിലുണ്ടായി. രാജാക്കന്മാരും കവികളും അവയിൽ മികച്ച കൃതികളെങ്കിലും കാത്തുപോററു വാൻ തീരുമാനിച്ചു. ഈ സൽപ്രവർത്തിയുടെ ഫലമായി സഞ്ചയിച്ചവയാണ് എട്ടുത്തൊകൈ എന്ന പേരിൽ ഒററക്കവിതകൾ മാത്രമടങ്ങിയ എട്ടുഗ്രന്ഥങ്ങളും, പത്തുപ്പാട്ട് എന്ന നീണ്ട പത്തു കാവ്യങ്ങളുടെ സമാഹാരവും. ഇവയത്രേ സംഘസാഹിത്യം എന്ന സാമാന്യ നാമത്തിൽ അറിഞ്ഞുവരുന്നത്.

## സംഘം എന്ന പേര് :

സംഘസാഹിത്യം എന്ന പേര് എങ്ങനെകൈവന്നു? സംഘം എന്നാൽ പണ്ഡിതസഭ എന്നർത്ഥമുണ്ട്. പിൽക്കാലത്ത് ക്രി.പി. 4,5 നൂററാണ്ടുകളിൽ ജൈനമുനിമാർ തമിഴ് നാട്ടിൽ സംഘം സ്ഥാപിച്ചു, വിദ്യാഭ്യാസരംഗത്തും മതവേദിയിലും സേവനങ്ങൾ നടത്തിയിരുന്നു. അതുപോലുളള കവിസംഘങ്ങൾ അതിനുമമ്പും സ്ഥാപിച്ചിരിക്കാമെന്നും, ആ കവികളാകണം എട്ടുത്തൊകൈ, പത്തുപ്പാട്ട്, തുടങ്ങിയ കാവ്യങ്ങൾ സമാഹരിച്ചത് എന്നുളള ധാരണയിൽ, പിൽക്കാലത്തുണ്ടായ പേരായിരിക്കണം സംഘം എന്ന് ചില വിദ്വാൻമാർക്ക് അഭിപ്രായമുണ്ട്. പ്രാചീനതമിഴകത്തിൽ മൂന്നു സംഘങ്ങൾ നിലനിന്നിരുന്നുവെന്നും തെന്മധുരയിലും കപാടപുരത്തും സ്ഥിതി ചെയ്തിരുന്ന രണ്ട് സംഘങ്ങളും നശിച്ചു പോയപ്പോൾ, മൂന്നാം തമിഴ്സംഘം ഇന്നത്തെ മധുരയിൽ പാണ്ഡ്യരാജാക്കന്മാരുടെ സഹകരണത്തോടെ പ്രവർത്തിച്ചുവെന്നും കരുതപ്പെടുന്നു.

പ്രസ്തുത മൂന്നാം സംഘത്തിന്റെ കൃതികളാണ് എട്ടുത്തൊകയും പത്തുപ്പാട്ടും എന്ന അടിസ്ഥാനത്തിൽ അവയെ സംഘസാഹിത്യം എന്നു വിളിച്ചുവന്നു. മധുരയിൽ കാവ്യകാരന്മാർ ഒത്തുകൂടി തമിഴ് ഗവേഷണം നടത്തിയിരുന്നുവെന്നും, പാണ്ഡ്യഭൂപന്മാർ ആ പരിശ്രമത്തിനു വേണ്ടത്ര സഹായങ്ങൾ നൽകിപ്പോന്നുവെന്നും, മനസ്സിലാക്കാനുതകുന്ന സൂചനകൾ പഴയ കാവ്യങ്ങളിൽനിന്നു ലഭിക്കുന്നുണ്ട്. പാണ്ഡ്യരെപ്പോലെ തന്നെ ചേര-ചോഴരാജാക്കന്മാരും, നാടുവാഴികളും ധർമ്മിഷ്ഠന്മാരും ഇപ്രകാരം സാഹിത്യ-കലാസേവനങ്ങൾ നടത്തിയിരുന്നതായും പഴയ കാവ്യങ്ങൾ പറയുന്നുണ്ട്.

അവരുടെ പിന്തുണയിലും പ്രോത്സാഹനത്തിലും കലാസേവനം നിർവ്വഹിച്ച കവികളും മറ്റും, ആ രാജാക്കന്മാരേയും ദാനപ്രഭുക്കളേയും അവരുടെ രാജ്യങ്ങളേയും ഗ്രാമങ്ങളേയും പേരെടുത്തു പറഞ്ഞു പ്രശംസിച്ചിട്ടുണ്ട്. പക്ഷേ, മൂന്നുസംഘങ്ങളുണ്ടായിരുന്നു, അവ ഇന്നിന്ന രാജാക്കന്മാരുടേയും പണ്ഡിത ന്മാരുടേയും അദ്ധ്യക്ഷതയിലായിരുന്നു, എന്നൊക്കെപ്പറയുന്ന പിൽക്കാലാഭിപ്രായങ്ങൾക്ക് ആധാരമായി രേഖകളില്ല. എന്തായാലും കവികൾ സമ്മേളിച്ച് സാഹിത്യ ചർച്ച നടത്തിയിരുന്നുവെന്നതും, അവരിൽ ചിലരുടെ പരിശ്രമത്തിന്റെ ഫലമാണ് സംഘസാഹിത്യം എന്നറിയപ്പെടുന്ന കാവ്യസമാഹാരങ്ങൾ എന്നതും തർക്ക മറ്റവസ്തുതയാണ്.

## പ്രാചീനകാവ്യസാമഗ്രികൾ :

സംഘസാഹിത്യകൃതികളിൽ കാവ്യസാമഗ്രികൾ സംബന്ധിച്ച ചില പഴയ കീഴ്‌വഴക്കങ്ങൾ പറയുന്നുണ്ട്. പ്രേമസങ്കല്പങ്ങളടങ്ങിയ സാഹിത്യത്തിന് അകം എന്നും, വീരചരിതം, ദാനം, കീർത്തി എന്നിവ പരാമർശിക്കുന്ന സാഹിത്യ വിഭാഗത്തിന് പുറം

എന്നുമുള്ള തരംതിരിവ് ആദിമുതൽക്കേയുള്ള വഴക്കമാകുന്നു. അകം കവിതകളിൽ സങ്കല്പപാത്രങ്ങളായ നായികാ നായകന്മാരുടെ പ്രണയമാണ് മുഖ്യപ്രമേയം. പുറം കവിതകളിൽ രാജ്യം ഭരിക്കുന്നവരുടെ ധീരസാഹസിക പ്രവൃത്തികളും ദാനശീലവും, പ്രജകളിൽ പ്രധാനികളുടെ അപൂർവപ്രവർത്തനങ്ങളും മറ്റും കാവ്യവിഷയമാ യിത്തീരുന്നു. പൊതുവിൽ അകം കവിതകൾ ഭാവനയിൽ അധിഷ്ഠിതവും പുറം കവിതകൾ യഥാർത്ഥ സംഭവത്തെ ആസ്പദമാക്കിയുള്ളതുമാണ് എന്നുപറയാം.

ചെറിയ ഗ്രാമങ്ങൾ ധാരാളം, നഗരങ്ങൾ വളരെകുറവ്, ഗതാഗതസൗകര്യങ്ങൾ പരിമിതം ഇതായിരുന്നു പഴയ അവസ്ഥ. ഗ്രാമീണർ മലയിലും കാട്ടിലും വയൽക്കരയിലും കടൽത്തീരത്തും പാർത്തുവന്നു. വേട്ടയാടൽ, കൃഷി, മീൻ പിടുത്തം എന്നീ തൊഴിലുകൾ ചെയ്തു ജീവിച്ചു. സ്നേഹം, വിദ്യ, പ്രായം, സൗന്ദര്യംഎന്നിവയിൽ പൊരുത്തമുള്ള സ്ത്രീപുരുഷന്മാർ  പ്രേമത്തിലൂടെ വിവാഹിതരായി ദാമ്പത്യ ജീവിതം നടത്തി.

ആ ഗ്രാമജീവിതത്തിൻെറ അടിത്തറ ആ ഗ്രാമങ്ങളിൽ ജനിച്ച വാമൊഴി കഥകളും പാട്ടുകളും നാടകങ്ങളും ഈപ്രേമജീവിതമാണ് പ്രമേയമായി സ്വീകരിച്ചിരുന്നത്. ഗ്രാമീണരുടെ പ്രകൃതിയുമായി ബന്ധപ്പെട്ട ജീവിതവും തൊഴിലും നാടോടി സാഹിത്യത്തിൽ ഇതിവൃത്തങ്ങളായിരുന്നു. മല, കാട്, വയൽ, കടൽ ഇവയുടെ നിസർഗ്ഗ ഭംഗിയും സവിശേഷതകളും ആ കവനങ്ങളിൽ വർണ്ണിതമായിരുന്നു. പ്രകൃതിവിഭവങ്ങളും തൊഴിലും ജീവിതത്തിനുവേണ്ടിയാണ്, അതിനാൽ പ്രേമജീവിതമാണ് – പ്രേമവികാരമാണ് ആ കവിതകളിലെ ഇതിവൃത്തം, അഥവാ, 'ഉരിപ്പൊരുൾ'. ജീവിതത്തിന്റെ ഭാഗമായ മരം, മൃഗം, തൊഴിൽ, പക്ഷി എന്നിവ 'കരുപ്പൊരുൾ' എന്നറിയപ്പെട്ടു.

ആ ജീവിതത്തിന്റെ പശ്ചാത്തലമായ ഭൂഭാഗവും കാലവും, 'മുതൽപ്പൊരുൾ' എന്നറിയപ്പെട്ടു. വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ തൊഴിലും പ്രകൃതിവിഭവങ്ങളും ആചാരക്രമങ്ങളും വ്യത്യസ്തമായിരുന്നു. അതുകൊണ്ടുതന്നെ ഓരോ പ്രദേശത്തുമുണ്ടായ നാടോടിഗാനങ്ങളും വൈവിധ്യം പുലർത്തുന്നു. ഈ നാടോടിപ്പാട്ടുകളാണ് സംഘം കവികളുടെ കൈകളിലൂടെ കുറിഞ്ചി, മുല്ല, മരുതം, നെയ്തൽ, പാല എന്നീ അഞ്ചുനിലയിൽപെട്ട കാവ്യങ്ങളായി വികസിച്ചത്. പഴങ്കാലനാടോടിപ്പാട്ടുകൾ ഇന്നു കിട്ടാനില്ല. ആ നാടൻ പാട്ടുകളെ അനുകരിച്ച് കവികൾ ചമച്ച അഞ്ചുതരം തിണപ്പാട്ടുകളും എല്ലാം കിട്ടിയിട്ടില്ല. തേടിപ്പിടിച്ചു സമാഹരിച്ചവയിൽ 1800 അകം കവിതകളുണ്ട്. പ്രാചീനകാലത്തെ കാവ്യസാമഗ്രി കൾ സംബന്ധിച്ചുള്ള കീഴ്വഴക്കങ്ങൾ, അഥവാ കാവ്യമര്യാദകൾ വിശദമാക്കുന്ന വ്യാകരണഗ്രന്ഥം തൊൽകാപ്പിയമാണ്. അതിൽപറയുന്ന കാവ്യമര്യാദകൾ അനന്തര കാല കവികളും പാലിച്ചുപോന്നിരുന്നു.

(പരിഭാഷ മേലങ്ങത്ത് നാരായണൻകുട്ടി)

## അഭ്യാസം

**I. പദപരിചയം :**

വെള്ളക്കുത്ത്, യാഥാർത്ഥ്യം, വായ്മൊഴി, ലിഖിതരൂപം, സഹസ്രാബ്ദം,സഞ്ചയിക്കുക, പ്രമേയം, ഇതിവൃത്തം.

**II. വിപരീതപദങ്ങൾ:**

പ്രാചീനം, രക്ഷ, സഹകരണം, പ്രശംസ.

**III. വാക്യത്തിൽ പ്രയോഗിക്കുക :**

അനുയോജ്യം, കാത്തുസൂക്ഷിക്കുക.

**IV. ഉത്തരമെഴുതുക :**

1. മധുരനഗരത്തിൻെറ പ്രത്യേകതയെന്ത്?
2. രണ്ടു സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ തമിഴിൽ കനപ്പെട്ട സാഹിത്യ കൃതികളും വ്യാകരണഗ്രന്ഥങ്ങളും ഉണ്ടായിരുന്നുവെന്ന് എങ്ങനെമനസ്സിലാക്കാം?
3. സംഘസാഹിത്യം എന്ന സാമാന്യനാമത്തിൽ അറിയപ്പെടുന്നതെന്ത്?
4. ഏതടിസ്ഥാനത്തിലാണ് എട്ടുത്തൊകൈയും പത്തുപ്പാട്ടും സംഘസാഹിത്യം എന്ന പേരിലറിയപ്പെടുന്നത്?
5. അകം കവിത, പുറംകവിത എന്നിവ എന്തെന്ന് വ്യക്തമാക്കുക?
6. 'ഉരിപ്പൊരുൾ', 'കരുപ്പൊരുൾ' 'മുതൽപ്പൊരുൾ' എന്നിവയെ ക്കുറിച്ചെഴുതുക.
7. സംഘസാഹിത്യത്തെക്കുറിച്ച് ചുരുക്കിയെഴുതുക.

കഥ

# ആകാശത്തിൽ ഒരു വിടവ്

## സി.രാധാകൃഷ്ണൻ



[സി.രാധാകൃഷ്ണൻ 1939–ൽ പൊന്നാനിയിലെ ചമ്രവട്ടത്തു ജനിച്ചു. നിഴൽപ്പാടുകൾ, അഗ്നി, പുഴ മുതൽ പുഴ വരെ, കണ്ണിമാങ്ങകൾ, സ്പന്ദമാപിനികളേ നന്ദി, മുൻപേ പറക്കുന്ന പക്ഷികൾ, പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും, ഒറ്റയടിപ്പാതകൾ എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. കേരള സാഹിത്യഅക്കാദമി അവാർഡും, വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്.]

ആ കാഴ്ച കാണാൻ നാട്ടിലെ മിക്ക ആളുകളും ഒത്തുകൂടിയിരുന്നു. കൂട്ടത്തിൽ കുട്ടികളായ ഞങ്ങളും.

നാട്ടിലെ ഏറ്റവും ഉയരം കൂടിയ മരം മുറിക്കുകയാണ്.

ഇല്ലത്തെപ്പറമ്പിലെ അയിനിമരം. നാഴികകൾക്കപ്പുറത്തുനിന്ന് അതിന്റെ തലയെടുപ്പു കാണാം. അത്ര ദൂരെനിന്ന് അത്ര ഉയരത്തിൽ കാണാവുന്നത് ഓട്ടുകമ്പനിയുടെ പുകക്കുഴൽമാത്രമാണ് വേറെ.

ചിരപുരാതനമായ വൃക്ഷം.

പുഴയിലെയും ദൂരെ കൂരടക്കുന്നിലെയും യാത്രക്കാർ ഏതുകൂരിരുട്ടിലും ദിശയും വഴിയുമറിയുന്നത് നാട്ടുവെളിച്ചത്തിൽ വൃക്ഷനിരയ്ക്ക് കിരീടം പോലെ ഉയർന്നു നിൽക്കുന്ന ഈ മരത്തിന്റെ സ്ഥാനം പിടിച്ചാണ്. ഭാരിച്ച ചുമടേറ്റി നിൽക്കുന്ന ആളുടെ ചുമലിന്റെ വളവു പോലെയൊരു നേരിയ കുനിയലുണ്ട് ഏറ്റവും മുകളിൽ.

വലിയ കടവണ്ണമൊന്നുമില്ല. ഒരാൾക്കു പിടിച്ചാൽ പിടിയെത്തുകയില്ലെങ്കിലും രണ്ടാൾ വേണ്ടതാനും. കടയൊരു പൊത്തായിട്ടുണ്ട്. അത് എത്രത്തോളം മുകളിലേക്കുണ്ടെന്ന് ആർക്കും അറിഞ്ഞുകൂടാ. അതിനകത്തു പലതരം ജീവികൾ കൂടുകൂട്ടി താമസിക്കുന്നു. പിന്നേയും മുകളിൽ കടവാതിലുകൾ തൂങ്ങിക്കിടക്കുന്നു; ഈറൻ ശീലക്കുടകൾ മാതിരി. അതിനും മുകളിലാണു കാക്കക്കൂടുകൾ. ഏറ്റവും മുകളിൽ പരുന്തുകൾ കൂടുകെട്ടുന്നു.

ഏറ്റവും മുകളിലെ ഒരു ചില്ലയിൽ ഇലകൾക്കും മുകളിൽ വൈകുന്നേരങ്ങളിൽ ഒരു കൃഷ്ണപ്പരുന്തിരുന്ന് ആടാറുണ്ട്. വേറെയൊരു മരത്തിലും കാറ്റില്ലാത്തപ്പോഴും അയിനി ആടും – നിലനിൽപ്പ് ആസ്വദിക്കുന്നതുപോലെ. അതു മുറിക്കുന്നുവെന്നു കേട്ടുതുടങ്ങിയിട്ട് കുറച്ചുകാലമായിരുന്നു. ഇക്കൊല്ലമില്ല, അടുത്തകൊല്ലമേ ഉണ്ടാവൂ എന്നു നീണ്ടുപോയതാണ്. ഇല്ലത്തെ തിരുമേനിക്കാശങ്ക വേണോ വേണ്ടേ?



കാറ്റത്തെങ്ങാൻ വീണാൽ ഇല്ലത്തിന്റെ പൂമുഖം തകരും. പൊത്താണ് കട. എങ്ങോട്ടാണു വീഴുന്നതെന്നു പറയാൻ വയ്യ. അക്കാര്യത്തിൽ സംശയമില്ലെന്നായിരുന്നു കോപ്പനാശാരിയുടെ വിദഗ്ധാഭിപ്രായം. ഇല്ലത്തിനുമുകളിൽ വീഴുകയില്ലെന്ന് മൂത്താശാരി നൂറുശതമാനവും ഉറപ്പു പറഞ്ഞു. നിൽപ്പ് കണ്ടാലറിയാം , കാറ്റിന്റെ ഗതി ഏതാണ്ട് ഊഹിക്കാവുന്നതേയുള്ളൂ. പിന്നെ പഴമരം ചതിക്കില്ല.

ഈ ഉറപ്പിന്മേലാണ് മരം വെട്ട് നീണ്ടുപോയത്. ഓരോ കൊല്ലവും മൂത്താശാരി മരച്ചുവട്ടിൽച്ചെന്ന് ചുറ്റും നടന്നു മേലോട്ടുനോക്കി തന്റെ ഉറപ്പ് ആവർത്തിച്ചുപോന്നു. മരത്തിൽതൊട്ട് അപേക്ഷിക്കുകയും ചെയ്യാറുണ്ടായിരുന്നത്രേ:";ചതിക്കല്ലേ ചങ്ങാതീ!" അങ്ങനെയിരിക്കെ, ഇല്ലത്തെ വലിയ തിരുമേനി മരിച്ചു. പുതിയ അവകാശികളിൽ മൂത്തവരൊക്കെ അന്യനാടുകളിൽ ജോലിയിൽ. ഏറ്റവും പ്രായം കുറഞ്ഞ അനിയനേഇല്ലത്തുള്ളൂ, എന്തിനീ അപായസാധ്യത വച്ചുകൊണ്ടിരിക്കണം? മുറിച്ചു നീക്കാൻതന്നെ തീരുമാനിച്ചു.

മരക്കമ്പനിക്കാർ വന്ന് രണ്ടായിരത്തിമുന്നൂറുറുപ്പിക വിലയും പറഞ്ഞു. പത്തുമുപ്പത്തിയഞ്ചു കൊല്ലം മുമ്പു രണ്ടായിരത്തി മുന്നൂറുറുപ്പിക വലിയ തുകയായിരുന്നു വല്ലോ.കച്ചവടമുറച്ചു. "മുറിക്കാൻ ഞങ്ങൾ ആളെ കൊണ്ടു വരണോ, നാട്ടിൽആരെങ്കിലുമുണ്ടാകുമോ?" എന്നായി മരക്കമ്പനിക്കാരുടെ ചോദ്യം.

മൂത്താശാരിക്ക് ആളുപോയി.

ഇല്ലത്തെ മുറ്റത്തെത്തിയ കോപ്പനാശാരി കുടുമയഴിച്ചുകെട്ടി. തോർത്ത് കക്ഷത്തടക്കി മുറപോലെ ഓച്ഛാനിച്ചു നിന്നു.

മരക്കമ്പനിക്കാർ കാര്യം പറഞ്ഞു.

കോപ്പനാശാരിയുടെ കണ്ണുകൾ മരത്തിന്റെ ഉച്ചിയിലായിരുന്നു. നെറ്റിയിൽ അനേകം ചുളിവുകളിൽ വിയർപ്പിന്റെ ഉപ്പ് പൊടിഞ്ഞു കിടന്നു. കാതിലെ വള്ളിക്കടുക്കൻ രണ്ടും കവിളുകളിൽ മുട്ടുംവിധം കോപ്പനാശാരി തല കുടഞ്ഞു: "അടിയൻ മുറിക്കില്ല."

“അതെന്താടോകോപ്പാ?” എന്നായി മുതിർന്ന നമ്പൂതിരിപ്പാട്:
“പരശുരാമന്റെ കോടാലി ഇപ്പൊ കോപ്പന്റെ കയ്യിലല്ലേ!”
“കൂടുതലൊന്നും ചോദിക്കരുത്” കോപ്പനാശാരി തല കുനിച്ചു:
“ഈ മരം അടിയൻ മുറിക്കില്ല.”

നമ്പൂതിരിപ്പാടു ചിരിച്ചു:“എന്നാൽ വേണ്ട. മരം ഏതായാലും വിറ്റു. മുറിക്യേം ചെയ്യും. നാല്കാശ് കോപ്പന് കിട്ടട്ടേന്ന് നിരീച്ച്ളളു, വേണ്ടെങ്കിൽ വേണ്ട.”

“ഒരു കാര്യണ്ട്,”കോപ്പനാശാരി യാത്ര പറഞ്ഞു. “ആരു മുറിച്ചാലും ആ മരം മുറിക്കുമ്പോ സൂക്ഷിക്കണം.” ലോറിയിലാണു മരപ്പണിക്കാർ വന്നത്; അഞ്ചാറു പേർ. പല വലിപ്പങ്ങളിലുള്ള മഴു, കോടാലി, വെട്ടുകത്തി.. എല്ലാം ഊട്ടിയെടുത്തവ.

ഞങ്ങളെ അത്ഭുതപ്പെടുത്തിയത്, ഞങ്ങൾ ആരും അന്നേവരെ കാണാത്തത്ര വണ്ണമുള്ള കമ്പക്കയറിന്റെ വലിയ ചുരുളായിരുന്നു .മൂന്നുപേർ താങ്ങിയാണ് ആ ചുരുൾ ലോറിയിൽ നിന്നിറക്കിയതു തന്നെ.

നമ്പൂതിരിപ്പാട് മരച്ചുവട്ടിൽ വന്നു:. “ഒരു കാര്യണ്ട്. മറ്റ് വൃക്ഷങ്ങൾക്കൊന്നും കേടുതട്ടരുത്. മരം കട മുറിഞ്ഞു വീഴണത് ഇല്ലത്തിന്റെ മുകളിലാവാനും പാടില്ല!”

വെട്ടുകാർ ഉടുപ്പുമാറ്റി മരക്കറ പൂരണ്ടതോർത്തുകളുടുത്ത് തയാറായി.

കമ്പക്കയറിന്റെ ഒരറ്റം സ്വന്തം അരയിൽച്ചുറ്റി ഒരാൾ മരത്തിൽ കയറാൻ തുടങ്ങി. ചുമലിൽ കോടാലി.

വെട്ടുകാരുടെ മൂപ്പൻ താഴെ നിന്ന് നിർദ്ദേശങ്ങൾ കൊടുത്തു: “അതാ, ആ കവുളീമ്മ ചവുട്ടിക്കോ മൂന്നാമത്തെ വളവില് കയറ് കെട്ട്.’

മറ്റുരണ്ടുപേർ കമ്പയുടെ ചുരുളഴിച്ച് ഉയർത്തിക്കൊടുത്തുകൊണ്ടിരുന്നു.

പലതരം പക്ഷികളും ജീവികളും മരത്തിൽ നിന്നും പറന്നും ചാടിയും രക്ഷപ്പെട്ടു കൊണ്ടിരുന്നു. മരത്തിന്റെ കടയിലെ പൊത്തിൽ മണ്ണെണ്ണത്തുണി തിരുകി തീ കൊളുത്തുമ്പോഴാണ് മൂത്താശാരി വന്നത്. മുറം കൊണ്ട് വീശി മണ്ണെണ്ണപ്പുകയും തീയും പൊത്തിനകത്തു കയറ്റിയപ്പോൾ നിരവധി മരത്തവളകളും ഒരു പാമ്പും പുറത്തു ചാടി. മരത്തവളകളെ ആരുംമൊന്നും ചെയ്തില്ല; പാമ്പിനെഓടിയെത്തി തല്ലിക്കൊന്നു.

മൂപ്പൻ പറഞ്ഞു: “വീതുട്, അയിന്റെ എണ കാണണം.”

എത്ര പുകയൂതിയിട്ടും വേറൊന്നും പുറത്തു ചാടിയില്ല. ഉറക്കമുണർന്ന കടവാതിലുകൾ വട്ടമിട്ടു കരഞ്ഞു പറക്കാൻ തുടങ്ങി. കൃഷ്ണപ്പരുന്ത് “കൃഷ്ണാ….” എന്നു കരഞ്ഞു

കൊണ്ട് എല്ലാറ്റിനും മുകളിൽ വട്ടമിട്ടു.

മൂത്താശാരി മൗനിയായി എല്ലാം കണ്ടുനിന്നു.

കുട്ടികളായ ഞങ്ങളെ മുതിർന്നവർ ആട്ടിയകറ്റി:

“ദൂരെച്ചെന്ന് നിക്കണം, എല്ലാരും.”

കോപ്പനാശാരി വിളിച്ചു; “കുട്ട്യോളൊക്കെ ഇങ്ങട്ട് പോരിൻ.”

മരത്തിന്റെ കടയുടെ പത്തു ചുവടുമാത്രം ദൂരെയാണ് കോപ്പനാശാരി നിൽക്കുന്നത്. പ്രായമുള്ളവരിൽ ആരോ ചൊടിച്ചു “കോപ്പന് അത്തും പൂത്തും ആയ്യോ! എവടയ്ക്കാ കുട്ട്യോളെ വിളിക്ക്ണ്, മരത്തിന്റെകടയ്ക്കിലിക്കോ! നല്ല പൂരം!”

ഞങ്ങൾആട്ടിയകറ്റപ്പെട്ടു: ഒക്കെപ്പോവിൻ! ദൂരെപ്പോവിൻ!”

മരം ചെറിയ തുണ്ടുകളായി അറുത്തറുത്തു വീഴ്ത്താനായിരുന്നു പദ്ധതി. നെടു നീളത്തിൽ വീണാൽ പൊളിഞ്ഞും പൊട്ടിയും പോകും. പണിത്തരത്തിനു കൊള്ളാതാവും.

പാതിയിലേറെയും തുണ്ടുകളാക്കി വീഴ്ത്തിയാൽ കടമുറി മാത്രം വെട്ടിവീഴ്ത്തി യാൽമതി. കമ്പക്കയറിന്റെ ഭാരം ആദ്യം കയറിയ ആൾക്ക് താങ്ങാനാവാതെ വന്നപ്പോൾ രണ്ടാമതൊരാൾ കൂടികയറി. പിന്നെ മൂന്നാമൻ.

മരത്തിന്റേനേരെ താഴെ ഏതാനും തൈത്തെങ്ങുകളും പടുമരങ്ങളും മാത്രമേയുള്ളു, അതിനൊക്കെ കേടുപറ്റുമെന്നു തീർച്ചയാണ്. തെങ്ങുകളുടെ പട്ടകൾ കൂട്ടിപ്പിടിച്ച് കയറിട്ടു കെട്ടി വച്ചിരിക്കുന്നു.. മുത്തശ്ശി മുടി നെറുകയിൽ കെട്ടിയ ചിട്ടയിൽ.

നിലത്തു മുഴുവൻ അയിനിച്ചക്കക്കുരുവും ചുളയളിഞ്ഞതും മടലും. മരത്തിൽ സമൃദ്ധമായി ചക്ക. നിലത്തുവീഴുമ്പോഴേ ചക്ക ചിതറുന്നു. ചെറിയ പക്ഷികളും പട്ടികളും ചക്കച്ചുള തിന്നുന്നു. പാതി പഴുപ്പായ ചക്ക കടവാതിലുകൾ മുകളിൽവച്ചു തന്നെ തിന്നും. കാക്ക കൊത്തിയാൽ ബാക്കി അടർന്നു വീഴുകയും ചെയ്യും.

വെട്ടുകാരുടെ മൂപ്പൻ മരത്തിനു ചുറ്റും നടന്നുനോക്കി. പൊത്തിലേക്കു കയറ്റിയ പുക മരത്തിന്റെ ഉയരങ്ങളിലെ കവിളികളിലെവിടെക്കൂടെയെങ്കിലും പുറത്തുവരുന്നുണ്ടോ? ഇല്ല. മാറത്ത് കൈയും പിണച്ചു കെട്ടി നിൽക്കുന്ന മരക്കമ്പനിയുടമയോടു മൂപ്പൻ പറഞ്ഞു:“ഇല്ല പൊത്ത് മൂന്നരക്കോലേ കാണൂ.”

അവർക്കു സന്തോഷമായി.

മരക്കട മുറിഞ്ഞു വീഴേണ്ടദിശയും ഒഴിവും മൂപ്പൻ നിശ്ചയിച്ചു. പാതിയുയരത്തിൽ കമ്പ കെട്ടി.

കമ്പ താഴെ വലിച്ചു കെട്ടി.

വെട്ടുകാർ പിന്നെയും മുകളിലേക്കു കയറി.

മരക്കടയിൽ പൊത്തിനകത്തുനിന്ന് ഒരു നേരിയ പൊട്ടു കേട്ടു.

അത്രനേരവും മൗനിയായി നിന്ന കോപ്പനാശാരി വെട്ടുകാരുടെ മൂപ്പനെസമീപിച്ചു:"കാര്യം ചൊവ്വാണോ?" മൂപ്പൻ തലതിരിച്ചു: "എന്ത് ചൊവ്വാണോന്നാ?"

"മരം..."

"മരം.... ഇങ്ങളേതാ? എന്ത് വേണം?"

"ഞാനൊരാശാരി. ചൊവ്വല്ലാന്തോന്നി, പറഞ്ഞ്ലാന്ന് വരണ്ട."

"പോയി പണി നോക്കിനേയ്!" മൂപ്പൻ ചൊടിച്ചു: "ആള് കേറ്വേ മരത്തിന്റെ ചോട്ടില് നിന്ന് ഇങ്ങക്കല്ലാണ്ട് പറയാന്തോന്വോ, ചൊവ്വല്ലാന്ന്!"

"ആള് കേറ്ണതോണ്ടാ, പറഞ്ഞതും!" മൂത്താശാരി പിൻവാങ്ങി.

"ഉഫ്ഫ്ഫൂ!" മൂപ്പൻ നീട്ടിത്തുപ്പി. എന്നിട്ട് മരത്തിൻമേലുള്ളവർക്ക് ഒരു താക്കീതും കൊടുത്തു: "കൊളർക്കണേ, മക്കളേ!"

മൂത്താശാരി പിന്നെപ്പോയതു നമ്പൂതിരിപ്പാടിന്റെ അരികിലേക്കാണ്. അങ്ങു മാറി മുറ്റത്തു നിന്നു കാഴ്ച കാണുകയായിരുന്നു, നമ്പൂതിരിപ്പാട്.

"എന്താ കോപ്പാ?"

"ആപത്തുണ്ടാവും!"

"എന്താപത്ത്?"

"മരം വീഴും!"

"അത് ആപത്താ? മരം വീഴ്ത്താനല്ലെ മുറിക്കണത്!"

"മുറിക്കാതെ വീഴും!"

"അതെങ്ങിന്യാടോ!"

"കടപൊട്ടും!"

"അതൊക്കെ അവർക്കറീല്ല്യെ കോപ്പാ? കോപ്പൻ ഇങ്ങട്ട് മാറി നിന്നോളൂ അവരേയ് , അവരേയ്, യമകിങ്കരന്മാരാണ്.കണ്ട്ല്യേ കയറും കോടാലീം...."

"ആട്ടെ തമ്പ്രാൻ ഇവടെ നിക്കണ്ട!"

"എന്താ ഇവടെ നിന്നാൽ?"

"വേണ്ട,ഇവടെ നിക്കണ്ട!"

"ഇതെന്തൊരു തമാശ!"

'തമാശയല്ല അകത്തു പോവ്വ്!"

"നിർബന്ധാണോ?"

"അതേ"

"എന്നാൽ ശരി, തനിക്കിനി അതിന് അങ്കലാപ്പ് വേണ്ട, പൊയ്ക്കളയാം"

നമ്പൂതിരിപ്പാട് അകത്തുകയറി. കോപ്പനാശാരി മരത്തിന്റെ ആട്ടവും കയറിപ്പോകുന്നവരുടെ പുരോഗതിയും സസൂക്ഷ്മം വീക്ഷിച്ചു. മരച്ചുവടു മുതൽ ഇല്ലത്തെ മുറ്റം വരെയുള്ള നീണ്ട വഴിയിൽനിന്ന് ആളുകളെ മാറ്റിത്തുടങ്ങി. പറയുന്നത് കോപ്പനാശാരിയായതുകൊണ്ട് ആളുകൾ അനുസരിച്ചു. ഇത്രയൊക്കെയായിട്ടും പക്ഷേ, കോപ്പനാശാരിക്ക് സഹിക്കാൻ കഴിഞ്ഞില്ല. സൂക്ഷ്മനിരീക്ഷണത്തിനിടയിൽ ഒരു ഘട്ടത്തിൽ കോപ്പനാശാരിഉറക്കെ വിളിച്ചുപറഞ്ഞു:"മരത്തിമ്പ്ല് ഇനി ഇരുന്നു കൂടാ! എറങ്ങണം!"

ആകാശത്തു പച്ചമരത്തിൽ കോടാലി വീഴുന്ന ശബ്ദം മാറ്റൊലിക്കൊണ്ടുകൊ ണ്ടിരുന്നു. പച്ചമരക്കറയുടെ മണം വായുവിൽ തങ്ങി നിന്നു. ഉണക്കക്കമ്പുകളും പക്ഷിക്കൂടുകളും പച്ചിലകളും ഉതിരുന്നുണ്ടായിരുന്നു. കോപ്പനാശാരിയുടെ നിലവിളി കേട്ട് മൂപ്പൻ നീരസത്തോടെ തല തിരിച്ചു:"ഇയ്യാളൊരു തൊന്തരവായല്ലോ!"

കേട്ടവരിൽ ചിലർ ചിരിച്ചു. കാരണമുണ്ട് – കോപ്പനാശാരിക്ക് പൊട്ടനാശാരി എന്നൊരു പേരുമുണ്ടായിരുന്നു. മറ്റാർക്കുമറിയാത്ത നിയമങ്ങളനുസരിച്ചാണ് കോപ്പനാശാരി ജീവിച്ചുപോന്നത്. ചില മരങ്ങൾ മുറിക്കുകയില്ല, ചില പുരകൾ പണിയുകയില്ല, ചില ദിവസങ്ങളിൽ ഭക്ഷണമില്ല, ചിലരോടു മിണ്ടുകയില്ല....

'സാരല്യ,' ആരോ മൂപ്പനെസമാധാനിപ്പിച്ചു "ഒരു പിരി ലൂസാണ്!" പിന്നെക്കേട്ടത് കോപ്പനാശാരിയുടെ നെഞ്ഞത്തടിയും 'ചതിക്കല്ലേ' എന്ന അലർച്ചയുമാണ്.

വെറും ഒരുമനുഷ്യന് അത്ര ഉറക്കെ അട്ടഹസിക്കാൻ കഴിയുമോ! കടൽ മുതൽ കല്ലടിക്കാടൻ മലവരെയും ഭൂമി മുതൽ ആകാശം വരെയും ആ അലർച്ച മുട്ടി മുഴങ്ങിയെന്നു തോന്നി. നോക്കുമ്പോൾ, ആകാശം മുട്ടിനിന്ന മരം പതുക്കെ തല ചായ്ക്കുന്നു! കട പൊട്ടുന്നു! ശിരസ്സു കുനിയുന്നതു നേരെ ഇല്ലത്തെ പൂമുഖത്തിനു മുന്നിലെ മുറ്റത്തേക്കു തന്നെ! ശിവ ശിവ!പിന്നീടുണ്ടായ ബഹളം എന്തുപറയാൻ! തെങ്ങിൻതൈകൾക്കിടയിലൂടെ, കുളത്തിനു വിലങ്ങായി ഒരു ചെടിക്കു പോലും കേടുകൂടാതെ കമ്പക്കയറ്റൂത്ത് മരം അലറിച്ചീറി വീണു.. മരത്തിൽക്കയറിയ മൂന്നു പേരും തെറിച്ചു വീണത് കുളത്തിലെ കുഴമ്പു ചേറിൽ. രണ്ടു പേർ സ്വയം നീന്തിക്കയറി. ഒരാൾ കുളത്തിൽക്കിടന്നു കരയാനും തുടങ്ങി.

വലിച്ചു കയറ്റി നോക്കിയപ്പോൾ തുടയെല്ല് പൊട്ടിയിരിക്കുന്നു.

മരം നുറായി നുറുങ്ങിപ്പോയി.

പൊടിതൂളായി എന്നുപറയുന്നതാവും കൂടുതൽ ശരി. വെട്ടിക്കീറിയതുപോലുള്ള വിറകുതുണ്ടുകൾ.

പൊട്ടിയ കടയിലെ പൊത്തിൽമുട്ടവിരിയാൻ  അടയിരിക്കുന്ന പാമ്പ് ചത്തും കിട ന്നു. 'മാമാങ്കം' കഴിഞ്ഞ് തിരികെപ്പോരുന്ന  ഞങ്ങൾ കുട്ടികൾ വയലിലിറങ്ങി തിരിഞ്ഞു നോക്കി .

ആകാശത്തിൽ ഒരു ഒഴിവ്.

പിറ്റേന്നു അത്ഭുതകരമായ മറ്റൊരു സംഭവമുണ്ടായി; കോപ്പനാശാരി അമ്പലനട യിൽച്ചെന്ന് ഉളിവച്ച് തൊഴിലുപേക്ഷിച്ചു!

വിറകു പെറുക്കി വിറ്റാണ് കോപ്പനാശാരി പിന്നെയും അഞ്ചെട്ടുകൊല്ലം, മരിക്കു വോളം കഴിഞ്ഞത്.

പ്രായമായ മക്കൾ നല്ല മരപ്പണിക്കരായി. ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. പക്ഷേ, മൂത്താശാരി അന്തിയോളം കാട്ടിലും മേട്ടിലും പുഴയിലും ചുള്ളി വിറക് പെറുക്കി. നാട്ടിൽഏതു വീടിനു കുറ്റിയടിക്കുമ്പോഴും ഉത്തരം വയ്ക്കുമ്പോഴും മോന്തായം കൂട്ടു മ്പോഴും ഏതു വീട്ടിൽ കുടിയിരുപ്പു നടക്കുമ്പോഴും മൂത്താശാരിയെ ക്ഷണിച്ച് ഭക്ഷണം കൊടുക്കുക പതിവായി.

ഒറ്റമുണ്ടും നീണ്ടുവളർന്ന താടിയുമായി മൂത്താശാരി ഒരു അവധൂതനെപ്പോലെ നാട്ടിൽനടന്നു. ഇല്ലപ്പറമ്പിൽ ആ വന്മരം നിന്നേടത്ത് ഇപ്പോഴും ആകാശത്തിൽ ഒരു വിടവ് അവശേഷിക്കുന്നു. ആൽത്തറയിൽ അന്തിയുറങ്ങി ഉണരാതായ മൂത്താശാരിക്ക് ഉണ്ണാൻ, ഇപ്പോഴും ഞങ്ങളുടെ നാട്ടിൽ പുതുവീടുകളിൽ കുടിയിരിക്കുന്നവർ മച്ചിൽ വിളമ്പി വാതിലടയ്ക്കുന്നു.

തലമുറകളിലൂടെ പകർന്നു കിട്ടിയ ജന്മവാസനകൊണ്ടെന്നപോലെ ഒരു കൃഷ്ണപ്പ രുന്ത് ഇന്നും കൂടുകൂട്ടും കാലത്ത് ഇല്ലപ്പറമ്പിനുമുകളിൽ "കൃഷ്ണാ" എന്നു കരഞ്ഞു കൊണ്ട് വട്ടമിടുന്നു. മരങ്ങളേറെയുണ്ടായിട്ടും അത്രയും ഉയരമെത്താൻ മറ്റൊരു മര ത്തിനും ഇന്നേവരെ കഴിഞ്ഞിട്ടുമില്ല.

## വ്യാകരണം

### ലിംഗം, വചനം, കാലം.

### I. ലിംഗം :

നാമത്തിന്റെ അർത്ഥമായി വരുന്ന വസ്തു പുരുഷനാണോ സ്ത്രീയാണോ എന്ന തിനെഅടിസ്ഥാനമാക്കിപ്പറയുന്ന താണ് ലിംഗം. ലിംഗം മൂന്നു വിധം.

1. **പുല്ലിംഗം.**
2. **സ്ത്രീലിംഗം.**
3. **നപുംസകലിംഗം.**

1. **പുല്ലിംഗം:** പുരുഷനെക്കുറിക്കുന്നതാണ് പുല്ലിംഗം.
   ഉദാ: അവൻ, കൊമ്പനാന, രാജാവ്, അച്ഛൻ

2. **സ്ത്രീലിംഗം:** സ്ത്രീയെകുറിക്കുന്നതാണ് സ്ത്രീലിംഗം.
   ഉദാ: അമ്മ, അവൾ, രാജ്ഞി,പിടക്കോഴി.

3. **നപുംസകലിംഗം:** സ്ത്രീപുരുഷ ഭേദം കണക്കാക്കാൻ കഴിയാത്തതാണ് നപുംസകലിംഗം.
   ഉദാ: കല്ല്, വെള്ളം, വായു, തീ

### II. വചനം:

ഒന്നോ അതിലധികമോ എന്നു കാണിക്കുന്ന ശബ്ദമാണ് വചനം. പ്രധാനമായും വചനം രണ്ടു വിധം

1. **ഏക വചനം.**
2. **ബഹുവചനം :**

1. **ഏകവചനം:** ഒരെണ്ണത്തെ കുറിക്കുന്ന ശബ്ദമാണ് ഏകവചനം.
   ഉദാ: മനുഷ്യൻ, കസേര, നദി

2. **ബഹുവചനം:** ഒന്നിലധികം എണ്ണത്തെ കുറിക്കുന്ന ശബ്ദമാണ് ബഹുവചനം
   ഉദാ: മനുഷ്യർ, കസേരകൾ, നദികൾ

**III. കാലം ഒരു ക്രിയ(പ്രവൃത്തി) നടക്കുന്ന കാലത്തെകുറിക്കുന്ന ശബ്ദമാണ് കാലം. കാലം മൂന്നു വിധം വർത്തമാനം, ഭൂതം, ഭാവി**

1. **വർത്തമാനകാലം** ക്രിയ നടന്നുകൊണ്ടിരിക്കുന്നതാണ് വർത്തമാനകാലം.

ഉദാ: നടക്കുന്നു, ഓടുന്നു, പറയുന്നു.

2. **ഭൂതകാലം** ക്രിയ നടന്നു കഴിഞ്ഞു എന്നു കാണിക്കുന്നതാണ് ഭൂതകാലം.

ഉദാ: നടന്നു, ഓടി, പറഞ്ഞു.

3. **ഭാവികാലം** വരാനുള്ളതിനെസൂചിപ്പിക്കുന്നതാണ് ഭാവികാലം

ഉദാ: നടക്കും, ഓടും, പറയും

**IV. താഴെ പറയുന്നവയ്ക്ക് ഉദാഹരണങ്ങൾ പാഠഭാഗങ്ങളിൽനിന്ന് കണ്ടെത്തുക**

1. സംജ്ഞാനാമം
2. മേയനാമം
3. മുറ്റുവിന
4. കേവലക്രിയ
5. പേരച്ചം
6. ഭൂതകാലരൂപം
7. ബഹുവചനരൂപം

**രചന** : അവധാരണം

# മമ്മി

## ചെമ്മനം ചാക്കോ



[ചെമ്മനം ചാക്കോ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലുള്ള മുളക്കുളത്ത് എന്ന സ്ഥലത്ത് 1926 ൽ ജനിച്ചു. കേരള സർവകലാശാല പ്രസിദ്ധീകരണ വിഭാഗത്തിന്റെ തലവനായി ഉദ്യോഗത്തിൽനിന്നു വിരമിച്ചു. ആക്ഷേപഹാസ്യമാണ് ചെമ്മനം കവിതകളുടെ മുഖമുദ്ര. കനകാക്ഷരങ്ങൾ, നെല്ല്, അസ്ത്രം, ആഗ്നേയാസ്ത്രം, ആളില്ലാക്കസേരകൾ, രാജപാത തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ. 'രാജപാത'എന്ന കൃതി കേരളസാഹിത്യഅക്കാദമി അവാർഡ് നേടിയിട്ടുണ്ട്.

നമുക്കിടയിൽ പടർന്നു പിടിച്ച പൊങ്ങച്ച സംസ്കാരത്തേയും , മാതൃഭാഷ മറന്നുകൊണ്ടുള്ള പെരുമാറ്റ രീതികളേയും പരിഹസിക്കുന്ന മമ്മി എന്ന കവിത 'ചെമ്മനം കവിതകൾ' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.]

മരിക്കാൻ കിടക്കുന്നു മുത്തശ്ശി ; ചുറ്റും നോക്കി–
യിരിക്കാൻ തുടങ്ങിയിട്ടേറെയായ് വേണ്ടപ്പെട്ടോർ :

ദൂരെ ജോലിയിലുള്ളോരാരുമേയിനിയെത്തി–
ച്ചേരുവാനില്ലാ; വന്നൂ മക്കളും ചെറുമക്കൾ



മലയായിലെപ്പുത്രി കേൾക്കുവോരുടെ കണ്ണിൽ
ജലമൂറുമാറുച്ചം കരഞ്ഞൂ "പ്രിയ മമ്മി,

ഒന്നു നീ നേരേ നോക്കൂ, നിന്നിളം മകളല്ലേ
വന്നിതാ വിളിക്കുന്നൂ, കൺതുറക്കുക മമ്മീ!"

കുട്ടികൾചുറ്റും കൂടിക്കരഞ്ഞു "ഗ്രാൻ മമ്മീ, തെ–
ല്ലിഷ്ടമുണ്ടെങ്കിൽ കണ്ണു തുറക്കൂ ഡിയർ മമ്മീ!"

കേട്ടവർ കേട്ടോർക്കുള്ളം ദ്രവിച്ചൂ, ദുഃഖത്തിന്റെ
തേട്ടലിലവരൊപ്പം വിളിച്ചൂ "മമ്മീ,മമ്മീ"

നാലഞ്ചുനാളായൊറ്റക്കിടപ്പായിരുന്നോൾ തൻ
മേലനക്കുന്നൂ,യമരാജന്റെസൗജന്യമോ?

ചുണ്ടനക്കുന്നൂ,ശ്വാസം നേരെയാകുന്നു, മക്കൾ
കണ്ടു നിൽക്കവേ മെല്ലെ ക്കണ്ണുകൾ തുറക്കുന്നു!

"മമ്മി, യെൻപ്രിയ മമ്മി,ഗ്രാൻമമ്മി"വിലാപത്തി–
ന്നുന്മാദമുച്ചസ്ഥായി പ്രാപിച്ചു താഴുന്നേരം

നല്ല ബോധമായ് വൃദ്ധ വെള്ളവും കുടിച്ചെന്തോ
ചൊല്ലുവാൻ തുനിഞ്ഞയ്യോ, പാതിയിൽനിറുത്തുന്നു!

ഒരു തേങ്ങലിൽ ദിക്കുപൊട്ടുമാറാ മാതാവി–
ന്നരുമക്കരം മൊത്തിയൊരുമോൾ ചോദിക്കുന്നു:

"ഞങ്ങളാൽസാധിച്ചീടാനാശ വല്ലതുമുള്ളിൽ
തങ്ങി നിൽപ്പുണ്ടോ മമ്മീ, പറയൂ പ്രിയമമ്മീ!"

കരയും ജനങ്ങൾതൻ നടുവിൽക്കടന്നെത്തി
മരണം നൃത്തം വയ്ക്കും ചുണ്ടുകൾ ശബ്ദിക്കുന്നു:

"അമ്മയെന്നൊരു വാക്കു വിളിക്കുന്നതു കേട്ടു
ജന്മമൊന്നൊടുക്കുവാൻ മക്കളേ, കൊതിപ്പൂ ഞാൻ"

മാതൃചിത്തത്തിന്നന്തിമാശപോൽ തേനൂറുന്ന
മാതൃഭാഷ തൻ വാക്കു ജീവനിട്ടുയരുമ്പോൾ

അമ്മതൻ നയനങ്ങളടഞ്ഞൂ; സംതൃപ്തി ത–
ന്നുണ്മുറ്റിയ ദേഹം മമ്മിപോൽ നിശ്ചേഷ്ടമായ്.

## അഭ്യാസം

### I. പദപരിചയം :

ഉള്ളം, ദ്രവിച്ചു, യമരാജൻ, ഉന്മാദം, ഉച്ചസ്ഥായി, ചിത്തം, നയനങ്ങൾ, നിശ്ചേഷ്ടം.

### II. ചോദ്യങ്ങൾ :

1. മക്കളുടേയും ചെറുമക്കളുടേയും ദുഃഖം വർണ്ണിക്കുന്നതെങ്ങിനെ?
2. മക്കളുടെ കരച്ചിൽ കേട്ടപ്പോൾ മമ്മിക്കുണ്ടായ ഭാവവ്യത്യാസം എന്തായിരുന്നു?
3. മമ്മിയുടെ അന്തിമാഭിലാഷം എന്തായിരുന്നു?
4. മമ്മി എന്ന പദ്യത്തിന്റെ ഇതിവൃത്തം ചുരുക്കിയെഴുതുക.

# കോഴിയുംകുറുക്കനും

പ്രകാശൻ മാണിക്കോത്ത്



[കണ്ണൂർ ജില്ലയിലെ ചെറുപ്പറമ്പിൽ ജനനം. 'ദിനോസറിയം' ആദ്യ നാടക സമാഹാരം. കുട്ടികളുടെ നാടക വേദിക്കും അമേച്വർ വേദികൾക്കുമായി ഏറെ രചനകൾ. യുവജനോൽസവം, കേരളോൽസവം തുടങ്ങിയ മത്സരങ്ങളിൽ മികച്ച നാടകങ്ങൾക്കും സമ്മാനം.]

**രംഗപശ്ചാത്തലം**

അരങ്ങിന്റെ മധ്യത്തിൽ വിലങ്ങനെപൊന്തക്കാട് കോഴികളുടെ സങ്കേതമാണിവിടം. പൊന്തക്കാടിൽ ഉയരത്തിൽ ഒരു മരമുണ്ട്. കർട്ടനുയരുമ്പോൾ തള്ളക്കോഴിയുടെ ചിറകിനടിയിൽ നിന്നും പുറത്തു വരുന്ന കോഴിക്കുഞ്ഞുങ്ങൾ. അവർ പതിയെ അരങ്ങിൽ ഓടിത്തിമർക്കുന്നു. തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിനടിയിലാക്കി ഒളിപ്പിക്കുന്നു. ഒരു കോഴി കടന്നുവരുന്നു.



കോഴി : (തള്ളക്കോഴിയോടായി) നിനക്കെന്താ തീറ്റയൊന്നും വേണ്ടേ. ഈയൊരിരുപ്പിരുന്നാൽ പഷ്ണി കൊണ്ട് ചത്തുപോകും.

തള്ളക്കോഴി : എന്റെ കുട്ടികളെയും വിട്ട് ഞാനെങ്ങനെഇരതേടാനാ?

കോഴി : ലോകത്തിലാദ്യമായി കുട്ടികളുണ്ടാകുന്ന കോഴിയല്ലല്ലോ നീ. എനിക്കുമുണ്ടായിരുന്നു പത്തറുപതു കോഴിക്കുഞ്ഞുങ്ങൾ. അവരെ ഞാൻ വളർത്തിവലുതാക്കുകയും ചെയ്തു.

തള്ളക്കോഴി : എന്നാലും...

കോഴി : ഒരെന്നാലുമില്ല. എന്നും നിന്റെ ചിറകിന്റെ തണലിൽ വളരാനാവില്ല. അവരെ ഈ ഭൂമിയും ആകാശവും കാണിച്ചു കൊടുക്ക്.. ..

(തള്ളക്കോഴി കുട്ടികളെ ചിറകിന്നടിയിൽ നിന്ന് പുറത്തേക്ക് വിടുന്നു. കോഴിക്കുഞ്ഞുങ്ങൾ അരങ്ങിലാകെ ചിക്കിപ്പെറുക്കുന്നു.)

കോഴി : ഇപ്പോഴത്തെ കുട്ടികളൊക്കെ ഭാഗ്യം കെട്ടവരാ. നീ ഓർക്കുന്നുണ്ടോ, തവളക്കണ്ണൻ നെല്ലു തിന്നാനുള്ള രസം. അതൊരു കാലമായിരുന്നു. ആരസമൊന്നും നമ്മുടെ കുട്ടികൾക്ക് കിട്ടാൻ പോകുന്നില്ല.

തള്ളക്കോഴി : നവരനെല്ല് കൊത്തിതിന്നാനും നല്ല രസേനും. നാക്കിൽവെള്ളമൂറുന്നു.

കോഴി : അതൊരു കാലം. ഇപ്പം രാസവളങ്ങളൊക്കെയല്ലേ. കുഞ്ഞുങ്ങളേ നിങ്ങള് ശ്രദ്ധിക്കാൻ കൂടിയാ പറയുന്നേ.
(കോഴിക്കുഞ്ഞുങ്ങൾ തള്ളക്കോഴിയുടെ അരികിൽചെന്ന് ശ്രദ്ധിക്കുന്നു)

കോഴി : പണ്ട് നമുക്ക് തിന്നാനുള്ളതൊക്കെ ഭൂമിയിൽ നിന്ന് തന്നെ മുളക്കുമായിരുന്നു.

തള്ളക്കോഴി : ഒരു കോഴിയുടെ ജീവിതം ഒരുപാടു പേരിൽ നിന്നുള്ള ഒളിച്ചുകളിയാണ്. ആ ഒളിച്ചു കളി എന്താന്നറിയ്യോ നിങ്ങൾക്ക്?

കോഴിക്കുഞ്ഞുങ്ങൾ : പറമ്മേ .. പറ

തള്ളക്കോഴി : ചിറകിന് ബലം വരും വരെ പ്രാപ്പിടിയനിൽനിന്നും കാക്കയിൽ നിന്നും ഒളിച്ചു നടക്കണം. ചിറകിന് ബലം വന്നാലോ. നമ്മുടെ വർഗശത്രുക്കൾ വരികയായി.

കോഴിക്കുഞ്ഞുങ്ങൾ : ആരാ നമ്മുടെ വർഗശത്രുക്കൾ?

കോഴി : അറിയില്ലേ, കുറുക്കന്മാർ.

തള്ളക്കോഴി : അതെ കേട്ടിട്ടില്ലേ നിങ്ങൾ.. .. നിലാവുള്ളരാത്രിയിൽലോകത്തുള്ള സകല കോഴികളേയും പേടിപ്പിക്കുന്ന രീതിയിൽ ഓരിയിടുന്നത്?

കോഴിക്കുഞ്ഞുങ്ങൾ : കുറുക്കന്മാരെ നമുക്കെല്ലാവർക്കും കൂടി കൊത്തിപ്പറിച്ചാലോ?

കോഴി : അവർ കൗശലക്കാരാ. ബലം കൊണ്ടവരെ തോൽപ്പിക്കാൻ കഴിയില്ല.

കോഴിക്കുഞ്ഞ്: പിന്നെയെങ്ങനെയാ നമ്മൾകുറുക്കന്മാരിൽനിന്ന് രക്ഷപ്പെ ടുക?

തള്ളക്കോഴി : അതിനല്ലേ ദൈവം നമുക്ക് ചിറകുകൾ തന്നത്.

കോഴി : ഞാനൊരു നടന്ന കഥ പറയാം. ഓർക്കുമ്പം ചങ്കിലൊരു പിടച്ചിലാ. എന്റെ ചെറുപ്പത്തിൽ നടന്ന സംഭവമാ. ഒരു ദിവസം ഒരു കുറുക്കൻ എന്നെ തിന്നാൻ വന്നു. ഞാൻ പേടിച്ച് മരത്തിൽകയറി. മൂപ്പരുണ്ടോ പോകുന്നു, മൂപ്പര് താഴെ തന്നെ.

കുഞ്ഞി
ക്കോഴി : പേടിയായില്ലേ?

കോഴി : മരിക്കുംന്ന് തോന്നുമ്പം നമുക്കൊരു ധൈര്യം കിട്ടാ റുണ്ട്. ഞാനൊരു മരത്തിൽ നിന്ന് വേറൊന്നിലേക്കു ചാടും കുറുക്കൻ പിന്നാലെ..

കോഴിക്കുഞ്ഞ്: എന്നിട്ടോ?

കോഴി : ഒരു പൊട്ടക്കിണറ്റിനു കുറുകെ ഞാനൊരു ചാട്ടം. കുറുക്കൻ!'പ്ധോം'ന്നും പറഞ്ഞ് കിണറ്റിൽ.....

കോഴി
ക്കുഞ്ഞുങ്ങൾ : അത് നന്നായി. ലോകത്തുള്ളസകല കുറുക്കന്മാരും പൊട്ടക്കിണറ്റിൽവീണ് ചത്തെങ്കിൽ. ..

(അണിയറയിൽ കുറുക്കന്റെ ഓരിയിടലിന്റെ ശബ്ദം കോഴികൾപരിഭ്രാന്തിയിൽ അരങ്ങത്ത് പാഞ്ഞു നടക്കുന്നു.)

തള്ളക്കോഴി : ഓടിക്കോ മക്കളേ.. .. കുറുക്കന്മാർ. ..

(കോഴികൾ ഓടി രക്ഷപ്പെടുന്നു. ഒരു കോഴിക്കുഞ്ഞ് (കുഞ്ഞിക്കോഴി) മാത്രം വീണു പോകുന്നു. പാണ്ടൻ കുറുക്കൻ പ്രത്യക്ഷപ്പെടുന്നു. കുഞ്ഞിക്കോഴി പറന്ന് ഉയരമുള്ള മരത്തിൽ കയറുന്നു. ഇപ്പോൾ കുഞ്ഞിക്കോഴി മുകളിലും കുറുക്കൻ താഴെയും.)

പാണ്ടൻ കുറുക്കൻ : നീയെന്തിനാ പേടിച്ചത്?

കുഞ്ഞി ക്കോഴി : നീയെന്നെ തിന്നും.

പാണ്ടൻ കുറുക്കൻ : ഞാൻ നിന്നെ തിന്നൂല്ല.. ഇറങ്ങി വാ.. ..നമുക്ക് കളിക്കാം.

കുഞ്ഞി ക്കോഴി : എന്നെ തിന്നാനുള്ള സൂത്രമല്ലേ, ഞാനിറങ്ങൂല്ല.

പാണ്ടൻ കുറുക്കൻ : സത്യമാ പറയുന്നത്. ഞാൻ നിന്നെ തിന്നൂല്ല.

കുഞ്ഞി ക്കോഴി : നീ സൂത്രക്കാരനാണ്, അമ്മ പറഞ്ഞിട്ടുണ്ട്. ഞാനിറങ്ങൂല്ല..

പാണ്ടൻ കുറുക്കൻ : കുറുക്കന്മാരെ എനിക്കു മടുത്തു. എനിക്കു കൂട്ടു കൂടാൻ ആരെങ്കിലും വേണം നിന്നെ എനിക്കിഷ്ടമായി.

കുഞ്ഞി ക്കോഴി : നിന്റെയൊരിഷ്ടം. കള്ളക്കുറുക്കാ ഞാനിറങ്ങൂല്ല.. ..

പാണ്ടൻ കുറുക്കൻ : ഞാനൊരനാഥനാ, ചെറുപ്പത്തിലേ അച്ഛനേം അമ്മയേം നായ്ക്കൾ

കടിച്ചുകൊന്നു. എനിക്കാരൂല്ല. നീയെന്നെ വിശ്വസിക്കൂ

കുഞ്ഞി ക്കോഴി : കള്ളക്കുറുക്കാ, സങ്കടം പറഞ്ഞ് സ്നേഹം പിടിച്ചു വാങ്ങുക, എന്നിട്ട് അവസാനം കൊന്നു തിന്നുക. ഇതൊക്കെ പഴയ നമ്പറാ. നീയൊരു ഉള്ളി തരാമെങ്കിൽ നിന്റെ കഥകേട്ട് ഞാനൊന്ന് കരയാം.

പാണ്ടൻ കുറുക്കൻ : നീ തമാശയാക്കണ്ട. ചങ്കു പറിച്ചുകൊടുത്താൽ ചെമ്പരത്തിപ്പൂ വാന്നു പറയുന്നകാലാ.. ..

കുഞ്ഞി ക്കോഴി : നിന്റെ സൂത്രം മനസ്സിലിരിക്കട്ടെ. ഞാനിറങ്ങൂല.

പാണ്ടൻ കുറുക്കൻ : നീയെന്നെ സൂത്രക്കാരനെന്നു വിളിച്ചില്ലേ.ഞാനൊരു സൂത്രം കാണിക്കാം.

(കുറുക്കൻ ഇഴഞ്ഞിഴഞ്ഞ് മരത്തിൻ കയറുന്നു. കുഞ്ഞിക്കോഴിയെ പിടിക്കുന്നു.കുഞ്ഞി ക്കോഴി പിടയുന്നു.അത് നിലവിളിക്കുന്നു. കുറുക്കൻ കുഞ്ഞിക്കോഴിയുമായി താഴെയിറങ്ങുന്നു.)

പാണ്ടൻ കുറുക്കൻ : ഞാനിപ്പം നിന്നെ തിന്നും.

കുഞ്ഞിക്കോഴി : അമ്മേ രക്ഷിക്കണേ.. ..

(പാണ്ടൻ കുറുക്കൻ ചിരിക്കുന്നു. പതിയെ അവൻ കുഞ്ഞിക്കോഴിയെ സ്വതന്ത്രമാക്കുന്നു. കുഞ്ഞിക്കോഴി വിശ്വാസം വരാത്തതുപോലെ അവനെനോക്കുന്നു.)

പാണ്ടൻ കുറുക്കൻ : ഇപ്പം വിശ്വാസായോ? എനിക്ക് നിന്നെ തിന്നണ്ട. നിന്നെയെന്നല്ല ഒരു കോഴിയേയും. കായ്കനികളാണ് എന്റെ ഭക്ഷണം.

കുഞ്ഞിക്കോഴി : എനിക്ക് വിശ്വാസം വരുന്നില്ല.

പാണ്ടൻ കുറുക്കൻ : ഇപ്പം വിശ്വാസായോ, എനിക്കു നിന്നെ ഇപ്പം തിന്നൂടെ, നിന്നെ കാണാൻ നല്ല ഭംഗിയുണ്ട്, നിന്റെതൂവലിന് നല്ല മിനുപ്പ്, നിന്നെയെനിക്ക് ഇഷ്ടാ.

കുഞ്ഞിക്കോഴി : സത്യമാണോ!

പാണ്ടൻ കുറുക്കൻ : ഈ പൊന്തക്കാട് പോലെ സത്യം. നിന്നെ ഞാനൊന്നുകൂടെ തൊട്ടോട്ടെ.

(പാണ്ടൻ കുറുക്കൻ കുഞ്ഞിക്കോഴിയുടെ പിറകെ ഓടുന്നു. അവർ കളിച്ചു തിമർത്ത് ഓടുന്നു. ഇടയ്ക്ക് തൊടുന്നു. വിടുന്നു. രണ്ട ുപേർക്കും ഒരുപാട് സന്തോഷം.)

പാണ്ടൻ കുറുക്കൻ : ഞാനിപ്പം പോകുന്നു നിന്റെകൂട്ടുകാരോട് സ്നേഹാന്വേഷണം പറയണം. ഞാൻ സൂത്രക്കാരൻ കുറുക്കനല്ലെന്ന് പറയാൻ മടിക്കരുത്.

കുഞ്ഞിക്കോഴി : പറയാം. ഞാനെങ്ങന്യാ അവരെ വിശ്വസിപ്പിക്ക്വ?

(പാണ്ടൻ കുറുക്കൻ പോകുന്നു. കുഞ്ഞിക്കോഴി വേദനയോടെ അതു നോക്കി നിൽക്കുന്നു.) (തള്ളക്കോഴിയും കോഴിക്കുഞ്ഞുങ്ങളും വരുന്നു.)

കോഴിക്കുഞ്ഞ് ഒന്ന് : നീയെന്താ പറന്നുകളയാഞ്ഞത്, ഞങ്ങൾപേടിച്ചുപോയി.

കോഴിക്കുഞ്ഞ് രണ്ട് : നിന്നോടവനെന്താ പറഞ്ഞത്?

കുഞ്ഞിക്കോഴി : അമ്മേ അവൻ നമ്മൾ വിചാരിക്കുമ്പോലുള്ള കുറുക്കനല്ല സ്നേഹമുള്ളവനാ. അവൻ കോഴികളെ തിന്നൂല്ല. ഞങ്ങൾ കളിക്കുകയായിരുന്നു.

കോഴിക്കുഞ്ഞ് മൂന്ന് : അമ്മേ ഇവളെന്താ ഈ പറയുന്നേ,കോഴിയും കുറുക്കനും കളിക്കുകയോ?

തള്ളക്കോഴി : മോളേ നീ കുഞ്ഞാണ്. കുറുക്കന്മാരുടെ സൂത്രമൊന്നും നിനക്കറിയില്ല. അവർ ചതിയന്മാരാ. നമുക്കവരുടെ കൂട്ട് വേണ്ട.

കോഴിക്കുഞ്ഞ് ഒന്ന് : നീയല്ലാതെ കുറുക്കന്റെ പഞ്ചാര വാക്കുകൾ വിശ്വസിക്കുമോ.

കുഞ്ഞിക്കോഴി : സത്യമായിട്ടും അയാൾക്ക് നമ്മോട് സ്നഹമാണ്. എനിക്കും ആദ്യമൊക്കെ സൂത്രായിട്ടാ തോന്നിയെ. തിന്നാതെ വിട്ടപ്പൊ വിശ്വാസായി.

തള്ളക്കോഴി : അതൊക്കെ അവന്റെ ഓരോരോ സൂത്രങ്ങളാ.

കുഞ്ഞിക്കോഴി : ഞാനെങ്ങന്യാ നിങ്ങളെ വിശ്വസിപ്പിക്ക്വ.

(അണിയറയിൽ നിന്ന് കുറുക്കന്റെ ഓരിയിടൽ. കോഴികൾ പേടിച്ച് വിറയ്ക്കുന്നു. അവർ ഓടാൻ വെമ്പുന്നു.)

തള്ളക്കോഴി : അതാ അവൻ വീണ്ടും വരുന്നുണ്ട്. ഓടിക്കോ.

കുഞ്ഞിക്കോഴി : (ഉച്ചത്തിൽ) അതവനല്ല മറ്റേതോ കുറുക്കനാ.

തള്ളക്കോഴി : നിനക്കെങ്ങെനെയറിയാം?

കുഞ്ഞിക്കോഴി : അവന്റെ ശബ്ദം എന്റെനെഞ്ചിലുണ്ട്. ഇത് വേറെ കുറുക്കനാ.

(കുറുക്കന്റെ ഓരിയിടൽ. എല്ലാവരും ഓടാൻ നോക്കുന്നു.)

കുഞ്ഞിക്കോഴി : (ഉറക്കെ) ആരും ഓടേണ്ട. ഞാൻ പാണ്ടൻ കുറുക്കനെവിളിക്കും. അവൻ നമ്മെ രക്ഷിക്കും.

തള്ളക്കോഴി : നീയെന്തായി പറയുന്നത്.

കുഞ്ഞിക്കോഴി : (ഉറക്കെ) പാണ്ടൻ കുറുക്കാ. ഓടി വരണേ ഞങ്ങളെ രക്ഷിക്കൂ. കുഞ്ഞിക്കോഴി വിളിക്കുന്നേ.

(അരങ്ങിൽ ഒരു കുറുക്കൻ വരുന്നു. കോഴിക്കുഞ്ഞുങ്ങൾ പൊന്തക്കാടിന്

മറയിൽ ഒളിക്കാൻ ശ്രമിക്കുന്നു. പാണ്ടൻ കുറുക്കൻ ക്രുദ്ധനായി എത്തുന്നു.)

പാണ്ടൻ കുറുക്കൻ : ഇവരെന്റെകൂട്ടുകാരാ . തൊട്ടുപോകരുത്.

കുറുക്കൻ : നീ!

(പാണ്ടൻ കുറുക്കൻ കുറുക്കനെആക്രമിക്കാനൊരുങ്ങുന്നു. അവർ കടിപിടി കൂടുന്നു. ഒടുവിൽ മറ്റേ കുറുക്കൻ പേടിച്ച് തോറ്റോടുന്നു.)

തള്ളക്കോഴി : പാണ്ടൻ കുറുക്കന്റെ മേല് നിറയെ ചോര., പാവം.. .. ഒരുപാട് വേദനിച്ചോ.. ..

പാണ്ടൻ കുറുക്കൻ : നിങ്ങൾക്കു വേണ്ടി അൽപം ചോര പൊടിയുന്നതും എനിക്കിഷ്ടാ...

തള്ളക്കോഴി : ഞങ്ങളോട് പൊറുക്കണം. ഇവള് പറഞ്ഞപ്പോൾ പെട്ടെന്ന് വിശ്വസിച്ചില്ല. ഇപ്പം മനസ്സിലായി. നീ നല്ലവനാ.നിനക്ക് ഞങ്ങൾചിറകുകൾകൊ ണ്ട് കാറ്റു വീശിത്തരാം.

(കോഴികൾചിറകുകൾകൊണ്ട് കാറ്റു വീശിക്കൊടുക്കുന്നു.)

പാണ്ടൻകുറുക്കൻ : എനിക്ക് നിങ്ങളേയും പെരുത്തിഷ്ടാ. ശവം തീനികളായ കുറുക്കന്മാരെ എനിക്കു മടുത്തു. എന്തുചെയ്യാം ഞാനൊരു കുറുക്കനായിപ്പോയില്ലേ.നിങ്ങളെന്നെ വിശ്വസിക്കില്ല.

തള്ളക്കോഴി : ശരീരമല്ലേയുള്ളു കുറുക്കന്റെ. മനസ്സ് കോഴികൾക്കൊപ്പമല്ലേ.. .

പാണ്ടൻ കുറുക്കൻ : കാറ്റും വെളിച്ചവുമില്ലാത്ത ഒരുവരണ്ടജീവിതമായിരുന്നു എന്റേത്. ഇപ്പേൾ എനിക്കാരൊക്കെയോ ഉള്ളതുപോലെ.

കുഞ്ഞിക്കോഴി : നിനക്കു കൂട്ടുകൂടാനും കളിക്കാനും ഞങ്ങളുണ്ട്.

പാണ്ടൻ കുറുക്കൻ : എനിക്ക് സന്തോഷമായി. എല്ലാവരും സന്തോഷത്തോടെ ചിരിച്ച് പാണ്ടൻ കുറുക്കനുമായി കൂട്ടുകൂടുന്നു വെളിച്ചം അണഞ്ഞു.

## രംഗം രണ്ട് – രാത്രി

അരങ്ങിൽ പാണ്ടൻ കുറുക്കനും മറ്റ് രണ്ട് കുറുക്കന്മാരും.

കുറുക്കൻ ഒന്ന് : നീയാരാടാ കോഴികളുടെ രക്ഷകനോ? നീ കേളുക്കുറുക്കനെതുരത്തിയെന്നറിഞ്ഞു.

പാണ്ടൻ കുറുക്കൻ : നാമിങ്ങനെഎല്ലാക്കാലവും കൊന്നു തിന്നു ജീവിക്കുന്നത് ശരിയല്ല. അവർക്കുമില്ലേ ഭൂമിയിൽ അവകാശങ്ങൾ.

കുറുക്കൻ രണ്ട് : എനിക്ക് നിന്നെ കൊല്ലാൻ തോന്നുന്നു. നീയാരാടാ.. നിനക്ക് വർഗ്ഗ സ്നേഹമില്ലേ നീയൊരു കുറുക്കനാടാ. വാലും വെച്ച് ഉളിപ്പില്ലാതെനടക്കുന്നു.

| | | |
|---|---|---|
| കുറുക്കൻ ഒന്ന് | : | ഞാനിവനെകൊല്ലും. |
| പാണ്ടൻ കുറുക്കൻ | : | ഞാൻ സ്നേഹത്തിന്റെ ഭാഗത്താ. എന്റെ കാഴ്ചയിൽ ഞാൻ ചെയ്തത് ശരിയാണ്. നിങ്ങൾക്ക് എന്തു വേണമെങ്കിലും ചെയ്യാം. |
| കുറുക്കൻ ഒന്ന് | : | ഞങ്ങൾ കൊല്ലുമെടാ.. |
| പാണ്ടൻ കുറുക്കൻ | : | നിങ്ങൾക്ക് എന്തുവേണമെങ്കിലും ചെയ്യാം . പക്ഷേ, ഞാൻ പരസ്പരസ്നേഹത്തിന്റെ ഭാഗത്താ. |
| കുറുക്കൻ രണ്ട് | : | എന്നാൽ ഞങ്ങൾ കുറുക്കന്മാർ നിന്നെ പുറത്താക്കിയിരിക്കുന്നു. |
| കുറുക്കൻ ഒന്ന് | : | നീ കോഴികളുടെ കൂടെ ജീവിച്ചോ. വാടാ പോകാം. |

(രണ്ടു കുറുക്കന്മാരും പോകുന്നു. പാണ്ടൻ കുറുക്കൻ തല താഴ്ത്തിയിരിക്കുന്നു. കോഴികൾ ഉത്സാഹത്തോടെ പ്രത്യക്ഷപ്പെടുന്നു.)

| | | |
|---|---|---|
| കുഞ്ഞിക്കോഴി | : | എന്താ ഒരു വിഷാദം? |
| പാണ്ടൻ കുറുക്കൻ | : | അവർ നിങ്ങളെ സ്നേഹിച്ചതുകൊണ്ട് എന്നെ പുറത്താക്കി. |
| തള്ളക്കോഴി | : | സാരമില്ല നിനക്ക് ഞങ്ങളുണ്ട്. |
| പാണ്ടൻ കുറുക്കൻ | : | അതാ എനിക്കൊരാശ്വാസം. |

(കുറുക്കന്മാരുടെ ഓരിയിടലിന്റെശബ്ദം)

| | | |
|---|---|---|
| കുഞ്ഞിക്കോഴി | : | ഞങ്ങൾക്ക് പേടിയില്ല നീയുള്ളപ്പോൾ. |
| പാണ്ടൻ കുറുക്കൻ | : | നിങ്ങൾക്ക് ഞാനുണ്ട്. |

(കുറുക്കന്മാരുടെ ഓരിയിടലിന്റെ ശബ്ദം. കോഴികൾ കൂട്ടമായി മാറിനിന്ന് തള്ളക്കോഴിയോടെന്തോ ആലോചിക്കുന്നു. അവരെന്തൊക്കെയോ കുശുകുശുക്കുന്നു.)

| | | |
|---|---|---|
| തള്ളക്കോഴി | : | പാണ്ടൻ കുറുക്കാ ഞങ്ങളൊരു കാര്യം പറഞ്ഞാൽ അനുസരിക്കുമോ? |
| പാണ്ടൻ കുറുക്കൻ | : | എന്താ? |
| കുഞ്ഞിക്കോഴി | : | ഞങ്ങൾക്ക് ഉറങ്ങാൻ പേടിയാ. ഉറങ്ങുമ്പോഴെങ്ങാനും കുറുക്കൻ വന്നാലോ.നീ ഞങ്ങൾക്ക് കൂട്ടു കിടക്കോ. |
| പാണ്ടൻ കുറുക്കൻ | : | ഞാൻ ഉറക്കത്തിലെങ്ങാനും നിങ്ങളെത്തിന്നാലോ. |
| തള്ളക്കോഴി | : | അങ്ങനെപറയരുത്. ഞങ്ങൾക്ക് നിന്നെ വിശ്വാസാ.ആരെയും ഭയക്കാതെ ഞങ്ങൾക്കുറങ്ങണം. നീ ഞങ്ങൾക്ക് കാവൽ നിൽക്ക്. |
| പാണ്ടൻ കുറുക്കൻ | : | എങ്കിൽ നിങ്ങൾ മതിമറന്നുറങ്ങിക്കോ. പക്ഷേ ഞാനൊരു കുറുക്കനാ. |
| കുഞ്ഞിക്കോഴി | : | (ചിരിച്ചുകൊണ്ട്) വെറും കുറുക്കനല്ലല്ലോ. കോഴിയുടെ ഹൃദയമുള്ള കുറുക്കൻ. |

(കോഴികൾ ഓരോരായിടത്തുമായി ഉറങ്ങുന്നു. അരങ്ങ് ശാന്തം പാണ്ടൻ കുറുക്കൻ മെല്ലെ എഴുന്നേൽക്കുന്നു. മെല്ലെ പറയുന്നു)

പാണ്ടൻ കുറുക്കൻ : (ആത്മഗതം പോലെ) ഈയൊരു രാത്രിക്കു വേണ്ടിയാണ് ഞാനിത്രനാളും കാത്തിരുന്നത്.

പതിഞ്ഞ ചിരിയോടെ പാണ്ടൻ കുറുക്കൻ പതിയെ ഉറങ്ങുന്ന ഓരോ കോഴികളെയായി പിടിച്ച് പൊന്തക്കാട്ടിൽ മറയുന്നു. ഒച്ചയുണ്ടാക്കാതെ അവയെ തിന്നുന്നു. ദുരന്തം തൊട്ടടുത്തുണ്ടെന്നറിയാതെ നല്ല ഉറക്കത്തിലാണ് കുഞ്ഞിക്കോഴിയും മറ്റുള്ള കോഴികളും.

പാണ്ടൻ കുറുക്കന്റെ കണ്ണുകൾ കുഞ്ഞിക്കോഴിയിലേക്ക്.

**തിരശ്ശീല**

## അഭ്യാസം

### I. പദപരിചയം :

പൊന്തക്കാട്, സങ്കേതം, പഷ്ണി, തവളക്കണ്ണൻ, നവര, പ്രാപ്പിടിയൻ.

### II. പര്യായ പദങ്ങൾ :

കാട്, ലോകം, അമ്മ, അച്ഛൻ.

### III. വിപരീത പദങ്ങൾ :

ഭാഗ്യം, ശിക്ഷ, അല്പം.

### IV. ചോദ്യങ്ങൾ :

1. 'ഇപ്പോഴത്തെ കുട്ടികളൊക്കെ ഭാഗ്യം കെട്ടവരാ' എന്ന് കോഴി പറയാൻ കാരണമെന്ത്?
2. 'ഒരു കോഴിയുടെ ജീവിതം ഒരുപാടുപേരിൽ നിന്നുള്ള ഒളിച്ചു കളിയാണ്' തള്ളക്കോഴി ഇങ്ങനെ പറഞ്ഞതെന്തുകൊണ്ട്?
3. 'മരിക്കുംന്ന് തോന്നുമ്പം നമുക്കൊരു ധൈര്യം കിട്ടാറുണ്ട്' ആശയമെന്ത്?
4. പാണ്ടൻ കുറുക്കൻ താൻ നല്ലവനാണെന്ന് കുഞ്ഞിക്കോഴിയെ വിശ്വസിപ്പിച്ച തെങ്ങനെ?
5. 'ഈയൊരു രാത്രിക്കു വേണ്ടിയാണ് ഞനിത്രനാളും കാത്തിരുന്നത്'സന്ദർഭവും ആശയവും വ്യക്തമാക്കുക?

# ചൂണ്ടൽ

## പി.പത്മരാജൻ



[1945–ൽ കായംകുളത്ത് ജനിച്ചു. കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്രസംവിധായകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. 'ഉദകപ്പോള', 'പെരുവഴിയമ്പലം', 'കള്ളൻ പവിത്രൻ', പ്രതിമയും രാജകുമാരിയും', എന്നിവയെല്ലാം പ്രധാനപ്പെട്ട കൃതികളാണ്. 'നക്ഷത്രങ്ങളേ കാവൽ' എന്ന നോവലിന് കേരളസാഹിത്യഅക്കാഡമി അവാർഡ് ലഭിച്ചു. 1991–ൽ അന്തരിച്ചു.]

ഉപരിതലത്തിനു തൊട്ടുതാഴെയായി ഒരു പച്ചത്തവള, കണ്ണും പിൻകാലുകളും ഉയർത്തി മുൻകൈയുകളിലമർന്ന് പൊങ്ങിക്കിടന്നിരുന്നു. ഇടയ്ക്കിടെ അത് പിൻകാലുകൾ തുടിപ്പിച്ച് പൊങ്ങിൻമേൽ തുടിപ്പിച്ച് പൊങ്ങിന്മേൽ തുഴഞ്ഞുകളിച്ചു.

പൊങ്ങുകഷണത്തിൽ ചുറ്റി ചരട് താഴേക്കുപോയി. വെള്ളത്തിന്റെ മുകളിൽ, മരങ്ങളുടെ നിഴൽ വീണുണ്ടാക്കിയ തണലിൽ കിഴക്കുനിന്നൊലിച്ചുവന്നിരുന്ന മുരിങ്ങയിലകളും പതപ്പന്റെ തണ്ടുകളും തങ്ങിക്കിടന്നു. തണലിനു താഴെയുള്ള തണുപ്പിൽ വരാൽമത്സ്യങ്ങളും കരിമീനുകളും മറ്റു ചെറുമത്സ്യങ്ങളും പതുങ്ങിനിന്നിരുന്നു. പലപ്പോഴും അവയെ തൊട്ടുരുമ്മിക്കൊണ്ട് വൃദ്ധന്റെ പഴയ ചൂണ്ടൽ നിർജീവമായി തൂങ്ങിക്കിടന്നു.

വെയിൽ കണ്ണിലടിക്കുമ്പോൾ ഇടതുകൈപ്പത്തി പരത്തി അയാൾ ചെറിയ പൊങ്ങുതടി സൂക്ഷിച്ചുനോക്കി.

വൃദ്ധന്റെ മുഖം ആകെ വികൃതമായിരുന്നു. അയാളുടെ വായ്ക്കുള്ളിലേക്കു ചുണ്ടുകൾ ഇറങ്ങിപ്പോയിരുന്നു. മൂക്കിൻമേൽ നിന്ന് ഒരു നര വളർന്നു ചുരുണ്ടു നിന്നു. വായ്ക്കു താഴെ വളരെക്കാലം പൂഴിമണ്ണിൽ പുതഞ്ഞുകിടന്ന ചപ്പിയെറിഞ്ഞ ഒരു മാങ്ങയണ്ടി പോലെ താടിയെല്ല് പറ്റിപ്പിടിച്ചിരുന്നു.

തോട്ടിന്റെ രണ്ടു വശത്തും കൈതകളും പുല്ലാനിപ്പൊന്തകളും വളർന്നുനിന്ന് വെള്ളത്തിനുമീതെ ഇരുട്ടു വീഴ്ത്തി. കിഴക്കുനിന്നു വരുന്ന തോട്, ഇടയ്ക്കുവച്ച് വടക്കോട്ടു തിരിഞ്ഞ് വീണ്ടും പടിഞ്ഞാറേക്കൊഴുകിപ്പോകുന്നു.ആ തിരിവിൽ ഒഴുക്കു കുറഞ്ഞ് ആഴമുള്ള ഭാഗത്ത് വെള്ളം പലപ്പോഴും ഒരു ചുഴിയായി മാറി. ചുഴിയിൽ കൈതപ്പൂക്കളിൽ നിന്നുതിരുന്ന പൂമ്പൊടി കറങ്ങിക്കൊണ്ടിരുന്നു.

വൃദ്ധൻ ഇതൊന്നും കാണുന്നുണ്ടായിരുന്നില്ല. വലതുകൈയിലിരുന്ന് ചൂണ്ടയുടെ



കമ്പ് ഇടയ്ക്കിടെ ബലമില്ലാതെ വിറച്ചു. അറിയാതെ ഉറങ്ങിപ്പോകുമ്പോൾ പിടിവിട്ട് വെള്ളത്തിന്റെ മുകളിൽ വീണ് അതു മുഴക്കമുള്ള ഒരു ശബ്ദം പുറപ്പെടുവിക്കുക പോലും ചെയ്തു.

കഴിഞ്ഞ അഞ്ച് ദിവസമായി ഒരു ചെറിയ മീൻ പോലും കൊത്തിയിട്ടില്ല. ദിവസവും രാവിലെ ചൂണ്ടയുമായിറങ്ങുമ്പോൾ മകൾ വിളിച്ചുപറയുന്നു. 'ഗൊണപ്പെടുകയില്ല, പോണപോക്കു കണ്ടില്ലേ, ഒന്നും കിട്ടല്ലേന്നും പറഞ്ഞോണ്ടുള്ള ഒരു മുഖഭാവം.'

ഒരു ചെറിയ മീൻപോലും കിട്ടാനില്ലെങ്കിലും അങ്ങനെയൊരു മനസ്ഥിതി അയാൾക്കുണ്ടായിരുന്നില്ല.

ഇന്ന് കുട്ടികളാരുമില്ല. ചിലപ്പോൾ അവർ വരും, വന്നാൽ ശല്യം ചെയ്യും. വെള്ളത്തിലേക്കിറങ്ങുന്നതിനു മുമ്പ്, ആരും കാണാതെ തീറ്റ മാറ്റിവെച്ച്, ചൂണ്ടയുടെ മുനതെളിക്കും. മുനപുറത്തുകാണിച്ചു കിടന്നാൽ ഒരു പരൽപോലും തിരിഞ്ഞുനോക്കുകയില്ല.

കിഴക്കുനിന്നും മൃദുത്വമുള്ള കാറ്റടിക്കുമ്പോൾ വെയിലിന്റെ തീക്ഷ്ണത അറിയാത്ത, തണലിൽ ക്ഷീണിച്ച കണ്ണുകൾസുഖകരമായ ഒരസ്വാസ്ഥ്യത്തോടെ അടഞ്ഞു. അറുപതു വർഷങ്ങൾക്കപ്പുറം താൻ പിന്നിട്ട ബാല്യകാലാനുഭവങ്ങളുടെ അംശങ്ങളും മരണദിവസം വരെതന്നെ പരിചരിച്ചു പോന്നിരുന്ന ഭാര്യയുടെ മുഖവും ഇടയ്ക്ക് ഓർമയിൽ തെളിഞ്ഞുമിന്നി. ചൂണ്ടയുടെ അങ്ങേയറ്റത്ത് ഒരു ചെറിയ ചലനം അനുഭവപ്പെട്ടപ്പോൾ ഞെട്ടിയുണരുകയും പൊങ്ങുതടിയുടെ നിശ്ചലതകണ്ടു വീണ്ടും തന്റെ പഴയഭാവത്തിലേക്കു മടങ്ങുകയും ചെയ്തു.

രാവിലെ പുറപ്പെടുമ്പോൾ മകൾ ശപിച്ചു:
'ഒടുക്കത്തെ പോക്കാണ്!'
അവസാനത്തെ യാത്ര

പലപ്പോഴും കേട്ടിട്ടുണ്ടെങ്കിലും ഇന്നു വാക്കുകൾക്കുള്ളിൽ പ്രത്യേകമായ ഒരർത്ഥം കൂടി കേൾക്കുകയുണ്ടായി. മടങ്ങിവരാത്ത ഒരു യാത്ര. അവൾ പറഞ്ഞപോലെതന്നെ നടക്കാൻ പോകുന്നു.

തോട്ടുവക്കിൽ ചൂണ്ടയിട്ടുകൊണ്ടിരിക്കുമ്പോൾ ഒരു മരണം സംഭവിച്ചുകൂടായ്കയില്ല. ശവം അവിടെ കിടക്കും. വൈകുന്നേരമാണ് മരിക്കുന്നതെങ്കിൽ പിറ്റേന്നുമാത്രമേ അളിഞ്ഞു തുടങ്ങിയ ശവംതേടി ആളുകൾ വരികയുള്ളു.

വെയിൽതാണു. കാട്ടുപുല്ലുകൾക്കും ചേമ്പിൻതണ്ടുകൾപോലെ വളർന്നു നിൽക്കുന്ന മടന്തകാക്കൂട്ടങ്ങൾക്കുമിടയിൽനിന്ന് കുളക്കോഴികൾ ശബ്ദമുണ്ടാക്കിച്ചിലച്ചു.

വെള്ളത്തിൽ ഒലിച്ചുവന്ന ഒരു വലിയ നീർക്കോലി കൈതയുടെ പടർന്നുമുറ്റിയ വേരു കൾക്കിടയിലുള്ള മാളത്തിലേക്ക് തുഴഞ്ഞിഴഞ്ഞ് കയറിപ്പോയി. തവളയുടെ മാളമാണ്. വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന പച്ചത്തവളയുടെ അന്ത്യമടുത്തിരിക്കുന്നു.

ഒരു ചുവന്ന ആമ്പൽപ്പൂവ് ഒഴുകിവന്ന് നൂലിന്മേൽ കുരുങ്ങി. വൃദ്ധൻ ചൂണ്ട എടുത്ത് പൂവു കളഞ്ഞു. പുതിയ ഇറച്ചി കോർത്ത് വീണ്ടും ഇട്ടു.

ഉപരിതലത്തിൽ മൃദുലമായ ഒളങ്ങൾ ഉയർന്നുമാഞ്ഞു. പൊങ്ങിക്കിടന്നിരുന്ന തവള മുൻകാലുകൾ കുറേക്കൂടി ആഴത്തിലേക്കമർത്തി ഊളിയിട്ടുപോയി. മാളത്തിലേക്കായിരി ക്കും. വേഗം പോകൂ. മനസ്സിൽ പറഞ്ഞു. മരണം കാത്തിരിക്കുന്നു.

നേരം ചെന്നതോടെ സായാഹ്നം പൂർണതയെത്തിയതോടെ, പരിഭ്രമം ഏറിക്കൊണ്ടി രുന്നു. രാവിലെ മകൾ പറഞ്ഞ ശാപവാക്കിന്റെ അർഥശൂന്യതയെപ്പറ്റി പലവട്ടം മനസ്സിൽ പറഞ്ഞുറപ്പിച്ചു. തനിക്കു മരണം സംഭവിക്കില്ല. മരിച്ചാൽ അവൾക്കു പിന്നെയാരുണ്ട്. മുപ്പത്തിയെട്ടു വയസ്സുള്ള അവിവാഹിതയായ മകളെപ്പറ്റി ഓർത്തപ്പോൾ താൻ മരിച്ചുകൂടാ എന്ന് അയാൾക്കു നിർബന്ധമായി.

പൊങ്ങുതടിയിൽ ഒരു ചെറിയ ചലനം കണ്ടു! അല്പമൊന്നു താഴ്ന്ന് വീണ്ടുമതു യർന്നു വന്നു ശ്രദ്ധിച്ചിരുന്നു. ഇല്ല ചലനമില്ലാത്ത നിമിഷങ്ങൾ.

കുളക്കോഴികൾ വീണ്ടും ഭയന്നു ശബ്ദം പുറപ്പെടുവിച്ചു. ഒരു കറുത്ത ആമ വെള്ള ത്തിൽ നിന്ന് ഒരു കൈതവേരിന്മേൽ പിടിച്ചിഴഞ്ഞ് കരയിലേക്കു കയറിപ്പോയി.

വൃദ്ധൻ ഭയവിഹ്വലനായി നാലുപാടും നോക്കി. ഇരുട്ടു പരക്കാറായിരിക്കുന്നു. ഇന്നും മീനൊന്നും കിട്ടിയിട്ടില്ല. വെറും കൈയോടെ മടങ്ങുന്ന താൻ – മാളത്തിൽനിന്നു പൊട്ടിവീണതുപോലെ തവളയുടെ കരച്ചിലുയർന്നു. അതു നീർക്കോലിയുടെ വായിലായി രിക്കുന്നു . ഓർക്കാപ്പുറത്തു മരണത്തെക്കാണുമ്പോഴുണ്ടാകുന്ന നിലവിളി. അതോടുകൂടി കൈകൾ അനങ്ങാതെയായി. തന്റെ നാലുപുറവും മരണം എന്ന ഭീകരസത്യം ഈ നേരമ ത്രയും ഉറങ്ങിക്കിടന്നിരുന്നു. തന്റെ കൈകളിൽ ചൂണ്ട, അതിന്റെ അങ്ങേത്തലപ്പിൽ ഏതു നിമിഷവും മരണം പ്രതീക്ഷിച്ചു നിൽക്കുന്ന വരാലുകൾ.

ആമ തല കുറേക്കൂടി പുറത്തേക്കു നീട്ടി, വൃത്തികെട്ട കാലുകൾ പരത്തി തന്റെ നേരെ ഇഴഞ്ഞുവന്നു. ഭയം തോന്നിയപ്പോൾ ഒരു കല്ലെടുത്ത് അതിനെഎറിഞ്ഞു. കല്ല് അല്പം മുമ്പിലായി ചേറിൽ പുതഞ്ഞു.

തവളയുടെ നിലവിളി കൂടുതൽ ഉച്ചത്തിലും ഇടവിട്ടുമുയർന്നു. ഒന്നുരണ്ടു കുളക്കോ ഴികൾ പുറത്തുവന്ന് പരിസരം വീക്ഷിച്ചതിനു ശേഷം പൊത്തിലേക്കു മടങ്ങിപ്പോയി.

പൊങ്ങുതടിയിന്മേൽ വീണ്ടും ഒരു കൊത്തുണ്ടായി. അടുത്ത മരണം മത്സ്യത്തിനാണ്. ഇത്തവണ അത് വലിച്ചെടുക്കാൻ തോന്നിയില്ല. എല്ലാ ചലനങ്ങളും അതിനെആശ്രയിച്ചിരിക്കുന്നതുപോലെ അയാൾക്കു തോന്നി.

ഞാൻ പൊങ്ങുതടി വെട്ടിവലിക്കുമ്പോഴേക്കും ഒരു മത്സ്യം പിടഞ്ഞു മരിക്കും. അതേ നിമിഷത്തിൽ ഒരു തവളയും മരിക്കും. പിന്നെഅവശേഷിക്കുന്നത് താനാണ്. മൂന്നു മരണങ്ങൾ ഒരേ നിമിഷത്തിൽ സംഭവിക്കുകയാണെങ്കിൽ– ആ രംഗം മനസ്സിൽ സങ്കല്പിച്ചു.

ആകാശത്തിൽ വരയുണ്ടാക്കിക്കൊണ്ട് ഒരു വലിയ വരാൽ കരയിൽ. നെഞ്ചിൽ ഒരു നേരിയ വേദനഅനുഭവപ്പെടുമ്പോൾ ചൂണ്ടൽ കൈയിൽ നിന്നു തെന്നിവീഴുന്നു. അദൃശ്യമായ ഒരു ശക്തി തന്റെ കഴുത്തിലേക്ക് മറ്റൊരു കനത്ത ചൂണ്ടൽ വലിച്ചെറിയുന്നു. അയാൾ വിറച്ചുപോയി.

പൊങ്ങുതടിയിൽ കൂടുതൽ ശക്തമായ കൊത്തിപ്പിടിക്കലുകൾ മരിക്കാൻ പോകുന്ന തവളയുടെ ദയനീയമായ നിലവിളികൾ. ആമ തന്റെ ഭീകരമായ ദൃഷ്ടികൾ ഉയർത്തി നാലുപുറവും നോക്കിക്കൊണ്ട് പുൽക്കാട്ടിലേക്കിഴഞ്ഞുകയറി. കുളക്കോഴികൾ അസ്വാസ്ഥ്യത്തോടെ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് പറന്നുമാറി.

കണ്ണുകൾ താനേഅടഞ്ഞു. താൻ മരിക്കാൻ പോകുകയാണോ?

മരണം ഈ ചൂണ്ട വലിച്ചെടുക്കുന്നതും കാത്ത് നില്ക്കുകയാണ്. അത് മനസ്സിലായപ്പോൾ മരണത്തെ കബളിപ്പിക്കാൻ തനിക്കു കഴിഞ്ഞില്ലെങ്കിലോഎന്ന ഒരു വിഡ്ഢിത്തം നിറഞ്ഞ ആലോചനയും അയാൾക്കുണ്ടായി. അതുകൊണ്ട് അയാൾ അനങ്ങാതെയിരുന്നു.

ഇരുട്ടു കൂടുതലായി. തോടിനും പാടത്തിനും അക്കരെയുള്ള ചെമ്മണ്ണു നിറഞ്ഞ പുരയിടവും അവിടെ നിലംപറ്റി നില്ക്കുന്ന മാവുകളുടെ വെളുത്ത തടിയുടെ രേഖകളും അവ്യക്തമായി. മകളുടെ അസംതൃപ്തമായ ശബ്ദവും വിശപ്പു മുറ്റിയ കണ്ണുകളും മനസ്സിലൂടെ ഒരു മിന്നൽപോലെ കടന്നുപോയി.

അതോടെ പരിസരബോധം വന്നു. ഒരു നിമിഷത്തിന്റെ പകുതി പോലും കടക്കുന്നതിനു മുമ്പ് വെട്ടിവലിച്ചു.

വെള്ളം ആകെ ഇളകി. ജലപ്പരപ്പിനു തൊട്ടു താഴെ മയങ്ങി നിന്നിരുന്ന ചെറുമത്സ്യങ്ങൾ നാലുപാടും ഭയപ്പാടോടെ ഓടിമാറി. പുൽക്കാട്ടിനിടയിൽ പകുതി മറഞ്ഞിരിക്കുന്ന ആമ തലയും കാലുകളും ഉള്ളിലേക്കു വലിച്ചു കയറ്റി തപസ്സാരംഭിച്ചു. കുളക്കോഴികൾ

നിശ്ശബ്ദരായി. വെള്ളത്തിനു മുകളിലൂടെ ഒരു കറുത്ത വേരുപോലെ നീർക്കോലി പുള ഞ്ഞുപോകുന്നതു കണ്ടു. മുറിവു പറ്റിയിട്ടും രക്ഷപ്പെട്ട തവള ചാടിച്ചാടി തന്റെ മാളത്തിനു പുറത്തു വന്നു. വൃദ്ധൻ കണ്ണു മിഴിച്ചു നോക്കി.

ഒന്നും മരിച്ചിട്ടില്ല. താനും. ചൂണ്ടലിന്റെ അറ്റത്ത് തിളങ്ങുന്ന കണ്ണുകളുള്ള ഒരു തടിയൻ വരാൽ . ഇരുട്ടു വീഴുന്ന പാടങ്ങളുടെ നടുവിലൂടെ, ഇടതുകൈയിൽ ചൂണ്ടലും വലതുകൈയിൽ ജീവനുള്ള വരാലുമായി വീട്ടിലേക്കു മടങ്ങുമ്പോൾ തനിക്കുണ്ടായ ഭീതികളെപ്പറ്റിയും തന്നോടൊപ്പം കിറുക്കു പിടിച്ച ചുറ്റുപാടുകളെപ്പറ്റിയും അയാളോർത്തില്ല.

ഒന്നുമാത്രം ആശ്വാസമുണ്ടാക്കി. അഞ്ചു ദിവസങ്ങൾക്കുശേഷം ഇന്ന് ചീത്ത കേൾക്കാതെ കിടന്നുറങ്ങാം.

## വ്യാകരണം

ക്രിയ പ്രയോഗിക്കുന്ന രീതിക്ക് പ്രയോഗം എന്നു പറയുന്നു.

### I. കർത്തരിപ്രയോഗം, കർമ്മണിപ്രയോഗം :

കർത്താവിന് പ്രാധാന്യം കൊടുത്തുകൊണ്ട് ക്രിയ പ്രയോഗിക്കുന്ന രീതിക്ക് കർത്തരിപ്രയോഗം എന്നു പറയുന്നു.

ഉദാഹരണം – അമ്മ കുട്ടിയെ ലാളിച്ചു.
രാമു രാജനെവീഴ്ത്തി
രാമൻ രാവണനെകൊന്നു

കർമ്മത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ക്രിയ പ്രയോഗിക്കുന്ന രീതിക്ക് കർമ്മണിപ്രയോഗം എന്നു പറയുന്നു.

ഉദാഹരണം – കുട്ടി അമ്മയാൽ ലാളിക്കപ്പെട്ടു
രാജൻ രാമുവാൽ വീഴ്ത്തപ്പെട്ടു
രാവണൻ രാമനാൽ കൊല്ലപ്പെട്ടു

### II. താഴെ പറയുന്നവയ്ക്ക് ഉദാഹരണങ്ങൾ പാഠഭാഗങ്ങളിൽനിന്ന് കണ്ടെത്തുക :

1. നാമവിശേഷണം
2. വിശേഷണ വിശേഷണം
3. പേരച്ചം
4. ഗതി.
5. വ്യാക്ഷേപകം.

**രചന :** ആശയവിപുലനം

# പഞ്ചഭൂതങ്ങൾ എന്നെ പഠിപ്പിച്ചത്

**കെ.സച്ചിദാനന്ദൻ**



[സച്ചിദാനന്ദൻ 1946–ൽ കൊടുങ്ങല്ലൂരിൽ പുല്ലൂറ്റ് ഗ്രാമത്തിൽ ജനിച്ചു. കവി, നിരൂപകൻ, അക്കാദമീഷ്യൻ, എഡിറ്റർ, വിവർത്തകൻ, നാടകകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധനാണ്. മലയാളത്തിലും ഇംഗ്ലീഷിലും എഴുതുന്നു. മലയാളത്തിൽ ആധുനികകവിതയ്ക്ക് തുടക്കം കുറിച്ചവരിൽ ഒരാളാണ്. അദ്ദേഹത്തിന്റെ കവിതകൾ തമിഴ്, ഹിന്ദി, ബംഗാളി, ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങി പതിനാറ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1996 മുതൽ 2006 വരെ കേന്ദ്രസാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായിരുന്നു. 'അഞ്ചു സൂര്യൻ', 'ഇന്ത്യൻസ്കെച്ചുകൾ', 'എഴുത്തച്ഛനെഴുതുമ്പോൾ', 'പീഡനകാലം', 'വേനൽമഴ', 'ഇവനെക്കൂടി', 'സച്ചിദാനന്ദന്റെ കവിതകൾ', 'ദേശാടനം' എന്നിവയാണ് പ്രധാനകൃതികൾ. കവിതയ്ക്കും യാത്രാവിവരണത്തിനും കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. മഹാകവി ഉള്ളൂർ അവാർഡ്, മഹാകവി പി. അവാർഡ്, ആശാൻ അവാർഡ്, വയലാർ അവാർഡ്, പത്മപ്രഭാ പുരസ്കാരം തുടങ്ങി മുപ്പതോളം അവാർഡുകൾ ലഭിച്ചു. പഞ്ചഭൂതങ്ങളാൽ നിർമിതമായ പ്രപഞ്ചം പഞ്ചഭൂതസമന്വയമായ മനുഷ്യനെപഠിപ്പിക്കുന്നതെന്തെല്ലാമെന്ന് പുതിയൊരു മാനത്തോടെ അവതരിപ്പിക്കുന്ന ഈ കവിത ദേശാടനം എന്ന കവിതാസമാഹാരത്തിലുള്ളതാണ്.]

ഭൂമി എന്നെ പഠിപ്പിച്ചു

എല്ലാംസ്വീകരിക്കാൻ,
എല്ലാറ്റിനെയും അതിജീവിക്കാൻ
സ്ഥിരത മരണമെന്നറിഞ്ഞ്
ഋതുവിൽനിന്നു ഋതുവിലേക്കു പരിണമിക്കാൻ
അകത്തും പുറത്തും ചലിച്ചുകൊണ്ടിരിക്കാൻ.

അഗ്നി എന്നെ പഠിപ്പിച്ചു

തൃഷ്ണകൊണ്ടു ജ്വലിക്കാൻ
നൃത്തംകൊണ്ടു ചാമ്പലാക്കാൻ
ദു:ഖംകൊണ്ടു പവിത്രമാക്കാൻ
കടലുകളുടെ ഉദരത്തിലും
കരിമ്പാറകളുടെ ഹൃദയത്തിലും
ജ്യോതിസ്സേറ്റി ധ്യാനിക്കാൻ

ജലം എന്നെ പഠിപ്പിച്ചു

കണ്ണുകളിലും മേഘങ്ങളിലുംനിന്ന്
താക്കീതില്ലാതെ പൊഴിഞ്ഞുവീഴാൻ
മണ്ണിന്റെയും മെയ്യിന്റെയും അടിയിലേക്കൂറി
രണ്ടിനെയും മലരും തളിരുമണിയിക്കാൻ

ഊരും പേരും ഉരിഞ്ഞിട്ട് ഓർമ്മകളുടെ
അറ്റത്തെ മഹാനീലത്തിലലിഞ്ഞുചേരാൻ
വായു എന്നെ പഠിപ്പിച്ചു
നിരാകരനായി മുളകളിലൂടെ പാടാൻ
ഇലകളിലൂടെ പ്രവചിക്കാൻ
വിത്തുകൾക്കു ചിറകു നൽകാൻ
ഇളങ്കാറ്റായി താലോലിക്കാൻ
കൊടുങ്കാറ്റായി പ്രകോപിപ്പിക്കാൻ
ആകാശം എന്നെ പഠിപ്പിച്ചു
പൗർണ്ണമി കൊണ്ടു നിറയാൻ
അമാവാസിയിലൂടെ ഒഴിയാൻ
ഉദയം കൊണ്ടും അസ്തമയം കൊണ്ടും
ഒരുപോലെ തുടുക്കാൻ
എല്ലായിടത്തും ആയിരിക്കാൻ
എങ്ങും ഇല്ലാതിരിക്കാൻ
പഞ്ചഭൂതങ്ങൾ എന്നെ പഠിപ്പിച്ചു
കൂടിച്ചേരാൻ, അഴിയാൻ,
രൂപം മാറ്റിക്കൊണ്ടിരിക്കാൻ,
രൂപങ്ങളിൽനിന്നും മുക്തി നേടുവോളം.

## അഭ്യാസം

### I. പദപരിചയം :

ഋതു, പരിണമിക്കുക, തൃഷ്ണ, ജ്വലനം, ചാമ്പലാക്കുക, ഉദരം, ജ്യോതിസ്സ്, താക്കീത്, നിരാകാരൻ, പൗർണമി, അമാവാസി, മുക്തി

### II. ഉത്തരമെഴുതുക :

1. പഞ്ചഭൂതങ്ങൾ ഏതെല്ലാമാണ്?
2. ഭൂമി കവിയെ പഠിപ്പിച്ചതെന്ത്?
3. അഗ്നിയും വായുവും ജലവും ആകാശവും എന്തൊക്കെയാണ് കവിയെ പഠിപ്പിച്ചത്?

### III. സൂചന : **പഞ്ചഭൂതങ്ങൾ**

| | | | | |
|---|---|---|---|---|
| 1. | ഭൂമി | – | അസ്ഥിമാംസാദികൾ | ഗന്ധഗുണം |
| 2. | ജലം | – | ശുക്ലമൂത്രാദികൾ | രസഗുണം |
| 3. | അഗ്നി | – | പൈദാഹാദികൾ | രൂപഗുണം |
| 4. | വായു | – | ശരീരചലനങ്ങൾ | സ്പർശഗുണം |
| 5. | ആകാശം | – | കാമക്രോധാദി വികാരങ്ങൾ | ശബ്ദഗുണം |

പ്രത്യക്ഷ ലോകം മുഴുവൻ പഞ്ചഭൂതങ്ങളെക്കൊണ്ട് നിർമ്മിക്കപ്പെട്ടതാണെന്നു ഭാരതീയർ സിദ്ധാന്തിക്കുന്നു. പഞ്ചഭൗതികസിദ്ധാന്തമെന്നാണ് ഇതിന്റെ പേര്.

# ഇന്ദുമതീസ്വയംവരം

### പി.കെ.പരമേശ്വരൻ നായർ



[പി.കെ.പരമേശ്വരൻ നായർ – (1903 – 1988) 1903–ൽ കുട്ടനാട്ടിൽ ജനിച്ചു. ബിരുദാനന്തരം കേരളകേസരി പത്രത്തിന്റെ എഡിറ്ററായി. ജീവചരിത്രകാരൻ, സാഹിത്യചരിത്രകാരൻ, ഉപന്യാസകർത്താവ് എന്നീ നിലകളിൽ പ്രസിദ്ധൻ. മലയാള സാഹിത്യ ചരിത്രം, സാഹിത്യപഞ്ചാനനൻ, ഭാവരശ്മികൾ, സി.വി.രാമൻപിള്ള, മഹാത്മാഗാന്ധി എന്നിവയാണ് പ്രധാനകൃതികൾ. 1988–ൽ അന്തരിച്ചു. രഘുവംശത്തിൽ കാളിദാസൻ വിസ്തരിക്കുന്ന ഇന്ദുമതിയുടെ സ്വയംവരവർണനയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് പി.കെ.പരമേശ്വരൻ നായർ എഴുതിയ ഇന്ദുമതിസ്വയംവരം 'ഭാവരശ്മികൾ' എന്ന ഉപന്യാസസമാഹാരത്തിൽ നിന്നെടുത്തിട്ടുള്ളതാണ്.]

അനുരൂപരായ വധൂവരന്മാരുടെ ചേർച്ചയെ ആഘോഷിക്കുന്ന മഹോത്സവത്തെക്കാൾ ആഹ്ലാദകരമായി മറ്റെന്തൊരു സംഭവമാണ് മനുഷ്യജീവിതത്തിലുള്ളത്? വിശേഷിച്ച് കുലീനയും സൗന്ദര്യസമ്പന്നയുമായ ഒരു കന്യക, അസ്വാതന്ത്ര്യത്തിന്റെ ലേശവും കൂടാതെ മനസ്സിനിണങ്ങിയ ഒരു വരനെസ്വയം വരിക്കുന്ന കാഴ്ച എത്ര നയനാഭിരാമമാണ്! വശ്യവചസ്സായ ഒരു മഹാകവിയുടെ ഭാവനയ്ക്ക് ഇതിനെക്കാൾ രമണീയമായ ഒരു കവനവിഷയം എവിടെ കിട്ടുന്നു? 'രഘുവംശ'ത്തിൽ കാളിദാസൻ ഇത്തരത്തിലുള്ള ഒരു രംഗം വർണ്ണിക്കുന്നു. വിദർഭരാജകുമാരിയായ ഇന്ദുമതി മഹനീയമായ ഒരു രാജസദസ്സിൽ നിന്ന് അവൾക്ക് ഏറ്റവും അഭിമതനായ ഒരു വരനെ– രഘുകുലാലങ്കാരമായ അജരാജകുമാരനെ– തിരഞ്ഞെടുക്കുന്ന വിശിഷ്ട രംഗമാണത്. വിവാഹകർമ്മത്തിന്റെ സൗഭാഗ്യ പ്രകാശവും സ്വയംവരരീതിയുടെ സ്വാതന്ത്ര്യസമീരണനും ഇങ്ങനെയുള്ള ഒരു രംഗത്ത് സ്വാഭാവികമായിത്തന്നെ ഉണ്ടായിരിക്കും.

കാളിദാസവചസ്സുകളിൽക്കൂടി ആ രംഗം ആവിഷ്കൃതമായാലുള്ള സൗഭാഗ്യം പ്രത്യേകം പറയേണ്ടതുമില്ലല്ലോ, ആകെപ്പാടെ രഘുവംശ മഹാകാവ്യത്തിലെ ആ സർഗ്ഗം അനവദ്യമായ കവിതാമാധുരിയും സൗന്ദര്യവിലാസവും കൊണ്ടു നിർഭരമായി ആ കാവ്യത്തിലെ സർഗ്ഗങ്ങളുടെ നടുനായകമെന്ന പോലെ പരിലസിക്കുന്നു. സ്വയംവരദിനത്തിന്റെ തലേന്നാൾ രാത്രിയായപ്പോഴേക്കും നാനാരാജ്യങ്ങളിൽ നിന്നു നിരവധി രാജാക്കൻമാർ അവരവരുടെ സ്ഥാനമഹിമയ്ക്കു ചേരുംപടിയുള്ള പരിവാര സംഘങ്ങളോടും ആഡംബരസമന്വിതമായ അലങ്കാരങ്ങളോടും കൂടി വിദർഭരാജ്യത്തു വന്നു ചേർന്നിരുന്നു. പിറ്റേ ദിവസം പ്രഭാതത്തിൽ രാജാക്കന്മാരുടെ രംഗപ്രവേശമായി. വിശാലമായ ആ മന്ദിരത്തിൽ, അവരവർക്കു നിശ്ചയിക്കപ്പെട്ടിരുന്ന മനോഹരമായ മഞ്ചങ്ങളിൽ ആസനസ്ഥരായ രാജാക്കൻമാർ ശരീരകാന്തികൊണ്ട് വിമാനസ്ഥിതരായ ദേവസമൂഹങ്ങളെപ്പോലെ ശോഭിച്ചു. ഈ രാജസഞ്ചയത്തിൽപ്പെട്ട ഒരു യുവാവ് ആദ്യം തന്നെ സകലരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു. പാറക്കൂട്ടങ്ങളിൽ ചവിട്ടി പർവതാരോഹണം ചെയ്യുന്ന സിംഹക്കുട്ടിയെപ്പോലെ സിംഹാസനത്തിന്റെ പടികൾ കയറിയ ആ രാജകുമാരൻ ആരായിരിക്കാം? ഉത്തരകോസലത്തിലെ

രഘുവിന്റെ പുത്രനായ അജനല്ലാതെ മറ്റാരാണ് അത്? അദ്ദേഹത്തിന്റെ അത്യാകർഷകമായ ആകാരസൗഷ്ഠവവും തേജോവിലാസവും കണ്ടപ്പോൾത്തന്നെ മറ്റു സകല രാജാക്കന്മാരുടേയും ഇന്ദുമതീലബ്ധിയിലുള്ള ആശകൾ തകർന്നു. എങ്കിലും അഭിലാഷത്തിന്റെ പ്രേരണ മൂലം ഓരോരുത്തരും ആ സുഷമാവിലാസത്തെ ധ്യാനിച്ചുകൊണ്ട് അവരവരുടെ സ്ഥാനങ്ങളിൽ ഇരിപ്പുറപ്പിക്കുന്നു.

അപ്പോഴേക്കും മംഗളമുഹൂർത്തം സമാഗതമായി. സകല രാജാക്കന്മാരുടേയും വംശചരിതങ്ങളിൽ പാരംഗതരായ വന്ദിജനങ്ങൾ സ്തുതിഗാനങ്ങൾ മധുരമായി മുഴക്കുന്നു. മന്ദമാരുതനിൽ സ്വച്ഛന്ദം ലയിച്ചുകൊണ്ടിരുന്ന സുഗന്ധ ധൂപങ്ങൾ ഉയരത്തിൽ തൂക്കിയിരുന്ന കൊടിക്കൂറകളെയും അതിലംഘിച്ച് ആകാശമണ്ഡലത്തിൽ പരക്കുന്നു. ആ ശുഭാവസരത്തെ ഉച്ചൈസ്തരം ഉദ്ഘോഷണം ചെയ്ത ശംഖധ്വനികൾ കേട്ട് മന്ദിരോപവനങ്ങളിലെ വളർത്തുമയിലുകൾ നൃത്തമാരംഭിക്കുന്നു. മംഗലസൂചകമായ വാദ്യമേളങ്ങൾ കൊണ്ട് ദിഗന്തങ്ങൾ മുഖരിതമാകുന്നു.

അതാ, വിവാഹവേഷധാരിണിയായ കന്യാലലാമം മന്ദംമന്ദം പ്രവേശിക്കുന്നു! രാജമഞ്ചനിരകളുടെ മധ്യത്തിൽക്കൂടിയുള്ള വിശാലവീഥി ആ സൗന്ദര്യധാമത്തിന്റെ ശോഭാവിലാസം കൊണ്ട് അലംകൃതമാകുന്നു. നേത്രസഹസ്രങ്ങളുടെ ഏകലക്ഷ്യമായി ഭവിച്ച ആ കന്യകയുടെ രൂപലാവണ്യം നുകരുവാൻ രാജാക്കൻമാരുടെ അന്തഃകരണങ്ങൾ അങ്ങോട്ടു പാഞ്ഞുകഴിഞ്ഞു. അവരെല്ലാം 'ദേഹൈസ്ഥിതാ കേവലമാനസനേഷു' എന്ന നിലയിലാകുന്നു. എങ്കിലും ഓരോരുത്തരും അവരവരുടെ ഓരോ ശൃംഗാരചേഷ്ടകൾ പ്രകടിപ്പിക്കാതിരിക്കുന്നില്ല.

ഇന്ദുമതിയെ രാജസഭയിലേക്കു നയിച്ചത് സുന്ദരിയും പുരുഷനെപ്പോലെ പ്രഗല്ഭയുമായ സുനന്ദയെന്ന ദ്വാരപാലികയായിരുന്നു. അവളാകട്ടെ, സകല നൃപവംശങ്ങളുടെയും ചരിത്രങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കിയിരുന്ന ഒരു സരസവാക്പടുവാണ്. പുരാതനകാലത്തെ രാജഗൃഹങ്ങളിലെ കന്യകമാർക്ക് പരിചരണകർമ്മങ്ങൾക്കെന്നപോലെ ജീവിതകൃത്യങ്ങളിൽ മാർഗ്ഗദർശനത്തിനും ഉപകരിച്ചിരുന്ന വേത്രവതികളുടെ ഒരു ഉത്തമമാതൃകയത്രേ സുനന്ദ. അവൾ മദ്ധ്യവയസ്കയായിരുന്നു എന്നുവേണം ഊഹിക്കുവാൻ. അസാമാന്യമായ ലോകപരിചയവും മനഃശാസ്ത്രബോധവും അവൾക്കുണ്ടായിരുന്നുവെന്നുള്ളതിനു തർക്കമില്ല.

മഗധരാജാവിന്റെ സന്നിധിയിലേക്കാണ് സുനന്ദ കന്യകയെ ആദ്യമായി നയിച്ചത്. ശരണാഗതന്മാർക്ക് ഏകാശ്രയവും ശത്രുക്കൾക്കു ഭീതിദനുമായ അദ്ദേഹം, അതിഗംഭീരനായ ഒരു രാജപുംഗവനായിരുന്നു. സഹസ്രകണക്കിനു രാജാക്കൻമാരുണ്ടെങ്കിലും ഭൂമി രാജാവിനോടു കൂടിയതെന്നു പറയണമെങ്കിൽ അത് ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യം കൊണ്ടു മാത്രമാണെന്നത്രേ സുനന്ദ ഇന്ദുമതിയോടു സരസമായി പ്രസ്താവിച്ചത്. അദ്ദേഹത്തെ വരിക്കുന്ന പക്ഷം കന്യകയ്ക്കു സമാഗതമാകാനിടയുള്ള ഒരു സൗഭാഗ്യം കൂടി സുനന്ദ നായികയുടെ ശ്രദ്ധയിൽപ്പെടുത്തി. അതായത്, സുന്ദരീമണികളുടെ വിലാസകേന്ദ്രവും മഗധരാജ്യത്തിന്റെ തലസ്ഥാനവുമായ പാടലീപുത്രത്തിലെ പൗരകന്യകകൾ ഇരുവശങ്ങളിലെയും മന്ദിരവാതായനങ്ങളിൽ നിന്നു വധൂവരൻമാരെ സ്വാഗതം ചെയ്യുമ്പോഴുള്ള ആ പട്ടണപ്രവേശം എത്ര

അഭികാമ്യമായ ഒന്നാണ്! എത്രയെത്ര സുന്ദരികളായ പുരാംഗനമാരുടെ നേത്രോത്സവത്തിനാണ് അവൾ പാത്രമായിത്തീരുക!

കന്യക ആ രാജപുരുഷനെ‌ങ്ങന്നവലോകനം ചെയ്തതേയുള്ളൂ. വരണമാല്യം തെല്ലൊന്നു താഴ്ത്തി, ഋജുവായ ഒരു പ്രണാമക്രിയകൊണ്ട് അദ്ദേഹത്തെ ആദരിച്ചിട്ട് അയാൾ അവിടെ നിന്നു നീങ്ങി. അനന്തരം കാറ്റടിച്ചുണ്ടാകുന്ന വീചികളാൽ, ഒരു താമരയിൽ നിന്നു മറ്റൊരു താമരയിലേക്കു നീതയാകുന്ന രാജഹംസിയെപ്പോലെ, തോഴി ഇന്ദുമതിയെ വേറൊരു രാജസന്നിധിയിലേക്കു നയിച്ചു. അംഗരാജ്യത്തിന്റെ അധിപനാണ് ആ രാജാവ്. അദ്ദേഹത്തിന്റെ അസാധാരണമായ പൗരുഷകൃത്യങ്ങളുടെ പ്രശസ്തിയും ശാരീരികമായ രൂപസൗഭാഗ്യവും ദേവാംഗനമാരെപ്പോലും അദ്ദേഹത്തിൽ അനുരക്തരാക്കിത്തീർത്തിരുന്നുവത്രേ. നിസർഗഭിന്നങ്ങളായ ഐശ്വര്യവും വിദ്യയും അദ്ദേഹത്തിൽ ഏകസംസ്ഥമായി ശോഭിച്ചിരുന്നു. എല്ലാംകൊണ്ടും ഇന്ദുമതി അദ്ദേഹത്തിന് അനുരൂപയാണെന്ന് സുനന്ദ സരസമായി സ്ഥാപിച്ചു. എന്നാൽ ഇന്ദുമതിയുടെ ദൃഷ്ടി അദ്ദേഹത്തിന്റെ മുഖത്ത് അധികനേരം വ്യാപരിച്ചില്ല. 'പോകാം' എന്നു പറഞ്ഞുകൊണ്ട് അവൾ പരിചാരികയുടെ നേരെ തിരിഞ്ഞു. കഷ്ടം! ആ രാജാവ് അഭികാമ്യനല്ലായ്കയാലല്ല; ആ കന്യക ഗുണദർശനത്തിൽ അസമർത്ഥയായതിനാലുമല്ല. 'ഭിന്നരുചിർഹി ലോക' എന്നല്ലാതെ എന്താണു പറയേണ്ടത്?

അടുത്ത് ഇരുന്നിരുന്ന രാജാവ് അവന്തിരാജ്യത്തിന്റെ അധിപനായിരുന്നു. അത്യന്തം പ്രതാപശാലിയായ ആ രാജാവ് മഹാകാളമെന്ന പുണ്യസ്ഥലത്തിന്റെ സമീപത്തുള്ള രാജധാനിയിൽ അനവധി സാമന്തരാജാക്കന്മാരാൽ പരിസേവിതനായി വസിച്ചിരുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണീപദം സ്വീകരിക്കുന്ന കന്യകയ്ക്ക് മനോഹരമായ ശിപ്രാനദിയിൽനിന്നു പൊങ്ങുന്ന കാറ്റിനാൽ ശീതളമായ ഉദ്യാനങ്ങളിൽ പ്രിയതമനോടൊപ്പം ഉല്ലസിച്ചു കഴിയാമെന്ന് സുനന്ദ ആ കന്യകയെ ധരിപ്പിച്ചു. എന്നാൽ ഇന്ദുമതിയുടെ ഹൃദയം വീരാഗ്രേസരനായ ആ രാജാധിരാജനിലും പതിഞ്ഞില്ല. അടുത്തതായി അവൾ അനൂപരാജ്യത്തിന്റെ അധിപനായ പ്രതീപ മഹാരാജാവിന്റെ സന്നിധിയിലേക്കാണ് നയിക്കപ്പെട്ടത്. കാർത്തവീര്യന്റെ കുലത്തിൽ ജനിച്ച ആ മഹാരാജാവിന്റെ പൗരുഷം വളരെ പ്രശസ്തമാണ്.

അദ്ദേഹത്തിന്റെ രാജധാനിയുടെ പുറമെ രജതകാഞ്ചി പോലെ ശോഭിക്കുന്ന രേവാനദി ഹർമ്മ്യവാതായനങ്ങളിൽക്കൂടി കണ്ടാനന്ദിക്കുവാൻ മോഹമുണ്ടോ എന്ന് സുനന്ദ ഇന്ദുമതിയോടു ചോദിച്ചു. പ്രിയദർശനനെങ്കിലും അദ്ദേഹത്തെയും ഇന്ദുമതിക്കു രുചിച്ചില്ല.

നീപരാജാവായ സുഷേണന്റെ സന്നിധിയിലേക്കാണ് അടുത്തതായി അവൾ നീങ്ങിയത്. ജ്ഞാനം, മൗനം, ക്ഷമ, ശക്തി, മുതലായ ഗുണങ്ങൾ പരസ്പര വൈപരീത്യം വിട്ടു സിദ്ധാശ്രമത്തിലെ മൃഗങ്ങളെപ്പോലെ അദ്ദേഹത്തിൽ രമിച്ചിരുന്നു. മനോഹരമായ കാളിന്ദിനദി അദ്ദേഹത്തിന്റെ രാജധാനിയിൽക്കൂടിയാണ് ഒഴുകുന്നത്. സുഷേണന്റെ ഭാര്യാപദമലങ്കരിച്ചാൽ സുപ്രശസ്തമായ വൃന്ദാവനത്തിലെ പുഷ്പശയ്യകളിലും, മനോഹരമായ ഗോവർദ്ധനതാഴ്വരയിലെ കന്മദഗന്ധികളായ ശിലാതലങ്ങളിലും പ്രിയതമനോടു കൂടി ജീവിതസൗഭാഗ്യം അനുഭവിക്കാമെന്ന് സുനന്ദ രാജകുമാരിയോടു പറഞ്ഞു. അവിടെയും ഇന്ദുമതി ക്ഷണനേരം പോലും നില്ക്കുകയുണ്ടായില്ല. സാഗരഗാമിനിയായ നദി വഴിമദ്ധ്യേ യദൃച്ഛയാ കണ്ടുമുട്ടുന്ന പർവതഭൂവിൽനിന്ന് ഒഴിഞ്ഞുമാറുന്നതുപോലെ ഇന്ദുമതിയും ആ രാജധാനിയിൽ നിന്ന് ഒഴിഞ്ഞു.

അനന്തരം കലിംഗരാജാവിന്റെ ഗുണങ്ങളിലേക്കാണ് ഇന്ദുമതിയുടെ ശ്രദ്ധ ആകർഷിക്കപ്പെട്ടത്. സമുദ്രതീരത്തുള്ള അദ്ദേഹത്തിന്റെ രാജധാനിയിൽ പ്രതിദിനം പ്രഭാതത്തിൽ പള്ളിയുണർത്തുന്ന കൃത്യം നിർവഹിച്ചിരുന്നത്. മഹാസമുദ്രതരംഗങ്ങൾ തന്നെയായിരുന്നു. ദ്വീപാന്തരങ്ങളിൽ നിന്ന് മന്ദമാരുതൻ വഹിച്ചു കൊണ്ടുവരുന്ന ലവംഗപുഷ്പഗന്ധമേറ്റ് ഭർത്താവൊരുമിച്ചു സമുദ്രതീരപ്രദേശത്തു വിഹരിക്കുവാൻ തോഴി ഇന്ദുമതിയെ ഉപദേശിച്ചു. എങ്കിലും, ദുർവിധി ഗ്രസ്തനിൽ നിന്ന് ഒഴിഞ്ഞുമാറുന്ന ഐശ്വര്യംപോലെ രാജകുമാരി ആ രാജാവിനെയും കൈവെടിഞ്ഞു. അടുത്തിരുന്നത് പ്രശസ്തനായ പാണ്ഡ്യരാജാവായിരുന്നു. ദക്ഷിണദേശത്തിലെ സാർവഭൗമനായ അദ്ദേഹത്തിന്റെ പത്നീപദവി ഏതൊരു രാജകന്യകയ്ക്കും കാര്യമായ ഒന്നായിരുന്നു.

താംബുലവല്ലികളും ചെമ്പഴുക്കാക്കുലകൾ നിറഞ്ഞ കമുകുകളും ഏലക്കൊടികൾ പടർന്നു നില്ക്കുന്ന ചന്ദനമരങ്ങളും നിറഞ്ഞ മലയസാനുക്കളിൽ ഏതൊരു തരുണിക്കാണ് പ്രിയതമനോടു കൂടി നടന്നു കണ്ടു രസിക്കുവാൻ അഭിവാഞ്ഛയുണ്ടാകാത്തത്? സുനന്ദ ഈ പരമാർത്ഥം വിശദമായി പറഞ്ഞുവെങ്കിലും ഇന്ദുമതിയുടെ മനസ്സിനെഅതൊന്നും ആകർഷിച്ചില്ല. രാജവീഥിയിൽക്കൂടി മുന്നോട്ടു നയിക്കപ്പെടുന്ന ദീപശിഖ, കടന്നുപോകുന്ന ഭവനങ്ങളെ ആദ്യം പ്രകാശിപ്പിക്കുകയും പിന്നെ ഇരുട്ടിൽത്തള്ളുകയും ചെയ്യുന്നതു പോലെ, സ്വയംവരോന്മുഖിയായ ആ രാജകന്യക സമീപിച്ച രാജാക്കന്മാരെ ആദ്യം ആശാഭരിതരും പിന്നെ വിവർണ്ണവദനരുമാക്കിക്കൊണ്ടു കടന്നുപോയി.

ഒടുവിൽ രഘുകുലോദ്ഭവനായ അജന്റെ സമീപം അവർ എത്തി. അദ്ദേഹത്തിന്റെ കുലമഹിമ സുനന്ദ വർണ്ണിച്ചതുതന്നെ ഇന്ദുമതിയെ ശക്തിയായി ആകർഷിച്ചിരിക്കണം. അജന്റെ പിതാമഹന്മാർ അത്ര വിശ്വോത്തരഗുണമഹിമയുള്ളവരായിരുന്നു. അവരുടെയെല്ലാം മാഹാത്മ്യം ഏകത്ര യോജിച്ചതുപോലെ ശോഭിച്ച കുമാരനെപ്പറ്റിയുള്ള പ്രസംഗം സുനന്ദ അവസാനത്തിൽ ഇങ്ങനെഉപസംഹരിച്ചു:

“അല്ലയോ രാജകന്യകേ! കുലംകൊണ്ടും സൗന്ദര്യം കൊണ്ടും ഗുണമഹിമകൾ കൊണ്ടും വിശിഷ്യ വിനയംകൊണ്ടും നിനക്ക് അനുരൂപനായിരിക്കുന്ന ഈ കുമാരനെനീ സ്വീകരിക്കുക! രത്നം കാഞ്ചനത്തോടുതന്നെ ചേരട്ടെ!” സുനന്ദയുടെ വാക്കുകൾ അവസാനിച്ചപ്പോൾ സഹജമായ ലജ്ജയെ അടക്കി മനസ്സുതെളിഞ്ഞ കന്യക വരണമാല്യാർപ്പണത്തെ സ്മരിപ്പിക്കുമാറുള്ള കടാക്ഷവിക്ഷേപംകൊണ്ട് രാജകുമാരനെസ്വീകരിച്ചു.

നൈസർഗ്ഗികമായുണ്ടായ അനുരാഗം ലജ്ജമൂലം പ്രകടിപ്പിക്കുവാൻ അവൾക്കു കഴിയാഞ്ഞതിനാലാവാം അത് രോമാഞ്ചരൂപത്തിൽ അവളുടെ ദേഹത്തു പ്രത്യക്ഷപ്പെട്ടു. സുനന്ദ തന്റെ സ്വാമിനിയെ വെറുതെ വിട്ടില്ല. “ആര്യേ! വന്നാലും; നമുക്കു മറ്റൊരു രാജാവിനെപ്രാപിക്കാം.” എന്നായി അവൾ. കുമാരി അവളെ ഇടങ്കണ്ണിട്ടു രൂക്ഷമായി ഒന്നു നോക്കുക മാത്രം ചെയ്തു. അനന്തരം മംഗലചൂർണ്ണത്താൽ അരുണാഭമായ വരണമാല്യത്തെ, രൂപമെടുത്ത അനുരാഗത്തെ എന്നപോലെ ആ തരുണീരത്നം അജന്റെ കണ്ഠത്തിൽ അണിയിച്ചു. അജൻ പ്രിയാഹസ്തം കഴുത്തിലർപ്പിച്ചാലുണ്ടാകാവുന്ന പരമാനന്ദരസത്തിലാറാടിക്കൊണ്ട് മാല്യധാരിയായി നിലകൊണ്ടു. ജനങ്ങളുടെ ആശീർവാദങ്ങളും മംഗലധ്വനികളും ആകാശമണ്ഡലത്തിൽ ഉയർന്നു.

## അഭ്യാസം

### I. പദപരിചയം :

അനുരൂപ, കുലീന, നയനാഭിരാമം, വശ്യവചസ്സ്, കവനവിഷയം, അഭിമതൻ, സമീരണൻ, അനവദ്യം, നിർഭരം, സ്ഥാനമഹിമ, പരിവാരം, ആഡംബരം, സമന്വിതം, യഥോചിതം, ആസനസ്ഥർ, വിമാനസ്ഥിതർ, ആകാരസൗഷ്ഠവം, തേജോവിലാസം, പാരംഗതർ, വന്ദിജനങ്ങൾ, സ്വച്ഛന്ദം, ധൂപം, ഉച്ചൈസ്തരം, ഉത്ഘോഷണം, ദിഗന്തങ്ങൾ, മുഖരിതം, കന്യാലലാമം, വിശാലവീഥി, സൗന്ദര്യധാമം, ദ്വാരപാലിക, നൃപവംശം, സരസവാക്പടു, മാർഗദർശനം, ശരണാഗതർ, രാജപുംഗവൻ, പൗരകന്യകകൾ, വരണമാല്യം, ഋജു, നീതയാകുക, ദേവാംഗന, അനുരക്തർ, നിസർഗ്ഗം, അപരാധി, രജതകാഞ്ചി, ഹർമ്യം, യദൃച്ഛയാ, ദ്വീപാന്തരം, കാമ്യം, താംബൂലം, ചെമ്പഴുക്ക, അഭിവാഞ്ഛ, പരമാർത്ഥം, വിവർണ്ണം, സാർവഭൗമൻ.

### II. പര്യായപദങ്ങൾ :

രാത്രി, രാജാവ്, ഭൂമി, താമര, ആകാശം

### III. വിപരീതപദങ്ങൾ :

അഭിമതം, പ്രഭാതം, ശുഭം, അലംകൃതം, പുരാതനം, അസാമാന്യം, ശ്രദ്ധ, ആദരവ്.

### IV. വാക്യത്തിൽ പ്രയോഗിക്കുക :

ആഹ്ലാദകരം, വന്നുചേരുക, യഥോചിതം, അസാമാന്യം, കൈവെടിയുക

### V. ഉത്തരമെഴുതുക :

1. രഘുവംശത്തിൽ കാളിദാസൻ വർണ്ണിക്കുന്ന രംഗമെന്താണ്?
2. സുനന്ദയുടെ സ്വഭാവം ചിത്രീകരിക്കുക
3. മഗധരാജാവിന്റെ സവിശേഷതകളായി സുനന്ദ ഇന്ദുമതിയെ ധരിപ്പിച്ചത് എന്തെല്ലാമായിരുന്നു?
4. 'ഭിന്നരുചിർഹി ലോകഃ' എന്ന് പറയാനിടയായ സാഹചര്യമെന്ത്?
5. നീപരാജാവായ സുഷേണന്റെ ഗുണങ്ങൾ എന്തൊക്കെയായിരുന്നു?
6. ഏത് രാജാവിനെയാണ് ഇന്ദുമതി സ്വയംവരം ചെയ്തത്? ആ രംഗം ചുരുക്കിയെഴുതുക.
7. ഇന്ദുമതീസ്വയംവരത്തിനെത്തിയ രാജാക്കന്മാരെക്കുറിച്ച് ചുരുക്കിയെഴുതുക

### VI. സൂചനകൾ :

1. ശിപ്രാനദി – ഇന്ത്യയിലെ പൗരാണികമായ ഏഴ് വിശുദ്ധ സ്ഥലങ്ങളിൽ ഒന്നായ ഉജ്ജയിനി നഗരത്തിൽകൂടി ഒഴുകുന്ന നദിയാണ് ശിപ്രാനദി.
2. ഇന്ദുമതി – വിദർഭരാജാവായ ഭോജന്റെ സഹോദരിയും അയോദ്ധ്യരാജാവായ അജന്റെ പത്നിയും. ഒരിക്കൽ ആകാശമാർഗ്ഗേണ പോയ നാരദന്റെ വീണയലങ്കരിച്ചിരുന്ന പാരിജാതപ്പൂമാല കാറ്റിൽ ഇളകി ഇന്ദുമതിയുടെ മാറിൽ പതിച്ചു. ഉടനെഅവർ മരിച്ചു. ഒരു ദിവ്യമാല കാണുന്നതുവരെ മാത്രം ഭൂമിയിൽ കഴിയാൻ തൃണബിന്ദു എന്ന ഋഷിയാൽ ശപിക്കപ്പെട്ട ഒരു അപ്സരസ്സായിരുന്നു ഇന്ദുമതി. ഇന്ദുമതിയുടെ സ്വയംവരവും അവളുടെ മരണത്തെ തുടർന്നുണ്ടായ അജന്റെ വിലാപവും രഘുവംശ മഹാകാവ്യത്തിൽ കാളിദാസൻ വിസ്തരിച്ചു വർണ്ണിക്കുന്നുണ്ട്.

കഥ

# അഴിയാക്കുരുക്കുകൾ

## ശിഹാബുദ്ദീൻ പൊയ്ത്തും കടവ്



[1963–ൽ കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് ജനിച്ചു. 'ആർക്കും വേണ്ടാത്തഒരു കണ്ണ്,' 'ഈർച്ച,' 'മഞ്ഞുകാലം,' 'തല,' 'കടൽമരുഭൂമിയിലെ വീട്,' 'കഥാപാത്രം വീട്ടുമുറ്റത്ത്,' 'കത്തുന്ന തലയണ' എന്നിവയാണ് കൃതികൾ. കഥകൾക്കു പുറമെ കവിതകളും ലേഖനങ്ങളും എഴുതുന്നു.]

ഇറങ്ങാനുള്ള സ്റ്റോപ്പെത്താറാകുന്നു. അമ്പതുരൂപയുടെ ബാക്കി കിട്ടിയിട്ടില്ല. ഞാൻ കണ്ടക്ടറുടെ മുഖത്ത് പലതവണ നോക്കിക്കഴിഞ്ഞു. അയാൾക്കാകട്ടെ  ഇതൊട്ടും ഇഷ്ടപ്പെടുന്നുമില്ല. എഴുന്നേറ്റുനിന്ന് നാലു വാക്ക് പറയണമെന്നുണ്ട്. ഭാവം കണ്ടില്ലേ.. ..ഇനി പറയട്ടെ സുഹൃത്തേ , ഈ എഴുന്നേറ്റ് ഒച്ചയിടലും മറ്റും മനസ്സിലല്ലാതെ വേറെയെവിടെയാണ് നടക്കാറ്. മനസ്സിൽ, മനസ്സിൽമാത്രം. എന്തു ചെയ്യാൻ. അങ്ങനെയായിപ്പോയി ഞാൻ. ഇതാ എന്റെ സ്റ്റോപ്പെത്താറാകുന്നു. ആളുകളിറങ്ങുന്നു. ഞാനവരെ തിക്കിമാറ്റി കണ്ടക്ടറുടെ മുന്നിലെത്തുകയാണ്. അയാൾ തന്റെ കറുത്ത തോൽസഞ്ചിക്കുള്ളിലും അമ്പതു രൂപാ നോട്ടിലേക്കും മാറി മാറിനോക്കുന്നു. മുഖത്ത് രസിക്കായ്മ സങ്കീർണ്ണത വിടർത്തുന്നു.

അങ്ങനെയാണു സുഹൃത്തേ ഈ സ്ത്രീയുടെ ബാലൻസും ചേർത്ത് അമ്പതുരൂപയുടെ  നോട്ട് എനിക്കുതന്നെ കണ്ടക്ടർ തിരിച്ചു തരുന്നത്. ചീറിയകലുന്ന ബസ്സിന്റെ പിൻഭാഗം നോക്കി ഞാൻ നിമിഷങ്ങളോളം നിന്നുപോയി. പൂർണ്ണഗർഭിണിയാണ് സ്ത്രീയെന്നോർക്കണം. മറ്റെല്ലാം സഹിക്കാം. ബാദ്ധ്യത – അതു മാത്രം സഹിച്ചുകൂടാ. ഗർഭാവശതയുമായി സ്ത്രീയും ഞാനും . ഇപ്പോൾ ഈ തെരുവിലെ പീടികകളിൽ ഒരുപിരിവുകാരനെപ്പോലെ ഞാൻ കയറിയിറങ്ങുകയാണ്. പ്ലീസ് ഒരമ്പതിന് ചെയ്ഞ്ച്..ഒരമ്പതിന്റെ ചില്ലറ.. .ഒരു കടക്കാരനെങ്കിലും കനിഞ്ഞിട്ടു വേണ്ടേ! കച്ചവടപ്പീടികകളിൽ പൊടിപൊടിച്ച തിരക്ക്. സ്ത്രീയാവട്ടെ ഓരോ ചുവടുവെയ്പിലും കിതയ്ക്കുകയും നടുവിനു കയ്യൂന്നി തെല്ലിട നിന്ന് അമ്മേ എന്നു വിളിക്കുക യുമാണ്. നിങ്ങൾക്കൂഹിക്കാൻ  പറ്റുമല്ലോ എന്റെ അവസ്ഥ. സ്ത്രീയുടെ കയ്യിൽ ഒരു പ്ലാസ്റ്റിക് കൊട്ടകൂടിയുണ്ട്. ആശുപത്രിയിലോ മറ്റോ പോകുകയാണ്. കൊട്ടയിൽ പഴയ തുണികളും മറ്റും കുത്തി നിറച്ചിരിക്കുന്നു.

പൊരി വെയിലിൽ തെരുവിനു നടുവിലൂടെ ചില്ലറയ്ക്കുവേണ്ടി ഞങ്ങൾ അലഞ്ഞു നടക്കുകയാണ്. എന്റെ മനസ്സിൽ നടക്കുന്ന യുദ്ധമുണ്ടോ സ്ത്രീയറിയുന്നു. പരിചയക്കാരാരെങ്കിലും കാണുന്നുണ്ടോ? ഊഹാപോഹങ്ങൾക്ക് അതിരും അളവുകോലുമില്ല ഈശ്വരാ.. ആ സ്ത്രീ ഇടയ്ക്കു വല്ലാതെ തളർന്നു നിൽക്കുന്നു. മുഖം വിളറി ചുണ്ടു വെളുത്ത് അങ്ങനെ.. .തലചുറ്റിവീഴാനും പോയി.  താങ്ങിയില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു?

തെരുവിൽനിന്ന് എത്രയെത്ര കണ്ണുകളാണ് ആ യാത്രയ്ക്കുമേൽവന്നു വീഴുന്നതെന്നോ? തിരിച്ചങ്ങോട്ട് നോക്കണമെന്നുണ്ട്. പക്ഷെ എല്ലാ ധൈര്യവും ചോർന്നൊലിച്ച് ഞാൻ തളർന്നു പോവുകയാണല്ലോ ഈശ്വരാ..

ഇടയ്ക്ക് ഒരാൾ നോട്ടുവാങ്ങി തിരിച്ചും മറിച്ചും നോക്കി തിരിച്ചുതന്നു. മുഷിഞ്ഞിരിക്കുന്നുവത്രേ. നടന്നു നീങ്ങവേ സ്ത്രീയുടെ തളർച്ച എന്റെ ചുമലിലേക്ക് ചാഞ്ഞുതുടങ്ങുന്നു. വിദ്യുത്പ്രവാഹമേറ്റതുപോലെ ഞാൻ ഞെട്ടുക മാത്രം ചെയ്യുന്നു. എനിക്കൊന്നുകുതറി മാറാൻ കഴിഞ്ഞെങ്കിൽ! സ്ത്രീയുടെ കയ്യിലെ പ്ലാസ്റ്റിക് ബാസ്കറ്റ് ഞാനാണിപ്പോൾ തൂക്കിപ്പിടിക്കുന്നതെന്നുമോർക്കുക. ക്ഷീണത്താൽ ആ കണ്ണുകൾ പാതി തുറന്ന നിലയിൽ ചുണ്ടുകൾ കടലാസ്സുപോലെ വെളുത്ത്. കടന്നു പോകുന്നവരിൽ പലരും എന്റെ മുഖത്തേക്ക് തുറിച്ചു നോക്കുന്നുണ്ട്. എന്തൊരു ക്രൂരത, അവശയായ ഒരു ഗർഭിണി യേയും നടത്തിച്ച്.. ..ഇടയ്ക്ക് ഞാൻ വളരെ പ്രയാസപ്പെട്ട് സ്ത്രീയോടു ചോദിച്ചു: ഒരു ചായ കഴിച്ചാലോ? ചില്ലറ കിട്ടുമല്ലോ.

സ്ത്രീ വേണ്ടെന്ന് തലയാട്ടുക മാത്രം ചെയ്തു. അമ്മേയെന്ന് ഉറക്കെ വിളിക്കുകയും ചെയ്തു. ഈ വിളി കേൾക്കുന്തോറും എന്താണെന്നറിയില്ല ഉള്ളിൽ എന്തെന്നറിയാത്ത കുറ്റ ബോധം ഒരു പൊള്ളുന്ന ചാരക്കൂനയായി നിറയുന്നു. ഓരോ വിളിയിലും ചൂട് കനലാകു ന്നു.ഞാൻ വീർത്തു വിതുമ്പി നിൽക്കുന്ന ആ വയറിൽ ഒന്നിടങ്കണ്ണിട്ടു നോക്കുക മാത്രം ചെയ്തു.സഹിക്കാവുന്നതിനുമപ്പുറമാണിത്. എന്റെ ധൈര്യമാവട്ടെ പാടെ ചോർന്നൊലിച്ചു പോവുകയും പേജുകൾ ഒരു പെരും കാറ്റിലകപ്പെട്ടിട്ടെന്നവണ്ണം ഇന്നലെകളിലേക്ക് തീക്ഷ്ണമായി മറിയുകയും ചെയ്യുന്നു. ഓർക്കാൻ പാടില്ലാത്ത പേജുകൾ. അതിനു മീതെഞാനെടുത്തുവെച്ച കരിങ്കല്ലുപോലുള്ള പേപ്പർ വെയിറ്റ്.. . എന്നാലും ഇത്രയൊന്നും പ്രതീക്ഷിച്ചതേയില്ലല്ലൊ ദൈവമേ. ഈ നോട്ട് ഒഴിയാക്കുരുക്കായി കഴുത്തിൽ വന്നു വീണ നേരമേത്. കുരുക്കുകളായകുരുക്കുകളിൽ നിന്നൊക്കെ അതിസാമർത്ഥ്യപൂർവ്വം തെന്നിമാറി വഴുതിയൊഴിഞ്ഞ് ഞാൻ പിന്നിട്ട ദൂരം. ഇതാ ഇപ്പോൾ ചെന്നുപെട്ട ഈ കുരുക്കിനെചില്ലറയായി അഴിച്ചെടുക്കാനാണ് എന്റെശ്രമം, യജ്ഞം.

ഇതാ, പ്രതീക്ഷിച്ചതുപോലെ സ്ത്രീ തലകറങ്ങി വീഴാൻ ഓങ്ങുന്നു. താങ്ങിപ്പിടിക്കുകയല്ലാതെഎനിക്കെന്താണ് ചെയ്യാനാവുക. അടഞ്ഞു കിടക്കുന്ന ഒരു പീടികക്കോലായിലെ തൂണിൽചാരിയിരിക്കാൻ പാകത്തിൽ ഞാൻ ഈ സ്ത്രീയെ ഇരുത്തുന്നു. കണ്ടില്ലേ, ആളുകൾക്കൊക്കെ അന്യരുടെ കാര്യത്തിൽ എന്തൊരു താത്പര്യമാണ്; എന്താണ് പ്രശ്നമെന്നാണ് അവർക്കറിയേണ്ടത്. ഞാൻ സ്ത്രീയുടെ മുഖത്ത് ഉറുമാലുകൊണ്ട് ചെറുതായി വീശി. പിന്നെ അടുത്തുള്ള കടയിലേക്ക് പാഞ്ഞു.

പ്ലീസ്, ഒരു സോഡ...
ചില്ലറയില്ലല്ലൊ.

എങ്കിൽ ഒരു സർബത്തായാലും മതി. ദയവു ചെയ്തു രക്ഷിക്കൂ...അയാൾ തന്റെ പൈസച്ചെല്ലത്തിന്റെ മൂടിവലിച്ച് ഒരു ചെറുചിരിയോടെ എനിക്കു കാണിച്ചു തന്നു. പൈസ ച്ചെല്ലത്തിൽ അമ്പതുരൂപയുടെ ഒരു നോട്ടുമാത്രം. ചുരുക്കിപ്പറയട്ടെ, അടുത്തുള്ള ഹോട്ടലിൽനിന്നും ഒരു പാട്ടയിൽ പച്ചവെള്ളം സംഘടിപ്പിക്കേണ്ടി വന്നു. ഹോട്ടൽ മുതലാളി യോടു കെഞ്ചിക്കെഞ്ചിയാണ് വെള്ളം തന്നെ കിട്ടിയത്. എന്തൊരു ക്രൂരമായ ലോകം. വെള്ളം ഞാൻ സ്ത്രീയുടെ ചുണ്ടോടടുപ്പിച്ചു. അങ്ങനെഅങ്ങനെആ കണ്ണുകൾ തണുത്ത ജലം ഉൾക്കാമ്പിലേക്ക് വലിച്ചെടുത്ത് ആശ്വാസപൂർവം എന്റെ നെഞ്ചോടമരുകയാണ്. സ്ത്രീയുടെ ഗന്ധം. വളരെ പരിചയമുള്ള ഒരു ഗന്ധം പോലെ അതെന്നെ കെട്ടി വരിയുന്നു. ഞാൻ എല്ലാം മറന്നു.. ആശാനേ, പ്രേമലീലകൾ നമുക്കു പ്രസവം കഴിഞ്ഞാവാം. ഉടനെആശുപത്രിയിലാക്കാൻ നോക്ക്..

–ആൾക്കൂട്ടത്തിൽനിന്ന്.
ഞാൻ പിടഞ്ഞെണീറ്റു.

സ്ഥലകാലബോധം. എന്റെ മുഖംമൂടി. പവിത്രമായ മാന്യത.. .പ്രീയപ്പെട്ടവരേ, ഞാൻ പറയുന്നതൊന്നു കേൾക്കണം. ഈ സ്ത്രീ.. . ഞാൻ ആൾക്കൂട്ടത്തോടു സംവദി ക്കാൻ ഒരു ശ്രമം നടത്തി. പ്രത്യുത്തരമെന്നോണം ആൾക്കൂട്ടത്തിൽ നിന്നൊരാൾ ഒരു ഓട്ടോ റിക്ഷയ്ക്കു കൈകാട്ടി വിളിക്കുകയാണ്. വാക്കുകൾ മുഴുമിക്കാനോ നേരത്തെ തയ്യാറാക്കി വെച്ചതു പറയാനോ അവരെന്നെ അനുവദിച്ചിട്ടുവേണ്ടേ! ഓട്ടോറിക്ഷ ചീറി വരുന്നു. സ്ത്രീയെ കയറ്റുന്നു. കൂടെ എന്നേയും എവിടേക്കാണാവോ! ഇതാ ഒരു നെഴ്സിംഗ് ഹോം. ഞങ്ങൾ അവിടേക്ക് എടുത്തെറിയപ്പെടുകയാണ്. വലിയ മതിൽക്കെട്ടിനുള്ളിൽ എന്റെ മന സ്സിലേക്ക് എണ്ണയിട്ടു കത്തിക്കുന്നു, ഈ കെട്ടിടം. എന്റെ അവസാനത്തെ നീരാവിയും പറ ന്നുപറന്നു പോവുകയാണ്. വീൽച്ചെയറുമായി വന്ന അസിസ്റ്റന്റിന്റെ കാരുണ്യം കൊണ്ടാണ് ഓട്ടോറിക്ഷക്കാരനു കൂലി കൊടുത്തത്. അവന്റെ കയ്യിലും ചില്ലറയില്ല. അമ്പതിന്റെനോട്ട്, മുഷിഞ്ഞ ഒരമ്പതിന്റെനോട്ട്. സ്ത്രീയെ അവർ വേഗം അകത്തേക്കു കൊണ്ടുപോയി. എനിക്കു മുന്നിൽ എല്ലാം ധൃതഗതി കൊള്ളുന്നതു ഞാനറിഞ്ഞു. കൗണ്ടറിലിരുന്ന സിസ്റ്റർ കലിയോടെ പറയുന്നു. ഈ ഇരുപത്തിനാലാം മണിക്കൂറിലാ വലിഞ്ഞു കേറി വരുന്നത്. ഒരു ദെവസം നേരത്തെ അഡ്മിറ്റു ചെയ്താൽ നിങ്ങൾക്കെത്ര നഷ്ടം വരും?

അതിനു ഞാൻ..
എനിക്കൊന്നും കേൾക്കേണ്ടഎന്ന മട്ടിൽ അവൾ കണ്ണട ശരിയാക്കി രജിസ്ട്രർ തുറന്നു
പേര്?
ദിവാകരൻ.
പേഷ്യന്റിന്റെ പേരാണ് ചോദിച്ചത്?
അത്.. ..

ങ്ഹ! കളിക്കാൻ  നേരമില്ല , പേരുപറ.

എന്തൊരു ആജ്ഞാശക്തിയാണ് വാക്കിന്. ഞാൻ പേരുപറഞ്ഞു.

–രമണി.

എത്ര വയസ്സ്? നാട്? വീട്?

.... പിന്നെയെല്ലാം മണി മണി പോലെയല്ലേ പറഞ്ഞത്. എനിക്ക് എന്നെ ചൊല്ലി അത്ഭുതവും അവിശ്വാസവും തോന്നുകയാണ്. എവിടെനിന്നാണ് എനിക്കീ അറിവുകൾ..... ഈശ്വരാ.. എന്റെ കണ്ണെന്താണ് വെറുതെ നിറയുന്നത്.. ലേബർ  റൂമിനു പുറത്ത് ഞാനിപ്പോൾ സ്വസ്ഥത കിട്ടാതെ ഉലാത്തുകയാണ്. അകത്ത് ധൃതി പിടിച്ച ചുവടു വെയ്പുകൾ, കത്രിക ട്രേയിൽ വെയ്ക്കുന്ന കിലുക്കം. കൂട്ടിമുട്ടലുകൾ മൊസേക്ക് തറയിലൂടെ എന്തൊക്കെയോ ഉരുളുന്നതിന്റെ. തൂക്കിലിടുന്നതിന്റെ. കിരുകിരുപ്പ്. നേരം കടന്നു പോവുകയാണ്. പുറത്ത് മങ്ങിമങ്ങി വരുന്ന പകൽ. എനിക്ക് തീരെ പരിചയമില്ലാത്ത ഒരു പകൽ ഇതാ കടന്നുപോകുന്നു. ബൾബിൽനിന്നും തീ പറക്കുന്ന പ്രകാശം വരുന്നു. പ്രകാശം മാത്രം. ഇവയൊക്കെ ഒന്നു കെട്ടുപോയിരുന്നെങ്കിൽ..  ഞാനെന്റെബന്ധുക്കളെ, സുഹൃത്തുക്കളെ ഒക്കെ ഒരിടവേളയിൽ ഓർക്കാൻ ശ്രമിച്ചു. എവിടെയാണവർ? ആരാണവർ? ഒന്നും ഓർമ്മയിൽ തങ്ങുന്നില്ലല്ലോ. എല്ലാ ഓർമ്മകളും അമ്പതിന്റെ ഈ മുഷിഞ്ഞ നോട്ടിൽ ആരംഭിക്കുന്നു. ലേബർ  റൂമിന്റെ ഇടനാഴിയിലൂടെ ഞാൻ ഇടയ്ക്കൊന്നു ഉലാത്തി. ഇടനാഴി നിറയെ രോഗികളുടെ തിക്കും തിരക്കും . രാത്രിഭക്ഷണം നിറച്ച കെറ്റിലുമായി ഫ്ളാസ്കുമായി മരുന്നുമായി വരുന്ന ബന്ധുക്കൾ. എല്ലാവരും വരിക മാത്രം ചെയ്യുന്നു. ആരും പോകുന്നില്ലല്ലോ. ഗെയിറ്റിലെ പാറാവുകാരന്റെ കയ്യിലെന്താണ്? തോക്കോ കുന്തമോ?

മതിലിന്റെ ഉയരം കണ്ടു. അറ്റത്തു മുൾക്കമ്പികൾ, കുപ്പിച്ചില്ലുകൾ മൂർച്ചിച്ചു നിൽക്കുന്നു. ഗേറ്റിനപ്പുറത്ത് അനന്തമായി അർത്ഥസാന്ദ്രമായി യാമങ്ങൾ ഒഴുകിപ്പോകുന്നു. പുകപോലെ,മഞ്ഞുപോലെ, ജലത്തരിപോലെ. മങ്ങിയ വെളിച്ചത്തിൽ ഞാൻ കാണുന്നു ഇടവഴിക്കുമുകളിൽ മരിച്ചവന്റെ ആത്മാവ് രൂപം തേടുന്ന മഞ്ഞ്. യാമങ്ങളുടെ  ഒഴുക്കിനെകീറിമുറിച്ചു വരുന്ന ഒച്ചയേത്. ബൂട്ട്സിട്ട  കുളമ്പടിയോ ഞരക്കമോ? ലേബർ റൂമിനു മുന്നിൽ ഞാനിപ്പോൾ ഉത്കണ്ഠയാൽ മരവിച്ച്  ഉലാത്തിക്കൊണ്ടിരിക്കുന്നു. അകത്ത് കത്രികയുടെ, സ്ട്രെച്ചറിന്റെ, വീൽച്ചെയറിന്റെ, ട്രിപ്പ് സ്റ്റാന്റിന്റെ കിലുക്കം, കിരുകിരുപ്പ് ഇപ്പോഴും ധൃതഗതിയിൽ. ഒരു നഴ്സ് ഇടയ്ക്ക് ലേബർ റൂമിൽനിന്നും പുറത്തേക്കുവന്ന് ഇടനാഴിയിലൂടെ പാഞ്ഞുപോകുന്നതു കണ്ടു. അതേ വേഗത്തിൽ തിരിച്ചു വരുന്നതും. ഞാനറിയുകയാണ്. പ്രിയപ്പെട്ടവരേ, എന്റെപോക്കറ്റിൽ മുഷിഞ്ഞു കിടക്കുന്ന അമ്പതിന്റെ നോട്ട്. അത് നിവർത്തിയപ്പോൾ ഞാനതിൽ എന്റെമുഖം കണ്ടു. ഞാനെന്റെ ജീവിതം വായിച്ചെടുത്തു. കാര്യങ്ങൾ ഇപ്പോൾ ജാള്യവത്തായ നിലയിലല്ല  നീങ്ങുന്നത്. എല്ലാം ഭീതിദമായി ഇരുണ്ടിരുണ്ടുവരികയാണ്. എനിക്കു  രക്ഷപ്പെടാനുള്ള വാതിലിന്റെ താക്കോൽ കാവൽക്കാരന്റെ കൈവശം പോലുമില്ല. നേരമെത്രയായി? ഇപ്പോൾ അകത്ത് എല്ലാ ഒച്ചയും നിലച്ചിരിക്കുന്നല്ലോ. ഒരു കുഞ്ഞിന്റെ കരച്ചിൽമാത്രം നിശബ്ദതയെ കീറി മുറിച്ചെത്തുന്നു. കൈ തുടച്ചു

കൊണ്ട് ലേബർ റൂമിൽനിന്ന് ഡോക്ടർപുറത്തേക്കിറങ്ങുന്നു. അവരെന്റെ മുന്നിലേക്കു വരുന്നു. വാക്കിന്റെ വരമ്പിനിപ്പുറത്ത് ചെറിയൊരിടവേള. ഡോക്ടർ ഖേദം കലർത്തി പറഞ്ഞു തുടങ്ങുന്നു.

–നിങ്ങൾക്കുമറിയാമല്ലൊ. മണിക്കൂറുകളോളം ഞങ്ങൾ പെടാപാടുപെട്ടു. പക്ഷേ..

–ഇതാ കുഞ്ഞ്, ആൺകുഞ്ഞാണ്..

എന്റെ കൈകൾ യാന്ത്രികമെന്നോണം നീളുന്നു. ഇപ്പോൾ കുഞ്ഞിന്റെ കരച്ചിൽ അന്തരീക്ഷം നിറയെ. അതു കനത്ത ചുവരുകളിൽ തട്ടി പൊടിഞ്ഞു വീഴുന്നു.

കരച്ചിലിന്റെ വലിയൊരു സമുദ്രം . അതിനു നടുവിൽ ചെറിയൊരു ഭൂഖണ്ഡത്തിൽ ഞാൻ തനിച്ച്.... .. എന്റെകയ്യിൽ കിടന്ന് ഒരു ചോരക്കുഞ്ഞ് സ്വാതന്ത്ര്യത്തിനുവേണ്ടി പുളയുന്നു. അവനോടൊപ്പം ഞാനും കരയാൻ തുടങ്ങി.

## വ്യാകരണം

### I. വിഭക്തി

പദങ്ങൾക്ക് തമ്മിലുള്ള ബന്ധം പ്രത്യയങ്ങൾ ഉപയോഗിച്ച് പ്രയോഗിക്കുന്നതിനെവിഭക്തി എന്നു പറയുന്നു. മലയാളത്തിൽ ഏഴു വിഭക്തികളാണുള്ളത്.

വിഭക്തികളും, പ്രത്യയങ്ങളും ഉദാഹരണങ്ങളും താഴെ തന്നിരിക്കുന്നു.

| വിഭക്തി | പ്രത്യയം | ഉദാഹരണം |
|---|---|---|
| 1. നിർദ്ദേശിക | പ്രത്യയം ഇല്ല | രാമൻ, സീത |
| 2. പ്രതിഗ്രാഹിക | എ | രാമനെ, സീതയെ |
| 3. സംയോജിക | ഓട് | രാമനോട്, സീതയോട് |
| 4. ഉദ്ദേശിക | ന്, ക്ക് | രാമന്,സീതയ്ക്ക് |
| 5. പ്രയോജിക | ആൽ | രാമനാൽ,സീതയാൽ |
| 6. സംബന്ധിക | ന്റെ, ഉടെ | രാമന്റെ, സീതയുടെ |
| 7. ആധാരിക | ഇൽ, കൽ | രാമനിൽ,സീതയിൽ |

### II. ശബ്ദവിഭാഗം – നാമം, ക്രിയ, വിശേഷണം – അവലോകനം.

രചന : ഉപന്യാസം